06
ജൂലൈ 2024
ശനി
1445 ദുൽഹജ്ജ് 30
1199 മിഥുനം 22
പേജ് 22
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

RNI No. 3018/1957. Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

പാവങ്ങളുടെ അത്താണി 04
പൂക്കോയ തങ്ങൾ ഓർമയായിട്ട് 49 വർഷം

22

മലപ്പുറത്തിന്റെ വികസനത്തിലെ ഉണ്ണി ടച്ച്

മുസ്‌ലിംലീഗ് പൊതു പരിപാടികൾ മാറ്റി വെച്ചു

മലപ്പുറം: അന്തരിച്ച എ.പി ഉണ്ണികൃഷ്ണനോടുള്ള ആദരസൂചകമായി പാർട്ടിയുടെയും പോഷക സംഘടനകളുടെയും ഇന്നലേയും ഇന്നും നടക്കേണ്ടിയിരുന്ന എല്ലാ പൊതുപരിപാടികളും മാറ്റി വെച്ചതായി മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം അറിയിച്ചു.

ഉപരാഷ്ട്രപതി ഇന്ന് കേരളത്തിൽ

തിരുവനന്തപുരം: ഉപരാഷ്ട്രപതി ഡോ. ജഗ്ദീപ് ധൻകർ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും. തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജിയിലെ 12-ാമത് ബിരുദദാനച്ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കാനാണ് ഉപരാഷ്ട്രപതി എത്തുന്നത്. ഭാര്യ സുധേഷ് ധൻകറും അദ്ദേഹത്തിനൊപ്പമുണ്ടാവും. ശനിയാഴ്ച രാവിലെ 10.55 ന് വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിലെത്തുന്ന ഉപരാഷ്ട്രപതി സംസ്ഥാന സർക്കാറിന്റെ ഔദ്യോഗിക സ്വീകരണത്തിന് ശേഷം വലിയമലയിലെ ഐ.ഐ.എസ്.ടിയിൽ 11.30 ന് നടക്കുന്ന ബിരുദദാന ചടങ്ങിൽ പങ്കെടുക്കുവാനായി പോകും. ശേഷം മൂന്ന് മണിയോടെ ഹെലിക്കോപ്റ്ററിൽ കൊല്ലത്തേക്ക് യാത്ര തിരിക്കും.

എ.പി ഉണ്ണികൃഷ്ണൻ ഓർമയായി

മുസ്‌ലിംലീഗ് മലപ്പുറം ജില്ലാ സെക്രട്ടറിയും മലപ്പുറം ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ടുമായിരുന്നു

മലപ്പുറം: മുസ്‌ലിംലീഗ് നേതാവും മലപ്പുറം ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ടും ദലിത് മുന്നേറ്റ പ്രസ്ഥാനത്തിന്റെ അമരക്കാരനുമായിരുന്ന എ.പി ഉണ്ണികൃഷ്ണൻ(60) ഓർമയായി. നിലവിൽ മുസ്‌ലിംലീഗ് മലപ്പുറം ജില്ലാ സെക്രട്ടറിയും തൃക്കലങ്ങോട് ഡിവിഷനിൽ നിന്നുള്ള ജില്ലാ പഞ്ചായത്ത് അംഗവുമാണ്. വേങ്ങര കണ്ണമംഗലം എരണിപ്പടി സ്വദേശിയായ ഉണ്ണികൃഷ്ണൻ ദലിത് ലീഗ് സ്ഥാപക നേതാക്കളിൽ ഒരാളാണ്. അർബുദ ബാധിതനായതിനെ തുടർന്ന് തിരൂരങ്ങാടി പള്ളിപ്പടി കരുണ സാന്ത്വന കേന്ദ്രത്തിൽ ചികിത്സയിലിരിക്കെ ഇന്നലെ ഉച്ചക്ക് പന്ത്രണ്ടിനായിരുന്നു അന്ത്യം.

ദലിത് സമൂഹത്തെ മുഖ്യധാരയിലെത്തിക്കുന്നതിനും അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യമൊരുക്കുന്നതിനും ചെറുപ്രായത്തിൽ തന്നെ പോരാട്ടം ആരംഭിച്ച എ.പി ഉണ്ണികൃഷ്ണൻ 1989 ലാണ് മുസ്‌ലിംലീഗിലെത്തുന്നത്. മുസ്‌ലിംലീഗ് പാർട്ടി ദലിത് കൂട്ടായ്മക്ക് രൂപം നൽകിയപ്പോൾ അതിന്റെ മുന്നണി പോരാളിയായി. പഞ്ചായത്ത് തലത്തിലും മണ്ഡലം തലത്തിലും അമരക്കാരനായി നിലയുറപ്പിച്ചു. 2004 മുതൽ രണ്ട് പതിറ്റാണ്ടു കാലം ദലിത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്നു. 1991 മുതൽ മലപ്പുറം ജില്ലാ കൗൺസിലിലേക്കും 2000-2005 കാലയളവിൽ തൃക്കലങ്ങോട് ഡിവിഷനിൽ നിന്ന് ജില്ലാ പഞ്ചായത്തിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. 2015 മുതൽ 2020 വരെയാണ് മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പ്രസിഡണ്ടായി പ്രവർത്തിച്ചത്. ഈ കാലയളവ് ജില്ലയുടെ വികസന ചരിത്രത്തിൽ ശ്രദ്ധേയമായ നിരവധി നേട്ടങ്ങൾ അടയാളപ്പെടുത്തി. 1996ൽ കുന്ദമംഗലം നിയോജക മണ്ഡലത്തിൽ നിന്ന് നിയമസഭയിലേക്ക് മത്സരിച്ചെങ്കിലും സി.പി ബാലൻ വൈദ്യരോട് പരാജയപ്പെട്ടിരുന്നു.

രാഷ്ട്രീയ ജീവിതത്തിലുടനീളം ദലിത് ജനതയുടെ ഉന്നമനത്തിനും വിദ്യാഭ്യാസ, തൊഴിൽ പുരോഗതിക്കും വേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചു. മികച്ച പ്രഭാഷകനായി തിളങ്ങിയ അദ്ദേഹം മുസ്‌ലിംലീഗിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി എന്നും മുന്നിട്ടിറങ്ങി. തന്റെയും സമുദായത്തിന്റെയും വിശ്വാസവും ആചാരങ്ങളും ജീവിതത്തിൽ പാലിച്ചു കൊണ്ട് തന്നെ മുസ്‌ലിംലീഗിന്റെ നേതൃപദവിയിലിരുന്ന് പ്രവർത്തിച്ചു. പിന്നാക്ക ജന വിഭാഗങ്ങളെ ദലിത് ലീഗ് പ്രസ്ഥാനത്തിലേക്ക് ആകർഷിക്കാനും അതുവഴി സംഘടനയെ ശക്തിപ്പെടുത്താനും അദ്ദേഹത്തിനായി.

കാൽ നൂറ്റാണ്ടു കാലം മലപ്പുറം ജില്ലാതല പട്ടികജാതി-പട്ടികവർഗ മോണിറ്ററിങ് കമ്മിറ്റി അംഗമായിരുന്നു. പട്ടികജാതി സംസ്ഥാനതല ഉപദേശക സമിതി അംഗം, ഖാദി ബോർഡ് മെമ്പർ, വേങ്ങര സർവീസ് സഹകരണ ബാങ്ക് ഭരണസമിതി അംഗം തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

പിതാവ് പരേതനായ കുഞ്ഞിക്കണ്ണൻ. മാതാവ് പരേതയായ ചക്കി, ഭാര്യ: സുഷമ്മ കോട്ടക്കൻ (കോ ഓപ്പ് അർബൻ ബാങ്ക്). മക്കൾ: സുധീഷ് (കേരള ബാങ്ക് വെന്നിയൂർ), സജിത്ത് (ആക്സിസ് ബാങ്ക് പെരിന്തൽമണ്ണ), അഡ്വക്കറ്റ് സ്മിജി (മഞ്ചേരി കോടതി), ശരത് (അൽഹിന്ദ് ട്രാവൽസ് തിരൂർ), മരുമകൾ: ശൈഷ്ണ. സഹോദരങ്ങൾ: കിരൻ, നീലകണ്ഠൻ, വേലായുധൻ, പരേതരായ നാടച്ചി, കുമ്മിണി. ഭൗതിക ശരീരം മലപ്പുറത്ത് ജില്ലാ പഞ്ചായത്ത് ഹാളിലും, എരണിപ്പടി നാലു കണ്ടം വാദിനൂർ മദ്രസാ ഹാളിലും പൊതു ദർശനത്തിന് വച്ചു. സംസ്കാരം ഇന്ന് ശനി രാവിലെ 10 മണിക്ക് വേങ്ങര പരപ്പൻചെന ശ്മശാനത്തിൽ നടക്കും.

സ്റ്റാർമർ

- ബ്രിട്ടന്റെ പുതിയ പ്രധാനമന്ത്രിയായി കിയർ സ്റ്റാർമർ
- സ്ഥാനാരോഹണം പൊതുതിരഞ്ഞെടുപ്പിലെ ലേബർ പാർട്ടിയുടെ മിന്നും ജയത്തിനു പിന്നാലെ

ലണ്ടൻ: ബ്രിട്ടീഷ് പ്രധാനമന്ത്രിയായി ലേബർ പാർട്ടി നേതാവ് കിയർ റോഡ്നി സ്റ്റാർമർ ചുമതലയേറ്റു. തുടർച്ചയായി 14 വർഷം അധികാരത്തിലിരുന്ന കൺസർവേറ്റീവുകളെ പരാജയപ്പെടുത്തി ലേബർ പാർട്ടി നേടിയ വൻ വിജയത്തിനു പിന്നാലെയാണ് സ്റ്റാർമർ ബ്രിട്ടന്റെ പ്രധാനമന്ത്രിയായി ചുമതലയേറ്റത്.

തിരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതിനു പിന്നാലെ പ്രധാനമന്ത്രിയായിരുന്ന ഇന്ത്യൻ വംശജൻ ഋഷി സുനക് ബെക്കിങ് ഹാം പാലസിലെത്തി ചാൾസ് മൂന്നാമൻ രാജാവിന് രാജിക്കത്ത് കൈമാറിയിരുന്നു. രാജി രാജാവ് സ്വീകരിച്ചു. ഇതിനു പിന്നാലെ കിയർ സ്റ്റാർമർ ഭാര്യക്കൊപ്പം ബെക്കിങ്ഹാം പാലസിലെത്തി രാജാവിനെ കണ്ട് സർക്കാർ രൂപീകരിക്കാൻ അവകാശം ഉന്നയിച്ചു. ആവശ്യം അംഗീകരിച്ച ചാൾസ് രാജാവ് കിയർ സ്റ്റാർമറെ സർക്കാറുണ്ടാക്കാൻ ക്ഷണിക്കുകയും തൊട്ടു പിന്നാലെ തന്നെ ബെക്കിങ് ഹാം പാലസിൽ നടന്ന ചടങ്ങിൽ അദ്ദേഹം പുതിയ പ്രധാനമന്ത്രിയായി ചുതമലയേൽക്കുകയുമായിരുന്നു. 412 സീറ്റു നേടിയാണ് പൊതുതിരഞ്ഞെടുപ്പിൽ ലേബർ പാർട്ടി അധികാരത്തിലെത്തിയത്. കൺസർവേറ്റീവുകൾ 121 സീറ്റിലൊതുങ്ങി.

തിരഞ്ഞടുപ്പ് വിജയത്തിനു പിന്നാലെ സർക്കാർ രൂപീകരണത്തിന് അനുമതി തേടി കിയർ സ്റ്റാർമർ ബെക്കിങ്ഹാം പാലസിലെത്തി ചാൾസ് മൂന്നാമൻ രാജാവിനെ കണ്ടപ്പോൾ

പ്രധാനമന്ത്രിയായി ചുമതലയേറ്റതിനു പിന്നാലെ ഡൗണിങ് സ്ട്രീറ്റിലെത്തി പ്രവർത്തകരെ അഭിവാദ്യം ചെയ്ത സ്റ്റാർമർ, പ്രധാനമന്ത്രി എന്ന നിലയിൽ രാജ്യത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. മാറ്റത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ ഇവിടെ തുടങ്ങുകയാണെന്നും എന്നാൽ ഇതിന് സമയമെടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. കടുത്ത പ്രതിസന്ധി നേരിടുന്ന ബ്രിട്ടന്റെ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുകയാവും സ്റ്റാർമറിനു മുന്നിലെ പ്രധാന വെല്ലുവിളി. ബ്രിട്ടീഷ് പ്രധാനമന്ത്രിയായ ആദ്യ ഇന്ത്യൻ വംശജൻ, ഹിന്ദു വിശ്വാസി, ബ്രിട്ടന്റെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രി, വെള്ളക്കാരനല്ലാത്ത ആദ്യ പ്രധാനമന്ത്രി തുടങ്ങിയ റെക്കോർഡുകൾ കുറിച്ചാണ് ഋഷി സുനകിന്റെ പടിയിറക്കം. പ്രധാനമന്ത്രിയായിരുന്ന ലിസ് ട്രസ് ഇടക്കാലത്ത് രാജിവെച്ചതിനെതുടർന്ന് 2022 ഒക്ടോബറിലാണ് ഋഷി സുനക് പ്രധാനമന്ത്രി പദം ഏറ്റത്.

07
ജയിച്ചവരിൽ കോട്ടയത്തുകാരനും

ചങ്ങാടക്കടവിൽ ഇറങ്ങിയ കാട്ടാനകൾ

പനമരത്ത് ജനവാസ കേന്ദ്രത്തിൽ കാട്ടാനകളിറങ്ങി

പനമരം: ജനവാസ മേഖലയിൽ നാല് കാട്ടാന കൊമ്പൻമാർ. പരിഭ്രന്തരായി പ്രദേശവാസികൾ. പനമരം ചങ്ങാടക്കടവ് കൊറ്റില്ലത്തെ പമ്പ് ഹൗസ് പ്രദേശത്തെ സ്വകാര്യ വ്യക്തിയുടെ തോട്ടത്തിലാണ് നാലോളം കാട്ടാനകൾ കൊമ്പൻമാർ ഇറങ്ങിയത്. ചങ്ങാടക്കടവിൽ കാട്ടാനകൾ ഒറ്റയായി എത്താറുങ്കിലും ആദ്യമായാണ് കൂട്ടമായി നാല് കൊമ്പനാനകൾ ഇവിടെക്ക് എത്തുന്നത്. പ്രദേശത്ത് കാട്ടാന ശല്യം രൂക്ഷമാണ്. ഇന്നലെ പുലർച്ചെ മൂന്ന് മണിയോടെയാണ് കാട്ടാനകൾ ചങ്ങാടക്കടവിൽ എത്തിയത്. പ്രദേശത്ത നിരവധി കവുങ്ങുകളും, തെങ്ങുകളും പിഴ്തെറിഞ്ഞു. കാട്ടാന തലങ്ങും വിലങ്ങും സഞ്ചരിച്ചതിനാൽ കാപ്പി ചെടികൾക്ക് കേട്പാട് പറ്റിയിട്ടുണ്ട്.

രാവിലെ തെന്ന ആനകളെ തുരത്താൻ തുടങ്ങിയെങ്കിലും ആദ്യശ്രമം പരാജയപ്പെടുകയായിരുന്നു. പകൽ സമത്ത് ആനകളെ തുരത്താൻ പ്രയാസമാണെന്ന് ബന്ധപ്പെട്ടവർ പറഞ്ഞു. തോട്ടങ്ങളിലെ ചക്ക, മാങ്ങയും ലക്ഷ്യം വെച്ചാണ് കാട്ടാനകൾ ഇവിടങ്ങളിൽ എത്തുന്നത്. പുഞ്ചവയൽ, പരിയാരം അഞ്ഞണ്ണികുന്ന്, മാത്തൂർപുഴ മുറിച്ച് കടന്നാണ് ഈ പ്രദേശങ്ങളിൽ കാട്ടാനകൾ എത്തിയത്. കാട്ടാന ശല്യം വളരെയെറെ വർദ്ധിച്ചിട്ടുണ്ട്. ഫെൻസിംഗും, കിടങ്ങുകളും ഉണ്ടെങ്കിലും കാട്ടാന നാട്ടിലിറങ്ങുന്നത് പതിവ് കാഴ്ചയാണ്. മഴ ആരംഭിച്ചതോടെ കാട്ടാനകളുടെ വരവും, ഒപ്പം ജനങ്ങളുടെ ഭീതിയും വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം വെട്ടിയമ്പത്ത് കാട്ടാനകൾ കൂട്ടമായി എത്തി നിരവധി നാണ്യവിളകളാണ് നശിപ്പിച്ചത്.

പ്ലസ്‌വൺ: മുഴുവൻ വിദ്യാർഥികൾക്കും സീറ്റ് ലഭിക്കും വരെ സമരമുഖത്തുണ്ടാവും: പി.എം.എ സലാം

മലപ്പുറം: പ്ലസ്‌വണ്ണിന് അപേക്ഷ നൽകിയ മുഴുവൻ വിദ്യാർഥികൾക്കും സീറ്റു ലഭിക്കും വരെ മുസ്‌ലിംലീഗും പോഷക സംഘടനകളും സമരമുഖത്തുണ്ടാവുമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം. മലപ്പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു. മലബാറിന്റെ പ്രത്യേകിച്ച് മലപ്പുറം ജില്ലയുടെ വിഷയങ്ങൾ പഠിക്കാൻ പല കമ്മീഷനുകളും സമിതികളും പല ഘട്ടങ്ങളിലായി രംഗത്ത് വന്നിട്ടുണ്ട്. ഇവർ പഠിച്ചു സമർപ്പിക്കുന്ന പല റിപ്പോർട്ടുകളും ഇടതു സർക്കാർ പൂഴ്ത്തിവെക്കാറാണ് പതിവ്. പുതിയ സമിതിയുടെ റിപ്പോർട്ട് അങ്ങിനെ പൂഴ്ത്തിവെക്കാൻ അനുവദിക്കില്ല. പാവപ്പെട്ട കുടുംബങ്ങളിലെ ആയിരക്കണക്കിന് വിദ്യാർഥികളാണ് തങ്ങളുടേതല്ലാത്ത കാരണം കൊണ്ട് പഠനം നിഷേധിക്കപ്പെട്ടിരിക്കുന്നത്. അവർക്ക് ഭീമമായ ഫീസ് നൽകി പഠിക്കുക എന്നത് അസാധ്യമാണ്.

അത്തരം വിദ്യാർഥികളെ വിദ്യാഭ്യാസ കച്ചവടക്കാരുടെ മുന്നിലേക്ക് എറിഞ്ഞു കൊടുക്കുന്ന നിലപാട് സർക്കാർ അവസാനിപ്പിക്കണം. മുസ്‌ലിംലീഗ് എന്നും പാവപ്പെട്ട വിദ്യാർഥികൾക്കൊപ്പമാണ്. മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ ഇരുനൂറിലധം കുട്ടികൾ സീറ്റില്ലാതെ പുറത്തുണ്ടെന്ന് വിദ്യാഭ്യാസ മന്ത്രി തന്നെ കഴിഞ്ഞ ദിവസം നിയമസഭയിൽ സമ്മതിച്ചു. ചെറിയ മാർക്കിന് ഒരു വിഷയത്തിൽ എ പ്ലസ് നഷ്ടപ്പെട്ടവരും രണ്ടു വിഷയത്തിൽ എ പ്ലസ് നഷ്ടപ്പെട്ടവരുമായ ആയിരക്കണക്കിന് കുട്ടികൾ വേറെയുമുണ്ടെന്ന് വിദ്യാഭ്യാസ മന്ത്രി മനസിലാക്കണം. സപ്ലിമെന്ററി അലോട്ട്മെന്റിലടക്കം വിദ്യാഭ്യാസ മന്ത്രി അനിതിയോടെ പെരുമാറിയത് കേരളം കണ്ടതാണ്. ഏതായാലും പുതിയ സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് സർക്കാർ എന്ത് ചെയ്യുന്നു എന്ന് പരിശോധിക്കും. നീതിക്കൊപ്പം സർക്കാറില്ലെങ്കിൽ മുസ്‌ലിംലീഗ് സമരം ശക്തമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഹയർസെക്കന്ററിയിൽ അധ്യാപക നിയമനമില്ല 'ഫിക്സഡ്'

സർക്കാർ ഗൂഢാലോചനയിൽ നീണ്ട് നീണ്ട് സ്റ്റാഫ് ഫിക്സേഷൻ

അനീഷ് ചാലിയാർ
പാലക്കാട്

ഹയർസെക്കന്ററി അധ്യാപക പി.എസ്.സി നിയമനം വൈകിപ്പിക്കുന്നതിന് സർക്കാറും വിദ്യാഭ്യാസ വകുപ്പും പ്രവർത്തിക്കുന്നത് കൃത്യമായ ഗൂഢാലോചനയോടെ. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാക്കണമെന്ന് പറയുകയും ഇതിനുള്ള നടപടികൾ മനഃപൂർവം വൈകിപ്പിക്കുകയുമാണ്. ഇതോടെ നിയമനം ലഭിക്കാതെ പോകുന്നത് റാങ്പട്ടികയിൽ ഇടംനേടി ജോലി കാത്തിരിക്കുന്ന 1000 ലധികം പേർക്കാണ്. കോവിഡിന് ശേഷം ഹയർസെക്കന്ററി വകുപ്പിൽ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. 2023മുതൽ സ്റ്റാഫ് ഫിക്സേഷൻ നടപടി ആരംഭിച്ചെന്ന് പറയുമ്പോഴും ഇതിനുള്ള മാർഗരേഖ പുറത്തിറക്കിയത് 16.03.2024 നാണ്. ദിവസങ്ങളെടുത്ത് റീജ്യണൽ ഡെ.ഡയറക്ടേറ്റുകൾ വഴിസ്കൂളുകളുടെ ഫിക്സേഷൻ പൂർത്തിയാക്കി ഫയൽ ഡയറ്കട്റേറ്റിലേക്ക് നൽകിയതാണ്. സ്കൂൾ തലത്തിൽ തയ്യാറാക്കിയ ഫയലുകൾ ആർ.ഡി.ഡി തലത്തിൽ സംയോജിത റിപ്പോർട്ടാക്കി നൽകണമെന്ന് പുതിയ നിർദേശം നൽകി. ഇതോടെ ചെയ്ത ജോലികൾ തന്നെ വീണ്ടും ചെയ്യേണ്ട ഗതിയായി ആർ.ഡി.ഡി ഓഫീസുകളിൽ. മതിയായ ജീവനക്കാരില്ലാതെ ഇവിടെ നടപടികൾ വൈകി. നിയമസഭാ സമ്മേളനം തുടങ്ങുന്നതിന് തൊട്ടു മുമ്പായി ആർ.ഡി.ഡികളിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റ് റിപ്പോർട്ട് ആവശ്യപ്പെട്ടത്. ഇതിൽ കോഴിക്കോട്, ചെങ്ങന്നൂർ, എറണാകുളം ആർ.ഡി.ഡികൾ ഒരാഴ്ചക്കുള്ളിൽ മാത്രമാണ് സംയോജിത റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുള്ളത്. ഇനിത് ഡയറക്ടറേറ്റിൽ അക്കദാമിക് വിഭാഗത്തിൽ നിന്ന് അഡ്മിനിസ്ട്രേറ്റീവ് വിഭാഗം കണ്ട് സർക്കാർ തലത്തിൽ അംഗീകരമായി വന്നെങ്കിൽ മാത്രമേ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാനാവൂ എന്നാണ് വകുപ്പിലെ ഉദ്യോഗസ്ഥർ തന്നെ ചൂണ്ടിക്കാണിക്കുന്നത്. ഈ നടപടികളുടെ പേര് പറഞ്ഞ് വിരമിക്കൽ വഴിയുള്ള ഒഴിവുകൾ പോലും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നില്ല.

വിവിധ വിഷയങ്ങൾക്കുള്ള ജൂനിയർ, സീനിയർ തസ്തികകളിലായി 14 പി.എസ്.സി റാങ്ക് പട്ടികകളാണ് നിലവിലുള്ളത്. ഇതിൽ പലതും 10മാസം കഴിഞ്ഞു. എന്നാൽ പൊളിറ്റിക്കൽ സയൻസ് ഒഴികെയുള്ള മറ്റ് റാങ്ക് പട്ടികകളിൽ നിന്ന് പത്ത് പേർക്ക് പോലും നിയമനം നൽകിയിട്ടില്ല. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മനഃപൂർവം വൈകിപ്പിക്കുക വഴി നിയമനം തടസ്സപ്പെടുത്തുകയാണ് സർക്കാർ നിക്കം. നവകേരള സദസ്സിൽ ഉദ്യോഗാർഥികൾ നൽകിയ പരാതികളിലെല്ലാം സ്റ്റാഫ് ഫിക്സേഷന് ശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമെന്ന മറുപടിയാണ്.

പി.എസ്.സി റാങ്ക് ജേതാക്കൾ സംഘടിതമായി ആർ.ടി.ഐ വിവരപ്രകാരം ശേഖരിച്ച കണക്കുകളിൽ സംസ്ഥാനത്തെ സ്കൂളുകിൽ 604 അധ്യാപകരുടെ ഒഴിവുണ്ട്. നൂറിലധികം സ്കൂളുകളിൽ നിന്ന് ആർ.ടി.ഐ വിവരം ശേഖരിക്കാനിരിക്കുകയാണ് ഉദ്യോഗസ്ഥാർഥികൾ ഈ കണക്കുകൾ കൂടി വരുമ്പോൾ ഒഴിവുകൾ ആയിരത്തിലധികമാകും.

പിണറായി തിരുത്തില്ല; പകരം പാർട്ടി ശൈലി തിരുത്തും

തിരുവനന്തപുരം: തെറ്റ് സംഭവിച്ചെന്ന് ബോധ്യമായിട്ടും മുഖ്യമന്ത്രിയുടെ ശൈലി മാറ്റാൻ തയാറല്ലെന്ന് സൂചന നൽകിയതോടെ പാർട്ടിയുടെ ശൈലി തിരുത്താനൊരുങ്ങി സി.പി.എം. മുഖ്യമന്ത്രി ശൈലി മാറ്റണമെന്ന് കേന്ദ്ര കമ്മിറ്റി റിപ്പോർട്ടിൽ ഇല്ലെന്ന് സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ വ്യക്തമാക്കി. പാർട്ടിയെ ജനങ്ങളിൽനിന്ന് അകറ്റുന്ന ശൈലിയിൽ തിരുത്തലുണ്ടാകും. ശൈലിയിൽ തിരുത്തൽ വരുത്തുമെന്നതിന്റെ അർത്ഥം മുഖ്യമന്ത്രിയുടെ ശൈലിയെക്കുറിച്ചല്ലെന്നും അദ്ദേഹം വിശദീകരിച്ചു. കണ്ണൂരിൽ പാർട്ടിക്കെതിരെ വരുന്ന വിമർശനങ്ങളെ കുറിച്ചും എം.വി ഗോവിന്ദന്റെ പ്രതികരണമുണ്ടായി. സ്വർണം പൊട്ടിക്കലുൾപെടെയുള്ള ക്രിമിനൽ നിലപാടുകളോട് വിട്ടുവീഴ്ച ചെയ്യുന്ന പ്രസ്ഥാനമല്ല പാർട്ടിയെന്നും ഗോവിന്ദൻ പറഞ്ഞു.

എസ്.എഫ്.ഐക്കെതിരെ കഴിഞ്ഞ ദിവസം വിമർശനം ഉന്നയിച്ച എം.വി ഗോവിന്ദൻ ഇന്നലെ തിരുത്തി. ഇപ്പോഴത്തെ വിവാദങ്ങളിൽ എസ്.എഫ് ഐക്ക് പാർട്ടിയുടെ പൂർണ പിന്തുണയുണ്ടെന്നായിരുന്നു സെക്രട്ടറിയുടെ നിലപാട്. മാധ്യമങ്ങളുടെ പ്രചാരവേല മാത്രമാണിതെന്നും ഗോവിന്ദൻ പറഞ്ഞു. നിയമസഭയിൽ മുഖ്യമന്ത്രി എസ്.എഫ്.ഐയെ ന്യായീകരിച്ചതിന് പിന്നാലെയാണ് ഗോവിന്ദനും ചുവടുമാറ്റം നടത്തിയത്.

അതേസമയം ലോക്സഭ തിരഞ്ഞെടുപ്പിലെ പാർട്ടിയുടെയും ഇടതുമുന്നണിയുടെയും പരാജയത്തിനുള്ള കാരണങ്ങൾ വിലയിരുത്തിക്കൊണ്ടുള്ള അവലോകന റിപ്പോർട്ടിൽ പാർട്ടി കേഡർമാരുടെ ധിക്കാരപരമായ പെരുമാറ്റങ്ങൾ ആളുകളെ പാർട്ടിയിൽ നിന്ന് അകറ്റുന്നുവെന്നാണ് ചൂണ്ടിക്കാട്ടുന്നത്. സംസ്ഥാന കമ്മിറ്റി അവതരിപ്പിച്ച റിപ്പോർട്ട് കേന്ദ്ര കമ്മിറ്റി തള്ളിയെന്ന വാർത്ത തെറ്റാണെന്ന് എം.വി ഗോവിന്ദൻ വ്യക്തമാക്കി. പാർട്ടിക്കകത്ത് പിണക്കങ്ങളും പ്രശ്നങ്ങളുമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം നടന്നുവരുന്നുണ്ടെന്നും ഈ തെറ്റായ പ്രചാരവേല തള്ളിക്കളയുമെന്നും അദ്ദേഹം പറഞ്ഞു. എൽ.ഡി.എഫിന് വോട്ട് ശതമാനത്തിൽ കുറവ് ഉണ്ടായെന്നും കഴിഞ്ഞ രണ്ട് തവണകളിലായി ഏഴ് ശതമാനത്തിന്റെ കുറവാണ് മുന്നണിക്കുണ്ടായതെന്നും അവലോകന റിപ്പോർട്ടിൽ പറയുന്നു. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഞെരുക്കം മൂലം വിവിധ ജനവിഭാഗങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ മൂലമുണ്ടായ അതൃപ്തിയാണ് എൽ.ഡി.എഫിനുള്ള പിന്തുണ കുറയാനുള്ള ഒരു കാരണമെന്നും ഗണ്യമായ ഒരു വിഭാഗം ജനങ്ങൾക്ക്, പ്രത്യേകിച്ച് ന്യൂനപക്ഷങ്ങൾക്ക്, കേന്ദ്രത്തിൽ ബി.ജെ.പിയെ പരാജയപ്പെടുത്തുക എന്ന ലക്ഷ്യം കോൺഗ്രസിന് മാത്രമേ സാധ്യമാകൂ എന്ന ചിന്തയാണ് കോൺഗ്രസിന്റെ വിജയത്തിന് കാരണമെന്നും സി.പി.എം വിലയിരുത്തി. പല മണ്ഡലങ്ങളിലും പാർട്ടിയുടെ പരമ്പരാഗത അടിത്തറയിൽ നിന്ന് ബി.ജെ. പിയിലേക്ക് വോട്ട് ചോർച്ച ഉണ്ടായെന്നും പാർട്ടി വിലയിരുത്തി. ആറ്റിങ്ങൽ, ആലപ്പുഴ തുടങ്ങിയ മണ്ഡലങ്ങളിൽ പാർട്ടിയുടെ അടിത്തറ വോട്ടുകൾ ബി.ജെ.പിയിലേക്ക് പോയി. 'ഹിന്ദു വികാരങ്ങളും' ജാതി സ്വാധീനവും മറ്റു സീറ്റുകളിലും പാർട്ടിയുടെ വോട്ട് അടിത്തറയെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ടെന്നും സി.പി.എം വിലയിരുത്തി. എസ്.എൻ.ഡി.പി നേതൃത്വം ബി.ജെ.പിക്ക് അനുകൂലമായി പ്രവർത്തിച്ചെന്നും റിപ്പോർട്ടിൽ പറയുന്നു. ജനങ്ങളുടെ മാനസികാവസ്ഥയും അവരുടെ ഇഷ്ടാനിഷ്ടങ്ങളും അളക്കാൻ പാർട്ടി യൂണിറ്റുകൾക്ക് കഴിയുന്നില്ലെന്നും ജനങ്ങളുമായുള്ള പാർട്ടിയുടെ അടുത്ത ബന്ധം ദുർബലമായത് തിരുത്തപ്പെടേണ്ടതുണ്ട്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 06 ശനി
ഗൾഫ് ചന്ദ്രിക

ഗാർഹിക തൊഴിലാളികളുടെ വിസ മാറ്റം പ്രതീക്ഷയോടെ പ്രവാസികൾ

കുവൈത്ത് സിറ്റി:ഗാർഹിക തൊഴിലാളികൾക്ക് അവരുടെ വിസ സ്റ്റാറ്റസ് മറ്റ് തൊഴിൽ മേഖലയിലേക്ക് മാറാനുള്ള സർക്കാർ ഉത്തരവിനെ പ്രവാസി സമൂഹം പ്രതീക്ഷയോടെയാണ് കാണുന്നത്. ഗാർഹിക വിസയിൽ നിന്നും ഗവർമെന്റ് പ്രോജക്ടുകൾ,ചെറുകിട ഇടത്തരം സംരംഭങ്ങൾ, തുടങ്ങിയ തൊഴിൽ ഇടങ്ങളിലേക്ക് തൊഴിൽ രേഖ മാറുന്നതോടെ സ്വകാര്യ മേഖലയിൽ അവരുടെ അവകാശങ്ങൾ പൂർണ്ണമായും ലഭ്യമാവും.സ്വകാര്യ മേഖലയിലേക്ക് പരിചയ സമ്പന്നരായ തൊഴിലാളികളെ പ്രമോട്ട് ചെയ്യാൻ ഈ തീരുമാനം സഹായിക്കും. പൊതുമാപ്പിനെ തുടർന്നുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നതോടെ ഔദ്യോഗിക അറിയിപ്പുണ്ടാകുമെന്ന് കരുതുന്നു.

കറൻസി മൂല്യം

1 യു.എ.ഇ ദിർഹം	22.73 ₹
1 ഒമാനി റിയാൻ	216.87 ₹
1 സൗദി റിയാൻ	22.26 ₹
1 ഖത്തർ റിയാൻ	22.87 ₹
1 കുവൈറ്റ് ദിനാർ	272.69 ₹
1 ബഹ്റൈൻ ദിനാർ	221.52 ₹

സ്വർണവില
(ഗ്രാമിന്-ദിർഹം)

24 കാരറ്റ്	286.50
22 കാരറ്റ്	265.25
21 കാരറ്റ്	256.75
18 കാരറ്റ്	220.00

ഗൾഫ് വാർത്തകൾ

SHORT NEWS

വിദ്യാർത്ഥികൾക്ക് ആർടിഎയുടെ ട്രാഫിക് ബോധവത്കരണം

ദുബൈ: ദുബൈയിലെ വിദ്യാർത്ഥികൾക്ക് ട്രാഫിക് ബോധവത്കരണവുമായി ആർടിഎ. എമിറേറ്റിലെ 3.5 ലക്ഷം വിദ്യാർത്ഥികൾക്ക് ട്രാഫിക് സുരക്ഷാ സന്ദേശമെത്തിക്കുന്നതിനായി 50 സ്കൂളുകൾ കേന്ദ്രീകരിച്ച് 1500 വിദ്യാർത്ഥികൾ പരിപാടിയുടെ ഭാഗമായി. ട്രാഫിക് സുരക്ഷ കണക്കിലെടുത്ത് ആഗോള തലത്തിലെ മികച്ച രീതികളും സാങ്കേതിക വിദ്യകളും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുക കൂടിയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

അബുദാബിയിൽ കെട്ടിടത്തിന് തീപിടിച്ചു

അബുദാബി: അബുദാബിയിൽ കെട്ടിടത്തിന് തീപിടിച്ചു. ഹംദാൻ സ്ട്രീറ്റ് ടൂറിസ്റ്റ് ക്ലബ് ഏരിയയിലെ കെട്ടിടത്തിലാണ് തീപിടിച്ചത്. ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിക്കുകയായിരുന്നു. വ്യാഴാഴ്ച രാത്രിയാണ് സംഭവം.

സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുമെന്ന് ദുബൈ ആർടിഎ

ദുബൈ: പൊതു സർവീസിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടു വരുമെന്ന് ആർടിഎ. പൊതുഗതാഗത മേഖല നവീകരിക്കുന്നതിന്റെ ഭാഗമായാണ് തീരുമാനം. നവീകരണവുമായി ബന്ധപ്പെട്ട് ദുബൈ ആർടിഎ അമേരിക്കയിലെ സൗത്ത് വെസ്റ്റ് ഓഹിയോ ട്രാൻസ്പോർട്ട് അതോറിറ്റിയുമായി ധാരണ പത്രത്തിൽ ഒപ്പുവച്ചു.

വ്യോമയാന കൂട്ടായ്മ സഊദി നയിക്കും

റബാത്ത്: അറബ് മേഖലയിലെ വ്യോമയാന രംഗത്തെ കൂട്ടായ്മയെ ഇനി സൗദി നയിക്കും. അറബ് സിവിൽ ഏവിയേഷൻ ഓർഗനൈസേഷന്റെ എക്സിക്യൂട്ടീവ് കൗൺസിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് സൗദി തെരഞ്ഞെടുക്കപ്പെട്ടു. മൊറോക്കോ തലസ്ഥാനമായ റബാത്തിൽ നടന്ന സംഘടനയുടെ 28 ാമത് ജനറൽ അസംബ്ലിയിൽ ഏകകണ്ഠമായാണ് തെരഞ്ഞെടുപ്പ് നടന്നത്.

ആകാശമാർഗം വീണ്ടും അവശ്യസാധനങ്ങൾ എത്തിച്ചു

ഗസ്സക്ക് യുഎഇയുടെ കൈത്താങ്ങ്

അബുദാബി: ഗസ്സയിൽ ദുരിതമനുഭവിക്കുന്ന പതിനായിരങ്ങൾക്ക് ആശ്വാസമായി യുഎഇ നടത്തിവരുന്ന ആകാശമാർഗമുള്ള സഹായം തുടരുന്നു. ഫെബ്രുവരിയിൽ തുടങ്ങിയ ഈ ദൗത്യം ഇപ്പോഴും നിർത്താതെ തുടരുകയാണ്. യുദ്ധ ബാധിത പ്രദേശത്തേക്ക് 38 പെട്ടി അവശ്യ സാധനങ്ങൾ കൂടി എത്തിക്കാൻ എയർഡ്രോപ്പ് കാമ്പയിനിന്റെ കമാൻഡർ ലെഫ്റ്റനന്റ് കേണൽ സയീദ് അൽ ഷംസിയുടെ നേതൃത്വത്തിൽ ഈജിപ്തിലെ അൽ അരിഷ് ഇന്റർനാഷണൽ എയർ പോർട്ടിലെത്തി. ഈജിപ്ഷ്യൻ വ്യോമസേനയുമായി സഹകരിച്ച് ഫെബ്രുവരി മുതൽ യുഎഇ ഡസൻ കണക്കിന് എയർ ഡ്രോപ്പുകൾ നടത്തി. ഉപരോധിച്ച മേഖലയിൽ മറ്റു മാർഗമില്ലാത്ത സ്ഥലങ്ങളിലേക്കാണ് ആകാശമാർഗം സാധനങ്ങളെത്തിക്കുന്നത്. ഇന്നലെ 38 എയർഡ്രോപ് ബോക്സുകൾ എത്തിച്ചു.

ആവശ്യമുള്ളവരെ സഹായിക്കുന്നതിനായി ഗസ്സയിൽ സാധനങ്ങൾ സുരക്ഷിതമായി ഇറങ്ങുന്നുവെന്ന് ഉറപ്പാക്കാൻ ദുരിതാശ്വാസ ദൗത്യങ്ങൾ ശ്രദ്ധാപൂർവ്വം ഏകോപിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഭക്ഷണം, മെഡിക്കൽ സപ്ലൈസ്, വസ്ത്രങ്ങൾ എന്നിവയുൾപ്പെടെ ആയിരക്കണക്കിന് ടൺ സഹായം ഈ സംരംഭത്തിന് കീഴിൽ വിമാനങ്ങൾ വഴി അയച്ചിട്ടുണ്ട്. ഗസ്സയിലെ പലസ്തീൻ പൗരന്മാരെ പിന്തുണയ്ക്കുന്നതിനായി യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽനഹ്യാൻ 2023 നവംബറിൽ ആരംഭിച്ച യുഎഇയുടെ വിശാലമായ ഗാലന്റ് നൈറ്റ് 3 ഓപ്പറേഷന്റെ ഭാഗമാണ് ഈ കാമ്പയിൻ. ഒക്ടോബർ ഏഴിന് ആക്രമണം പൊട്ടിപ്പുറപ്പെട്ടത് മുതൽ യുഎഇ അത്യാവശ്യ സാമ്പത്തിക, മാനുഷിക സഹായങ്ങൾ എത്തിക്കുന്നുണ്ട്.

ജൂണിൽ വിദേശകാര്യ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ പ്രകാരം നവംബർ മുതൽ ഗസ്സയിലേക്ക് എമിറേറ്റ്സ് 33,100 ടൺ അടിയന്തര സാധനങ്ങൾ നൽകിയിട്ടുണ്ട്. ജൂൺ 13 വരെ 320 വിമാനങ്ങളും ഏഴ് കപ്പലുകളും 1,243 ലോറികളുമാണ് സഹായം എത്തിച്ചത്. മെയ് മുതൽ ഇത് 1,100 ടൺ അധികമാണ്. ഗസ്സയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി യുഎഇ രണ്ട് ആശുപത്രികളും സ്ഥാപിച്ചിട്ടുണ്ട്. യുദ്ധത്തിൽ പരിക്കേറ്റ ഫലസ്തീനികൾക്കുള്ള കൃത്രിമ അവയവങ്ങൾ നൽകുന്ന ഒരു കേന്ദ്രവും ഉൾപ്പെടും. നാപ്കിനും ബ്ലാങ്കറ്റുകളും ടിന്നിലടച്ച ഭക്ഷണങ്ങളും ഇലക്ട്രിക് ഹീറ്ററുകളും ഉൾപ്പെടെയുള്ള സാധനങ്ങൾ സംഭരിക്കാൻ യുഎഇ റഫ അതിർത്തിക്ക് സമീപമുള്ള അൽ അരിഷിൽ ഒരു വെയർഹൗസ് തുറന്നിട്ടുണ്ട്.

അതിർത്തിയിൽ അധികൃതർ അനുവദിക്കുന്ന മുറക്ക് ഈ സാധനങ്ങൾ ഗസ്സയിലേക്ക് എത്തിക്കും. ഗസ്സയിലേക്ക് വിമാനം, കര, കടൽ മാർഗം എത്തിക്കുന്നത് ഉറപ്പാക്കാൻ യുഎഇ പ്രവർത്തിക്കുന്നുണ്ടെന്ന് യുഎഇ സർക്കാരിന്റെ ചാരിറ്റബിൾ വിഭാഗമായ എമിറേറ്റ്സ് റെഡ് ക്രസന്റ് സെക്രട്ടറി ജനറൽ റാഷിദ് അൽ മൻസൂരി പറഞ്ഞു. ലാൻഡ് എൻട്രി പോയിന്റുകൾ നിർത്തുമ്പോൾ എയർ ഡ്രോപ്പ് ചെയ്യുന്നുഅദ്ദേഹം പറഞ്ഞു. അതിർത്തി കടന്നുള്ള 808 ട്രക്കുകൾ വഴി ഗസ്സയിൽ പ്രവേശിക്കാൻ യുഎഇ സഹായത്തിന് കഴിഞ്ഞു.

ഗസ്സയിലേക്ക് സഹായവുമായി അബുദാബിയിൽനിന്നു പുറപ്പെടുന്ന വിമാനത്തിൽ അവശ്യസാധനങ്ങൾ കയറ്റുന്നു

മനുഷ്യാവകാശം: യുഎഇയുടെ പങ്കാളിത്തം തുറന്നുകാട്ടി ജനീവയിൽ പ്രദർശനം

ദുബൈ: മനുഷ്യാവകാശങ്ങളിലെ യുഎഇയുടെ ശ്രമങ്ങളും പങ്കാളിത്തവും ഉയർത്തിക്കാട്ടുന്നതിനായി യൂണിയൻ അസോസിയേഷൻ ഫോർ ഹ്യൂമൻ റൈറ്റ്സ് ജനീവയിൽ യുഎൻ ദർശനവും ഭാവിയെ അനുകരിക്കുന്നതിൽ യുഎഇ മാതൃകയുംഎന്ന പേരിൽ പ്രദർശനം സംഘടിപ്പിച്ചു. ത്രിദിന പ്രദർശനം യുഎഎച്ച് ആർ പ്രസിഡന്റ് ഡോ.ഫാത്തിമ ഖലീഫ അൽ കാബി ഉദ്ഘാടനം ചെയ്തു. പ്രദർശനത്തിൽ അന്താരാഷ്ട്ര സർക്കാരിതര സംഘടനകളുടെ പ്രതിനിധികൾ, കമ്മ്യൂണിറ്റി പ്രമുഖർ, വിദഗ്ധർ, യുഎൻ റിപ്പോർട്ടർമാർ, സിവിൽ, കമ്മ്യൂണിറ്റി നേതാക്കൾ എന്നിവർ പങ്കെടുത്തു. മനുഷ്യാവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും അതിന്റെ ഭാവി വിഭാവനം ചെയ്യുന്നതിലും യുഎഇ മാതൃക പ്രദർശിപ്പിക്കുന്നതിൽ പ്രദർശനത്തിന്റെ പ്രാധാന്യം ഡോ.അൽ കാബി പറഞ്ഞു. മനുഷ്യാവകാശ പ്രവർത്തനങ്ങളെ സമ്പന്നമാക്കുന്നതിനുള്ള യുഎഇയുടെ പ്രതിബദ്ധതയ്ക്കും മനുഷ്യാവകാശ പ്രവർത്തനങ്ങളിൽ യു.എ.എച്ച്.ആറിന്റെ പങ്കാളിത്തം വിപുലീകരിക്കാനുള്ള ശ്രമത്തിനും അവർ ഊന്നൽ നൽകി.

'യുഎൻ ദർശനവും ഭാവിയെ അനുകരിക്കുന്നതിൽ യുഎഇ മാതൃകയും' എന്ന പേരിൽ യൂണിയൻ അസോസിയേഷൻ ഫോർ ഹ്യൂമൻ റൈറ്റ്സ് ജനീവയിൽ നടത്തിയ പ്രദർശനത്തിൽ യുഎഇയുടെ സേവനങ്ങളെ എടുത്തുപറയുന്ന സ്റ്റാൾ

കുവൈത്ത് ഗൾഫ് റെയിൽ പാത: നിർമാണ പ്രവൃത്തി പുരോഗമിക്കുന്നു

റഷീദ് പയന്തോങ്ങ്
കുവൈത്ത് സിറ്റി

ഗൾഫ് രാജ്യങ്ങളിലൂടെ കടന്ന് പോകുന്ന കുവൈത്ത് ഗൾഫ് റെയിൽവേ പദ്ധതിയുടെ വിശദമായ പഠനത്തിനും,രേഖകൾ തയ്യാറാക്കുന്നതിനുമുള്ള കൺസൾട്ടിങ് കരാർ ലേല ഘട്ടത്തിൽ. പദ്ധതി ഡിസൈൻ ചെയ്യുന്ന തയ്യാറെടുപ്പിലേക്ക് കടന്നതായി പബ്ലിക് അതോറിറ്റി ഫോർ റോഡ്സ് ആന്റ് ലാന്റ് ട്രാൻസ്പോർട്ട് വ്യക്തമാക്കി. സെൻട്രൽ ഏജൻസി ബോർഡിൻറെ കാലാവധി അവസാനിച്ചതിനാൽ ജൂണിൽ പുതിയ ബോർഡിനെ നിയമിക്കുന്നത് വരെ നടപടി ക്രമങ്ങൾ താൽക്കാലികമായി നിർത്തിവെച്ചിരുന്നു.

ഗൾഫ് മേഖലയിൽ സാമ്പത്തിക സംയോജനവും,സുസ്ഥിര വികസനവും പരിപോഷിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കാൻ ജി.സി.സി മെഗാ റെയിൽവേ പദ്ധതിയിലൂടെ സാധ്യമാവുമെന്നും,ഗൾഫിന്റെ വടക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന കുവൈത്തിന് വാണിജ്യഗതാഗത രംഗത്ത് ഏറെ മുമ്പോട്ട് പോകാൻ കഴിയുമെന്നും പ്രത്യാശിക്കുന്നു. ഉയർന്ന ചരക്ക്ഗതാഗതമെന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കാൻ കഴിയുമെന്നാണ് കുവൈത്തിന്റെ പ്രതീക്ഷ.

2009 ൽ കുവൈത്ത് മുൻ അമീർ ഷെയ്ഖ് ജാബിർ അഹ്മദ് അൽ സബാഹാണ് ജിസിസി റെയിൽവേ പദ്ധതി ആശയം മുമ്പോട്ട് വെച്ചത്.അംഗീകാരം ലഭിച്ചതോടെ ഗൾഫ് രാജ്യങ്ങളിൽ സാധ്യതാ പഠനങ്ങൾ നടക്കുകയും ചെയ്തു.ഗതാഗത മന്ത്രാലയത്തിന് കീഴിലുള്ള പാർട്ട്ണർഷിപ്പ് അതോറിറ്റിയുടെ മേൽനോട്ടത്തിലാണ് സാധ്യതാ പഠനം നടത്തിയത്. കുവൈത്തിൽ നിന്ന് ആരംഭിച്ച് സഊദി ദമാം വഴി ബഹ്റൈൻഖത്തറിലേക്കുമായി നീളുന്ന 2217 കിലോ മീറ്റർ റെയിൽ പാതയാണ് പദ്ധതിയിടുന്നത്.

ഈ പാതയുടെ തുടർച്ച അബുദാബിഅൽ ഐൻമസ്കത്തിലേക്ക് വ്യാപിച്ചിരിക്കും. ബഹ്റൈനിൽ ചേർന്ന ജിസിസി ഉച്ചകോടിയിൽ ആറ് അംഗ രാജ്യങ്ങളെ നെറ്റ് വർക്ക് വഴി ബന്ധിപ്പിക്കാനുള്ള നിർദേശത്തോടെയാണ് ഈ മെഗാ പ്രോജക്ട് അവതരിപ്പിച്ചത്. പദ്ധതി രൂപകല്പന ചെയ്യുന്നതിനുള്ള കൺസൾട്ടേഷൻ നൽകുന്നതിന് നിരവധി അന്താരാഷ്ട്ര കൺസൾട്ടൻസി സ്ഥാപനങ്ങൾ ബന്ധ്സുകൾ സമർപ്പിച്ചിരുന്നു.ലേലങ്ങൾ പരിശോധിച്ച് കൺസൾട്ടിങ് ഏജൻസി ഫോർ പബ്ലിക് ടെൻഡറുകൾ കൈമാറി. കുവൈത്ത് റെയിൽവേയുടെ ആദ്യഭാഗം തെക്കൻ കുവൈത്തിന്റെ അതിർത്തി പ്രദേശമായ നുവൈസീബ് മുതൽ ഷദാദിയ വരെയാണ്.പ്രാരംഭ ഘട്ടത്തിൽ നാല് പ്രധാന യാത്രാ സ്റ്റേഷനുകളുണ്ടാവും. മണിക്കൂറിൽ 200 കിലോ മീറ്റർ വേഗതയിലാണ് ട്രെയിൻ സഞ്ചരിക്കുക.

അതിനിടെ,റിയാദിനും കുവൈത്തിനുമിടയിൽ റെയിൽ പാത നിർമ്മിക്കാൻ 2023 ൽ സൗദിയും കുവൈത്തും ധാരണയിൽ എത്തിയിരുന്നു.അതിവേഗ ട്രെയിൻ ഏകദേശം രണ്ടര മണിക്കൂറിനുള്ളിൽ ദീർഘ ദൂരം കടക്കും.പദ്ധതി സംബന്ധിച്ച പഠനം ആരംഭിച്ചതായി ഇരു രാജ്യങ്ങളും ഫിബ്രവരിയിൽ പ്രഖ്യാപിച്ചു.ഈ സാഹചര്യത്തിൽ കുവൈത്ത് റിയാദ് രണ്ട് നഗരങ്ങൾക്കിടയിലുള്ള ചരക്ക്യാത്രാ ഗതാഗതത്തെ പിന്തുണയ്ക്കുമെന്ന് അജിലിറ്റി സി ഇഒ താരീഖ് അൽ സുൽത്താൻ വ്യക്തമാക്കി. ജോർദാൻഇറാഖ് തുടങ്ങി മേഖലയിലെ കൂടുതൽ രാജ്യങ്ങളെ ഉൾപ്പെടുത്തി ജിസിസി റെയിൽവേ ശൃംഖലയെ വിപുലീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.



കുവൈത്ത് ഗൾഫ് റെയിൽ പാത

റോഡുകൾക്കും തെരുവുകൾക്കും പേരുകൾ നിർദേശിക്കാൻ അവസരം

ദുബൈ: ദുബൈ നഗരത്തിലെ റോഡുകൾക്കും തെരുവുകൾക്കും പേരുകൾ നിർദേശിക്കാൻ പൊതുജനങ്ങൾക്കും അവസരം. ദുബൈ മുനിസിപ്പാലിറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പേരുകൾ നിശ്ചയിക്കുന്ന സ്ഥാപനമായ ദുബൈ റോഡ് നാമകരണ സമിതിയാണ് ഇതിന് മേൽനോട്ടം വഹിക്കുക. ഭൂതകാലത്തിന്റെ പൈതൃകം സംരക്ഷിക്കുക, നാഗരികത പ്രോത്സാഹിപ്പിക്കുക, എമിറേറ്റിന്റെ ഭാവി വികസനവുമായിബന്ധപ്പെട്ട് അപ്ഡേറ്റ് ചെയ്യുക, ഉയർന്ന മൂല്യമുള്ള നേട്ടങ്ങൾ ഉയർത്തിക്കാട്ടുക എന്നിവയാണ് കമ്മിറ്റിയുടെ ലക്ഷ്യങ്ങൾ. വിവിധ മേഖലകളിലുടനീളമുള്ള റോഡുകൾക്കും തെരുവുകൾക്കും പേരിടുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കുന്നതിൽ കമ്മ്യൂണിറ്റി പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇന്റഗ്രേറ്റഡ് കമ്മിറ്റിയുടെ ശ്രമങ്ങളുടെയും പദ്ധതികളുടെയും ഭാഗമാണ് പ്ലാറ്റ്ഫോമെന്ന് ദുബൈ മുനിസിപ്പാലിറ്റി ഡയറക്ടർ ജനറലും ദുബൈ റോഡിന്റെ നാമകരണ കമ്മിറ്റി ചെയർമാനുമായ ദാവൂദ് അൽ ഹജ്രി പറഞ്ഞു.

എമിറേറ്റിന്റെ ചരിത്രം, പൈതൃകം, മൂല്യങ്ങൾ, സാമൂഹികവും സാംസ്കാരികവുമായ സമ്പത്ത്, ഭാവി വികസനത്തിനും ദിശാബോധം എന്നിവയുമായി ബന്ധപ്പെട്ടുള്ള നാമകരണങ്ങളാണ് ഉദ്ദേശിക്കുന്നത്. രാജ്യത്തിന്റെ ഐഡന്റിറ്റിയും ഭൂതവും വർത്തമാനവും ഭാവിയും തമ്മിലുള്ള പരസ്പര ബന്ധവും പ്രതിഫലിപ്പിക്കുന്ന സമഗ്രമായ ഒരു രീതിയും പ്രത്യേക മാനദണ്ഡവും മനസ്സിൽ വെച്ചുകൊണ്ട് ദുബൈയിലുടനീളമുള്ള തെരുവുകൾക്കും റോഡുകൾക്കും പേരുകൾ നിർദ്ദേശിക്കാൻ പൊതുജനങ്ങളെ അനുവദിക്കുന്ന ഒരു ഡിജിറ്റൽ സംവിധാനമായാണ് പുതിയ പ്ലാറ്റ്ഫോം പ്രവർത്തിക്കുന്നതെന്ന് അൽ ഹജ്രി പറഞ്ഞു.

ഓരോ പ്രദേശത്തിന്റെയും പേരുകൾ പ്രചോദിപ്പിക്കുന്ന നിർദിഷ്ട വർഗീകരണങ്ങളെ അടിസ്ഥാനമാക്കി പേരുകൾ നിർദേശിക്കുന്നതിനുള്ള ഒരു രീതി കമ്മിറ്റി രൂപപ്പെടുത്തിയിട്ടുണ്ട്. ഈ വർഗ്ഗീകരണങ്ങളിൽ അറബിക്, ഇസ്ലാമിക് ഡിസൈൻ, ആർക്കിടെക്ചർ എന്നിവയുമായി ബന്ധപ്പെട്ട പേരുകളും കല, സംസ്കാരം, അറബിക് കാവ്യ രചന എന്നിവയുമായി ബന്ധപ്പെട്ട പേരുകളും ഉൾപ്പെടുന്നു. പ്രകൃതി പ്രതിഭാസങ്ങൾ, പ്രാദേശിക സസ്യങ്ങൾ, മരങ്ങൾ, പൂക്കൾ, കടൽ, വന്യ സസ്യങ്ങൾ, കാട്ടുമൃഗങ്ങളുടെയും കടൽ പക്ഷികളുടെയും പേരുകൾ എന്നിവയും ഇത് ഉൾക്കൊള്ളുന്നു. കൂടാതെ, പാരിസ്ഥിതിക സുസ്ഥിരത, കപ്പലുകൾ, സമുദ്ര ഉപകരണങ്ങൾ, മത്സ്യബന്ധനം, കാറ്റ്, മഴ എന്നിവയുമായി ബന്ധപ്പെട്ട പേരുകളും ഇത് ഉൾക്കൊള്ളുന്നു.

കൂടാതെ കോട്ടകൾ, പുരാതന കോട്ടകൾ, പുരാവസ്തു സ്ഥലങ്ങൾ, പ്രാദേശികവും പുരാതനവുമായ ആഭരണങ്ങൾ, കുതിര, അറേബ്യൻ ഒട്ടകങ്ങളുടെ പേരുകളും വിവരണങ്ങളും ഉൾപ്പെടും. ഈന്തപ്പനകളുടെ പേരുകൾ, കൃഷി, കാർഷിക തൊഴിലുകളുടെ പേരുകൾ, വ്യാവസായിക, കരകൗശല തൊഴിലുകൾ, അവയുടെ ഉപകരണങ്ങൾ, രത്നക്കല്ലുകളുടെ പേരുകൾ, കണ്ടുപിടുത്തങ്ങൾ, ആധുനിക സാങ്കേതിക വിദ്യ എന്നിവയുമായി ബന്ധപ്പെട്ട പേരുകൾ എന്നിവയും വരും. https://roadsnaming.ae എന്ന പ്ലാറ്റ്ഫോം ലിങ്ക് വഴി റോഡുകൾക്കും തെരുവുകൾക്കും പേരുകൾ നിർദ്ദേശിച്ചുകൊണ്ട് പൊതുജനങ്ങൾക്ക് ഇതിൽ പങ്കാളിയാവാം.

ജുബൈൽ മാർക്കറ്റിലെ ഈത്തപ്പഴ ഫെസ്റ്റിവലിൽ നിന്ന്

ജൂബൈൽ മാർക്കറ്റിൽ ഈത്തപ്പഴ ഫെസ്റ്റിവലിന് തുടക്കം

കത്തുന്ന ചൂടിൽ മധുരം വിളമ്പി മരുഭൂമിയിലെ ഈത്തപ്പഴ തോട്ടങ്ങൾ

ഗഫൂർ ബേക്കൽ
ഷാർജ

കത്തുന്നചൂടിൽ പഴുത്തു കുലച്ചു മധുരം വിളമ്പി ഈത്തപ്പഴവും. ആവശ്യക്കാരെ വിത്യസ്ത ഇനം ഈത്തപ്പഴം കൊണ്ട് വിരുന്നൂട്ടുന്ന അൽ ജുബൈൽ മാർക്കറ്റിലെ ഈത്തപ്പഴ ഫെസ്റ്റിവെല്ലിന് തുടക്കമായി. മൂന്ന് മാസം നീണ്ടു നിൽക്കുന്ന ഫെസ്റ്റ്വെൽ സെപ്തംബർ 27ന് സമാപിക്കും. താപ നില കുതിച്ചു കയറിയതോടെ രാജ്യത്ത് ഈത്തപ്പഴ വിള വെടുപ്പും തകൃതിയായി. ഷാർജ ദൈദിലെയും അൽ ഐനിലെയും ഈത്തപ്പഴ തോട്ടങ്ങളിൽ അരങ്ങേറുന്നത് വിള വെടുപ്പ് ഉത്സവം.

സമൃദ്ധമായ വിള ലഭിച്ചത്തോടെ ഈത്തപ്പഴ കർഷകരും ഹാപ്പി. രാജ്യത്തിനു അകത്തും പുറത്തുമുള്ള വിപണിയിലേക്കായി ദൈദ്, അൽ ഐൻ തോട്ടങ്ങളിൽ നിന്നും ടൺ കണക്കിന് ഈത്തപ്പഴമാണ് കയറ്റി വിടുന്നത്. ഫ്രഷ് ഈത്തപ്പഴം സ്വദേശികളുടെ ഇഷ്ട വിഭവമാണ്. രാജ്യത്ത് കഴിയുന്ന വിദേശികളും ഈത്തപ്പഴത്തിന്റെ ആവശ്യക്കാരാണ്. ഈയടുത്തായി സ്വദേശത്തേക്കുള്ള യാത്രയിൽ മലയാളികളടക്കം ഇന്ത്യക്കാരുടെയും ബാഗേജിൽ മുഖ്യ ഇനമായി ഈത്തപ്പഴം മാറിയിട്ടുണ്ട്. വർഷങ്ങളായി ഈത്തപ്പഴ വിളവെടുപ്പ് കാലം ഷാർജയിൽ ഈത്തപ്പഴ ഉത്സവമായി ആഘോഷിച്ചു വരുന്നു. ഷാർജയിൽ അൽ ജുബൈൽ കേന്ദ്രീകരിച്ചാണ് ഫെസ്റ്റിവൽ അരങ്ങേറുക. കൂടാതെ രാജ്യത്തിന്റെ വിവിധ മേഖലകളിലും ഈത്തപ്പഴ മേളയുടെ കാലമാണിത്. ഏതാണ്ട് 200ലധികം ഇനം ഈത്തപ്പഴം ഫെസ്റ്റിവൽ കാലത്ത് വിപണിയിൽ എത്തുന്നു. നിറത്തിലും രുചിയിലും വ്യത്യസ്തമാണിവ. ഈത്തപ്പഴ ആവശ്യക്കാരുടെ വൻ നിരയാണ് ഫെസ്റ്റിവൽ നാളുകളിൽ അൽ ജുബൈൽ മാർക്കറ്റിൽ എത്തുക.

അജ്വ, ഖലാസ്, ഖനീജ്, ബർഗി, സബ്ന, മുക്തി, ബുമാൻ, ഷിഷ്, സുക്കാരി, ഫലായി, മുദിയ, ദഹൻ ഇങ്ങിനെ പോവുന്നു ഈത്തപ്പഴ ഇനങ്ങൾ. ഇതിൽ ഡിമാന്റ് കൂടിയ ഇരുപതോളം ഇനം ഈത്തപ്പഴം അൽ ജുബൈലിലെ ഫെസ്റ്റിവെൽ നഗരിയിൽ സ്ഥിര സാന്നിധ്യമാണ്. രാജ്യത്തെ തോട്ടങ്ങളിൽ നിന്നും നേരിട്ട് എത്തിച്ച ഫ്രഷ് ഈത്തപഴം ഇടനിലക്കാരില്ലാത്തതിനാൽ ചുരുങ്ങിയ വിലക്ക് അൽ ജുബൈൽ മാർക്കറ്റിലെ ഫെസ്റ്റിവൽ സ്റ്റാളുകളിൽ നിന്നും സ്വന്തമാക്കാം. രാജ്യത്ത് കൃഷി ചെയ്തവ കൂടാതെ, ഒമാൻ, സഊദി അറേബ്യ, ജോർദാൻ തുടങ്ങിയ രാജ്യങ്ങളിലെ തോട്ടങ്ങളിൽ നിന്നും അൽ ജുബൈലിലേക്ക് ഈത്തപഴവുമായി വാഹനങ്ങൾ എത്തുന്നു. സീസന്റെ ആദ്യ നാളുകളിൽ കിലോ ഗ്രാമിന് 200 ദിർഹം വരെ ഈടാക്കിയിരുന്ന ഈത്തപ്പഴങ്ങൾക്ക് നിലവിൽ 20 മുതൽ 80 ദിർഹം വരെയായി കുറഞ്ഞു കിലോ ഗ്രാമിന്റെ വില. ഫെസ്റ്റിവെൽ നാളുകളിൽ സ്വദേശി കുടുംബങ്ങളനവധി അൽ ജുബൈൽ മാർക്കറ്റിലെത്തും. വൻതോതിൽ ഈത്തപ്പഴങ്ങൾ വാങ്ങി കുടുംബ സുഹൃദ് വലയ വീടുകളിൽ സമ്മാനമായി എത്തിച്ച് കൊടുക്കൽ സ്വദേശികൾ തുടരുന്ന പാരമ്പര്യ രീതിയാണ്. ഒക്ടോബർ പകുതി വരെ പാകമായ ഫ്രഷ് ഈത്തപ്പഴങ്ങൾ മാർക്കറ്റിൽ ലഭ്യമാവും. ഈ സീസൺ കഴിഞ്ഞാൽ പകുതി പഴുത്ത ഈത്തപ്പഴം കിട്ടില്ല. ശേഷം വ്യത്യസ്ത തലത്തിലെ സംസ്കരണ പ്രവർത്തനങ്ങളിലൂടെ ഉണക്കിയ ഈത്തപ്പഴമാണ് വിപണിയിൽ വിൽപനക്കെത്തുക. അൽ ജുബൈൽ സൂക്കിലെ വർഷം മുഴുവൻ പ്രവർത്തിക്കുന്ന ഈത്തപ്പഴ സ്റ്റാളുകൾ വ്യത്തിയിലും വെടിപ്പിലും ലോകോത്തര നിലവാരം പുലർത്തുന്നു.

സോഷ്യൽ മീഡിയയിലൂടെ അപകീർത്തി യൂട്യൂബർ 80,000 ദിർഹം നഷ്ടപരിഹാരം നൽകണം

അബുദാബി: സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം വഴി ഇൻഫർമേഷൻ നെറ്റ്വർക്ക് ഉപയോഗിച്ച് അപമാനിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്ത 4 പേർക്ക് 80,000 ദിർഹം നഷ്ടപരിഹാരം നൽകാൻ അബുദാബി കോടതി ഉത്തരവിട്ടു. ഫാമിലി, സിവിൽ, അഡ്മിനിസ്ട്രേറ്റീവ് കേസുകൾ കൈകാര്യം ചെയ്യുന്ന കോടതിയുടേതാണ് വിധി. 4 പേർ ഒരു വ്യക്തിക്കെതിരെ ഒരു കേസ് ഫയൽ ചെയ്തു. സോഷ്യൽ മീഡിയയിലൂടെ അപമാനപ്പെടുത്തിയെന്നായിരുന്നു കേസ്. നഷ്ടപരിഹാരമായി 550,000 ദിർഹം നൽകണമെന്നാണ് ഹരിജിക്കാർ ആവശ്യപ്പെട്ടിരുന്നത്. യൂടൂബർ ലോകമെമ്പാടുമുള്ള ആളുകൾ അറിയുന്ന വ്യക്തിയാണെന്നും ചൂണ്ടിക്കാട്ടിയിരുന്നു. കേസിന്റെ ഫീസും ചെലവും വക്കീലിന്റെ ഫീസും അടയ്ക്കാൻ അദ്ദേഹം ബാധ്യസ്ഥനാണെന്നും ഹർജിക്കാർ ആവശ്യപ്പെട്ടു. തെറ്റ് തെളിയിക്കപ്പെട്ടതായും വാദികളുടെ ധാർമ്മിക നാശത്തിന് കാരണമായതും കോടതി ചൂണ്ടിക്കാട്ടി. അതനുസരിച്ച്, ഉണ്ടായ നാശനഷ്ടങ്ങൾക്ക് 80,000 ദിർഹം നഷ്ടപരിഹാരം നൽകാൻ കോടതി ഉത്തരവിട്ടു.

ദുബൈയിൽ 27,000ത്തിലധികം കുട്ടികൾ നഴ്സറികളിൽ പ്രവേശനം നേടി

ദുബൈ: ദുബൈയിൽ 202324 വർഷത്തിൽ 27,000 ത്തിലധികം കുട്ടികൾ നഴ്സറികളിൽ പ്രവേശനം നേടിയതായി മാനവ വികസന അതോറിറ്റി വ്യക്തമാക്കി. സ്കൂളിനു മുമ്പേ നഴ്സറികളിൽ പഠിപ്പിക്കാനുള്ള മാതാപിതാക്കളുടെ താൽപര്യം വർധിച്ചിട്ടുണ്ട്. ഈ വർഷം ആരംഭിച്ച 25 പുതിയ നഴ്സറികൾ ഉൾപ്പെടെ 274 നഴ്സറികളാണ് ദുബൈയിൽ പ്രവർത്തിക്കുന്നത്.

കുവൈത്ത് തിപിടിത്തത്തിലെ ഇരകൾക്ക് ധനസഹായം

കുവൈത്തിൽ കെട്ടിടത്തിന് തീപിടിച്ച സംഭവത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ച ജീവനക്കാർക്ക് അടിയന്തര ധനസഹായമായ ആയിരം കുവൈത്ത് ദീനാർ വിതരണം ചെയ്തതായി എൻബിടിസി മാനേജ്മെന്റ് അറിയിച്ചു. 61 ജീവനക്കാർക്കാണ് അടിയന്തര ധനസഹായം വിതരണം ചെയ്തത്.

ഗൾഫ് വാർത്തകൾ

ദുബൈയിൽ പുതിയ ബസ് റൂട്ടുകൾ ആരംഭിച്ചു

ദുബൈ: പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ദുബൈയിൽ രണ്ട് പുതിയ ബസ് റൂട്ടുകൾ ആരംഭിച്ചതായി ദുബൈ ആർടിഎ അറിയിച്ചു. ഒന്നാമത്തേത് ദുബൈ ഹിൽസിനും ഇക്വിറ്റി മെട്രോ സ്റ്റേഷനും ഇടയിൽ ഓടുന്ന ഡിഎച്ച് നമ്പർ റൂട്ടാണ്. ഡമാക് ഹിൽസിനും ദുബൈ സ്റ്റുഡിയോ സിറ്റിക്കും ഇടയിൽ സഞ്ചരിക്കുന്ന ഡിഎ2 നമ്പർ റൂട്ടാണ് രണ്ടാമത്തേത്. ഡിഎച്ച്1, ഒരു മണിക്കൂർ ഇടവേളകളിൽ സർവീസ് നടത്തും. രാവിലെ 7.09 ന് ദുബൈ ഹിൽസിൽ നിന്ന് പുറപ്പെടും. അവസാന യാത്ര പ്രവൃത്തിദിവസങ്ങളിൽ രാത്രി 10.09 നും വാരാന്ത്യങ്ങളിൽ (വെള്ളി മുതൽ ഞായർ വരെ) അർധരാത്രി 12.09 നും പുറപ്പെടും. ഡാമാക് ഹിൽസിനും ദുബൈ സ്റ്റുഡിയോ സിറ്റിക്കും ഇടയിലുള്ള റൂട്ടായ ഡിഎ2 ന് രണ്ട് മണിക്കൂർ ഇടവേളയുണ്ട്. രാവിലെ 5.47 ന് ഡമാക് ഹിൽസിൽ നിന്ന് പുറപ്പെടും. അവസാന യാത്ര ദിവസവും രാത്രി 9.32 ന് പുറപ്പെടും. ഒരു യാത്രക്ക് 5 ദിർഹമാണ് നിരക്ക്. പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനും ഇന്റേർണൽ

ബസ് ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമാണ് രണ്ട് റൂട്ടുകളെന്ന് ആർടിഎ പൊതുഗതാഗത ഏജൻസി പ്ലാനിങ് ആൻഡ് ബിസിനസ് ഡെവലപ്മെന്റ് ഡയറക്ടർ ആദിൽ മുഹമ്മദ് ഷാക്കേരി പറഞ്ഞു. പബ്ലിക് ബസ് ശൃംഖല വിപുലീകരിക്കുന്നതിനും മെട്രോ, ട്രാം, മറൈൻ ഗതാഗതം തുടങ്ങിയ മറ്റ് പൊതു ഗതാഗത മാർഗങ്ങളുമായി സംയോജനം വർധിപ്പിക്കുന്നതിനും ആർടിഎ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

യുഎഇ വനിതാ ടി20 ടീമിൽ മൂന്ന് മലയാളി സഹോദരിമാർ

അബുദാബി: ഇന്ത്യക്കും മലയാളികൾക്കും അഭിമാനമായി മൂന്ന് സഹോദരിമാർ യുഎഇ വനിതാ ടി20 ടീമിൽ ഇടംനേടി. മിന്നു മണിക്കും സജനക്കും ശേഷം വയനാട്ടിൽ നിന്നു തന്നെയാണ് ഈ വനിതാ താരങ്ങൾ അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറ്റം കുറിക്കുന്നത്. സുൽത്താൻ ബത്തേരി സ്വദേശികളായ റിതിക രജിത്, റിനിത രജിത്, റിഷിത രജിത് എന്നിവരാണ് വിമൻസ് ടന്റി20 യുഎഇ ദേശീയ ടീമിൽ ഇടംപിടിച്ചത്.

ഈ മാസം 19ന് ശ്രീലങ്കയിൽ നടക്കുന്ന ഏഷ്യ കപ്പിൽ മൂവരും ഒരുമിച്ച് ഗ്രൗണ്ടിലിറങ്ങും. 21ന് ഇന്ത്യക്കെതിരെ കളിക്കാനുള്ള അവസരം കാത്തിരിക്കുകയാണ് ഈ സഹോദരിമാർ.

ബാഡ്മിന്റനിൽ തിളങ്ങിനിൽക്കവെയാണ് ഇവർ ക്രിക്കറ്റിലേക്ക് ചുവടുമാറ്റിയത്. ഇവർ പിന്തുണയുമായി അജ്മാനിൽ വ്യവസായിയായ അച്ഛൻ രജിതും അമ്മ രഞ്ജിനിയും കൂടെയുണ്ട്. റിതികമികച്ച ഓൾറൗണ്ടറാണ്. റിനിത മികച്ച ബാറ്ററും. റിഷിത ബോളറാണ്. ഡമാകിൽ എച്ച്ആർ വിഭാഗത്തിൽ ജോലി ചെയ്യുകയാണ് റിതിക. ബാറ്റിങ്ങിൽ കരുത്തു കാട്ടുന്ന റിനിത പ്ലസ് ടു കഴിഞ്ഞ് കംപ്യൂട്ടർ സയൻസ് എൻജിനീയറിങ്ങിന് ചേരാനിരിക്കുകയാണ്. ഷാർജ ലീഡേഴ്സ് സ്വകാര്യ സ്കൂളിൽ 11ാം ക്ലാസ് വിദ്യാർഥിനിയാണ് റിഷിത. യുഎഇ ദേശീയ വനിതാ ടീമിലെ 15 കളിക്കാരും വിദേശികളാണ്. മൂന്ന് മലയാളികൾ ഉൾപ്പെടെ 14 പേരും ഇന്ത്യക്കാർ. വയനാട് ജില്ലാ ടീമിനുവേണ്ടി മുൻപ് കളിച്ചിരുന്ന അച്ഛൻ രജിത് ആണ് ക്രിക്കറ്റിൽ ഇവരുടെ പ്രഥമ ഗുരു. യുഎഇ ടീമിൽ ഇടം നേടിയതുമുതൽ എമിറേറ്റ്സ് ക്രിക്കറ്റ് ബോർഡാണ് പരിശീലിപ്പിക്കുന്നത്.

യുഎഇ വനിതാ ടി20 ടീമിൽ ഇടംനേടിയ മലയാളി സഹോദരിമാരായ റിതികയും റിനിതയും റിഷിതയും

ഇന്നും നാളെയും പുറപ്പെടേണ്ടിയിരുന്ന വിമാനങ്ങൾ റദ്ദാക്കി
എയർ ഇന്ത്യയുടെ മുടങ്ങാത്ത ക്രൂരത

റസാഖ് ഒരുമനയൂർ
അബുദാബി

എക്കാലത്തും യാത്രക്കാർക്ക് ദുരിതം സമ്മാനിച്ച എയർഇന്ത്യ എക്സ്പ്രസ്സ് അതിന്റെ ക്രൂരത തുടർന്നുകൊണ്ടിരിക്കുന്നു. യാത്രക്കാരോടുള്ള ക്രൂരതക്ക് മുടക്കം വരാതിരിക്കാൻ സർവ്വീസുകൾ നിരന്തരം മുടക്കാൻ എക്സ്പ്രസ്സ് അധികാരികൾ പരമാവധി ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ ഏതാനും ദിവസങ്ങളാ യി നിരന്തരം വിമാനം മുടങ്ങുന്ന അവസ്ഥയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സ്വകാര്യമേഖലയിലേക്ക് മാറിയ പ്പോൾ മികച്ച സർവ്വീസ് ലഭിക്കുമെന്ന് കരുതിയവരുടെ എല്ലാ പ്രതീക്ഷകളും തെറ്റിച്ചുകൊണ്ടാണ് സർവ്വീസുകൾ റദ്ദാക്കിക്കൊണ്ടിരിക്കുന്നത്. അബുദാബി,ദുബൈ, ഷാർജ എന്നിവിടങ്ങളിൽനിന്നെല്ലാം കേരളത്തിലെ വിവിധ വിമാനത്താവളങ്ങളിലേക്കുള്ള ഫ്ളൈറ്റുകൾ കാൻസൽ ചെയ്തുകൊണ്ടിരിക്കുന്നു. യാത്ര പുറപ്പെടുന്നതിനു മണിക്കൂറുകൾക്കുമുമ്പാണ് വിവിധ സെക്ടറുകളിലേക്കുള്ള സർവ്വീസുകൾ മുടങ്ങിയതായി യാത്രക്കാരെ അറിയിക്കുന്നത്. ഇതോടെ കടുത്ത മാനസിക പ്രയാസവും വൻസാമ്പത്തിക ബാധ്യതയുമാണ് യാത്രക്കാർ അനുഭവിക്കേണ്ടിവരുന്നത്. കാൻസൽ ചെയ്യുന്ന വിമാനത്തിലെ ഏതാനും യാത്രക്കാർക്ക് മറ്റു സർവ്വീസുകളിൽ യാത്ര ചെയ്യാൻ ടിക്കറ്റ് മാറ്റിയെടുക്കുകയോ പണം തിരികെ നൽകുകയോ ചെയ്യാമെന്നാണ് എയർഇന്ത്യ എക്സ്പ്രസ്സ്അധികൃതർ യാത്രക്കാരോട് പറയുന്നത്.

എന്നാൽ വിരലിലെണ്ണാവുന്ന ചിലർക്ക് മാത്രമാണ് ഇങ്ങിനെ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. അങ്ങിനെ മാറ്റിക്കിട്ടിയവർ വീണ്ടും ക്രൂരത അനുഭവിക്കേണ്ടി വരുന്നുണ്ട്. രണ്ടാമത് മാറ്റിയ വിമാനങ്ങളും

പലതും റദ്ദാക്കിയാണ് തങ്ങളുടെ ക്രൂരത കൊടുംക്രൂരതയാക്കി മാറ്റുന്നത്. ശനിയാഴ്ച രാവിലെ 5.10ന് പോകേണ്ടിയിരുന്ന അബുദാബി – തിരുവനന്തപുരം വിമാനം റദ്ദാക്കിയതിനുപുറമെ ശനിയാഴ്ച ഉച്ചയ്ക്ക് 12.45ന് പോകേണ്ടിയിരുന്ന അബുദാബി –കണ്ണൂർ വിമാനവും ഞായറാഴ്ച പുലർച്ചെ 3.25ന് അബുദാബിയിൽനിന്നും കോഴിക്കോട്ടേക്കുള്ള വിമാനവും റദ്ദ് ചെയ്തതായി ഇതിനകം അറിയിപ്പ് ലഭിച്ചിട്ടുണ്ട്. നേരത്തെ റദ്ദ് ചെയ്ത വിമാനത്തിൽ പോകാനിരുന്നവരിൽ പലരുടെയും ടിക്കറ്റ് ഈ രണ്ടു വിമാനങ്ങളിലേക്കും മാറ്റിനൽകിയിരുന്നു. ഇവർക്ക് രണ്ടാം തവണയാണ് യാത്ര മുടങ്ങുന്നത്. ദുബൈ-തിരുവനന്തപുരം,ശനിയാഴ്ച രാത്രി പോകേണ്ട ദുബൈ-മാംഗ്ലൂർ തുടങ്ങി നിരവധി ഫ്ളൈറ്റുകളും എയർഇന്ത്യ എക്സ്പ്രസ്സ് റദ്ദാക്കിയിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ വേറെയും സർവ്വീസുകൾ റദ്ദാക്കിയിരുന്നു.

ചുരുങ്ങിയ ദിവസത്തെ അവധിക്ക് നാട്ടിൽ പോകുന്ന നിരവധി പേർക്കാണ് കഴിഞ്ഞ മൂന്നുനാലുദിവസങ്ങളായി യാത്ര ചെയ്യാനാവാതെ പ്രയാസപ്പെടേണ്ടിവന്നിട്ടുള്ളത്. മറ്റു എയർലൈനിൽ പുതിയ ടിക്കറ്റെടുക്കാനാണെങ്കിൽ തങ്ങാനാവാത്ത നിരക്കാണ് ഇപ്പോഴുള്ളത്. ഏറ്റവും തിരക്കേറിയ സമയത്ത് നിരന്തരം സർവ്വീസുകൾ റദ്ദാക്കുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന പ്രയാസങ്ങളെക്കുറിച്ചു ബന്ധപ്പെട്ട അധികാരികൾക്ക് യാതൊരുവിധ മനസ്സാക്ഷിക്കുത്തുമുണ്ടാകുന്നില്ല.

എയർഇന്ത്യ എക്സ്പ്രസ്സിൽ ടിക്കറ്റെടുത്തവർ എങ്ങിനെ നാട്ടിലെത്താൻ കഴിയുമെന്ന കാര്യത്തിൽ തികഞ്ഞ ആശങ്കയിലാണ്. ചുരുങ്ങിയ ദിവസത്ത അവധിക്കു പോകുന്നവർ, മരണാസന്നരായി കഴിയുന്നവരെ കാണാൻ പോകുന്നവർ, മക്കളുടെ വിവാഹത്തിനുപോകുന്നവർ അങ്ങിനെ വ്യത്യസ്ഥ ആവശ്യങ്ങൾക്കുപോകുന്നവരെല്ലാം വരുംദിവസങ്ങളിലെ തങ്ങളുടെ യാത്രയെക്കുറിച്ചു വേവലാതിപ്പെട്ടാണ് കഴിയുന്നത്. ഭൂരിഭാഗം യാത്രക്കാരും. മറ്റു എയർലൈനിൽ പുതിയ ടിക്കറ്റെടുക്കാനുള്ള സാമ്പത്തിക ശേഷി ഉള്ളവരല്ല.

സമ്മർ ഒളിമ്പിക് ഗെയിംസിൽ
യുഎഇയിൽ നിന്നും 14 അത്‌ലറ്റുകൾ

ദുബൈ: 2024 ജൂലൈ 26 മുതൽ ഓഗസ്റ്റ് 11 വരെ ഫ്രാൻസിലെ പാരീസ് ആതിഥേയത്വം വഹിക്കുന്ന 33ാമത് സമ്മർ ഒളിമ്പിക് ഗെയിംസിൽ യുഎഇ പങ്കാളിയാവും. 24 അഡ്മിനിസ്ട്രേറ്റീവ്, ടെക്നിക്കൽ, മെഡിക്കൽ സ്റ്റാഫുകൾക്കൊപ്പം 14 അത്‌ലറ്റുകളും യുഎഇ പ്രതിനിധി സംഘത്തിലുണ്ട്. കുതിരസവാരി, ജൂഡോ, സൈക്ലിംഗ്, നീന്തൽ, അത്‌ലറ്റിക്സ് എന്നീ അഞ്ച് കായിക ഇനങ്ങളിലാണ് അത്‌ലറ്റുകൾ മത്സരിക്കുക. ഷോ ജമ്പിംഗ് മത്സരത്തിൽ പങ്കെടുക്കുന്ന ദേശീയ കുതിരസവാരി ടീമിൽ അബ്ദുല്ല ഹുമൈദ് അൽ മുഹൈരി, അബ്ദുല്ല അൽ മർറി, ഒമർ അൽ മർസൂഖി, സേലം അൽ സുവൈദി, അലി അൽ കർബി എന്നിവരും ഉൾപ്പെടുന്നു. ദേശീയ ജൂഡോ ടീമിൽ അഞ്ച് പുരുഷ, ഒരു വനിതാ അത്‌ലറ്റ് ഉൾപ്പെടുന്നു: നർമന്ദ് ബയാൻ (66 കിലോയിൽ താഴെ), തലാൽ ഷിലി (81 കിലോയിൽ താഴെ), അരാം ഗ്രിഗോറിയൻ (90 കിലോയിൽ താഴെ), ദാഫർ അരാം (100 കിലോയിൽ താഴെ), ഒമർ മറൂഫ് (100 കിലോഗ്രാമിൽ കൂടുതൽ).), വനിതാ അത്‌ലറ്റ് ബഷീരത് ഖറൗദി (സ്ത്രീകളുടെ ലൈറ്റ്വെയ്റ്റിൽ 52 കിലോയിൽ താഴെ). സൈക്ലിസ്റ്റ് സഫിയ അൽ സയെഗ് പാരീസ് ഒളിമ്പിക് ഗെയിംസിൽ റോഡ് റേസിൽ പങ്കെടുക്കും, ഒളിമ്പിക്സിന് യോഗ്യത നേടുന്ന ആദ്യത്തെ എമിറാത്തി വനിതാ സൈക്ലിസ്റ്റാണ്. നീന്തൽ താരം യൂസഫ് റാഷിദ് അൽ മത്രൗഷി 100 മീറ്റർ ഫ്രീസ്റ്റൈലിലും നീന്തൽ താരം മഹാ അബ്ദുല്ല അൽ ഷെഹി 200 മീറ്റർ ഫ്രീസ്റ്റൈലിലും മത്സരിക്കും. ഓട്ടക്കാരി മറിയം മുഹമ്മദ് അൽ ഫാർസി 100 മീറ്റർ ഓട്ടത്തിൽ മത്സരിക്കും. 200 ദേശീയ ഒളിമ്പിക് കമ്മിറ്റികളിൽ നിന്നുള്ള 10,500 അത്‌ലറ്റുകൾ 32 കായിക ഇനങ്ങളിലായി 329 ഇനങ്ങളിലായി 35 വേദികളിലായി 20,000 മാധ്യമ പ്രതിനിധികളും 45,000 സന്നദ്ധപ്രവർത്തകരും സമ്മർ ഒളിമ്പിക്സിന്റെ ഭാഗമാവും. ജൂലൈ 26 ന് 10,500 അത്‌ലറ്റുകൾ പങ്കെടുക്കുന്ന ഗെയിംസിന്റെ ഉദ്ഘാടന ചടങ്ങിൽ യുഎഇ പതാക വഹിക്കാനുള്ള ബഹുമതി ഒമർ അൽ മർസൂഖിക്ക് ലഭിച്ചു.

ടൂറിസം ലക്ഷ്യമാക്കി ദുബൈ ഡെസ്റ്റിനേഷൻ കാമ്പയിൻ

ദുബൈ: വേനൽകാല ടൂറിസം സാധ്യമാക്കാനും മാർക്കറ്റിലെ ഓഫറുകൾ കരസ്ഥമാക്കാനുമായി ദുബൈ ഡെസ്റ്റിനേഷൻ കാമ്പയിൻ. ആകർഷകമായ അനുഭവങ്ങൾ കണ്ടെത്താനായി താമസക്കാരെയും സന്ദർശകരെയും ക്ഷണിക്കുകയാണ് കാമ്പയിന്റെ പുതിയ ഘട്ടം. ദുബൈ ഗവൺമെന്റ് മീഡിയ ഓഫീസിന്റെ ക്രിയേറ്റീവ് വിഭാഗമായ ബ്രാൻഡ് ദുബൈ നടപ്പിലാക്കുന്ന കാമ്പയിൻ, നഗരത്തിന്റെ ഏറ്റവും മികച്ച റേറ്റിംഗ് ഉള്ള ആകർഷണങ്ങളും അതുല്യമായ അനുഭവങ്ങളും ഉയർത്തിക്കാട്ടാൻ ലക്ഷ്യമിടുന്നു. ബീച്ച് ഡെസ്റ്റിനേഷനുകൾ, വാട്ടർപാർക്കുകൾ, ഇൻഡോർ ആക്ടിവിറ്റികൾ, ആഡംബര ഹോട്ടൽ പൂളുകൾ എന്നിവയിൽ കാമ്പയിനിൽ ഉൾപ്പെടുന്നു. എല്ലാ പ്രായത്തിലും ഏത് രാജ്യത്തിൽ നിന്നുള്ള വ്യക്തിയാണെങ്കിലും അവരുടെ അഭിരുചികൾക്ക് അനുസൃതമായ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുസ്വകാര്യ മേഖലകളിലെ നിരവധി പങ്കാളികളെ ഉൾപ്പെടുത്തിയാണ് പദ്ധതി.

ജീവിക്കാനും സന്ദർശിക്കാനുമുള്ള ലോകത്തിലെ ഏറ്റവും മികച്ച നഗരമായി എമിറേറ്റിനെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ദുബൈ ഡെസ്റ്റിനേഷൻസ് എന്ന പ്രചാരണം നടത്തുന്നതെന്ന് ബ്രാൻഡ് ദുബായ് ഡയറക്ടർ ഷൈമ അൽ സുവൈദി പറഞ്ഞു. ഗവൺമെന്റ് സ്ഥാപനങ്ങൾ, വ്യവസായ പങ്കാളികൾ, ക്രിയേറ്റീവ് മീഡിയ കമ്മ്യൂണിറ്റി എന്നിവയുടെ പിന്തുണയോടെയുള്ള കാമ്പയിനിൽ ദുബൈയുടെ വേനൽക്കാല ഓഫറുകളും അതുല്യമായ ചാരുതയും എടുത്തുകാണിക്കും. താമസക്കാർക്കും വിനോദസഞ്ചാരികൾക്കും സമാനതകളില്ലാത്ത അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന ഒരു നഗരമെന്ന നിലയിൽ ദുബൈയിയുടെ പ്രൊഫൈൽ ഉയർത്തുക എന്നതാണ് കാമ്പയിൻ ലക്ഷ്യമിടുന്നത്. ഇൻഡോർ സാഹസികതകൾക്കായി, സ്കൈ ദുബൈ, അയ യൂണിവേഴ്സ്, ചാവോസ് കാർട്ട്സ്, മാൾ ഓഫ് എമിറേറ്റ്സ്, ദുബൈ മാൾ, മിർദിഫ് സിറ്റി സെന്റർ തുടങ്ങിയ ഷോപ്പിംഗ് സെന്ററുകൾ കാമ്പയിനിൽ ഹൈലൈറ്റ് ചെയ്യും. ഡീപ് ഡൈവ് ദുബൈ, സ്പോർട്സ് കോർട്ടുകൾ, ഐഎംജി വേൾഡ്സ് ഓഫ് അഡഞ്ചർ ആൻഡ് ലെഗോലാൻഡ് പോലുള്ള തീം പാർക്കുകൾ, എയർ മാനിയാക്സ്, ഐഫ്ലൈ ദുബൈ, ദി ഗ്രീൻ പ്ലാനറ്റ്, കിഡ്സാനിയ എന്നിവിടങ്ങളിൽ ഇൻഡോർ സ്കൈ ഡൈവിംഗ് എന്നിവയും സന്ദർശകർക്ക് ആസ്വദിക്കാനുള്ള അവസരം കാമ്പയിൻ നൽകുന്നു. ദുബൈ പാർക്ക്സ് ആൻഡ് റിസോർട്ടുകളിലെ ലെഗോലാൻഡ് വാട്ടർ പാർക്ക്, വൈൽഡ് വാഡി, അറ്റ്ലാന്റിസിലെ അക്വാവെഞ്ചർ വാട്ടർ പാർക്ക്, ദി പാമിലെ അക്വാവെഞ്ചർ വാട്ടർപാർക്ക് എന്നിവയുൾപ്പെടെ ദുബൈയിലെ പ്രശസ്തമായ വാട്ടർപാർക്കുകൾ പ്രമുഖമായി അവതരിപ്പിക്കപ്പെടും. വേനൽച്ചൂടിൽ നിന്ന് മികച്ച വിശ്രമം വാഗ്ദാനം ചെയ്യുന്ന ദുബൈയിലെ ആഡംബര ഹോട്ടൽ കുളങ്ങളും കാമ്പയിനിൻ ഉൾപ്പെടുത്തും.

എ.പി ഉണ്ണികൃഷ്ണന്റെ നിര്യാണത്തിൽ കെഎംസിസി അനുശോചിച്ചു

ദുബൈ കെഎംസിസി

ദുബൈ: മുസ്‌ലിംലീഗ് നേതാവും മുൻ മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന എ.പി ഉണ്ണികൃഷ്ണന്റെ നിര്യാണത്തിൽ ദുബൈ കെഎംസിസി സംസ്ഥാന കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. മുസ്‌ലിം ലീഗ് പ്രസ്ഥാനത്തിന്റെ മതേതര മുഖം തിളക്കമാക്കാൻ അദ്ദേഹത്തിൻറെ പ്രസംഗവും പ്രവർത്തനവും ഏറെ വിലപ്പെട്ടതായിരുന്നുവെന്നും പ്രവാസികളോടും വിശിഷ്യാ കെഎംസിസി പ്രവർത്തകരോടും ഉണ്ണികൃഷ്ണന്റെ ഇടപെടലുകളും സമീപനവും വളരെ സ്നേഹം നിറഞ്ഞതായിരുന്നുവെന്നും ദുബൈ കെഎംസിസി സംസ്ഥാന പ്രസിഡന്റ് ഇൻ ചാർജ് ഇബ്രാഹിം മുറിച്ചാണ്ടിയും ആക്ടിങ് സെക്രട്ടറി കെ.പി.എ സലാമും അനുശോചന സന്ദേശത്തിൽ പറഞ്ഞു.

അബുദാബി കെഎംസിസി

അബുദാബി: മുസ്‌ലിംലീഗിന്റെ ആത്മാവ് തൊട്ടറിഞ്ഞ നേതാവായിരുന്നു എ.പി ഉണ്ണികൃഷ്ണനെന്ന് അബുദാബി കെഎംസിസി പ്രസിഡന്റ് ഷുക്കൂറലി കല്ലുങ്ങലും ജനറൽ സെക്രട്ടറി സി. എച്ച് യൂസുഫും അനുശോചന സന്ദേശത്തിൽ പറഞ്ഞു. പാർട്ടി ഏൽപിച്ച എല്ലാ ഉത്തരവാദിത്തങ്ങളും ഭംഗിയായി ചെയ്തുതീർക്കാൻ പ്രയത്നിക്കുകയും മുസ്‌ലിം ലീഗിന്റെ മതേതരത്വ നിലപാട് വാക്കിലൂടെയും പ്രവൃത്തിയിലൂടെയും പൊതുസമൂഹത്തിന് പങ്കുവെക്കുകയും ചെയ്ത നേതാവായിരുന്നു അദ്ദേഹമെന്നും അവർ കൂട്ടിച്ചേർത്തു.

ഷാർജ കെഎംസിസി

ഷാർജ: മുസ്‌ലിംലീഗ് മലപ്പുറം ജില്ലാ സെക്രട്ടറിയും ദളിത് ലീഗ് മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റും നിലവിലെ ജില്ലാ പഞ്ചായത്ത് അംഗവുമായ എ.പി ഉണ്ണികൃഷ്ണന്റെ വിയോഗത്തിൽ ഷാർജ കെഎംസിസി അനുശോചനം അറിയിച്ചു.

മുസ്‌ലിംലീഗ് പാർട്ടിക്ക് മാത്രമല്ല ദളിത്,പിന്നാക്ക,ന്യൂനപക്ഷ ജനവിഭാഗങ്ങൾ ഉൾപ്പെടെ രാഷ്ട്രീയ സാമൂഹിക മണ്ഡലത്തിന് നികത്താനാകാത്ത വിടവാണിതെന്നും ഷാർജ കെഎംസിസി സംസ്ഥാന പ്രസിഡന്റ് ഹാഷിം നൂഞ്ഞേരി,ജനറൽ സെക്രട്ടറി മുജീബ് തൃക്കണ്ണാപുരം ട്രഷറർ അബ്ദുറഹ്മാൻ മാസ്റ്റർ എന്നിവർ പറഞ്ഞു.

കുവൈത്ത് കെഎംസിസി

കുവൈത്ത് സിറ്റി: എ.പി ഉണ്ണികൃഷ്ണന്റെ നിര്യാണത്തിൽ കുവൈത്ത് കെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ വിയോഗത്തിൽ വിഷമിക്കുന്ന കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചെരുന്നു. മലപ്പുറത്തിന്റെ മത സൗഹാർദത്തിലും ഐക്യത്തിലും വലിയ പങ്ക് വഹിച്ച നേതാവായിരുന്നു എ.പി ഉണ്ണികൃഷ്ണനെന്നും അദ്ദേഹത്തിന്റെ വിയോഗം തീരാ നഷ്ടമാണെന്നും കെഎംസിസി അഭിപ്രായപ്പെട്ടു.

അബുദാബിയിൽ ബുർജീൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു

അബുദാബി: അത്യാധുനിക സംവിധാനത്തോടെ സമഗ്രമായ അർബുദ ചികിത്സക്കായി ബുർജീൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് അബുദാബിയിൽ ആരംഭിച്ചു. അബുദാബി, അൽ ഐൻ, അൽദാഫ്ര, ഷാർജ, ദുബൈ എന്നിവിടങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ബുർജീലിന്റെ കാൻസർകെയർ സൗകര്യങ്ങൾ ഏകീകരിക്കുന്ന ശൃംഖലയുടെ കേന്ദ്രമാണ് അബുദാബിയിലെ മുഹമ്മദ് ബിൻ സായിദ് സിറ്റിയിൽ തുടങ്ങിയ പുതിയ സംവിധാനം. ബുർജീൽ ഹോൾഡിങ്സിന്റെ ഏറ്റവും വലിയ ആശുപത്രിയായ ബുർജീൽ മെഡിക്കൽ സിറ്റിയിൽ സ്ഥിതിചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ട് യുഎഇയിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലുമുള്ളവർക്ക് വിപുലമായ കാൻസർ ചികിത്സകൾക്ക് സൗകര്യമൊരുക്കും. രോഗനിർണയം മുതൽ പാലിയേറ്റീവ് കെയർ വരെയുള്ള ഓങ്കോളജി സേവനങ്ങൾ നൽകാൻ ഇൻസ്റ്റിറ്റ്യൂട്ട് സജ്ജമാണ്.

യുഎയിലെ സഹിഷ്ണുത, സഹവർത്തിത്വ മന്ത്രി ശൈഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻ ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം ചെയ്തു. ബുർജീൽ ഹോൾഡിങ്സിന്റെ സ്ഥാപകനും ചെയർമാനുമായ ഡോ. ഷംഷീർ വയലിൽ, സിഇഒ ജോൺ സുനിൽ, സിഒഒ സഫീർ അഹമ്മദ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. പ്രഗത്ഭ ഇമാറാത്തി ഓങ്കോളജിസ്റ്റ് പ്രഫ. ഹുമൈദ് അൽ ഷംസിയുടെ നേതൃത്വത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. യുഎഇയിൽ ലോകോത്തര അർബുദ പരിചരണം നൽകാനുള്ള ലക്ഷ്യത്തിലെ സുപ്രധാന നാഴികക്കല്ലാണ് ബിസിഐയുടെ സമാരംഭമെന്ന് ബുർജീൽ ഹോൾഡിങ്സ് സ്ഥാപകനും ചെയർമാനുമായ ഡോ.ഷംഷീർ വയലിൽ പറഞ്ഞു. അർബുദ ഗവേഷണ രംഗത്തെ പുതിയ കണ്ടെത്തലുകൾ ചികിത്സകളായി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം പരിഹരിക്കേണ്ടത് അനിവാര്യമാണെന്ന് ശൈഖ് നഹ്യാൻ പറഞ്ഞു. പ്രതിവർഷം, 5,000ലേറെ അർബുദ രോഗികളെ ചികിത്സിക്കുന്ന ബുർജീലിന്റെ ശൃംഖല പതിനായിരത്തിലധികം സ്

നിരീക്ഷണം

അല്ലാഹുവും അവന്റെ റസൂലും കൊടുത്തതിൽ അവർ തൃപ്തിയടയുകയും, ഞങ്ങൾക്ക് അല്ലാഹു മതി, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് അവനും അവന്റെ റസൂലും ഞങ്ങൾക്ക് തന്നുകൊള്ളും. തീർച്ചയായും ഞങ്ങൾ അല്ലാഹുവിങ്കലേക്കാണ് ആഗ്രഹങ്ങൾ തിരിക്കുന്നത് എന്ന് അവർ പറയുകയും ചെയ്തിരുന്നെങ്കിൽ (എത്ര നന്നായിരുന്നേനെ!).

(വിശുദ്ധ ഖുർആൻ: 09: 59)

ഗൾഫ് ചന്ദ്രിക
1445 ദുൽഹജ്ജ് 30 • 1199 മിഥുനം 22 • 11946 ആഷാഢം 15

ബസുകളുടെ മരണപ്പാച്ചിൽ

സ്വകാര്യ ബസുകളുടെ മരണപ്പാച്ചിൽ സംസ്ഥാനത്ത് അപകട പരമ്പരകളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം കണ്ണൂർ കോഴിക്കോട് റൂട്ടിൽ തിരുവങ്ങൂരിൽ സ്വകാര്യ ബസ് അപകടത്തിൽപെട്ട് എൺപതോളം പേർക്കാണ് പരിക്കേറ്റത്. യാത്രയാരംഭിച്ച് 15 മിനുട്ടിനകം ടിപ്പർ ലോറിയുടെ പിന്നിലിടിച്ച് മറിഞ്ഞ ബസ് മീറ്ററുകളോളം റോഡിലൂടെ നിരങ്ങി നീങ്ങുകയായിരുന്നു. ബസ് നിരങ്ങുമ്പോൾ തീപ്പൊരി ചിതറുകയും പുകയുയരുകയും ചെയ്തതതായി ദൃക്സാക്ഷികൾ സാക്ഷ്യപ്പെടുത്തുകയുണ്ടായി. റോഡരികിലെ പെട്രോൾ പമ്പിന് തൊട്ടടുത്താണ് ബസ് നിന്നത്. ഇവിടെ നിന്ന് നോക്കിയാൽ കാണാവുന്നത്ര അരികിലാണ് ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ ഇന്ധന സംഭരണ കേന്ദ്രം സ്ഥിതിചെയ്യുന്നത്. അപകടം നടന്ന സാഹചര്യം പരിശോധിക്കുമ്പോൾ ഭാഗ്യംകൊണ്ടു മാത്രമാണ് വൻദുരന്തം ഒഴിവായത് എന്നത് ബോധ്യമാകും. മെഡിക്കൽ കോളജുകളിലേക്കുള്ള യാത്രക്കാരും സ്കൂൾ കോളജ് വിദ്യാർത്ഥികളുമുൾപ്പെടെ നിരവധി പേർ യാത്രക്കാരായുണ്ടാവാറുള്ള ബസാണിത്. പ്രദേശവാസികളുടെയും ദൃക്സാക്ഷികളുടെയുമെല്ലാം കാര്യക്ഷമമായ ഇടപെടലുകളും ദുരന്തത്തിന്റെ വ്യാപ്തികുറക്കുന്നതിന് സഹായകരമായിട്ടുണ്ട്.

നിശ്ചിത സമയം പാലിക്കാനും പരമാവധി യാത്രക്കാരെ കയറ്റാനുമെല്ലാമുള്ള ബദ്ധപ്പാടിൽ ജീവൻ പണയപ്പെടുത്തിയാണ് സ്വകാര്യ ബസുകളുടെ സഞ്ചാരമെന്നത് പകൽപോലെ വ്യക്തമായ ഒരുയാഥാർത്ഥ്യമാണ്. പ്രത്യേകിച്ച് ആളുകൾ സജീവമാകുന്ന രാവിലെയും വൈകീട്ടുമുള്ള സമയങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടങ്ങളെക്കാൾ പതിന്മടങ്ങാണ് ഈ സമയങ്ങളിൽ തലനാരിഴക്ക് രക്ഷപ്പെടുന്ന സംഭവങ്ങൾ. അപകടം സംഭവിച്ചാലുടൻ ഡ്രൈവറും കണ്ടക്ടറുമുൾപ്പെടെയുള്ള ജീവനക്കാർ ഓടിരക്ഷപ്പെടുന്ന രീതിയാണുള്ളത്. സ്വന്തം ജീവൻ രക്ഷിക്കാനാണ് എല്ലാം മറന്നുള്ള ഈ ഓട്ടമെങ്കിൽ തങ്ങളുടെ ജീവൻ പോലെ തന്നെ പ്രധാനമാണ് ബസിലെ ഓരോ യാത്രക്കാരന്റേതുമെന്ന് ഇവർ വിസ്മരിച്ചുപോവുകയാണ്. കോവിഡിനു ശേഷമുള്ള ബസ് വ്യവസായത്തിന്റെ തകർച്ചയാണ് അമിത വേഗതയുൾപ്പെടെയുള്ള എല്ലാ വീഴ്ചകൾക്കുമുള്ള ജീവനക്കാരുടെയും ഉടമകളുടെയും ന്യായീകരണം. പൊതുഗതാഗത സംവിധാനത്തെ ജനങ്ങൾ മുമ്പത്തെപോലെ ആശ്രയിക്കാത്തതിനാൽ സജീവ സമയങ്ങളിൽ പരമാവധി ആളുകളെ കയറ്റിയും എത്രയും വേഗത്തിൽ ലക്ഷ്യസ്ഥാനങ്ങളിൽ എത്തിയുമാണ് പിടിച്ചുനിൽക്കുന്നതെന്നാണ് അവരുടെ ഭാഷ്യം. ഇക്കാരണത്താൽ ബസുകൾക്കുവേണ്ടി മറ്റെല്ലാ വാഹനങ്ങളും മാറിക്കൊടുക്കണം എന്ന അവസ്ഥ പ്രായോഗികമോ അംഗീകരിക്കാനോ കഴിയുന്നതോ അല്ല.

വാഹന പരിശോധനയിൽ അധികൃതർ കാണിക്കുന്ന അനാസ്ഥയും റോഡുകൾ കുരുതിക്കളമാകുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. അപകടങ്ങളിൽപെടുന്ന പല ബസുകളുടെയും ടയറുകളുടെ തേയ്മാനം തന്നെ ഇതിനുള്ള ഉദാഹരണമാണ്. വേഗപ്പൂട്ടുകളുടെ പ്രവർത്തന രാഹിത്യം മുതലിങ്ങോട്ട് പല വിധത്തിലുള്ള സാങ്കേതിക പ്രശ്നങ്ങളുമായാണ് പല ബസുകളും സഞ്ചരിക്കുന്നതെങ്കിലും ഒരു ഘട്ടത്തിൽ പോലും ഇവ പരിശോധനക്ക് വിധേയമാക്കപ്പെടുന്നില്ല. ഇത്തരം ദുരന്തങ്ങളുണ്ടാകുമ്പോൾ സടകുടഞ്ഞെഴുന്നേൽക്കുകയും വ്യാപക പരിശോധനകൾ ആരംഭിക്കുകയും ചെയ്യുന്ന ഗതാഗതവകുപ്പ് ഏതാനും ദിവസങ്ങൾക്കുശേഷം പതിവ് നിസംഗതയിലേക്ക് മടങ്ങുകയാണ്. സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥയും ഇത്തരത്തിലുള്ള അപകടങ്ങളുടെ ഹേതുവായിത്തീരുകയാണ്. ദേശീയപാത നിർമാണത്തിന്റെ ഭാഗമായി കാസർകോട് മുതൽ തിരുവനന്തപുരംവരെ പ്രവൃത്തി നടക്കുന്നതിനാൽ സർവീസ്റോഡുകളിലൂടെയാണ് പ്രധാനമായും വാഹനങ്ങൾ സഞ്ചരിക്കുന്നത്. മഴക്കാലമായതോടെ ഈ സർവീസ് റോഡുകളെല്ലാം തോടുകളായി മാറിയിരിക്കുകയാണ്. അതീവ ശ്രദ്ധയോടെ യാത്ര ചെയ്താൽപോലും അപകടത്തിൽപെടാവുന്ന സാഹചര്യമാണുള്ളത്. ഈ വഴികളിലൂടെ മത്സര ഓട്ടംകൂടിയാകുമ്പോൾ ദുരന്തം സംഭവിച്ചില്ലെങ്കിലേ അത്ഭുതപ്പെടേണ്ടതുള്ളൂ.

അടിക്കുറിപ്പ്

ലീഡർ കാണിച്ചുതന്ന വഴികളിലാണ് ഞങ്ങളൊക്കെ ഇന്നും നടന്നുനീങ്ങുന്നത്. കാരിരുമ്പിന്റെ കരുത്തുള്ള ഹൃദയം മാത്രമായിരുന്നില്ല ലീഡറിലുണ്ടായിരുന്നത് എന്നത് നേരിട്ടനുഭവിച്ചതാണ് ഞാൻ, പലവട്ടം. സങ്കടവുമായി ആരെങ്കിലും മുന്നിലെത്തിയാൽ അവരുടെ കണ്ണുനീരിനൊപ്പം ആർദ്രമായിപ്പോകുന്ന ഒരു മനസ്സിന്റെ ഉടമ കൂടിയായിരുന്നു പലർക്കുമറിയാത്ത കെ. കരുണാകരൻ. അതുകൊണ്ടാണല്ലോ കേരളത്തിന് വിളിക്കാൻ ഒരേയൊരു ലീഡർ മാത്രമേയുള്ളൂ എന്ന് പറയുന്നതും.

–കെ.സി വേണുഗോപാൽ

ചരിത്രത്തിൽ ഇന്ന്

1785 അമേരിക്കയിൽ പണമിടപാടിനുള്ള ഏകകമായി ഡോളർ ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു.

1885 പേപ്പട്ടിവിഷത്തിനെതിരെയുള്ള തന്റെ പ്രതിരോധമരുന്ന് ലൂയി പാസ്ചർ വിജയകരമായി പരീക്ഷിച്ചു. ഒരു നായയിൽ നിന്നും പേപ്പട്ടിവിഷബാധയേറ്റ ജോസഫ് മെയ്സ്റ്റർ എന്ന കുട്ടിയിലാണ് ഈ മരുന്ന് പരീക്ഷിച്ചത്.

1892 ദാദാബായ് നവറോജി ബ്രിട്ടീഷ് പാർലമെന്റ് അംഗമായി തെരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യാക്കാരനായി.

1919 ആർ. 34 എന്ന ബ്രിട്ടീഷ് ആകാശനൗക ന്യൂയോർക്കിലിറങ്ങി, ആദ്യമായി അറ്റ്ലാന്റിക് സമുദ്രം മുറിച്ചു കടന്ന ആകാശനൗകയായി.

2006 ഇന്ത്യയും ചൈനയും തമ്മിൽ നടന്ന യുദ്ധസമയത്ത് അടച്ച നാഥുലാ ചുരം 44 വർഷത്തിനു ശേഷം വ്യാപാരാവശ്യങ്ങൾക്കായി തുറന്നു.

2006 ഫെലിപെ കാൾഡെറോൺ മെക്സിക്കോയുടെ പ്രസിഡണ്ടായി

ഹരിതാരവത്തിൽ അലിഞ്ഞ ഉണ്ണി

പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ

ജുമുഅ നിസ്കാരം കഴിഞ്ഞ് പള്ളിയിൽ നിന്നുമിറങ്ങുമ്പോഴാണ് എ.പി ഉണ്ണികൃഷ്ണൻ മരണപ്പെട്ടുവെന്ന ഏറെ വേദനിപ്പിക്കുന്ന വാർത്ത അറിയുന്നത്. ഹരിത പതാക നെഞ്ചേറ്റിയ പ്രവർത്തകനും പാർട്ടിയുടെ സന്ദേശം ലോകത്തെ കേൾപ്പിക്കാൻ ശബ്ദമുയർത്തിയ നേതാവുമായിരുന്നു ഉണ്ണികൃഷ്ണൻ. ജീവിതം പാർട്ടിക്കായി മാറ്റിവെച്ച, ആരോഗ്യമുണ്ടായിരുന്ന കാലത്തോളം പാർട്ടിയുടെ ആശയ പ്രചാരണത്തിനായി ഓടിനടന്ന കർമോത്സുകനായ പ്രവർത്തകനായിരുന്നു. മുസ്ലിം ലീഗിനെതിരെ വിമർശനങ്ങളും വിദ്വേഷങ്ങളും പ്രചരിപ്പിക്കപ്പെട്ടപ്പോൾ അദ്ദേഹം പ്രതിരോധം തീർത്തു. പാർട്ടിയെ ശക്തിപ്പെടുത്തുന്നതിന് രാപ്പകലില്ലാതെ അധ്വാനിച്ചു. മുസ്ലിംലീഗിന്റെ പോഷക സംഘടനയായ ഇന്ത്യൻ യൂണിയൻ ദലിത് ലീഗ് രൂപീകരിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വേണ്ടി അക്ഷീണം പ്രയത്നിച്ചു. മുസ്ലിംലീഗിന്റെ മതേതര മുഖം സമൂഹത്തിന് മുമ്പിൽ അദ്ദേഹം തുറന്നുകാണിച്ചു. പിന്നാക്ക, ന്യൂനപക്ഷ വിഭാഗത്തിന്റെ മുന്നേറ്റത്തിനായി മുസ്ലിംലീഗ് നടത്തുന്ന രാഷ്ട്രീയ, സാമൂഹിക ഇടപെടലുകൾ പൊതുവേദികളിൽ പറഞ്ഞുകൊണ്ടേയിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി നൂറുകണക്കിന് ദലിത് കുടുംബങ്ങൾ ഹരിത പതാക പിടിച്ചു.

രാഷ്ട്രീയ, സംഘടനാ പ്രവർത്തനത്തിൽ മികവാർന്ന നേട്ടങ്ങൾ സ്വന്തമാക്കിയ അദ്ദേഹം ഭരണാധികാരിയെന്ന നിലയിലും തിളങ്ങി. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ അധ്യക്ഷനായി അഞ്ചുവർഷക്കാലം ജില്ലയെ സേവിച്ചു. ജില്ലയുടെ സർവോന്മുഖ വികസനത്തിന് വേണ്ട പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി. സമൂഹത്തിൽ അവശതയനുഭവിക്കുന്നവർക്കും വേദനയനുഭവിക്കുന്നവർക്കും അരികുവത്കരിക്കപ്പെട്ടവർക്കും വേണ്ടി പ്രത്യേകം പദ്ധതികൾ തയ്യാറാക്കി. താഴേക്കിടയിൽ പ്രവർത്തിച്ച് പടിപടിയായി നേതൃത്വത്തിലേക്കെത്തിയ ഉണ്ണികൃഷ്ണന് ജനാഭിലാഷം അറിയാമായിരുന്നു. അതനുസരിച്ച് പ്രവർത്തിച്ച് അദ്ദേഹം ജനകീയ നേതാവായും മാറി.

പാണക്കാട്ടെ ഒരു നിത്യ സന്ദർശകൻ മാത്രമായിരുന്നില്ല, ഞങ്ങൾക്കെല്ലാം പ്രിയപ്പെട്ട ഒരാളായിരുന്നു. എല്ലാ ചൊവ്വാഴ്ചകളിലും ഉണ്ണികൃഷ്ണൻ പാണക്കാട് വരും. പ്രത്യേകിച്ചൊന്നും പറയാനോ നേടാനോ ഉണ്ടായിരിക്കണമെന്നില്ല. ഏറെ നേരം കോലായിലും മറ്റും ഇരിക്കും. പാണക്കാട് വരുന്നവരോട് വിവരങ്ങൾ അന്വേഷിക്കും, സൗഹൃദങ്ങൾ പുതുക്കും. കുറെ സമയം കാത്തിരുന്നതിന് ശേഷം ഞങ്ങളുടെ കൈപിടിച്ച് ആശ്ലേഷിച്ച് മടങ്ങും. 15 ാം വയസിൽ തുടങ്ങിയ ആ ശീലം അസുഖ ബാധിതനായി കിടപ്പിലാകുന്നത് വരെ അദ്ദേഹം തുടർന്നിരുന്നു. ജീവിതത്തിലാദ്യമായി പാണക്കാട് സന്ദർശിച്ചപ്പോൾ മുഹമ്മദലി ശിഹാബ് തങ്ങൾ ചേർത്തുപിടിച്ച രംഗം ഉണ്ണികൃഷ്ണൻ വിവരിക്കുന്നത് പലവുരു കേട്ടിട്ടുണ്ട്. പാണക്കാട് കുടുംബത്തെ കുറിച്ച് അത്രമനോഹരമായാണ് അദ്ദേഹം സംസാരിക്കുക. കുടുംബത്തിലെ പുതുതലമുറയോടും അദ്ദേഹത്തിന് പ്രത്യേക വാത്സല്യവും സ്നേഹവുമായിരുന്നു. അവർക്ക് തിരിച്ചും, അവരുടെ പ്രിയപ്പെട്ട ഉണ്ണേട്ടനുമായിരുന്നു.

ഉണ്ണികൃഷ്ണന്റെ സന്തോഷങ്ങൾ പാണക്കാട്ടെയും സന്തോഷങ്ങളായിരുന്നു. എല്ലാ വിശേഷ ദിവസങ്ങളിലും പാണക്കാട് വരും. ഓണം, വിഷു തുടങ്ങിയ ആഘോഷ ദിനങ്ങളിൽ സമ്മാനങ്ങളുമായാണ് വരിക. സ്വകാര്യ സന്തോഷങ്ങളും പാണക്കാട്ടെത്തി അറിയിക്കും. മകന്റെ വിവാഹം, മകൾ വക്കീൽ പരീക്ഷ പാസായത് എല്ലാം മധുരവുമായി പാണക്കാട്ടെത്തിയാണ് ഉണ്ണികൃഷ്ണൻ ആഘോഷമാക്കിയത്.

ഹൃദയം നിറയെ സ്നേഹവും മുഖത്ത് പുഞ്ചിരിയും കൈകളിൽ സമ്മാനങ്ങളുമായി പ്രിയപ്പെട്ട ഉണ്ണികൃഷ്ണൻ ഇനി പാണക്കാട്ടെ പടികടന്നുവരികയില്ലെന്നത് അത്യധികം വേദനാജനകമാണ്. കുടുംബാംഗങ്ങൾക്കും പ്രിയജനങ്ങൾക്കും ക്ഷമനൽകണമേയെന്ന് പ്രാർത്ഥിക്കുന്നു. അവരുടെ വേദനയിൽ പങ്കുചേരുന്നു. പ്രിയപ്പെട്ട ഉണ്ണികൃഷ്ണന് ആദരാഞ്ജലികൾ.

നഷ്ടമായത് കൂടപിറപ്പിനെ...

യു.സി രാമൻ

എ.പി ഉണ്ണികൃഷ്ണേട്ടന്റെ അകാലവിയോഗത്തിലൂടെ എനിക്ക് നഷ്ടമായത് സ്വന്തം കൂടപ്പിറപ്പിനെയാണ്. ദലിത് പിന്നോക്ക മേഖലയിലെ ജനവിഭാഗങ്ങളെ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ ഹരിത പതാകക്ക് പിന്നിൽ അണിനിരത്തുന്നതിൽ സവിശേഷമായ പങ്കുവഹിച്ച നിസ്വാർത്ഥനായ പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. 1996 ൽ അദ്ദേഹം കുന്നമംഗലം നിയമസഭാ മണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർഥിയായി സി.പി ബാലൻ വൈദ്യർക്കെതിരെ മത്സരിക്കുന്ന സമയത്താണ് ഞാൻ അടുത്തബന്ധം തുടങ്ങുന്നത്. മണ്ഡലത്തിൽ പലയിടത്തും സ്ഥാനാർഥിയോടൊപ്പം യാത്ര ചെയ്യാനുള്ള ഉത്തരവാദിത്തം എനിക്കായിരുന്നു. അന്ന് തുടങ്ങിയ യാത്ര ഇക്കാലമത്രയും നിസ്സീമമായ സ്നേഹത്തോടെ തുടർന്നു. പിന്നീട് വന്ന തിരഞ്ഞെടുപ്പിൽ ഞാൻ അവിടെ സ്ഥാനാർത്ഥിയാകുകയും നിയമസഭയിലേക്ക്

തിരഞ്ഞെടുക്കപ്പെടുകയും ചെയ്തുവെന്നത് ചരിത്രം.

ദലിത് ലീഗ് രൂപീകരിക്കപ്പെട്ടപ്പോൾ ഞാൻ പ്രസിഡന്റും അദ്ദേഹം ജനറൽ സെക്രട്ടറിയും ആവുകയും കേരളത്തിലുടനീളം വിവിധങ്ങളായ ജീവൽ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് സഞ്ചരിക്കാനും ദലിത് പിന്നോക്ക ജനാവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ഒരുമിച്ച് ഒരുമെയ്യായി സജീവമായി പ്രവർത്തിക്കാനും കഴിഞ്ഞു. വിവിധ നിലകളിൽ പൊതുസമൂഹത്തിൽ സജീവസാന്നിധ്യമായി ജീവിച്ച അദ്ദേഹത്തിന് അപ്രതീക്ഷിതമായി പിടിപ്പെട്ട രോഗത്തിന്റെ കാഠിന്യം അറിയാമെങ്കിലും ഇത്ര പെട്ടെന്നൊരു വിയോഗം ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ഇണങ്ങിയും ചിലപ്പോഴൊക്കെ ചെറുതായി പിണങ്ങിയും നാളിതുവരെ സഹോദരങ്ങളായി മുസ്ലിം ലീഗിൽ പ്രവർത്തിക്കാൻ ഞങ്ങൾ ഇരുവർക്കും സാധിച്ചുവെന്നതിൽ പ്രപഞ്ചനാഥനോട് നന്ദി പറയുന്നു.

ദലിത് ലീഗിന് സംസ്ഥാനത്താകെ കമ്മിറ്റികൾ രൂപീകരിക്കാനും സാമൂഹിക വികസന പ്രശ്നങ്ങളിൽ ഇടപെടാനും ആയിരക്കണക്കിന് പിന്നാക്കക്കാരെ ലീഗിന്റെ കൊടിക്കീഴിലേക്ക് എത്തിക്കാൻ ഞങ്ങളുടെ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചു എന്നത് അഭിമാനത്തോടെ പറയാൻ കഴിയും.

ലീഗ്, യു.ഡി.എഫ് വേദികളിലെ മികച്ച പ്രഭാഷകൻ ആയിരുന്നു അദ്ദേഹം. ഞാൻ അവസാനം കോങ്ങാട് മത്സരിച്ചപ്പോൾ പോലും സജീവമായി അവിടെ എനിക്ക് വേണ്ടി നിലകൊണ്ട അദ്ദേഹത്തിന്റെ വേർപാട് അക്ഷരാർത്ഥത്തിൽ ഉൾകൊള്ളാൻ കഴിയുന്നില്ല.

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിനും ഐക്യ ജനാധിപത്യ മുന്നണിക്കും കേരളത്തിൽ ആകെയുള്ള ദലിത് പിന്നോക്ക പ്രസ്ഥാനങ്ങൾക്കും കനത്ത നഷ്ടമാണ് ഈ വിയോഗം. വ്യക്തിപരമായി ഒരു സഹോദരൻ നഷ്ടപ്പെട്ട അവസ്ഥയാണ് എന്റേത്, അത്കൊണ്ട് മാത്രം കൂടുതൽ പറയാൻ സാധിക്കുന്നില്ല. പ്രിയ സഹോദരന്റെ ഓർമക്കു മുമ്പിൽ കൂപ്പുകൈ.

(മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറിയും ദലിത് ലീഗ് മുൻ സംസ്ഥാന പ്രസിഡന്റുമാണ് ലേഖകൻ)

പാവങ്ങളുടെ അത്താണി

നൗഷാദ് മണ്ണിശ്ശേരി

ഹതാശരും നിസ്സഹായരുമായ സാധാരണക്കാരുടെ ആശ്വാസ തീരമാണ് എന്നും പാണക്കാട് കുടുംബം. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ചതിന്റെ പേരിൽ ബ്രിട്ടീഷ് അധികാരികൾ പിടികൂടുകയും വെല്ലൂർ ജയിലിലടക്കുകയും അവിടെ വച്ച് മരണപ്പെടുകയും ചെയ്ത സയ്യിദ് ഹുസൈൻ ആറ്റക്കോയ തങ്ങളുടെ കാലം മുതലുള്ള പാരമ്പര്യം ഇന്നും അനസ്യൂതം തുടർന്നു കൊണ്ടിരിക്കുകയാണ്. ആവലാതികളുടെയും ദൈന്യതയുടെയും ഭാരം ഇറക്കിവെക്കാനുള്ള അത്താണിയാണവിടം. ഒരിറ്റ് തണൽ തേടിയെത്തുന്നവർക്ക് പ്രാർത്ഥനയുടെ കുളിർ കോരിയിട്ട ധന്യതയുടെ പേരായിരുന്നു പാണക്കാട് പി.എം.എസ്.എ പൂക്കോയതങ്ങൾ.

മലപ്പുറം ജില്ലയിലെ തിരൂരിനടുത്ത തലക്കടത്തൂർ ഒരു കാലത്ത് കേരളത്തിലെ പ്രധാന കാലിച്ചാക്ക്, അടക്ക വ്യാപാരകേന്ദ്രമായിരുന്നു. നൂറുകണക്കിന് വ്യാപാരികളും വിവിധ മേഖലകളിലായി ആയിരക്കണക്കിന് തൊഴിലാളികളും ജോലിചെയ്തിരുന്ന ഒരു പ്രതാപകാലം തലക്കടത്തൂരിന് ഉണ്ടായിരുന്നു.

വളരെ തുച്ഛമായ വേതനമാണ് തൊഴിലാളികൾക്ക് അന്ന് ലഭിച്ചിരുന്നത്. ജീവിത ചിലവുകൾ കൂടുകയും ദൈനംദിന കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ പ്രയാസപ്പെടുകയും ചെയ്തപ്പോൾ 50 പൈസ കൂലി വർദ്ധനവ് ആവശ്യപ്പെട്ടെങ്കിലും മുതലാളിമാർ നൽകാൻ തയ്യാറായില്ല. അതിൽ പ്രതിഷേധിച്ച് തൊഴിലാളികൾ സമരം പ്രഖ്യാപിച്ച് തൊഴിൽ ബഹിഷ്കരിച്ചു. സമരം മുന്നോട്ടു പോയതോടെ ഇരുകൂട്ടർക്കും വാശിയായി തൊഴിലാളി യൂണിയൻ ഓഫീസുകൾ മുതലാളിമാർ ഒഴിപ്പിച്ചു. മാത്രമല്ല തമിഴ്നാട്ടിൽനിന്ന് പണിക്കാരെ ഇറക്കി വ്യാപാരം മുന്നോട്ടുകൊണ്ടു പോയാലും കൂലി വർദ്ധിപ്പിച്ചു തരുന്ന പ്രശ്നമേയില്ല എന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്തു.

ദിവസംചെല്ലുംതോറും തൊഴിലാളികളുടെ കുടുംബങ്ങൾ പട്ടിണിയിലേക്ക് നീങ്ങി. നിസ്സഹായരായ തൊഴിലാളികൾ ഒരു തീരുമാനം എടുത്തു. പാണക്കാട് പൂക്കോയ തങ്ങളുടെ സന്നിധിയിൽ പോയി സങ്കടം അവതരിപ്പിക്കുക. തങ്ങൾ പറയുന്ന ഏതു തീരുമാനവും നമ്മൾ അനുസരിക്കും. കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും അവർക്കാർക്കും പൂക്കോയതങ്ങളെ നേരിട്ട് പരിചയമില്ല. പാണക്കാട് അധികം പോയവരുമല്ല. എന്നാൽ അപ്പുറത്തുള്ള മുതലാളിമാർ പൂക്കോയ തങ്ങളുമായി വളരെ അടുത്ത ബന്ധം പുലർത്തുന്നവരാണ്. പലരും സ്ഥിരമായി പാണക്കാട് പോകുന്നവരുമാണ്. പലരുടെയും വീടുകളിൽ പൂക്കോയതങ്ങൾ സന്ദർശിച്ചിട്ടുമുണ്ട്. എന്നാലും പോവുക തന്നെ. തങ്ങൾ ആവശ്യപ്പെട്ടതിന്റെ പേരിൽ സമരം പിൻവലിച്ചു എന്ന് പറഞ്ഞിട്ടെങ്കിലും ജോലിക്ക് കയറാമല്ലോ എന്നായിരുന്നു അവരുടെ ചിന്ത. പൂക്കോയതങ്ങളുടെ അടുത്ത് വലിയ സ്വാധീനമുള്ള ആളുകളെ കുറിച്ചുള്ള പരാതി അവർ അവതരിപ്പിച്ചത് ഏറെ ഭയത്തോടെ ആയിരുന്നു. തങ്ങളുടെ പ്രതികരണം എങ്ങനെയായിരിക്കും എന്നായിരുന്നു അവരുടെ ആശങ്ക. രണ്ടും കൽപ്പിച്ച് കാര്യങ്ങൾ അവതരിപ്പിച്ചു. അടുത്തയാഴ്ച വരാൻ പറഞ്ഞ് തങ്ങൾ അവരെ മടക്കിയയച്ചു. ഒട്ടും പ്രതീക്ഷയില്ലാതെയാണവർ പാണക്കാട് നിന്ന് മടങ്ങിയത്. തങ്ങൾ കാര്യങ്ങളെക്കുറിച്ച് പഠിക്കാൻ തന്റെ സന്തതസഹചാരിയായ പാണക്കാട് അഹമ്മദ് ഹാജിയെയും മറ്റും ഏൽപ്പിച്ചു. അവർ വിഷയം പഠിച്ച് കാര്യങ്ങൾ തങ്ങളെ ബോധിപ്പിച്ചു. അടുത്തയാഴ്ച തൊഴിലാളികൾ പാണക്കാട് വരുമ്പോൾ അവിടെ തലക്കടത്തൂരിലെ വ്യാപാര പ്രമുഖരും ഉണ്ടായിരുന്നു. തങ്ങൾ ഇരുകൂട്ടരെയും വിളിപ്പിച്ചു. ഞാൻ ഒരു തീരുമാനം എടുത്താൽ ഇരുകൂട്ടരും അനുസരിക്കുമോ എന്ന് ആരാഞ്ഞു. തീർച്ചയായും തങ്ങളുടെ തീരുമാനം ഇരുകൂട്ടർക്കും നൂറ് ശതമാനം സ്വീകാര്യമായിരുന്നു.

എങ്കിൽ ഞാൻ എന്റെ തീരുമാനം അറിയിക്കുകയാണെന്ന് പറഞ്ഞ് ബിസ്മില്ലാഹി റഹ്മാനി റഹീം എന്ന് ചൊല്ലി മുതലാളിമാരോടായി പറഞ്ഞു. ഈ പാവങ്ങളായ തൊഴിലാളികളുടെ ആവശ്യം തികച്ചും ന്യായമാണ്. അതുകൊണ്ട് ഈ ആഴ്ച മുതൽ ഇവരെ എല്ലാവരെയും ജോലിയിൽ തിരിച്ചെടുക്കുകയും ഇവരുടെ കൂലിയിൽ ഒരു രൂപ വീതം വർധിപ്പിച്ചു കൊടുക്കുകയും ചെയ്യണം. തങ്ങളുടെ പ്രഖ്യാപനം ഇരു കൂട്ടർക്കും അപ്രതീക്ഷിതമായിരുന്നു. തൊഴിലാളികൾക്ക് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. കാരണം അതിനുമാത്രം ബന്ധം വ്യാപാരികൾക്ക് പൂക്കോയ തങ്ങളുമായി ഉണ്ടായിരുന്നു. ഒരു തൊഴിലാളിയെ പോലും നേരിട്ട് തങ്ങൾക്ക് പരിചയവും ഉണ്ടായിരുന്നില്ല. പക്ഷേ ന്യായമായ ഒരാവശ്യത്തിന്റെ മുമ്പിൽ അതൊന്നും മഹാനായ പൂക്കോയതങ്ങളുടെ പരിഗണന വിഷയമായിരുന്നില്ല.

ലോകചരിത്രത്തിലാദ്യമായി ബാലറ്റിലൂടെ അധികാരത്തിൽ വന്ന ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിൽ അധികാരത്തിലിരിക്കുമ്പോഴാണ് കൊല്ലം ജില്ലയിലെ കുണ്ടറയിൽ ചന്ദനത്തോപ്പ് വെടിവെപ്പ് ഉണ്ടാവുന്നത്. ചന്ദനത്തോപ്പ് കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾ കൂലി അധികം ചോദിച്ചെങ്കിലും ഫാക്ടറി മുതലാളി അതനുവദിക്കാത്തതിന്റെ പേരിൽ പണിമുടക്കി സമരം ചെയ്തു. സമരം നീണ്ടു പോകവെ ഫാക്ടറിക്ക് അകത്തുണ്ടായിരുന്ന തോട്ടണ്ടികളും മറ്റ് സാധനസാമഗ്രികളും മറ്റൊരുസ്ഥാപനത്തിലേക്ക് കടത്തിക്കൊണ്ടുപോകാൻ വാഹനവുമായി എത്തിയെങ്കിലും തൊഴിലാളികൾ തടഞ്ഞു. തുടർന്ന് ഫാക്ടറി മുതലാളി ഇ.എം.എസ് സർക്കാരിന്റെ പോലീസിന്റെ സഹായം തേടി. പോലീസെത്തി സ്ത്രീകളടക്കമുള്ള കമ്മ്യൂണിസ്റ്റ് തൊഴിലാളികൾക്കെതിരെ ഭീകരമായ അക്രമം അഴിച്ചുവിട്ടു. ഇങ്കുലാബ് സിന്ദാബാദ് എന്ന് മുദ്രാവാക്യം മുഴക്കി പോലീസിന്റെ അതിക്രമം തടയാനെത്തിയ സുലൈമാൻ എന്ന സഖാവിനെ പോലീസ് തോക്കിന്റെ ബയണറ്റ് കൊണ്ട് വയറിന് കുത്തി. തുടർന്നു അദ്ദേഹം മരണപ്പെടുകയായിരുന്നു. മറ്റൊരു തൊഴിലാളി സഖാവ് രാമൻ പോലീസിന്റെ വെടിയേറ്റും മരണപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു.

ഈ സമയം തിരുവനന്തപുരത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി യോഗം നടക്കുകയായിരുന്നു. തിരൂരിനടുത്ത് പോറൂർ സ്വദേശിയും പ്രമുഖ കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികനും നേതാവുമായ സഖാവ് കെ.ദാമോദരൻ ഈ സംഭവം യോഗത്തിൽ ഉന്നയിച്ചു. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ നിശിതമായി വ

അഴിമതിയുടെ ബാക്കിപത്രം

പറ്റ്ന: നിതീഷ് കുമാർ സർക്കാരിന്റെ അഴിമതിയുടെ ബാക്കിപത്രമാണ് ബിഹാറിൽ തുടർച്ചയായി പാലങ്ങൾ തകരുന്നതെന്ന് ആർ.ജെ.ഡി നേതാവ് തേജസ്വി യാദവ്. സംസ്ഥാനത്തെ ജെ.ഡി.യു- ബി.ജെ.പി സർക്കാർ പൂർണ പരാജയമാണ്. നിതീഷ് കുമാർ മുഖ്യമന്ത്രിയായപ്പോഴെല്ലാം റൂറൽ വർക്ക്സ് വകുപ്പ് കൈകാര്യം ചെയ്തത് ജെ.ഡി.യു ആണ്. അഴിമതി ഭരണമാണ് പാലങ്ങളുടെ തകർച്ചയ്ക്കിടയാക്കിയത്. തൊഴിലില്ലായ്മ, ദാരിദ്ര്യം, വിലക്കയറ്റം തുടങ്ങിയവ മൂലം സംസ്ഥാനത്തെ ജനങ്ങൾ പൊറുതിമുട്ടി. ഈ വിഷയങ്ങളിലും നിതീഷ് സർക്കാർ നടപടി സ്വീകരിക്കുന്നില്ല. ദിനംപ്രതി കുറ്റകൃത്യങ്ങളും പെരുകുകയാണ്.

ബി.ജെ.പിയോട് തലകുനിക്കില്ല

റാഞ്ചി: ബി.ജെ.പിയുടെ കുതന്ത്രങ്ങൾക്ക് മുന്നിൽ ജാർഖണ്ഡ് തലകുനിക്കില്ലെന്ന് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ഹേമന്ത് സോറൻ. അവർ എന്നെ വളരെക്കാലം ജയിലിൽ അടച്ചു, പക്ഷേ ആളുകൾ എനിക്ക് പൂർണ്ണ പിന്തുണ നൽകി, എനിക്ക് നീതി ലഭിച്ചു. തനിക്ക് ക്ലീൻ ചിറ്റ് നൽകിയാണ് കോടതി വിട്ടയച്ചത്. ശബ്ദമില്ലാത്തവരുടെ ശബ്ദമാകാൻ ഞാൻ ശ്രമിച്ചു. പാവപ്പെട്ടവർ, ആദിവാസികൾ, പിന്നോക്കക്കാർ, തൊഴിലാളികൾ, കർഷകർ തുടങ്ങിയവർക്കെല്ലാം സേവനം ചെയ്തു. എന്നാൽ എന്നെ കുറച്ചു നേരം തടയാൻ ബി.ജെ.പിക്ക് കഴിഞ്ഞു. കള്ളക്കേസിലാണ് തന്നെ അവർ ജയിലിലടച്ചത്. നീതിക്കായി പോരാട്ടം തുടരും.

ഇന്ത്യ വാർത്തകൾ

നിലപാട് വ്യക്തമാക്കി കേന്ദ്ര സർക്കാർ

നീറ്റ് റദ്ദാക്കൽ പ്രായോഗികമല്ല

സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു

നീറ്റ് പി.ജി പരീക്ഷ ഓഗസ്റ്റ് 11ന്

ന്യൂഡൽഹി: നീറ്റ് യു.ജി ചോദ്യപേപ്പർ ചോർച്ചക്കു പിന്നാലെ മാറ്റിവെച്ച നീറ്റ് പി.ജി പരീക്ഷ ഓഗസ്റ്റ് 11ന് നടക്കും. രണ്ട് ഷിഫ്റ്റുകളിലായാണ് പരീക്ഷകൾ നടക്കുക. കൂടുതൽ വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റ് വഴി അറിയിക്കുമെന്നും വാർത്താ കുറിപ്പിലൂടെ നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് ഇൻ മെഡിക്കൽ എക്സാമിനേഷൻസ് (എൻ.ബി.ഇ.എം.എസ്) വാർത്താ കുറിപ്പിലൂടെ അറിയിച്ചു. നേരത്തെ കഴിഞ്ഞ മാസം 23നായിരുന്നു നീറ്റ് പി.ജി പരീക്ഷ നിശ്ചയിച്ചിരുന്നത്.

ന്യൂഡൽഹി: നീറ്റ് യു.ജി പരീക്ഷ വിവാദത്തിൽ പരീക്ഷ റദ്ദാക്കാനാവില്ലെന്ന തങ്ങളുടെ വാദത്തിൽ ഉറച്ച് കേന്ദ്രം. നീറ്റ് പരീക്ഷ ഫലം പൂർണമായും റദ്ദാക്കി പുതിയ പരീക്ഷ നടത്തുന്നത് പ്രായോഗികമല്ലെന്ന് ചൂണ്ടിക്കാട്ടി കേന്ദ്രം സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു.

24 ലക്ഷം വിദ്യാർത്ഥികൾ എഴുതിയ പരീക്ഷയിൽ വലിയ തോതിൽ ക്രമക്കേട് നടന്നിട്ടില്ലെന്നും കേന്ദ്രം സത്യവാങ്മൂലത്തിൽ പറയുന്നു. നീറ്റ് ഫലം റദ്ദാക്കണമെന്ന വിവിധ ഹർജികൾ തിങ്കളാഴ്ച ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് പരിഗണിക്കാനിരിക്കെയാണ് കേന്ദ്രസർക്കാർ നിലപാട് അറിയിച്ചത്. നീറ്റ് ചോദ്യപേപ്പർ ചോർച്ചയെ സംബന്ധിച്ച വിവാദം ഉണ്ടായിരിക്കുന്നത് ചില സംസ്ഥാനങ്ങളിലെ ചില പ്രദേശങ്ങളിൽ മാത്രമാണെന്നും അതുകൊണ്ടു തന്നെ മൊത്തം പരീക്ഷ റദ്ദാക്കുന്നത് പ്രായോഗികമാകില്ലെന്നും പരീക്ഷ പൂർണമായും റദ്ദാക്കിയാൽ അത് സത്യസന്ധമായി പരീക്ഷ എഴുതിയ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി അവതാളത്തിലാക്കുമെന്നും കേന്ദ്രം സത്യവാങ്മൂലത്തിൽ പറയുന്നത്. പരീക്ഷയുടെ വിശ്വാസ്യത തകർക്കുന്നതിനും ചോദ്യപേപ്പർ ചോർച്ചയ്ക്കും പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും കേന്ദ്ര സർക്കാർ കോടതിയെ അറിയിച്ചു. വിഷയത്തിൽ സമഗ്രമായ അന്വേഷണം നടക്കുന്നുണ്ടെന്നും എല്ലാ പരീക്ഷകളും സുതാര്യവും നീതിപൂർവവുമായി നടത്താൻ സർക്കാർ സജ്ജമാണെന്നും സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പരീക്ഷാഫലം റദ്ദാക്കരുതെന്ന് ആവശ്യപ്പെട്ട് കേരളത്തിൽ നിന്നടക്കമുള്ള നിരവധി ഹർജികളാണ് തിങ്കളാഴ്ച സുപ്രീം കോടതി പരിഗണിക്കുക.

പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർഥികളടക്കമാണ് കോടതിയെ സമീപിച്ചിരിക്കുന്നത്. ഈ വിദ്യാർഥികളുടെ വാദംകൂടി പരിഗണിച്ചാണ് കേന്ദ്രം സത്യവാങ്മൂലം സമർപ്പിച്ചത്.

ഹാഥ്റസിൽ സന്ദർശനത്തിനെത്തിയ രാഹുൽ ഗാന്ധി മരിച്ചവരുടെ കുടുംബാംഗങ്ങളുമായി കൂടിക്കാഴ്ച നടത്തുന്നു

സ്നേഹ സാന്ത്വനവുമായി രാഹുൽ ഹാഥ്റസിൽ

■ ദുരന്തത്തിന് ഉത്തരവാദി യു.പി സർക്കാർ

ഹാഥ്റസ്: ഉത്തർ പ്രദേശിലെ ഹാഥ്റസിൽ ആൾദൈവത്തിന്റെ ആത്മീയ പ്രഭാഷ വേദിയിലുണ്ടായ തിക്കിലും തിരക്കിലും പെട്ട് കൊല്ലപ്പെട്ടവരുടെ കുടുംബങ്ങളെ സന്ദർശിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ഡൽഹിയിൽ നിന്നും അതി രാവിലെ റോഡ് മാർഗമാണ് രാഹുൽ ഹാഥ്റസിലേക്ക് പുറപ്പെട്ടത്.

ദുരന്തത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങളെ സന്ദർശിച്ച രാഹുൽ ഇവർക്ക് കൂടുതൽ സഹായം ലഭ്യമാക്കുന്നതിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു. നിരവധി കുടുംബങ്ങളെയാണ് ദുരന്തം ബാധിച്ചതെന്നും നിരവധി കുടുംബങ്ങൾ തീരാദുഖത്തിലായതായും അദ്ദേഹം പറഞ്ഞു. ദുരന്തത്തിന് ഉത്തരവാദി യുപി സർക്കാരാണ്. യോഗി സർക്കാരിന്റെ ഭാഗത്ത് ഉണ്ടായത് ഗുരുതര വീഴ്ചയാണ്. എങ്കിലും വിഷയം രാഷ്ട്രീയ വത്കരിക്കാനില്ല. സർക്കാർ സംവിധാനത്തിന്റെ പോരായ്മകൾ ദുരന്തത്തിന് കാരണമായിട്ടുണ്ട്. വളരെ പാവപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ളവരാണ് മരിച്ചത്. ഇവർക്ക് നിലവിൽ നൽകിയ നഷ്ടപരിഹാരം പോര. കൂടുതൽ നഷ്ടപരിഹാരം ലഭ്യമാക്കണം. തുറന്ന മനസോടെ ഇവരുടെ നഷ്ടപരിഹാര കാര്യത്തിൽ തീരുമാനമെടുക്കാൻ യു.പി മുഖ്യമന്ത്രിയോടെ താൻ ആവശ്യപ്പെടുന്നു. എത്രയും പെട്ടെന്ന് സാധ്യമാകുന്ന വേഗതിയിൽ അത് നൽകണം. കാരണം ഈ കുടുംബങ്ങൾക്ക് ഇപ്പോഴത് ആവശ്യമാണ്. പൊലീസ് സംവിധാനം വേണ്ടത്ര അപകട സ്ഥലത്ത് ഉണ്ടായിരുന്നില്ലെന്ന് കുടുംബങ്ങൾ രാഹുലിനോട് പറഞ്ഞു.

സംസ്ഥാന കോൺഗ്രസ് അധ്യക്ഷൻ അജയ് റായ്, സംസ്ഥാനത്തിന്റെ ചുമതലയുള്ള കോൺഗ്രസ് നേതാവ് അവിനാശ് പാണ്ഡെ, പാർട്ടി വക്താവ് സുപ്രിയ ശ്രീനാഥെ എന്നിവരും രാഹുലിനൊപ്പമുണ്ടായിരുന്നു. പാർട്ടിയുടേതായ രീതിയിൽ സാധ്യമായ സഹായം രാഹുൽ വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് കുടുംബങ്ങൾ പറഞ്ഞു. സത്സംഗ് നടന്ന വേദി അത്ര നല്ലതായിരുന്നില്ല. ആശുപത്രി സൗകര്യമുണ്ടായിരുന്നുവെങ്കിൽ തന്റെ കുടുംബം രക്ഷപ്പെടുമായിരുന്നെന്ന് കൊല്ലപ്പെട്ടവരുടെ കുടുംബങ്ങളിലൊരാൾ മാധ്യമങ്ങളോട് പറഞ്ഞു.

ചൊവ്വാഴ്ചയാണ് ആൾദൈവം ബോലെ ബാലയുടെ മത പ്രസംഗം കേൾക്കാനായി എത്തിയവർ തിക്കിലും തിരക്കിലും പെട്ട് മരിച്ചത്. 130 പേരാണ് സംഭവത്തിൽ ഇതുവരെ മരിച്ചത്. ബോലെ ബാബയുടെ പാദം പതിഞ്ഞ മണ്ണ് ശേഖരിക്കാനായി ആളുകൾ തിക്കും തിരക്കും കൂട്ടിയതിനിടെ സുരക്ഷാ ഉദ്യോഗസ്ഥർ ഭക്തരെ തടഞ്ഞതും ഇടുങ്ങിയ പ്രവേശന കവാടത്തിലൂടെ പുറത്ത് കടക്കാൻ ആളുകൾ കൂട്ടത്തോടെ ശ്രമിച്ചതുമാണ് തിക്കിനും തിരക്കിനും കാരണമായതെന്നാണ് പ്രാഥമിക വിലയിരുത്തൽ. കേസിൽ ആറു പേരാണ് ഇതുവരെ അറസ്റ്റിലായത്. ഒന്നാം പ്രതി ശിവ പ്രകാശ് മധുക്കറിനെ കണ്ടെത്താൻ സഹായിക്കുന്നവർക്ക് ഒരു ലക്ഷം രൂപ പാരിതോഷികം പൊലീസ് പ്രഖ്യാപിച്ചിട്ടുണ്ട്.

ബി.ആർ.എസിന് വീണ്ടും തിരിച്ചടി

ആറ് എം.എൽ.സിമാർ കോൺഗ്രസിൽ

ഹൈദരാബാദ്: സംസ്ഥാന ഭരണം നഷ്ടമായതിന് പിന്നാലെ തെലങ്കാനയിൽ ഭാരതീയ രാഷ്ട്ര സമിതിയിൽ (ബി.ആർ.എസ്) നിന്നും നേതാക്കൾ കൊഴിഞ്ഞു പോകുന്നത് തുടർക്കഥയാവുന്നു. തെലങ്കാന ലെജിസ്ലേറ്റീവ് കൗൺസിൽ (എം.എൽ.സി) അംഗങ്ങളായ ആറു പേർ ഇന്നലെ പാർട്ടി വിട്ട് കോൺഗ്രസിൽ ചേർന്നു.

ടി ബാനു പ്രസാദ് റാവു, ബസവരാജ് സാരയ്യ, ദാൻഡെ വിറ്റൽ, എം.എസ് പ്രഭാകർ, യെഗെ മല്ലേശരം, ബൊഗ്ഗരപു ദയാനന്ദ് എന്നിവരാണ് സംസ്ഥാന കോൺഗ്രസ് അധ്യക്ഷനും മുഖ്യമന്ത്രി രേവന്ത് റെഡ്ഡിയുമായി കൂടിക്കാഴ്ച നടത്തിയ ശേഷം കോ ൺഗ്രസിലേക്ക് കൂടുമാറിയത്. പാർട്ടിയുടെ സംസ്ഥാന ചുമതലയുള്ള എ.ഐ.സി. സി സെക്രട്ടറി ദീപാദാസ് മുൻഷി, സംസ്ഥാന നവന്യൂ ന്ത്രി പൊൻഗുലേട്ടി ശ്രീനിവാസ റെഡ്ഡി എന്നിവരും ഒപ്പമുണ്ടായിരുന്നു.

ആറ് ബി.ആർ.എസ് എം.എൽ.സിമാർ കോൺഗ്രസിലേക്ക് കൂടുമാറിയതോടെ 40 അംഗ തെലങ്കാന ലെജിസ്ലേറ്റീവ് കൗൺസിലിൽ കോൺഗ്രസിന്റെ അംഗ സംഖ്യ 10 ആയി ഉയർന്നു. ബി.ആർ.എസ് 25ൽ നിന്നും 19ലേക്ക് ചുരുങ്ങി. ഇവർക്ക് പുറമെ നോമിനേറ്റ് ചെയ്യപ്പെട്ട രണ്ട് എ.ഐ.എം.ഐ.എം, ഓരോ ബി.ജെ.പി, പി.ആർ.ടി.യു, സ്വതന്ത്ര അംഗങ്ങളുമാണ് എം.എൽ.സിമാരായുള്ളത്. രണ്ട് സീറ്റ് നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്.

കോൺഗ്രസിൽ ചേർന്ന തെലങ്കാന ലെജിസ്ലേറ്റീവ് കൗൺസിൽ (എം.എൽ.സി) അംഗങ്ങൾ മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, എ.ഐ.സി.സി സെക്രട്ടറി ദീപാദാസ് മുൻഷി എന്നിവരോടൊപ്പം

കഴിഞ്ഞ അഞ്ചു മാസത്തിനിടെ ബി.ആർ.എസ് വിട്ട് ആറ് എം.എൽ.എമാരും കോൺഗ്രസിൽ ചേർന്നിരുന്നു. കഴിഞ്ഞ ദിവസം കോൺഗ്രസിൽ ചേർന്ന ബി.ആർ.എസ് രാജ്യസഭാ എം.പി കെ കേശവ റാവു ഇന്നലെ രാജ്യസഭാ അംഗത്വം രാജിവെച്ചിരുന്നു. സംസ്ഥാന നിയമസഭയിൽ വ്യക്തമായ ഭൂരിപക്ഷമുള്ളതിനാൽ ഒഴിവു വരുന്ന രാജ്യസഭാ സീറ്റിലേക്ക് കോൺഗ്രസിന് തന്നെ വിജയിക്കാനാവും. നവംബർ 30ന് നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ 119 അംഗ നിയമസഭയിൽ ബി.ആർ.എസിന് 39 സീറ്റുകളാണ് ലഭിച്ചിരുന്നത്. കോൺഗ്രസിന് 64 സീറ്റുകളും. സെക്കന്തരാബാദ് കന്റോൺമെന്റ് സീറ്റിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയിച്ചതോടെ ബി.ആർ.എസ് അംഗ സംഖ്യ 38 ആയി.

പിന്നാലെ ആറ് എം.എൽ.എമാർ പാർട്ടി വിട്ട് കോൺഗ്രസിലെത്തിയതോടെ ബി.ആർ.എസ് എം.എൽ.എമാരുടെ എണ്ണം 32 ആയി കുറയുകയും കോൺഗ്രസ് അംഗ സംഖ്യ 71 ആവുകയും ചെയ്തു. ബി.ആർ.എസ് വിട്ട് ഇനിയും കൂടുതൽ എം.എൽ.എമാർ ഉടൻ കോൺഗ്രസിലെത്തുമെന്നാണ് വിവരം.

അലുമിനിയം, സ്റ്റീൽ പാത്രങ്ങൾക്ക് ഐ.എസ്.ഐ മാർക്ക് നിർബന്ധം

ന്യൂഡൽഹി: സ്റ്റീൽ, അലുമിനിയം പാത്രങ്ങൾക്ക് ഐ.എസ്.ഐ മാർക്ക് നിർബന്ധമാക്കി കേന്ദ്ര സർക്കാർ. ഭക്ഷണം പാകം ചെയ്യാനായി ഉപയോഗിക്കുന്ന സ്റ്റെയിൻലെസ് സ്റ്റീൽ, അലുമിനിയം തുടങ്ങിയ പാത്രങ്ങൾ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന് (ബി.ഐ.എസ്) അനുസൃതമായി വേണം നിർമിക്കാനെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു. നിലവിൽ സ്റ്റെയിൻലെസ് സ്റ്റീൽ, അലുമിനിയം പാത്രങ്ങൾക്ക് ഐ.എസ്.ഐ മാർക്ക് നിർബന്ധമാണ്. ഇതു സംബന്ധിച്ച് 2024 മാർച്ച് 14ന് വാണിജ്യ, വ്യവസായ മന്ത്രാലയം ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) ഉത്തരവ് പുറത്തിറക്കിയിരുന്നു. കാളിറ്റി കൺട്രോൾ ഉത്തരവ് പ്രകാരം ഐ.എസ്.ഐ മാർക്ക് ഇല്ലാത്ത ഏതെങ്കിലും സ്റ്റെയിൻലെസ് സ്റ്റീൽ, അലുമിനിയം പാത്രങ്ങളുടെ നിർമാണം, ഇറക്കുമതി, വിൽപന, വിതരണം, സംഭരണം, വിൽപ്പനയ്ക്കുള്ള പ്രദർശനം തുടങ്ങിയവ കുറ്റകരമാണ്. ഐ.എസ്.ഐ മാർക്ക് ഇല്ലെങ്കി ൽ പിഴ ചുമത്തുമെന്ന് അധികൃതർ അറിയിച്ചു.

മോദി സർക്കാർ ആഗസ്റ്റോടെ വീഴുമെന്ന് ലാലുപ്രസാദ്

പറ്റ്ന: കേന്ദ്രസർക്കാർ അടുത്ത മാസത്തോടെ തകരുമെന്നും ഏത് നിമിഷവും തിരഞ്ഞെടുപ്പ് ആസന്നമാകുമെന്നും ആർ.ജെ.ഡി തലവൻ ലാലു പ്രസാദ് യാദവ്. ആർ.ജെ.ഡി സ്ഥാപക ദിനത്തിൽ പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

തിരഞ്ഞെടുപ്പിന് എല്ലാവരും തയാറായിരിക്കണം, മോദിയുടെ നേതൃത്വത്തിലുള്ള സർക്കാർ തീർത്തും ദുർബലമാണ്- ലാലു പറഞ്ഞു. തനിച്ച് ഭൂരിപക്ഷം ലഭിക്കാത്ത ബി.ജെ.പിക്ക് 240 സീറ്റുകളാണുള്ളത്. ജെ.ഡി.യു, ടി.ഡി.പി തുടങ്ങിയ കക്ഷികളുടെ പിന്തുണയോടെയാണ് മൂന്നാം മോദി സർക്കാർ രൂപീകരിച്ചത്. അധികാരത്തിലെത്തിയതിന് പിന്നാലെ സർക്കാർ ഏത് നിമിഷവും നിലം പൊത്തുമെന്ന് മറ്റു പ്രതിപക്ഷവും പയുന്നുണ്ട്. ബി.ജെ.പിയുടെ സഖ്യകക്ഷിയായ ജെ.ഡി.യു മുന്നണികൾ മാറിമാറി പരീക്ഷിക്കുന്ന കക്ഷിയാണ്. ആന്ധ്രയിലെ ടി.ഡി.പിയും ഇക്കാര്യത്തിൽ കുപ്രസിദ്ധരാണ്.

ബിഹാറിൽ പൊതുമരാമത്ത് വകുപ്പ് നിർമിച്ച പാലങ്ങൾ ഒന്നിന് പിറകെ മറ്റൊന്നായി തകർന്നു വീണതോടെ സർക്കാറിനെതിരെ ജനരോഷം ശക്തമാണ്.

ബിഹാറിലെ പാലം തകർച്ച; ഉദ്യോഗസ്ഥർക്ക് എതിരെ കൂട്ട നടപടി

ന്യൂഡൽഹി: ബിഹാറിൽ നിർമ്മാണത്തിലിരിക്കുന്നതും അല്ലാത്തതുമായ പാലങ്ങൾ കൂട്ടത്തോടെ തകർന്നു വീണ സംഭവത്തിൽ മുഖം രക്ഷിക്കൽ നടപടികളുമായി നിതീഷ് കുമാർ സർക്കാർ. ഉദ്യോഗസ്ഥരെ കൂട്ടത്തോടെ സസ്പെന്റു ചെയ്തും സ്ഥലം മാറ്റിയുമാണ് ജനരോഷം തണുപ്പിക്കാനുള്ള സംസ്ഥാന സർക്കാറിന്റെ ശ്രമം. പാലം തകർച്ച സർക്കാറിനെതിരെ പ്രതിപക്ഷം വലിയ ആയുധമാക്കി ഉയർത്തിക്കൊണ്ടുവരുന്ന പശ്ചാത്തലത്തിൽ കൂടിയാണ് നിതീഷ് കുമാറിന്റെ പ്രതിരോധ ശ്രമം. ബിഹാറിലെ സരൺ ജില്ലയിൽ മാത്രം പത്ത് പാലങ്ങളാണ് ഒരാഴ്ചക്കിടെ തകർന്നത്. 24 മണിക്കൂറിനിടെ മാത്രം മൂന്ന് പാലങ്ങൾ തകർന്നതോടെ പാലം നിർമ്മാണത്തിലെ അഴിമതിയും കരാറിലെ ക്രമക്കേടും ഉൾപ്പെടെ ചർച്ചയായിരുന്നു. 16 എഞ്ചിനീയർമാരെയാണ് ഒറ്റയടിക്ക് സർവീസിൽ നിന്ന് സസ്പെന്റു ചെയ്തത്. നിരവധി ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. പാലം തകർച്ചയെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നതെന്നും അതിന്റെ ഭാഗമാണ് നടപടിയെന്നും ബിഹാർ ഡവലപ്മെന്റ് വകുപ്പ് സെക്രട്ടറി ചൈതന്യ പ്രസാദ് പറഞ്ഞു. സരണിനു പുറമെ സിവാൻ, മധുബനി, അറാരിയ, ഈസ്റ്റ് ചംപാരൺ, കിഷൻഗഞ്ച് ജില്ലകളിലായാണ് ഒരാഴ്ചക്കിടെ 10 പാലങ്ങൾ തകർന്നത്. ജനരോഷം ശക്തമായതോടെ മുഖ്യമന്ത്രി നിതീഷ് കുമാർ ഉന്നതതല യോഗം വിളിക്കുകയും അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിരുന്നു. സംഭവങ്ങളിൽ വിശദമായ അന്വേഷണം പൂർത്തിയാകുന്നതു വരെ കരാറുകാർക്കുള്ള പണം നൽകില്ലെന്ന് സർക്കാർ വ്യക്തമാക്കി. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കും.

ജയിലിൽനിന്ന് മത്സരിച്ച അമൃത്പാലും റഷീദും സത്യപ്രതിജ്ഞ ചെയ്തു

അമൃത്പാൽ സിങ്, എൻജിനീയർ റഷീദ്

ന്യൂഡൽഹി: ജയിൽവാസം അനുഭവിക്കുന്ന ഖലിസ്ഥാൻ നേതാവ് അമൃത്പാൽ സിങ്, കശ്മീരി നേതാവ് ഷെയ്ഖ് അബ്ദുൽ റഷീദ് (എൻജിനീയർ റഷീദ്) എന്നിവർ കസ്റ്റഡി പരോളിൽ പുറത്തിറങ്ങി ലോക്സഭാ എം.പിമാരായി സത്യപ്രതിജ്ഞ ചെയ്തു. ഇന്നലെ കനത്ത സുരക്ഷാവലയത്തിലാണ് ഇരുവരെയും പാർലമെന്റ് സമുച്ചയത്തിലെത്തിച്ചത്.

ഇരുവരും ജയിൽവാസമനുഭവിക്കെ, സ്വതന്ത്ര സ്ഥാനാർത്ഥികളായാണ് മത്സരിച്ചത്. നടപടിക്രമങ്ങൾക്കു ശേഷം സ്പീക്കറുടെ ചേംബറിലെത്തി ഇരുവരും സത്യപ്രതിജ്ഞ ചെയ്തു. ജൂൺ 24, 25 തീയതികളിൽ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിനെത്താൻ ഇവർക്ക് കഴിഞ്ഞിരുന്നില്ല. പരോൾ സമയത്ത് മാധ്യമങ്ങളെ കാണാൻ ഇരുവർക്കും അനുവാദമില്ല. കുടുംബാംഗങ്ങളും മാധ്യമങ്ങളെ കാണരുതെന്ന് നിർദേശമുണ്ട്. 31കാരനായ അമൃതപാൽ, പഞ്ചാബിലെ ഖഡൂർ സാബിഹ് മണ്ഡലത്തിൽനിന്ന് നാല് ലക്ഷത്തിലേറെ വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. ദേശീയ സുരക്ഷാ നിയമപ്രകാരം ഏപ്രിലിൽ അറസ്റ്റു ചെയ്യപ്പെട്ട അമൃതപാലിനെ, അസമിലെ ദിബ്രുഗഢിലുള്ള ജയിലിലാണ് പാർപ്പിച്ചത്.

അസമിൽനിന്ന് ഡൽഹിയിലേക്കും തിരിച്ചുമുള്ള യാത്ര കണക്കിലെടുത്ത് നാല് ദിവസത്തെ കസ്റ്റഡി പരോളാണ് അമൃതപാലിന് അനുവദിച്ചത്. കുടുംബത്തെ കാണാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ജമ്മു കശ്മീരിലെ ബാരാമുള്ളയിൽനിന്നാണ് എൻജിനീയർ റഷീദ് (56) വിജയിച്ചത്. ഭീകരവാദ പ്രവർത്തനത്തിനായി പണം സ്വരൂപിച്ചെന്ന് കാണിച്ച് 2017ൽ യു.എ.പി.എ പ്രകാരം അറസ്റ്റിലായ എൻജിനീയർ റഷീദ് തിഹാർ ജയിലിലായിരുന്നു.

37.5 കോടി വരിക്കാരുടെ ആധാർ വിവരങ്ങൾ ഹാക്കർ ചോർത്തി; നിഷേധിച്ച് എയർടെൽ

ന്യൂഡൽഹി: എയർടെൽ ഉപഭോക്താക്കളായ ഇന്ത്യക്കാരുടെ ആധാർ വിവരങ്ങൾ ചോർത്തിയെന്ന അവകാശവാദവുമായി ഹാക്കർ രംഗത്ത്. സെൻസൻ എന്നു പേരുള്ള ഹാക്കറാണ് 37.5 കോടി ഇന്ത്യക്കാരുടെ ആധാർ വിവരങ്ങൾ ചോർത്തിയെന്ന് അവകാശപ്പെട്ടത്.

ഡാർക്ക് വെബിൽ ഇതു സംബന്ധിച്ച വിവരങ്ങൾ വിൽപനയ്ക്കു വച്ചിട്ടുണ്ടെന്നുമാണ് അവകാശ വാദം. എന്നാൽ ഇത്തരത്തിലുള്ള ഒരു സംഭവവും നടന്നിട്ടില്ലെന്നാണ് എയർടെൽ പ്രതിനിധികൾ പറയുന്നത്. ജൂണിൽ നടന്നുവെന്നു പറയപ്പെടുന്ന ഒരു തരത്തിലുള്ള വിവരം ചോർത്തലും തങ്ങളുടെ സംവിധാനത്തിൽ സംഭവിച്ചിട്ടില്ലെന്നും എയർടെൽ ഉറപ്പു പറയുന്നു. തങ്ങളുടെ പ്രതിച്ഛായ തകർക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഇത്തരത്തിലുള്ള ആരോപണങ്ങളെന്നും എയർടെൽ അധികൃതർ വിശദീകരിച്ചു. ഡാർക്ക് വെബിൽ നടക്കുന്ന അനധികൃത ഇടപാടുകളെക്കുറിച്ച് റിപ്പോർട്ട് ചെയ്യുന്ന ഡാർക്ക് വെബ് ഇൻഫോർമർ എന്ന എക്സ് പേജിലാണ് ആദ്യം ഇതിനെക്കുറിച്ചുള്ള വാർത്തകൾ പ്രത്യക്ഷപ്പെട്ടത്.

37.5 കോടി പേരുടെ വിവരങ്ങൾ അൻപതിനായിരം യു എസ് ഡോളറിനാണ് (ഏകദേശം 41 ലക്ഷം രൂപ) വിൽപനയ്ക്കു വച്ചതെന്നും ഡാർക്ക് വെബ് ഇൻഫോർമർ കണ്ടെത്തി. ഇത്രയും തുകയ്ക്കു തുല്യമായ ക്രിപ്റ്റോ കറൻസിയാണ് ഹാക്കർ ആവശ്യപ്പെടുന്നത്. പേരും മൊബൈൽ നമ്പറും ഇമെയിൽ ഐഡിയും തുടങ്ങി ജനനത്തീയതി വരെ ഹാക്കർമാർ ചോർത്തിയെന്നും ഇതിൽ പറയുന്നുണ്ട്. നേരത്തെ വിദേശകാര്യ മന്ത്രാലയത്തിന്റെ പക്കലുള്ള ഡിപ്ലോമാറ്റിക് പാസ്പോർട്ട് ഹോൾഡർമാരുടെ വിവരങ്ങളും ഇത്തരത്തിൽ ചോർത്തിയതായി ചൈനീസ് ഹാക്കറായ സെൻസെൻ അവകാശപ്പെട്ടിരുന്നു. എന്നാൽ മന്ത്രാലയം ഇത് നിഷേധിക്കുകയായിരുന്നു.

മൊബൈൽ താരിഫ് വർധന; സർക്കാർ കണ്ണടച്ചെന്ന് പ്രതിപക്ഷം

ന്യൂഡൽഹി: മൂന്ന് സ്വകാര്യ മൊബൈൽ കമ്പനികൾ ഏകപക്ഷീയമായ താരിഫ് വർധിപ്പിച്ചതിൽ കേന്ദ്ര സർക്കാരിന്റെ നിഷ്ക്രിയത്വം ചോദ്യം ചെയ്ത് പ്രതിപക്ഷ പാർട്ടികൾ.

സ്വകാര്യ മൊബൈൽ കമ്പനികൾക്ക് മേൽ സർക്കാരിന് യാതൊരു നിയന്ത്രണവുമുല്ലെന്നും ജനങ്ങളെ ദ്രോഹിക്കുന്ന ചാർജ്ജ് വർധനവിനെതിരെ മോദി സർക്കാർ കണ്ണടച്ചെന്നും കോൺഗ്രസ് കുറ്റപ്പെടുത്തി. 109 കോടി ഉപയോക്താക്കളുള്ള റിലയൻസ് ജിയോ, എയർടെൽ, വോഡഫോൺ ഐഡിയ കമ്പനികൾ തങ്ങളുടെ താരിഫ് ശരാശരി 15 ശതമാനമാണ് വർധിപ്പിച്ചത്. ഇതുവഴി പ്രതിവർഷം 34,824 കോടി രൂപ അധികം കമ്പനികൾ സ്വന്തമാക്കും. തെരഞ്ഞെടുപ്പ് കഴിഞ്ഞതോടെ സർക്കാർ വീണ്ടും സാധാരണക്കാരെ ദ്രോഹിക്കുകയാണെന്നും കോൺഗ്രസ് ജനറൽ സെക്രട്ടറി രൺദീപ് സുർജേവാല പറഞ്ഞു.

ബി.എസ്.എൻ.എല്ലിനെ തകർത്ത് സ്വകാര്യ മൊബൈൽ ഫോൺ ഓപ്പറേറ്റർമാരുമായി കേന്ദ്ര സർക്കാർ ഒത്തുകളിക്കുകയാണെന്ന് സിഐടിയു ജ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 06 ശനി
ഗൾഫ് ചന്ദ്രിക

"പൊതുമരാമത്ത് വകുപ്പ് വളരെക്കാലം ഞങ്ങളുടെ പാർട്ടിയാണ് ഭരിച്ചത്. വളരെക്കാലം വകുപ്പ് ഞങ്ങളിൽ നിന്ന് പോയിട്ടുമുണ്ട്. വകുപ്പുകൾ പോകും വരും. എത്ര തവണ വന്നു, എത്ര തവണ പോയി. ഞങ്ങൾക്കതിൽ പ്രയാസമൊന്നുമില്ല. പി.ഡബ്ല്യു.ഡി വീണ്ടും നിങ്ങൾക്ക് കിട്ടിയതിൽ സി.പി.എം കൂടുതൽ അഭിമാനം കൊള്ളേണ്ടതില്ല. ഇപ്പോഴത്തെ ലക്ഷണം കണ്ടിട്ട് പി.ഡബ്ല്യു.ഡി നിങ്ങൾക്ക് നഷ്ടപ്പെടാൻ പോകുകയാണ്. അപ്പോൾ നിങ്ങൾ ദു:ഖിക്കരുത്. അതൊക്കെ സാധാരണമാണ്"

–പി.കെ കുഞ്ഞാലിക്കുട്ടി

വരുന്ന തിരഞ്ഞെടുപ്പുകൾ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ കാർബൺ കോപ്പിയാകില്ല. അങ്ങനെ കരുതുന്നവർ മണ്ടൻമാരാണ്. സംഘടനയുടെ അടിത്തറ ശക്തിപ്പെടുത്താതെ ജയിച്ചുകയറാനാവില്ല. ലോക്സഭാ തിരഞ്ഞെടുപ്പിൽ ചിലയിടങ്ങളിൽ ബി.ജെ.പിയിലേക്ക് വോട്ടുകൾ എത്തിയത് താൽക്കാലിക പ്രതിഭാസം മാത്രമാണ്. സാഹചര്യങ്ങൾ മാറി മറിയും ഇക്കാര്യത്തിൽ അങ്കലാപ്പില്ല

–കെ.സി വേണുഗോപാൽ

കേരള വാർത്തകൾ

കാലനായി റോഡുകൾ ന്യായീകരിച്ച് തേഞ്ഞ് മന്ത്രി

- അടിയന്തര പ്രമേയത്തിന് അനുമതി നൽകിയില്ല; പ്രതിപക്ഷം സഭവിട്ടിറങ്ങി
- പൊതുമരാമത്ത് വകുപ്പ് ജനിക്കാതെ പോയ കുഞ്ഞിന്റെ കാലനെന്ന് നജീബ് കാന്തപുരം

തിരുവനന്തപുരം: സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. കുളമായ റോഡുകൾ അപകടം വിതക്കുന്ന സാഹചര്യം നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം അടിയന്തര പ്രമേയത്തിന് അനുമതി തേടിയെങ്കിലും ചർച്ചക്ക് തയാറല്ലെന്ന് മന്ത്രി മുഹമ്മദ് റിയാസ് അറിയിച്ചു. പ്രതിപക്ഷത്തെ നജീബ് കാന്തപുരമാണ് വിഷയം സഭയിലുന്നയിച്ചത്.

എന്നാൽ റോഡുകൾ മികച്ച നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യമാണ് പി.ഡബ്ല്യു.ഡിക്കുള്ളതെന്നും സംസ്ഥാനത്തെ റോഡുകളിൽ ഭൂരിപക്ഷവും ഗതാഗത യോഗ്യമാണെന്നും മന്ത്രി റിയാസ് പറഞ്ഞു. കോടതി വ്യവഹാരങ്ങൾ ഉൾപെടെ നടക്കുന്ന റോഡുകളിൽ ചില പ്രയാസമുണ്ടെന്നുമായിരുന്നു മന്ത്രിയുടെ വിശദീകരണം. തുടർന്ന് അടിയന്തര പ്രമേയത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതോടെ പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.

വഴി നടക്കാനുള്ള അവകാശം നിഷേധിച്ച സർക്കാരാണിതെന്നും എത്ര റോഡിലൂടെ എല്ലൊടിയാതെ യാത്ര ചെയ്യാനാകുമെന്നും നജീബ് കാന്തപുരം ചോദിച്ചു. മണിച്ചിത്രത്താഴ് സിനിമയിൽ കുതിരവട്ടം പപ്പു ചെവിയിൽ ചെമ്പരത്തി പൂ വെച്ച് ചാടി ചാടി പോകുന്നതുപോലെ പോകേണ്ട അവസ്ഥയല്ലേ ഉള്ളതെന്നും അദ്ദഹം ചോദിച്ചു. യുദ്ധഭൂമിയിലൂടെ പോകുന്നത് പോലെയാണ് നടുറോഡിലൂടെ പോകേണ്ടിവരുന്നത്. കുഴികൾ എണ്ണാനായിരുന്നു മന്ത്രി ആദ്യം പറഞ്ഞത്. എന്നാൽ ഇപ്പോൾ കുളങ്ങൾ എണ്ണിയാൽ തീരുമോ. റോഡിൽ വീണ് സ്ത്രീകൾക്ക് ഗർഭം പോലും അലസുന്നുവെന്നും ജനിക്കാതെ പോയ ആ കുഞ്ഞിന്റെ കാലനാണ് പൊതുമരാമത്ത് വകുപ്പെന്നും നജീബ് കാന്തപുരം തുറന്നടിച്ചു. ഇതോടെ ഭരണപക്ഷ അംഗങ്ങൾ ബഹളം വെച്ചു. ഇതിനിടെയും നജീബ് കാന്തപുരം പ്രസംഗം തുടർന്നു.

ഇതിനിടെ, നജീബ് കാന്തപുരത്തിന് കൂടുതൽ സമയം നൽകുന്നുവെന്ന ആരോപണവുമായി മന്ത്രി എം.ബി രാജേഷ് രംഗത്തെത്തി. സ്പീക്കർക്കെതിരെ മന്ത്രി വിമർശനം ഉന്നയിച്ചു. 16 മിനുട്ടാണ് നജീബ് കാന്തപുരത്തിന് സംസാരിക്കാൻ നൽകിയതെന്നും ഈ ഉദാരത മന്ത്രിമാരോടും കാണിക്കണമെന്നും എം.ബി രാജേഷ് സ്പീക്കറോട് ആവശ്യപ്പെട്ടു. എന്നാൽ ഡിജിറ്റൽ ക്ലോക്കിലെ സമയം തെറ്റാണെന്നായിരുന്നു സ്പീക്കർ എ.എൻ ഷംസീറിന്റെ മറുപടി. ഇത് പ്രതിപക്ഷനിരയിൽ പൊട്ടിച്ചിരി ഉയർത്തി.

സമീപകാല ചരിത്രത്തിലെ ഏറ്റവും മോശം റോഡുകളാണ് കേരളത്തിലെന്നും മന്ത്രി റിയാസിന്റെ മറുപടി യാഥാർഥ്യവുമായി ബന്ധം ഇല്ലാത്തതെന്നും പ്രതിപക്ഷ നേതാവ് വിഡി സതീശൻ ആരോപിച്ചു. ദേശീയ പാത 66ന്റെ നിർമാണം പൂർത്തിയാകുന്നതുവരെ കേരളത്തിലെ ജനങ്ങൾ ഈ ദുരിതം മുഴുവൻ അനുഭവിക്കണോയെന്നും സതീശൻ ചോദിച്ചു. നജീബ് കാന്തപുരത്തെ വ്യക്തിപരമായി റിയാസ് ആക്ഷേപിച്ചുവെന്നും വിമർശനങ്ങളെ വ്യക്തിപരമായി എടുക്കേണ്ടെന്നും അദ്ദേഹം പറഞ്ഞു. മന്സ്സിൽ ഉള്ളത് തുറന്ന് പറയുന്നത് കുഴപ്പം ആയി കാണേണ്ടെന്നും ഇങ്ങോട്ട് നല്ല നിലയിൽ എങ്കിൽ അങ്ങോട്ടും നല്ല നിലക്കെന്നുമായിരുന്നു റിയാസ് മറുപടി നൽകി. വിഷയം അവതരിപ്പിച്ച നജീബ് കാന്തപുരത്തെ ഗംഗയെന്നും നാഗവല്ലി എന്നുമെല്ലാം റിയാസ് പരിഹസിച്ചിരുന്നു.

പ്രതിപക്ഷ നേതാവിന്റെ മറുപടിക്ക് പിന്നാലെയാണ് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയത്. അതേസമയം വെള്ളിയാഴ്ചകളിൽ അടിയന്തര പ്രമേയങ്ങൾ ഒഴിവാക്കണമെന്ന നിർദേശം എ.എൻ ഷംസീർ മുന്നോട്ടുവെച്ചു. വെള്ളിയാഴ്ച ദിവസങ്ങളിൽ ചോദ്യോത്തര വേള കഴിഞ്ഞാൽ പരമാവധി രണ്ട് മണിക്കൂറിനുള്ളിൽ മാത്രമാണ് സഭ ചേരാനാകുന്നത്. ഈ സാഹചര്യത്തിലാണ് സ്പീക്കറുടെ നിർദേശം.

കേരളത്തിലെ റോഡ് യാത്ര അഡ്വഞ്ചർ പാർക്കിന് സമാനം: നജീബ് കാന്തപുരം

തിരുവനന്തപുരം: കേരളത്തിലെ ചില റോഡുകളിലൂടെയുള്ള യാത്ര അഡഞ്ചർ പാർക്കിന് സമാനമാണെന്ന് നജീബ് കാന്തപുരം. നിയമസഭയിൽ അടിയന്തര പ്രമേയ നോട്ടീസ് അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം. വിദേശ രാജ്യങ്ങളിൽ റോഡിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാറില്ല. കേരളത്തിൽ കമ്മീഷന്റെ കാര്യത്തിലാണ് വിട്ടുവീഴ്ചയില്ലാത്തതെന്നും അദ്ദേഹം പരിഹസിച്ചു.

കേരളത്തിൽ മഴയുണ്ടായിട്ടാണ് റോഡുകൾ തകരുന്നത് എന്നാണ് വാദം. മഴയുള്ള ഗോവയിലും മഹാരാഷ്ട്രയിലും കർണാടകയിലും ഇത്തരത്തിൽ റോഡ് തകരാറില്ല. ഇത് എന്തു കൊണ്ടാണെന്ന് പഠിക്കാൻ സർക്കാറും പൊതുമരാമത്ത് വകുപ്പും തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കാസർകോട് മുതൽ തിരുവനന്തപുരം വരെ സുരക്ഷിതമായി സഞ്ചരിക്കാൻ കഴിയുന്ന റോഡുകൾ ഇല്ലാതായി. പൊതുമരാമത്ത് വകുപ്പിന് കീഴിൽ 29573.16 കിലോ മീറ്റർ റോഡുണ്ട്. വടക്കൻ കേരളത്തിലെ തലപ്പാടി മുതൽ തിരുവനന്തപുരത്തെ സ്മാർട്ട് റോഡുകൾ വരെ തകരാറിലായി. കണ്ണൂർ ജില്ലയിലെ കരിവെള്ളൂരിലെയും ഓണക്കുന്നിലെയും വെള്ളൂരിലെയും റോഡുകളുടെ സ്ഥിതി അതീവ ഗുരുതരമാണ്. കോഴിക്കോട് ജില്ലയിലെ അഴിയൂർ-വെങ്ങളം റീച്ചിൽ ജനങ്ങൾക്ക് ദുരിത യാത്രയാണ്.

പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മേലാറ്റൂർ പുലാമന്തോൾ റോഡ് മരണക്കെണിയായിരിക്കുകയാണ്. ചോറോടിലും തിക്കോടിയിലും ദേശീയ പാത നിർമ്മാണം പരിസര വാസികളെ ദുരിതത്തിലാക്കിയിട്ട് മാസങ്ങളായി. മലപ്പുറം ജില്ലയിലെ ഗതാഗതം ഇപ്പോൾ പൂർണ്ണമായും സർവീസ് റോഡിലൂടെയായി മാറി. വലിയ താഴ്ചയിലൂടെ കടന്നു പോവുന്ന വാഹനങ്ങൾക്ക് മീതെ ഏതു നിമിഷവും മൺ തിട്ടകൾ അടർന്നു വീണേക്കാവുന്ന അവസ്ഥയിലാണ്. റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റീരിയലുകളെ കുറിച്ച് ശാസ്ത്രീയമായി അറിവുള്ള ഉദ്യോഗസ്ഥർ പൊതുമരാമത്ത് വകുപ്പിൽ ഇല്ല. അശാസ്ത്രീയമായ മഴക്കാലപൂർവ അറ്റകുറ്റപ്പണി കൊണ്ട് യാതൊരു ഗുണവുമില്ല. വെറ്റ് റോഡ് ട്രീറ്റ്മെൻറിന്റെ കോഡ് ഓഫ് പ്രാക്ടിസ് ബുക്ക് ലെറ്റ് വായിക്കുക പോലും ചെയ്യാത്ത ഉദ്യോഗസ്ഥരാണ് പൊതുമരാമത്ത് വകുപ്പിലുള്ളത്.ദേശീയ പാതയുടെ പ്രവർത്തിയുടെ ഇരട്ടി തുകയാണ് കെ.എസ്.ടി.പിക്ക് നൽകുന്നത്. എന്നിട്ട് പോലും ഇതിന്റെ യാതൊരു നേട്ടവും നാടിന് ലഭിക്കുന്നില്ല. റോഡുകളുടെ പ്രവർത്തി നിരീക്ഷിക്കേണ്ട ഉദ്യോഗസ്ഥർ നിഷ്ക്രിയരാണ്. യാതൊരു പരിശോധനയും ഉദ്യോഗസ്ഥർ നടത്തുന്നില്ല. ഉദ്യോഗസ്ഥർ കരാറുകാർക്ക് തോന്നിയത് പോലെപ്രവർത്തിക്കാനുള്ള ഒത്താശ ചെയ്യുകയാണ്. റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയതയാണ് കേരളം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ല.

കോഴിക്കോട് നിന്ന് തൃശൂരിലേക്ക് യാത്ര ചെയ്ത മുഖ്യമന്ത്രി കേച്ചേരി റോഡ് ഒഴിവാക്കിയത് എന്തിനാണ്. വടക്കാഞ്ചേരി വഴി തൃശൂരിലേക്ക് ചുറ്റി വളഞ്ഞ് മുഖ്യമന്ത്രി പോയത് കുഴികൾ മറികടക്കാനാണ്. സാധാരണക്കാർക്ക് റൂട്ട് മാറി പോവാൻ സാധിക്കില്ലെന്ന് പൊതുമരാമത്ത്വകുപ്പ്മനസിലാക്കണം. അവർക്ക് എസ്കോർട്ടും പൈലറ്റുമില്ല. എം. എൽ.എമാരെ നടുറോഡിൽ തടയുന്ന സ്ഥിതിയുണ്ടാക്കിയത് സർക്കാറാണെന്നും അദ്ദേഹം പറഞ്ഞു.

കെ.പി.എ മജീദിന്റെ ശ്രദ്ധക്ഷണിക്കൽ

കെൽ പുനരുജ്ജീവിപ്പിക്കൽ കെ.എസ്.ഇ.ബിയുമായി ചർച്ച നടത്തുമെന്ന് വ്യവസായ മന്ത്രി

തിരുവനന്തപുരം: കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിഡറ്റഡ് (കെൽ) ന്റെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ കെ.എസ്.ഇ.ബിയുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുമെന്ന് വ്യവസായ മന്ത്രി പി. രാജീവ്. കെ.എസ്.ഇ.ബിക്ക് ആവശ്യമായ ഉൽപന്നങ്ങൾ ടെണ്ടർ ഇല്ലാതെ റേറ്റ് കോൺട്രാക്ടിൽ എടുക്കണമെന്നാണ് സർക്കാർ നിലപാട്.

ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കെ.എസ്.ഇ.ബി അധികൃതരുമായി ചർച്ച നടത്തുമെന്ന് നിയമസഭയിൽ കെ.പി.എ മജീദിന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടിയായി മന്ത്രി പറഞ്ഞു. എടരിക്കോട് ടെക്സ്റ്റൈൽസ് സ്പിന്നിങ് മിൽ, കെൽ എന്നി സ്ഥാപനങ്ങൾ നേരിടുന്ന ശോച്യാവസ്ഥ കെ.പി.എ മജീദ് ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ സഭയിൽ ഉന്നയിച്ചത്. ഇരു സ്ഥാപനങ്ങളുടെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

കെ.എസ്.ഇ.ബിക്ക് ആവശ്യമായ നിലവാരമുള്ള വസ്തുക്കൾ ഉൾപാദിപ്പിക്കാൻ കെല്ലിന് കഴിവുണ്ട്. നേരത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ടെണ്ടർ ഇല്ലാതെയാണ് കരാറിൽ എർപ്പെടുകയാണ് പതിവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പൂട്ടി കിടക്കുന്ന എടരിക്കോട് ടെക്സ്റ്റൈൽസ് സ്പിന്നിങ് മിൽ തൊഴിലാളികളുടെ കുടിശികയായ ശമ്പളം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സർക്കാർ യുക്തമായ തീരുമാനമെടുക്കണം. ശമ്പള ഇനത്തിലും മറ്റും കുടിശികയുണ്ട്. നിലവിൽ കിട്ടേണ്ട ഒരു ആനുകൂല്യവും തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. സ്പിന്നിങ് മില്ലിൽ ഉപയോഗിക്കാത്ത 10 ഏക്കറോളം സ്ഥലമുണ്ട്. ഈ സ്ഥലം ഉപയോഗപ്പെടുത്തി മറ്റ് വ്യവസായങ്ങൾ കൊണ്ടുവരാൻ ശ്രമം ഉണ്ടാകണമെന്നും കെ.പി.എ മജീദ് പറഞ്ഞു. എടരിക്കോട് ടെക്സ്റ്റൈൽസ് സ്പിന്നിങ് മില്ലിന്റെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. കോട്ടന്റെ വില കൂടുകയും നൂലിന്റെ വില ആനുപാതികമായി കൂടാതിരിക്കുന്നതുമാണ് പ്രതിസന്ധിക്ക് കാരണം. ഒരു കിലോ നൂൽ ഉൽപാദിപ്പിക്കുമ്പോൾ ശരാശരി 60 രൂപ നഷ്ടമാണ്. ഈ പ്രതിസന്ധി പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. കോട്ടൻ ബോർഡ് രൂപീകരണം ഉൾപ്പെടെ ഇതിന്റെ ഭാഗമാണ്. ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി വിനിയോഗിക്കും. കെല്ലിന്റെ ഉടമസ്ഥതയിലോ പങ്കാളിത്തതോടെയോ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന മറ്റ് വ്യവസായങ്ങൾ ആരംഭിക്കുവാനാണ് ശ്രമിക്കുന്നതെന്നും മന്ത്രി വിശദീകരിച്ചു.

പാചക തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നിയമ നിർമ്മാണം വേണം: പി. ഉബൈദുള്ള

തിരുവനന്തപുരം: സ്കൂൾ കുട്ടികളുടെ ആരോഗ്യവും വളർച്ചയും ഉറപ്പുവരുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന സ്കൂൾ പാചക തൊഴിലാളികളെ സ്ഥിരപ്പെടുത്തി ശമ്പളവും പെൻഷനും ആരോഗ്യ ഇൻഷുറൻസ് ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങളും അനുവദിക്കുവാനാവശ്യമായ നിയമ നിർമ്മാണം നടത്തണമെന്ന് പി ഉബൈദുള്ള.

നിയമസഭയിൽ സ്കൂൾ പാചക തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കണമെന്നാവശ്യപ്പെട്ട് കൊണ്ടു വന്ന സ്വകാര്യബിൽ അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്കൂളിലെ മറ്റു ജീവനക്കാരെ പോലെ പാചക തൊഴിലാളികൾക്കും ജോലി സ്ഥിരത ഉറപ്പുവരുത്തണം. സാമൂഹിക അംഗീകാരവും സംരക്ഷണവും നൽകി സാമ്പത്തിക സുരക്ഷിതത്വം സൃഷ്ടിക്കണം. പൊതുവെ അദ്ധ്വാനഭാരം കൂടുതലായ അവരുടെ സേവനങ്ങൾക്ക് അർഹമായ വേതനം നൽകണം. ദിവസ വേതനം 600 രൂപയിൽ നിന്ന് വർധിപ്പിക്കണമെന്നും മൂന്ന് മാസത്തിലധികമായിട്ടുള്ള കുടിശ്ശിക എത്രും വേഗം കൊടുത്തു തീർക്കണമെന്നും ഉബൈദുള്ള ആവശ്യപ്പെട്ടു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്ന പാചക തൊഴിലാളികൾക്ക് കുടിശ്ശികയായിട്ടുള്ള ഹോണറേറിയം ഉടൻ കൊടുത്തു തീർക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി ഇതിന് മറുപടി നൽകി. പാചക തൊഴിലാളികളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും കൂട്ടായ ചർച്ചയിലൂടെ പരിഹരിക്കും. അപകട ഇൻഷുറൻസ് ഉൾപ്പെടെ വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്ന കാര്യം സർക്കാർ സജീവമായി പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു. തുടർന്ന് ബിൽ തുടർ ചർച്ചക്കായി മാറ്റി.

സംസ്ഥാനത്തെ റോഡുകൾ ഏറ്റവും മോശം സ്ഥിതിയിൽ: വി.ഡി സതീശൻ

തിരുവനന്തപുരം: സംസ്ഥാനത്തെ റോഡുകൾ സമീപകാല ചരിത്രത്തിലെ ഏറ്റവും മോശം സ്ഥിതിയിലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. നിയമസഭയിൽ നജീബ് കാന്തപുരം കൊണ്ടുവന്ന അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിനെ തുടർന്ന് വാക്കൗട്ട് പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ഓരോ ജില്ലയിലെയും തകർന്നു കിടക്കുന്ന പ്രധാനപ്പെട്ട റോഡുകളുടെ പട്ടിക കയ്യിലുണ്ട്.

തുടങ്ങുന്ന പണികൾ സമയബന്ധിതമായി തീരുന്നില്ല. കരാറുകാർക്ക് കോടികളാണ് കുടിശിക. പല പണികൾ എടുത്ത കരാറുകാർ ഏതെങ്കിലും ഒരു പണി മാത്രമാണ് ചെയ്യുന്നത്. കരാറുകാർക്ക് ഇത്രയും കുടിശിക വന്ന കാലവും ഉണ്ടായിട്ടില്ല. അവരിൽ പലരും ലോണെടുത്തും പലിശക്കെടുത്തുമാണ് പണി ചെയ്യുന്നത്. എം.എൽ.എ ഫണ്ട് പോലും ചിലവഴിക്കാൻ പറ്റാത്ത അവസ്ഥയാണ്. പണ്ട് കരാറുകാരെ എം.എൽ. എമാർ വിളിക്കേണ്ട ആവശ്യമില്ലായിരുന്നു. അവർ ഇങ്ങോട്ടു വരുമായിരുന്നു. ഇപ്പോൾ കരാറുകാരെ നിർബന്ധിക്കേണ്ട അവസ്ഥയാണ്. പണമില്ലാത്തതിനാൽ പല വർക്കുകളും ചെയ്യാനാകാത്ത അവസ്ഥയാണ്. സർക്കാർ പണം നൽകാത്തതിനാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഒരു വർക്കും ഏറ്റെടുക്കാനാകുന്നില്ല.

കഴിഞ്ഞ വർഷം കിട്ടേണ്ട തുകയുടെ മൂന്നിലൊന്നു മാത്രമാണ് കിട്ടിയത്. അതുകൊണ്ടു തന്നെ ഗ്രാമീണ റോഡുകളും പരിതാപകരമായ അവസ്ഥയിലാണ്. പഞ്ചായത്ത് അംഗങ്ങളെ നാട്ടുകാർ റോഡിൽ തടുത്ത് നിർത്തുകയാണ്. എൻ.എച്ച് 66 മായി ബന്ധപ്പെട്ട വിഷയത്തിൽ ഹൈക്കോടതി തന്നെ ഇടപെട്ടിട്ടുണ്ട്.

ഒരു വർക്ക് നടക്കുമ്പോൾ യാത്ര ചെയ്യാനുള്ള ബദൽ സംവിധാനം ഒരുക്കേണ്ട ചുമതല സർക്കാരിനുണ്ടെന്നാണ് ഹൈക്കോടതി പറഞ്ഞത്. അരൂരിൽ നിന്നും തുറവൂർ വരെയുള്ള റോഡിന്റെ സ്ഥിതി എന്താണ്? ആയിരക്കണക്കിന് പേരാണ് വഴിയിൽ കിടക്കുന്നത്. എൻ.എച്ച് 66 ശരിയാകുമ്പോൾ ഗംഭീരമാകുമെന്നാണ് പറയുന്നത്. പക്ഷെ അത് ശരിയാകുന്നതു വരെ കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള കേരളത്തിലെ ജനങ്ങൾ മുഴുവൻ അതിന്റെ ദുരിതം അനുഭവിക്കണോ? ലോകത്ത് എവിടെയെങ്കിലും ഇതുപോലെ ഒരു റോഡ് നിർമ്മാണം നടക്കുമോ? നിരന്തരമായ ജാഗ്രതയോടെയുള്ള ഇടപെടൽ ഉണ്ടായില്ലെങ്കിൽ കേരളത്തിലൂടെ ആളുകൾക്ക് യാത്ര ചെയ്യാനാകാത്ത അവസ്ഥയാണ്. ഹൈവെ പണി തീർന്നിട്ടു മാത്രം ജനങ്ങൾ യാത്ര ചെയ്താൽ മതിയോ? പണി തീരുന്നതുവരെ യാത്ര ചെയ്യുന്നതിനുള്ള ബദൽ മാർഗം ഒരുക്കാൻ സർക്കാർ ഇടപെടണമെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

2021 ജൂൺ മുതൽ 2023 ഡിസംബർ വരെ 110714 റോഡപകടങ്ങളാണ് ഉണ്ടായത്. പതിനായിരം പേരാണ് മരിച്ചത്. ഒരു ലക്ഷത്തിലധികം പേർ പരിക്കേറ്റ് കിടക്കുന്നു. മോശമായ റോഡുകളുടെ പണി സമയബന്ധിതമായി തീർക്കുന്നതിലും കരാറുകാരുടെ കുടിശിക തീർക്കുന്നതിലും സർക്കാർ ദയനീയമായി പരാജയപ്പെട്ടതായും സതീശൻ ആരോപിച്ചു.

പണ്ടാര ഭൂമി സർവേ: ലക്ഷദ്വീപിൽ പ്രതിഷേധം തുടരുന്നു

കൊച്ചി: ഹൈക്കോടതിയുടെ ഇടപെടലുണ്ടായിട്ടും ലക്ഷദ്വീപിൽ പണ്ടാര ഭൂമി സർവേ തുടർന്ന് ഭരണകൂടം. ഇതേ തുടർന്ന് ഇന്നലെയും സർവേക്കെത്തിയ ഉദ്യോഗസ്ഥരെ ദ്വീപ് നിവാസികൾ തടഞ്ഞു. ആന്ത്രോത്ത്, അഗത്തി, കൽപ്പേനി ദ്വീപുകളിലായിരുന്നു പ്രതിഷേധം. ലക്ഷദ്വീപിലെ കുടിയൊഴിപ്പിക്കൽ നടപടികൾ കഴിഞ്ഞ ദിവസം ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്തിരുന്നു.

എന്നാൽ ഈ വിധി മാനിക്കാതെ സർവേ നടപടികളുമായി മുന്നോട്ടുപോവുകയാണ് ഉദ്യോഗസ്ഥർ. ഇന്നലെ സർവേക്കായി എത്തിയ ഉദ്യോഗസ്ഥരോട് ജനങ്ങൾ ഹൈക്കോടതി സ്റ്റേ ചൂണ്ടിക്കാട്ടിയെങ്കിലും, സർവേക്ക് തടസമില്ലെന്നായിരുന്നു ഉദ്യോഗസ്ഥരുടെ വാദം. ഇതേതുടർന്ന് ജനങ്ങൾ സംഘടിച്ച് ഉദ്യോഗസ്ഥരെ തടയുകയായിരുന്നു. പലയിടത്തും പ്രതിഷേധത്തെ തുടർന്ന് സർവേ അവസാനിപ്പിച്ച് ഉദ്യോഗസ്ഥർക്ക് തിരിച്ചുപോകേണ്ടിവന്നു. കഴിഞ്ഞദിവസവും ലക്ഷദ്വീപിൽ സർവേക്കെത്തിയ ഉദ്യോഗസ്ഥർക്കെതിരെ വൻ പ്രതിഷേധമുണ്ടായിരുന്നു. ഇതേത്തുടർന്ന് ഇവർ തിരിച്ചുപോവുകയും ചെയ്തിരുന്നു. ലക്ഷദ്വീപ് എം പി ഹംദുള്ള സഈദിന്റെയും കോൺഗ്രസ് പ്രവർത്തകരുടെയും നേതൃത്വത്തിലായിരുന്നു പ്രതിഷേധം. കാർഷികാവശ്യങ്ങൾക്കായി ലീസിന് നൽകിയ പണ്ടാരം ഭൂമി തിരികെ അടിയന്തരമായി തിരിച്ചുപിടിക്കണമെന്നാണ് ലക്ഷദ്വീപ് ഭരണകൂടം ഡെപ്യൂട്ടി കലക്ടർമാർക്ക് നിർദേശം നൽകിയത്. വിവിധ ദ്വീപുകളിലായി 575.75 ഹെക്ടർ ഭൂമിയാണ് ദ്വീപ് ഭരണകൂടം തിരിച്ചുപിടിക്കാൻ ഒരുങ്ങുന്നത്. 3117 വീടുകളും, നിരവധി ആരാധനാലയങ്ങളും ഉൾപ്പെടെ ഒട്ടേറെ കെട്ടിടങ്ങൾ ഒഴിപ്പിക്കപ്പെടും. ഒന്നര ലക്ഷം തെങ്ങുകളും മുറിച്ചുമാറ്റേണ്ടിവരും. വികസന പ്രവർത്തനങ്ങൾക്ക് ഭൂമി കണ്ടെത്താൻ വേണ്ടിയാണ് ഇതെന്നാണ് വിശദീകരണം.

എന്നാൽ അർഹമായ നഷ്ട പരിഹാരം ലഭിക്കുമോ എന്ന കാര്യത്തിൽ ഇതുവരെ വ്യക്തതയില്ല. അതേസമയം, പണ്ടാരഭൂമി തിരിച്ചുപിടിക്കാനുള്ള നീക്കത്തിന്റെ ഭാഗമായ സർവേ നടത്താൻ ഒരാളെയും അനുവദിക്കില്ലെന്ന് ജനങ്ങൾ പറഞ്ഞു. ജീവനുള്ള കാലത്തോളം തങ്ങളുടെ ഭൂമി ആർക്കും വിട്ടുനൽകില്ല. നൂറ്റാണ്ടുകളായി വീടുവച്ച് താമസിക്കുന്ന സാധുക്കളായ ജനങ്ങളുടെ ഭൂമി കുത്തക ടൂറിസത്തിനായി വിട്ടുകൊടുക്കില്ലെന്നും അവർ വ്യക്തമാക്കി.

യു.എ ലത്തീഫിന്റെ സബ്മിഷൻ

അറബിക് സർവകലാശാലയില്ലെന്ന് മന്ത്രി

പൊന്നാനിയിൽ മികവിന്റെ കേന്ദ്രം

തിരുവനന്തപുരം: സംസ്ഥാനത്ത് അറബിക് സർവകലാശാല സ്ഥാപിക്കുന്നത് പരിഗണനയിലില്ലെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. പകരം ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ പേരിൽ അറബിക് ഭാഷാ പഠനത്തിന് ഊന്നൽ നൽകുന്ന മികവിന്റെ കേന്ദ്രം പൊന്നാനി കേന്ദ്രീകരിച്ച് സ്ഥാപിക്കുമെന്നും മന്ത്രി അറിയിച്ചു. അറബിക് സർവകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് നിയമസഭയിൽ യു.എ ലത്തീഫ് അവതരിപ്പിച്ച സബ്മിഷന് മറുപടി നൽകുകയായിരുന്നു മന്ത്രി. അറബിക് ഭാഷ പഠനം ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് ആവശ്യമായ സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് മന്ത്രി അവകാശപ്പെട്ടു.

വിദേശ നാടുകളിൽ പോകുന്ന മലയാളികൾ ഉൾപ്പെടെയുള്ള മലയാളികൾക്ക് തൊഴിൽ സാധ്യതകൾ വിപുലീകരിക്കാൻ ഉതകുന്ന രീതിയിൽ സർവകലാശാലകൾ കരിക്കുലം പരിഷ്ക

ഖാൻ യൂനുസിൽ നിന്നും റഫയിൽ നിന്നും ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈൽ ഉത്തരവ് ഗസ്സയിലെ മൂന്നിലൊന്ന് ജനങ്ങളെയും ബാധിക്കും. യു.എൻ ഏജൻസിയുടെ കണക്കുകൾപ്രകാരം ഈ ഭാഗങ്ങളിൽ രണ്ടര ലക്ഷത്തോളം പേർ കഴിയുന്നുണ്ട്. ഇത്രയും വലിയ ഒഴിപ്പിക്കൽ കുട്ടികളും സ്ത്രീകളും വയോധികരുമുൾപ്പെടെ സാധാരണക്കാർക്ക് ദുരിതം വർധിപ്പിക്കും. പലരും രണ്ടോ മൂന്നോ തവണ പലായനം ചെയ്തവരാണ്. സൗകര്യങ്ങളൊട്ടുമില്ലാത്ത മേഖലകളിലേക്കാണ് ഇവർക്കിനി പോവാനുള്ളത്.

–സ്റ്റീഫൻ ഡുജാറിക്
(യു.എൻ വക്താവ്)

വിദേശ വാർത്തകൾ

രാജ്യത്തെ പുനർനിർമിക്കും മാറ്റം പടിപടിയായെന്ന് കിയർ

ലണ്ടൻ: ബ്രിട്ടനെ പുനർനിർമിക്കാൻ പരമാവധി ശ്രമിക്കുമെന്ന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാർമർ. രാജ്യത്തെ ജനങ്ങൾ മാറ്റത്തിനുവേണ്ടിയാണ് വോട്ട് ചെയ്തിരിക്കുന്നതെന്നും ജനഹിതമനുസരിച്ച് പ്രവർത്തിക്കുമെന്നും സർക്കാറുണ്ടാക്കാൻ രാജാവ് ക്ഷണിച്ചതിനു പിന്നാലെ ഡൗണിങ് സ്ട്രീറ്റിൽ ജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കവെ അദ്ദേഹം പറഞ്ഞു. രാജ്യമാണ് പ്രധാനമെന്നും പാർട്ടിയല്ലെന്നും സ്റ്റാർമർ പറഞ്ഞു. സ്ഥാനമൊഴിഞ്ഞ പ്രധാനമന്ത്രി ഋഷി സുനകിന്റെ നേട്ടങ്ങളെ പറഞ്ഞു കൊണ്ടാണ് പ്രധാനമന്ത്രിയായ ശേഷമുള്ള ആദ്യ പ്രസംഗം കിയർ സ്റ്റാർമർ ആരംഭിച്ചത്. ആദ്യ ബ്രിട്ടീഷ് ഏഷ്യൻ പ്രധാനമന്ത്രിയാവാൻ സുനക് നടത്തിയ പ്രയത്നങ്ങളെ വിലകുറച്ചു കാണാൻ പാടില്ലെന്ന് അദ്ദേഹം പറഞ്ഞു. സുനകിന്റെ കഠിനാധ്വാനത്തെയും അർപ്പണമനോഭാവത്തെയും സ്റ്റാർമർ പ്രകീർത്തിക്കുകയും ചെയ്തു. രാജ്യത്തെ ഓരോ വ്യക്തിയെയും തന്റെ സർക്കാർ ആദരവോടെ പരിഗണിക്കുമെന്നും അദ്ദേഹം പറഞ്ഞു. ലേബർ പാർട്ടിക്ക് വോട്ട് ചെയ്താലും ചെയ്തില്ലെങ്കിലും വിവേചനമുണ്ടാവില്ല. സർക്കാർ ഓരോ പൗരനുംവേണ്ടി നിലകൊള്ളും. രാജ്യത്തെ പുനർനിർമിക്കാൻ ഓരോ പൗരന്റെയും പിന്തുണ ആവശ്യമാണ്. ബ്രിട്ടൻ എങ്ങനെയായിരുന്നോ അത് വീണ്ടെടുക്കാനാണ് ശ്രമിക്കുക. എന്നാൽ സ്വിച്ചിടുന്ന പോലെ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കില്ല. സമയമെടുത്ത് പടിപടിയായി രാജ്യത്തെ പുനർനിർമിക്കും. രാഷ്ട്ര പുനർനിർമാണത്തിനുള്ള പ്രവർത്തനങ്ങൾ ഇന്നു തന്നെ ആരംഭിക്കണമെന്നും സ്റ്റാർമർ പറഞ്ഞു.

ജയിച്ചവരിൽ 26 ഇന്ത്യൻ വംശജർ

കൺസർവേറ്റീവ് കുത്തക സീറ്റ് പിടിച്ചെടുത്ത് കോട്ടയത്തുകാരൻ സോജൻ ജോസഫ്

ലണ്ടൻ: ഒന്നര പതിറ്റാണ്ടിന്റെ ഇടവേളക്കു ശേഷം ലേബർ പാർട്ടി വൻ തിരിച്ചുവരവ് നടത്തിയ ബ്രിട്ടനിലെ പൊതുതിരഞ്ഞെടുപ്പിൽ തിളക്കമുള്ള വിജയം നേടി ഇന്ത്യൻ വംശജരും. 26 ബ്രിട്ടീഷ് – ഇന്ത്യൻ വംശജരാണ്ഇത്തവണ തിരഞ്ഞെടുപ്പിൽ വിജയിച്ചത്. കേരളം മുതൽ പഞ്ചാബ് വരെ വിവിധ സംസ്ഥാനങ്ങളിൾ വേരുകളുള്ള ഇന്ത്യക്കാർ ജയിച്ചവരുടെ പട്ടികയിലുണ്ട്. പതിറ്റാണ്ടുകളായി കൺസർവേറ്റീവുകൾ കുത്തകയാക്കി വച്ച മണ്ഡലത്തിൽ അട്ടിമറി വിജയം നേടിയ മലയാളി സോജൻ ജോസഫിന്റെ വിജയമാണ് ഇതിൽ ഏറ്റവും ശ്രദ്ധേയം. കോട്ടയം ഓണംതുരുത്ത് സ്വദേശിയാണ് സോജൻ ജോസഫ്.

കെന്റ് കൗണ്ടിയിലെ ആഷ്ഫഡ് മണ്ഡലത്തിൽ മത്സരിച്ച സോജൻ കൺസർവേറ്റീവ് സ്ഥാനാർത്ഥി ഡാമിയർ ഗ്രീനിനെതിരെ 1779 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് വിജയിച്ചത്. സോജൻ 15,262 വോട്ടു ലഭിച്ചപ്പോൾ (32.5 ശതമാനം) ഗ്രീനിന് 13,484 വോട്ടാണ് (28 ശതമാനം) ലഭിച്ചത്. പതിനായിരത്തിലേറെ വോട്ടുപിടിച്ച റിഫോം യുകെയുടെ ട്രിസ്ട്രാം കെന്നഡി ഹാർപറിന്റെസാന്നിധ്യമാണ്സോജന്റെവിജയം എളുപ്പമാക്കിയത്. തേരസ മെയ് മന്ത്രിസഭയിൽ മന്ത്രിയായും ഡെപ്യൂട്ടി പ്രധാനമന്ത്രിയുടെ താൽക്കാലിക ചുമതലക്കാരനായും പ്രവർത്തിച്ചിട്ടുള്ള ഡാമിയർ ഗ്രീനിനെ വീഴ്ത്തിയത് വൻ വിജയമായാണ് വിലയിരുത്തുന്നത്. 1997 മുതൽ മണ്ഡലത്തിൽ നിന്ന് വിജയിക്കുന്ന ഡാമിർ ഗ്രീനിന് 2019ൽ 13,000 വോട്ടിന്റെ ഭൂരിപക്ഷമുണ്ടായിരുന്നു. കൈപ്പുഴച്ച ചാമക്കാലായിൽ ജോസഫിന്റെയും പരേതയായ ഏഴിക്കുട്ടിയുടേയും മകനാണ്സോജൻ. ഭാര്യ ബ്രൈറ്റ ജോസഫ്.മക്കൾ:ഹന്ന, സാറ, മാത്യു. മത്സര രംഗത്തും ഇത്തവണ ഇന്ത്യൻ സാന്നിധ്യം റെക്കോർഡ് ആയിരുന്നു. 107 ബ്രിട്ടീഷ് – ഇന്ത്യൻ പൗരന്മാരാണ് ജനവിധി തേടിയത്. കൺസർവേറ്റീവുകൾ വൻ തിരിച്ചടി നേരിട്ടെങ്കിലും പ്രധാനമന്ത്രിയായിരുന്ന ഋഷി സുനക് തന്റെ പാർലമെന്റംഗത്വം നിലനിർത്തി. വെയിൽസിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട കനിഷ്ക നാരായണൻ എത്നിക് മൈനോറിറ്റി പശ്ചാത്തലമുള്ള ആദ്യ അംഗമായി. കാലാവധി അവസാനിച്ച സഭയിൽ ബ്രിട്ടീഷ്ഇന്ത്യൻ എംപിമാരുടെ അംഗബലം 15 ആയിരുന്നു.

'എന്നോട് ക്ഷമിക്കണം ഉത്തരവാദിത്തം ഏറ്റെടുക്കുന്നു' തോൽവിയിൽ ഋഷി സുനക്

ലണ്ടൻ: ബ്രിട്ടീഷ് പൊതുതിരഞ്ഞെടുപ്പിൽ കൺസർവേറ്റീവ് പാർട്ടിക്കേറ്റ കനത്ത തിരിച്ചടിക്കു പിന്നാലെ തോൽവി സമ്മതിച്ച് സ്ഥാനമൊഴിഞ്ഞ പ്രധാനമന്ത്രി ഋഷി സുനക്. തന്റെ പാർട്ടിയുടെ പരാജയത്തിന്റെ പൂർണ ഉത്തരവാദിത്തം ഏറ്റെടുക്കുന്നുവെന്നും സുനക് പ്രതികരിച്ചു. ലേബർ പാർട്ടി നേതാവും പുതിയ പ്രധാനമന്ത്രിയുമായ കിയർ സ്റ്റാർമറിനെ ഫോണിൽ വിളിച്ച് അഭിനന്ദിച്ചതായും ഋഷി സുനക് പറഞ്ഞു. ' ഈ തിരഞ്ഞെടുപ്പിൽ കൺസർവേറ്റീവ് പാർട്ടിക്കേറ്റ പരാജയത്തിന്റെ ഉത്തരവാദിത്തം ഞാൻ ഏറ്റെടുക്കുന്നു. ലേബർ പാർട്ടിയാണ് വിജയം നേടിയത്. സർ കിയർ സ്റ്റാർമറിനെ ഫോണിൽ വിളിച്ച് അഭിനന്ദനം അറിയിച്ചു.
സമാധാനപരമായും നടപടിക്രമങ്ങൾ പാലിച്ചുമാണ് അധികാരം കൈമാറിയത്. ബ്രിട്ടന്റെ ഭാവിയിലും സുസ്ഥിരതയിലും ആത്മവിശ്വാസം പകരുന്നതാണിത്. ഇത് വളരെ പ്രയാസകരമായ ദിവസമാണ്. എന്നാൽ ലോകത്തിലെ ഏറ്റവും മികച്ച രാജ്യത്തിന്റെ പ്രധാനമന്ത്രി എന്ന ബഹുമതി ഞാൻ അവസാനിപ്പിക്കുകയാണ്. നിങ്ങളുടെ ദേഷ്യവും നിരാശയും ഞാൻ മനസ്സിലാക്കി. എന്നോട് ക്ഷമിക്കണം. ഈ പരാജയത്തിന്റെ ഉത്തരവാദിത്തം ഞാൻ ഏറ്റെടുക്കുന്നു. അക്ഷീണമായി പ്രവർത്തിച്ചിട്ടും വിജയിക്കാതെ പോയ എല്ലാ കൺസർവേറ്റീവ് സ്ഥാനാർത്ഥികൾക്കും പ്രചരാകർക്കും നിങ്ങളുടെ പരിശ്രമങ്ങൾ ക്കർഹമായത് നൽകാൻ കഴിയാത്തതിൽ ഞാൻ ഖേദിക്കുന്നു.', സുനക് പറഞ്ഞു.

കശ്മീരിൽ നയം മാറുമോ?

ലണ്ടൻ: ബ്രിട്ടന്റെ പ്രധാനമന്ത്രിയായി കിയർ സ്റ്റാർമർ ചുമതലയേൽക്കുമ്പോൾ ഇന്ത്യ ഉറ്റുനോക്കുന്നത് കശ്മീർ വിഷയത്തിലെ പുതിയ സർക്കാറിന്റെ നയത്തിലേക്ക്. ഒന്നര പതിറ്റാണ്ടു കാലം അധികാരത്തിലിരുന്ന കൺസർവേറ്റീവ് പാർട്ടിയുടെ നിലപാടിൽ നിന്ന് തീർത്തും ഭിന്നമാണ് ലേബർ പാർട്ടി കശ്മീർ വിഷയത്തിൽ പിന്തുടരുന്ന നയങ്ങൾ. ജെറമി കോർബിൻ ലേബർ പാർട്ടി തലവനായിരിക്കെ 2019 സെപ്തംബറിൽ, കശ്മീരിൽ അന്താരാഷ്ട്ര നിരീക്ഷകരെ അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രമേയം പാസാക്കിയത് വിലയ വിവാദമായിരുന്നു. കശ്മീർ ജനതക്ക് സ്വയം നിർണയാധികാരം നൽകണമെന്നതുൾപ്പെടെ ആവശ്യപ്പെടുന്ന പ്രമേയം പാസാക്കിയതിനെതിരെ അന്ന് ഇന്ത്യ കടുത്ത പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു.

കശ്മീർ പ്രശ്നം ഇന്ത്യാ – പാക് ഉഭയകക്ഷി വിഷയമാണെന്നും രണ്ടു രാജ്യങ്ങൾക്കുമിടയിൽ പരിഹരിക്കപ്പെടേണ്ടതാണെന്നുമെന്നുമുള്ള ബ്രിട്ടീഷ് ഭരണകൂടത്തിന്റെ നയത്തിന് വിരുദ്ധമായിരുന്നു പ്രമേയം. ഇരു രാജ്യങ്ങളും തമ്മിൽ ആണവ യുദ്ധത്തിലേക്ക് നീങ്ങാതിരിക്കാൻ മധ്യസ്ഥ ശ്രമത്തിന് മുൻകൈയെടുക്കണമെന്നും ഇന്ത്യാ, പാക് ഹൈക്കമ്മീഷണർമാരുമായി കൂടിക്കാഴ്ച നടത്തണമെന്നും ബ്രിട്ടീഷ് ഗവൺമെന്റിനോട് പ്രമേയം ആവശ്യപ്പെടുകയും ചെയ്തിരുന്നു. പുൽവാമ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യാ – പാക് സംഘർഷ ഭരിതമായ ഘട്ടത്തിലായിരുന്നു ലേബർ പാർട്ടിയുടെ ഈ ഇടപെടൽഎന്നാൽ അധികാരത്തിലെത്തിയ ശേഷം ലേബർ പാർട്ടി ഈ നിലപാട് തുടരുമോ എന്ന ചോദ്യമാണ് ഉയരുന്നത്. കശ്മീർ വിഷയത്തിലെ ലേബർ പാർട്ടി നിലപാട് ഇന്ത്യാ – ബ്രിട്ടൻ നയതന്ത്ര ബന്ധത്തെ ബാധിക്കുമോ എന്നതും പ്രധാനമാണ്. കൺസർവേറ്റീവ് പാർട്ടിയുടെ ഹിന്ദു വോട്ടുബാങ്ക് പ്രീണന നയത്തെ ശക്തമായി എതിർക്കുന്ന നേതാവ് കൂടിയാണ് പുതിയ പ്രധാനമന്ത്രി കിയർ സ്റ്റാർമർ. തിരഞ്ഞെടുപ്പ് പ്രാചാരണത്തിനിടെ ഒന്നിലധികം തവണ ഇക്കാര്യം സ്റ്റാർമർ പരസ്യമായി പറഞ്ഞിരുന്നു.

ദിപാവലി, ഹോളി പോലുള്ളവ ഔദ്യോഗികമായി ആഘോഷത്തിന്റെ ഭാഗമക്കിയ ഋഷി സുനക് സർക്കാറിന്റെ നടപടി ഹിന്ദുഫോബിയയാണെന്നായിരുന്നു സ്റ്റാർമറുടെ വിമർശനം. അതേസമയം ബ്രിട്ടീഷ് ജനസംഖ്യയിൽ നല്ലൊരു ഭാഗം വരുന്ന ഇന്ത്യൻ വംശജർക്കിടയിൽ വലിയ ചലനങ്ങളുണ്ടാക്കും എന്നതിനാൽ തന്നെ, അധികാരത്തിലെത്തുമ്പോൾ ലേബർ പാർട്ടി സ്വീകരിക്കുന്ന നിലപാടുകൾ മുമ്പത്തേതിനേക്കാൾ നിർണായകമാകും.

സ്വതന്ത്ര ഫലസ്തീൻ വാദം ഉയർത്തുന്ന കിയർ സ്റ്റാർമർ

ലണ്ടൻ: ഫലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിക്കണമെന്ന നിലപാടുള്ള ആളാണ് പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രി കിയർ സ്റ്റാർമർ. ഫലസ്തീൻ ജനതക്ക് നീതി ഉറപ്പാക്കുന്ന നിലപാട് ബ്രിട്ടന്റെ ഭാഗത്തു നിന്നുണ്ടാവണമെന്ന് അദ്ദേഹം നേരത്തെ ആവശ്യമുന്നയിച്ചിരുന്നു.

ശാശ്വത വെടിനിർത്തൽ നടപ്പാക്കുന്ന സമാധാന പ്രക്രിയയിൽ ഫലസ്തീനെ അംഗീകരിക്കേണ്ടി വരുമെന്നും അദ്ദേഹം നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. പരമാധികാരമുള്ള ഫലസ്തീൻ സുരക്ഷിത ഇസ്രാഈൽ എന്നതാണ് ലേബർ പാർട്ടിയുടെ നിലപാട്.

അന്ന് വാജ്പേയി, ഇന്ന് ഋഷി സുനക്; കിയർ സ്റ്റാർമറിന് മുന്നിൽ വെല്ലുവിളികൾ അനവധി

പുതുതായി തിരഞ്ഞെടുക്കപ്പെട്ട ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാർമർ ലേബർ പാർട്ടി പ്രവർത്തകരെ അഭിവാദ്യം ചെയ്യുന്നു

ലണ്ടൻ: 2004ൽ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയി 13–ാം ലോക്സഭയുടെ കാലാവധി തീരാൻ എട്ടു മാസം ബാക്കി നിൽക്കെ മന്ത്രിസഭ പിരിച്ചുവിട്ട് തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. ഇന്ത്യ ഷൈനിങ് എന്ന മുദ്രാവാക്യത്തിന്റെ തിളക്കത്തിലായിരുന്നു അത്തരമൊരു നീക്കം. എന്നാൽ അന്ന് എൻ.ഡി.എ നിലംപതിച്ചു. വൻ ഭൂരിപക്ഷത്തിൽ യു.പി.എ അധികാരത്തിലേറി. മൻമോഹൻസിങ് പ്രധാനമന്ത്രിയാവുകയും ചെയ്തു. അതേ നയം 2024–ൽ ബ്രിട്ടനിൽ ആവർത്തിക്കപ്പെട്ടപ്പോൾ ചരിത്രത്തിലെ അതേ തോൽവി ഋഷി സുനകിനും ഏറ്റുവാങ്ങേണ്ടി വന്നു. കാലാവധി പൂർത്തിയാക്കാൻ ഏഴു മാസം കൂടി ബാക്കി നിൽക്കെയാണ് സുനക് ഏവരെയും അമ്പരപ്പിച്ച് തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത്. രാജ്യത്തെ നിലംപതിച്ചിരുന്ന സാമ്പത്തിക നില ഒന്നു മെച്ചപ്പെട്ട സാഹചര്യത്തിലാണ് സുനക് ഈ അതിബുദ്ധി കാട്ടിയത്. എന്നാൽ അത് പൂർണമായും അസ്ഥാനത്താക്കുന്നതായിരുന്നു തിരഞ്ഞെടുപ്പ് ഫലം. 14 വർഷത്തെ കൺസർവേറ്റീവ് പാർട്ടിയുടെ ഭരണം അവസാനിപ്പിച്ച് ലേബർ പാർട്ടി അധികാരത്തിലേറി. ലേബർ പാർട്ടിയുടെ കിയർ സ്റ്റാർമർ പ്രധാനമന്ത്രിയാവുകയും ചെയ്തു. ബ്രിട്ടന്റെ പ്രധാമന്ത്രി കസേരയിലേറുമ്പോൾ ആഭ്യന്തരവും അന്താരാഷ്ട്രവുമായ ഒട്ടേറെ കാര്യങ്ങളാണ് സ്റ്റാർമറിനെ കാത്തിരിക്കുന്നത്. ഗസ്സക്കു നേരെയുള്ള ഇസ്രാഈൽ വംശഹത്യയും യുക്രെയിനെതിരായ റഷ്യൻ യുദ്ധവുമൊക്കെ അതിൽ പ്രധാനപ്പെട്ടവയാണ്. യൂറോപ്യൻ യൂണിയനിൽ വീണ്ടും ചേരുന്നതിനെ എതിർക്കുന്ന സ്റ്റാർമറിന്റെ നിലപാട് എങ്ങനെ ബാധിക്കുമെന്നത് പ്രവചാനീതമാണ്. ആഭ്യന്തര വിഷയങ്ങളിൽ പ്രധാനമാണ് ടാറ്റ സ്റ്റീൽ. രാജ്യത്തെ ഏറ്റവും വലിയ സ്റ്റീൽ ഉൽപാദകരായ ടാറ്റക്ക് മുൻസർക്കാറുമായുള്ള ധാരണയുടെ ഭാഗമായി സഹായം നൽകുന്ന കരാറിൽ പുതിയ സർക്കാർ ഒപ്പുവെക്കേണ്ടതുണ്ട്. അതുപോലെ കുടിവെള്ളപ്രശ്നവും ഡോക്ടർമാരുടെ പ്രശ്നങ്ങളുമെല്ലാം സ്റ്റാർമറിനു മുന്നിലെ പ്രധാന വെല്ലുവിളികളാണ്.

അവസാനിക്കാത്ത യുദ്ധവെറി

ഷുജയയിൽ നൂറിലേറെ പേരെ വധിച്ചതായി ഇസ്രാഈൽ സൈന്യം

ഗസ്സ: സൈനിക മേധാവികൾ പിന്മാറ്റത്തിന് സന്നദ്ധത അറിയിച്ചിട്ടും യുദ്ധക്കൊതി മാറാതെ ഇസ്രാഈൽ ഭരണകൂടം ഗസ്സയിൽ ആക്രമണത്തിന് ആഹ്വാനം ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 24 മണിക്കൂറിനിടെ നൂറിലധികം പേർ കൊല്ലപ്പെട്ടതായാണ് വിവരം. ഗസ്സയിലെ ഷുജയയിൽ ഇസ്രാഈൽ സൈന്യം നടത്തിയ ആക്രമണത്തിൽ നൂറിലധികം ഫലസ്തീനികൾ കൊല്ലപ്പെട്ടതായാണ് വിവരം. വടക്കൻ നഗരമായ ജബലിയയിൽ മൂന്നു കുട്ടികൾ ഉൾപ്പെടെ അഞ്ചു പേരും തെക്കൻ നഗരമായ ഖാൻ യൂനുസിൽ ദമ്പതികളും കൊല്ലപ്പെട്ടു. 200 ലധികം പേർക്ക് ഇന്നലെ പരിക്കേറ്റതായാണ് വിവരം. കൃത്യമായ കണക്കുകൾ പുറത്തുവന്നിട്ടില്ല. ഇതോടെ ഒക്ടോബർ ഏഴിന് ആരംഭിച്ച സംഘർഷത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 38100 കവിഞ്ഞതായാണ് വിവരം. 87500ലധികം പേർക്ക് പരിക്കേറ്റു.

അതിനിടെ വെടിനിർത്തൽ ചർച്ചകൾ വീണ്ടും സജീവമായി. വെടിനിർത്തൽ, ബന്ദികൈമാറ്റം എന്നിവ ചർച്ച ചെയ്യുന്നതിന് ഇസ്രാഈൽ പ്രതിനിധി സംഘത്തെ അയക്കാൻ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു സമ്മതിച്ചതായും റിപ്പോർട്ടുണ്ട്. ചർച്ചകൾക്കായി ഇസ്രാഈൽ ചാരസംഘടനയായ മൊസാദിന്റെ തലവൻ ഡേവിഡ് ബർണിയ ഖത്തറിലേക്ക് പുറപ്പെട്ടതായും ഇസ്രാഈലി മാധ്യമങ്ങളും അൽജസീറയും റിപ്പോർട്ട് ചെയ്തു. ഖത്തർ പ്രധാനമന്ത്രി മുഹമ്മദ് ബിൻ അബ്ദുറഹിമാൻ അൽത്താനിയുമായി ബർണിയ കൂടിക്കാഴ്ച നടത്തും. ബുധനാഴ്ച ബന്ദികൈമാറ്റവും വെടിനിർത്തലും സംബന്ധിച്ച് ഹമാസിൽ നിന്ന് നിർദേശങ്ങൾ ലഭിച്ചതായി കഴിഞ്ഞ ദിവസം റിപ്പോർട്ട് പുറത്തുവന്നിരുന്നു.

മൗറിറ്റാനിയയിൽ അഭയാർത്ഥി ബോട്ട് മറിഞ്ഞ് 89 മരണം

നൗഅക്ചോട്: ആഫ്രിക്കൻ രാജ്യമായ മൗറിറ്റാനിയയിൽ അഭയാർത്ഥി ബോട്ട് മറിഞ്ഞ് 89 പേർ മരിച്ചു. തെക്കുവടക്കൻ നഗരമായ എൻഡിയാഗോയിൽ നിന്ന് നാലു കിലോമീറ്റർ അകലെ തിങ്കളാഴ്ചയാണ് ബോട്ട് മറിഞ്ഞത്. 89 പേരുടെ മൃതദേഹം കണ്ടെടുത്തു.

അഞ്ചു വയസ്സുകാരിയെ ഉൾപ്പെടെ ഒമ്പതു പേരെ കോസ്റ്റ് ഗാർഡ് രക്ഷപ്പെടുത്തി. 170 പേർ മത്സ്യബന്ധനബോട്ടിലുണ്ടായിരുന്നതായാണ് വിവരം. 72 പേരെ ഇനിയും കണ്ടെത്താനുണ്ട്. സെനഗലിൽ നിന്നും ഗാംബിയയിൽ നിന്നുമായി പലായനം ചെയ്തവരാണ് ബോട്ടിലുണ്ടായിരുന്നതെന്നാണ് വിവരം. അപകടകരമായ അറ്റ്ലാന്റിക് പാതയിൽ ശക്തമായ കാറ്റും ഉയർന്ന തിരമാലയും കാരണമാണ് ബോട്ട് മറിഞ്ഞതെന്ന് അഭയാർത്ഥികൾ പറഞ്ഞു. കൂടുതൽ ആളുകൾ ഒന്നിച്ച് കയറുന്നതാണ് ഇത്തരം ബോട്ടുകൾ അപകടത്തിൽപ്പെടാൻ കാരണമെന്ന് മൗറിറ്റാനിയ സർക്കാർ വൃത്തങ്ങൾ പറഞ്ഞു. ആവശ്യത്തിന് കുടിവെള്ളം പോലും ഇത്തരം ബോട്ടുകളിലുണ്ടാവാറില്ലെന്നും ദിവസങ്ങളോളം കടലിലൂടെ യാത്ര ചെയ്താണ് പലരും അഭയം തേടുന്നതെന്നും സർക്കാർ വൃത്തങ്ങൾ അറിയിച്ചു. മുൻ ഫ്രഞ്ച് കോളനിയായ മൗറിറ്റാനിയയിൽ കുടിയേറ്റം നേരിടും കുടിയേറ്റക്കാർക്ക് മാനുഷിക സഹായം നൽകാനും 210 ദശലക്ഷം യൂറോയുടെ സാമ്പത്തിക സഹായം ഈ വർഷമാദ്യം യൂറോപ്യൻ യൂണിയൻ വാഗ്ദാനം ചെയ്തിരുന്നു. ആഫ്രിക്കയുടെ വടക്കുപടിഞ്ഞാറൻ തീരത്ത് നിന്ന് ഏകദേശം 100 കിലോമീറ്റർ അകലെ സ്പെയിനിലെ കാനറി ദ്വീപുകളിലേക്കുള്ള കുടിയേറ്റക്കാരുടെ എണ്ണത്തിൽ കുത്തനെ വർധനവുണ്ടായ സാഹചര്യത്തിലാണ് കരാർ. കഴിഞ്ഞ അഞ്ചു മാസത്തിനിടെ കടൽ മാർഗം സ്പെയിനിലേക്ക് കുടിയേറാൻ ശ്രമിക്കുന്നതിനിടെ അയ്യായിരത്തിലധികം ആളുകൾ മരിച്ചതായാണ് വിവരം. ഒരു ദിനം 33 പേർ ആളുകൾ ഇവിടെ മരിക്കുന്നുണ്ടെന്നാണ് സ്പാനിഷ് സന്നദ്ധത സംഘടനയായ കാമിനാൻഡോ ഫ്രണ്ടേറാസ് പറയുന്നത്.

'ഹരിതകം 2024' മുസ്‌ലിം ലീഗ് പരിസ്ഥിതി സംരക്ഷണ ക്യാമ്പ് തങ്ങൾ ഉദ്ഘാടനം ചെയ്യും

മലപ്പുറം: മുസ്‌ലിംലീഗ് പരിസ്ഥിതി സംരക്ഷണ സമിതി സംസ്ഥാന ക്യാമ്പ് 'ഹരിതകം 2024' മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. വയനാട് മാനന്തവാടിയിലെ മോറിമല ക്യാമ്പ് സെന്ററിലാണ് രണ്ടു ദിവസത്തെ ക്യാമ്പ്. 14 ജില്ലകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട നൂറ് പ്രതിനിധികളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ പ്രസിഡന്റായിരിക്കെ അദ്ദേഹത്തിന്റെ താൽപര്യ പ്രകാരമാണ് മുസ്‌ലിം ലീഗിന്റെ നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷണ സമിതി രൂപീകരിക്കാൻ തീരുമാനിച്ചത്. ഓരോ ലീഗ് പ്രവർത്തകനും മറ്റ് പരിപാടികൾക്കൊപ്പം പരിസ്ഥിതി സംരക്ഷണ പ്രവർത്തനം ഏറ്റെടുക്കണമെന്ന തങ്ങളുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സമൂഹത്തെ സജ്ജമാക്കുക കൂടിയാണ് ക്യാമ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്. ദേശീയ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടിയും, സംസ്ഥാന സെക്രട്ടറി പി.എം.എ. സലാമും മറ്റു നേതാക്കളും ക്യാമ്പിൽ പങ്കെടുക്കും. ദേശീയ പരിസ്ഥിതി വകുപ്പിൽ നിന്നുള്ള ഗൗതം മെഹ്റ, പ്രിയങ്ക പോർവെൻ, മറ്റു പ്രമുഖരും രണ്ടു ദിവസത്തെ ക്യാമ്പിൽ പങ്കെടുക്കുമെന്ന് സമിതി സംസ്ഥാന ഭാരവാഹികളായ കെ. കുട്ടി അഹമ്മദ്കുട്ടി, സലീം കുരുവമ്പലം, ഫൈസൽ കോട്ടയം, എ.എം. അബൂബക്കർ, ടി.കെ ഗഫൂർ എന്നിവർ അറിയിച്ചു.

വൈക്കം മുഹമ്മദ് ബഷീറിന്റെ മുപ്പതാം ചരമവാർഷിക ദിനത്തിൽ ബേപ്പൂരിലെ ബഷീറിന്റെ വസതിയായ വൈലാലിൽ നടന്ന അനുസ്മരണ ചടങ്ങ് ഡോ.എം.പി അബ്ദുസമദ് സമദാനി എം.പി ഉദ്ഘാടനം ചെയ്യുന്നു. സന്തോഷ് ജോർജ് കുളങ്ങര, അനീസ് ബഷീർ, ഡി.സി രവി, ഷാഹിന സമീപം

ബഷീർ ജീവിതവും സാഹിത്യവും തമ്മിൽ അകലം ഇല്ലാതാക്കിയ എഴുത്തുകാരൻ: സമദാനി

കോഴിക്കോട്: വൈക്കം മുഹമ്മദ് ബഷീർ ജീവിതവും സാഹിത്യവും തമ്മിലുള്ള അകലം ഇല്ലാതാക്കിയ എഴുത്തുകാരനന്ന് ഡോ.എം.പി അബ്ദുസ്സമദ് സമദാനി എം.പി. ബഷീറിന്റെ മുപ്പതാം ചരമവാർഷിക ദിനത്തിൽ ബേപ്പൂരിലെ ബഷീറിന്റെ വസതിയായ വൈലാലിൽ നടന്ന അനുസ്മരണ ചടങ്ങ്ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജീവിതത്തിന്റെ ആവിഷ്ക്കാരമാണ് സാഹിത്യമെങ്കിലും രണ്ടും തമ്മിൽ അകലമുണ്ട്. ബഷീർ ആ അകലം ഏറ്റവും കുറച്ചു കൊണ്ടുവന്നു, ജീവിതവും സാഹിത്യവും തമ്മിലുള്ള അകലം ഇല്ലാതാക്കി. വാക്കുകൾക്ക് മൗനത്തിന്റെ ശക്തിയുണ്ടെന്നും മൗനത്തിന് വാക്കുകളുടെ ശക്തിയുണ്ടെന്നും അദ്ദേഹം പഠിപ്പിച്ചു.

ബഷീർ ഗ്രന്ഥകർത്താവ് മാത്രമല്ല ഭാഷാ കർത്താവ് കൂടിയാണ്. ബഷീർ സ്വന്തം ഭാഷ ഉണ്ടാക്കി. വ്യാകരണത്തിലും നിയമത്തിനും വഴങ്ങാത്ത ഭാഷ അദ്ദേഹം സൃഷ്ടിച്ചു. ഭാഷ മനുഷ്യന്റെതാണ്എന്നായിരുന്നു ബഷീറിന്റെ അഭിപ്രായം. അക്ഷരാർത്ഥത്തിൽ വിശ്വസാഹിത്യകാരൻ എന്ന് വിളിക്കേണ്ട എഴുത്തുകാരനാണ് ബഷീറെന്ന് സമദാനി ചൂണ്ടിക്കാട്ടി. ബഷീർ എഴുതിയതൊക്കെ സാർവ്വലൗകിക വിഷയങ്ങളാണ്. ഒരു കഥയെഴുത്തുകാരൻ മാത്രമായ എഴുത്തുകാരന് 'ഭൂമിയുടെ അവകാശികൾ' എഴുതാൻ സാധിക്

ഗില്ലും സംഘവും

ആദ്യ മൽസരമിന്ന് 4–30 മുതൽ

ഹരാരേ: ഇന്ത്യൻ ക്രിക്കറ്റ് ലോകം ഒന്നടങ്കം ലോകകപ്പ് ആവേശത്തിലാണ്. രോഹിത് ശർമയും സംഘവും കപ്പ് സ്വന്തമാക്കി നാട്ടിലെത്തി ആഘോഷത്തിലുമാണ്. അതിനിടെയാണ് ഇന്ന് സിംബാബ്‌വെക്കെതിരായ ടി–20 പരമ്പര ആരംഭിക്കുന്നത്. ശുഭ്മാൻ ഗിൽ നയിക്കുന്ന ഇന്ത്യ അഞ്ച് മൽസര പരമ്പരയിലെ ആദ്യമൽസരം ഇന്ന് കളിക്കുമ്പോൾ മൈതാനത്ത് യുവ പ്രതിഭകളാണ്. ഇന്ത്യൻ പ്രീമിയർ ലീഗിൽ കരുത്ത് കാട്ടിയ റയാൻ പരാഗ്, റിഥുരാജ് ഗെയിക്‌വാദ്, റിങ്കു സിംഗ്, അഭിഷേക് ശർമ തുടങ്ങിയവരെല്ലാമാണ് കളത്തിൽ. വൈകീട്ട് 4–30 നാണ് ആദ്യ മൽസരം. നായകൻ ഗില്ലിനൊപ്പം അഭിഷേക് ശർമയായിരിക്കും ഇന്നിംഗ്സിന് തുടക്കമിടുക. വി.വി.എസ് ലക്ഷ്മണാണ് ടീമിന്റെ കോച്ച്. ടീമിൽ അംഗങ്ങളായ സഞ്ജു സാംസൺ, യശ്സവി ജയ്സ്‌വാൾ എന്നിവർ നിലവിൽ ഇന്ത്യയിലാണ്. ലോകകപ്പുമായി എത്തിയ ഇന്ത്യൻ സംഘത്തിൽ അംഗങ്ങളായ ഇരുവരും ഇന്ന് സിംബാബ്‌വേയിലേക്ക് തിരിക്കും. സഞ്ജുവിന് പകരം ജിതേഷ് ശർമയായിരിക്കും ആദ്യ രണ്ട് മൽസരങ്ങളിലെ വിക്കറ്റ് കീപ്പർ. പരമ്പരയിലെ മൂന്നാം മൽസരം മുതലായിരിക്കും ഇവർ കളിക്കാനിറങ്ങുക.

കുടുംബത്തിനൊപ്പം



ന്യൂഡൽഹി: ബാർബഡോസിൽ നിന്നും ന്യൂഡൽഹിയിലേക്ക്. ഒരു ദിവസം ദീർഘിച്ച യാത്ര. ഡൽഹിയിൽ നിന്നും പിന്നെ മുംബൈയിലേക്ക്. ഒരു മണിക്കൂർ യാത്ര. പിന്നെ തുറന്ന ബസിൽ ടീമിനും ലോകകപ്പിനുമൊപ്പം ആരാധകർക്ക് നടുവിലൂടെ ഓപ്പൺ പരേഡ്. അതിന് ശേഷം ഇന്നലെ പുലർച്ചെ വിരാട് കോഹ്‌ലി ലണ്ടനിലേക്ക് തിരിച്ചു. അദ്ദേഹത്തിന്റെ കുടുംബം അവിടെയാണ്. ലോകകപ്പ് നേട്ടത്തോടെ ടി–20 ക്രിക്കറ്റ് വിട്ട കോഹ്‌ലിക്ക് സമീപ മാസങ്ങളിൽ മൽസരങ്ങളില്ല. കുടുംബത്തോടൊപ്പം അദ്ദേഹം കൂടുതൽ സമയം ചെലവഴിക്കും. ലോകകപ്പിൽ ഫൈനലിൽ മാത്രമായിരുന്നു കോഹ്‌ലിയുടെ മികവ്. പക്ഷേ ആ മികവിലായിരുന്നു ഇന്ത്യൻ കിരീടവും. മുൻനിര വിക്കറ്റുകൾ പെട്ടെന്ന് പോയപ്പോൾ ദക്ഷിണാഫ്രിക്കൻ ബൗളിംഗിനെ കരുത്തോടെ നേരിട്ട് അർധശതകം പൂർത്തിയക്കിയ കോഹ്‌ലി ആദ്യ പന്ത് മുതൽ പത്തൊമ്പതാമത് ഓവർ വരെ ക്രീസിലുണ്ടായിരുന്നു. ഫൈനലിലെ കേമനും അദ്ദേഹമായിരുന്നു. ഡൽഹിയിൽ പ്രധാനമന്ത്രി നൽകിയ വിരുന്നിൽ ദീർഘസമയം സംസാരിച്ചതും സൂപ്പർ താരമായിരുന്നു.

ചന്ദ്രിക
സ്പോർട്സ്

പിഴവുകളിൽ *പുനരാലോചനകൾ നടത്തി തല പുകക്കാനില്ല. പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഇക്വഡോറിനെതിരായ മൽസരം അവസാനിച്ചിരിക്കുന്നു. ഇനി ഞങ്ങൾ ചിന്തിക്കുന്നത് സെമി ഫൈനലിനെക്കുറിച്ച് മാത്രമാണ്. ആരോഗ്യ പ്രയാസങ്ങളില്ല. ഏഴ് ദിവസത്തോളം കളിക്കാതിരുന്നു. അതൊന്നും ഗെയിമിനെ ബാധിക്കില്ല. ഇപ്പോൾ ആരോഗ്യ പ്രശ്നങ്ങളില്ല. ടീം അടുത്ത വേദിയിലേക്ക് പോവുന്നു. അടുത്ത മൽസരത്തിനായി തയ്യാറെടുക്കുന്നു. എമി (മാർട്ടിനസ്) എന്നും മികവ് കാട്ടാറുണ്ട്. അദ്ദേഹത്തിന്റെ കരുത്തിൽ ആർക്കും അവിശ്വാസമില്ല*

–ലിയോ മെസി

www.chandrikadaily.com

BREAKING ടി–20 ലോകകപ്പ് സ്വന്തമാക്കി മുംബൈയിലെ വീട്ടിലെത്തിയ രോഹിത് ശർമക്ക് നാട്ടുകാരുടെ വകയും ഗംഭീര സ്വീകരണം

ഇന്ന്

കോപ്പ അമേരിക്ക
ക്വാർട്ടർ ഫൈനൽ
വെനിസ്വേല–കാനഡ
(രാവിലെ 6–30)
കൊളംബിയ–പാനമ
(നാളെ പുലർച്ചെ 3–30)
ബ്രസീൽ–യുറഗ്വായി
(നാളെ രാവിലെ 6–30)
ലൈവ് ഇല്ല

വിംബിൾഡൺ
റൗണ്ട് മൂന്ന്
(ഉച്ചക്ക് 3–00 മുതൽ)
സ്റ്റാർ സ്പോർട്സ്,
ഡിസ്നേ ഹോട്ട്സ്റ്റാർ
ലൈവ്

യൂറോ 2024
ക്വാർട്ടർ ഫൈനൽ
ഇംഗ്ലണ്ട്–സ്വിറ്റ്സർലൻഡ്
(രാത്രി 09–30)
നെതർലൻഡ്സ്–
തുർക്കിയേ
(രാത്രി 12–30)
സോണി സ്പോർട്സ്
സോണി ലിവ്

ഇന്ത്യ–
സിംബാബ്‌വെ
ടി–20 പരമ്പര
ആദ്യ മൽസരം
വൈകീട്ട് 4–30 മുതൽ
സോണി സ്പോർട്സ്
ലൈവ്

രക്ഷകൻ എമി

അർജന്റീന രക്ഷപ്പെട്ടു

ഹൂസ്റ്റൺ; ഒരിക്കൽ കൂടി ഗോൾക്കീപ്പർ എമിലിയാനോ മാർട്ടിനസ് അർജൻറീനക്കാരുടെ മാനം കാത്തു. സൂപ്പർ താരം ലിയോ മെസി ഷൂട്ടൗട്ടിലെ ആദ്യാവസരം തന്നെ നഷ്ടമാക്കിയ കാഴ്ച്ചയിൽ മാർട്ടിനസിന്റെ കരങ്ങൾ ഇക്വഡോറിന്റെ അട്ടിമറി മോഹത്തിന് വിലങ്ങായി. നിശ്ചിത സമയത്ത് 1–1 ൽ അവസാനിച്ച മൽസരം നേരെ ഷൂട്ടൗട്ടിലേക്ക് പോയപ്പോൾ ഇക്വഡോറുകാരുടെ ആദ്യ രണ്ട് കിക്കും കുത്തി പുറത്താക്കിയ കാവൽക്കാരൻ കളം നിറഞ്ഞ കാഴ്ച്ചയിൽ നിലവിലെ ചാമ്പ്യന്മാർ മാനക്കേടിൽ നിന്നും രക്ഷപ്പെട്ടു. മൽസരത്തിന്റെ തുടക്കത്തിൽ ലിസാൻഡ്രോ മാർട്ടിനസിന്റെ അവസരോചിത ഗോളിൽ ലീഡ് നേടിയ ലോക ചാമ്പ്യന്മാർ പിന്നെ അലസരായി. ഇക്വഡോറുകാരാവട്ടെ ശാരീരിക ഫുട്ബോളിലെ മികവ് പ്രയോഗിച്ച് പെനാൽട്ടി നേടിയപ്പോൾ ഗ്യാലറിയിലെ ലോക ചാമ്പ്യന്മാരുടെ ആരാധകർ ഞെട്ടി. എന്നാൽ വലൻസിയ പായിച്ച ദുർബലമായ ഷോട്ട് ഇടത് പോസ്റ്റിൽ തട്ടി പുറത്തേക്ക് പോയപ്പോൾ ഭാഗ്യം ആകാശനീലക്കാർക്കൊപ്പമാണെന്ന് തോന്നി. പോരാട്ടം മറക്കാതെ പൊരുതിയ ഇക്വഡോറുകാർ ഇഞ്ചുറി ടൈമിൽ മാർട്ടിനസ് കാത്ത വലയിൽ പന്ത് എത്തിച്ചപ്പോൾ അർജന്റീന ഞെട്ടി. കോപ്പയിലെ നിയമപ്രകാരം ഫൈനലിൽ മാത്രമാണ് അധികസമയ അങ്കം. ഷൂട്ടൗട്ടിൽ കണ്ടതും ഞെട്ടിക്കുന്ന കാഴ്ച്ച. പരുക്ക് കാരണം കളിക്കില്ലെന്ന് കരുതിയ ഇതിഹാസ താരം മെസി ആദ്യ കിക്ക് സുന്ദരമായാണ് പായിച്ചത്. പക്ഷേ പ്ലേസിംഗ് കിക്ക് ബാറിൽ തട്ടി പുറത്ത് പോയി. ഇതോടെ ഇക്വഡോറുകാർക്ക് മേൽകൈ വന്നു. അവിടെയാണ് എമിലിയാനോ വിസ്മയമായത്. ഇക്വഡോറുകാരുടെ ആദ്യ കിക്കെടുക്കാൻ വന്നത് അവരുടെ സൂപ്പർ താരം മെന. പക്ഷേ ഷോട്ട് മാർട്ടിനസിന്റെ ഗ്ലൗസിൽ തട്ടി പറന്നു. അൽവാരസ് അർജന്റീനയുടെ രണ്ടാം കിക്ക് ഗോളാക്കുന്നു. എന്നാൽ ഇക്വഡോറിന്റെ അലൻ മിൻഡക്ക് പിഴച്ചു. ഇതോടെ അർജൻറീന 2–0 ലീഡ് നേടി. അലക്സി മാക് അലിസ്റ്റർ, മോൺടിയൽ എന്നിവർ അർജന്റീനക്കായി ലക്ഷ്യം കണ്ടപ്പോൾ ജോൺ യെബോ, ജോർദി സൈസിദോ എന്നിവരും ഇക്വഡോറുകാർക്കായി ലക്ഷ്യത്തിലെത്തി. ഇതോടെ നിക്കോളാസ് ഓട്ടോമെൻഡിയുടെ നാലാം കിക്ക് നിർണായകമായി. അനുഭവ സമ്പന്നായ താരത്തിന് പിഴച്ചില്ല.

പന്തിനെ റാഞ്ചുന്ന കിരീടം

ഫ്ളോറിഡ: ആജാക്സ്ബാഹു. ഗോൾ ലൈനിൽ പന്ത് വിടർത്തി നിൽക്കുന്ന കൂറ്റനെ കാണുമ്പോൾ തന്നെ കിക്കെടുക്കാൻ വരുന്നവരുടെ ഊർജ്ജം ഇല്ലാതാവും. പന്തിനൊപ്പം പറക്കുന്ന ചിറകാണ് ആ കൈകൾ. അത് കണ്ട് പേടിച്ചവരുടെ എണ്ണം ചെറുതല്ല. ഇന്നലെ ഇക്വഡോറുകാരായ മെനക്കും അലൻ മിൻഡക്കും ഇത് തന്നെയാണ് സംഭവിച്ചത്. എമിലിയാനോ മാർട്ടിനസ് എന്ന 31– കാരനോട് ഒരിക്കൽ കൂടി അർജന്റീന നന്ദി പറഞ്ഞ ദിവസമായിരുന്നു ഇന്നലെ. ഖത്തർ ലോകകപ്പിൽ, കഴിഞ്ഞ കോപ്പയിലെല്ലാം മാർട്ടിനസിന്റെ കരങ്ങളുടെ കരുത്തിലാണ് അർജന്റീന രക്ഷപ്പെട്ടത്. ദേശീയ ജഴ്സിയിൽ അദ്ദേഹം 24 പെനാൽട്ടി കിക്കുകൾ ഇതിനകം അഭിമുഖീകരിച്ചപ്പോൾ ഒമ്പതും രക്ഷപ്പെടുത്തി. ഇവയെല്ലാം നിർണായക മൽസരങ്ങളിലായിരുന്നു. ഖത്തർ ലോകകപ്പിലായിരുന്നു മാർട്ടിനസ് വിസ്മയം. നെതർലൻഡ്സിനെതിരായ ക്വാർട്ടർ ഷൂട്ടൗട്ടിലേക്ക് നീങ്ങിയപ്പോൾ രണ്ട് കിക്കുകളാണ് അദ്ദേഹം രക്ഷപ്പെടുത്തിയത്.

ഫ്രാൻസിനെതിരായ ഫൈനലങ്കം ഷൂട്ടൗട്ടിലേക്ക് നീങ്ങിയപ്പോൾ ലുസൈൽ മൈതാനത്ത് വിസ്മയമായത് ആ കരങ്ങളായിരുന്നു. ഫ്രഞ്ച് താരം കിംഗ്സ് ലേ കോമാന്റെ കിക്ക് മാർട്ടിനസ് കുത്തിയകറ്റി. ചൗമേനിയുടെ ഷോട്ട് പുറത്തേക്ക് പോയി. ഇവിടെയായിരുന്നു കിരീടമെത്തിയത്. 2021 ൽ അർജന്റീന കിരീടം സ്വന്തമാക്കിയ കോപ്പയിൽ സെമിഫൈനലിൽ അർജന്റീന ജയിച്ചുകയറിയതും മാർട്ടിനസിന്റെ കരങ്ങളുടെ കരുത്തിലായിരുന്നു. 3–2ന് വിജയിച്ച മൽസരത്തിൽ മൂന്ന് പെനാൽട്ടി കിക്കുകളായിരുന്നു ഗോൾക്കീപ്പർ രക്ഷപ്പെട്ടത്.

ബ്രസീലിന് ഹൈപ്പർ ടെൻഷൻ

ഫ്ളോറിഡ: അർജന്റീനക്കാർ ഗോൾക്കീപ്പർ എമിലിയാനോ മാർട്ടിനസിന്റെ മികവിൽ പുറത്താവാതെ രക്ഷപ്പെട്ടു. ഇനി ബ്രസീലിന്റെ ഊഴമാണ്. നാളെ രാവിലെ 6–30 നാണ് മഞ്ഞപ്പടക്കാരുടെ ക്വാർട്ടർ. പ്രതിയോഗികൾ ശക്തരായ യുറഗ്വായി. കളിച്ച മൂന്ന് മൽസരങ്ങളിലും പ്രതീക്ഷ കാക്കാത്തവരാണ് കാനറികൾ. കോസ്റ്റാറിക്കക്കെതിരെ സമനിലയിൽ കുരുങ്ങിയ ടീം പരാഗ്വേക്കെതിരെ മാത്രമാണ് വിജയിച്ചത്. കൊളംബിയക്കെതിരെയും സമനിലയിൽ കുരുങ്ങിയ സംഘത്തിന് ക്വാർട്ടറിലെ വലിയ പ്രശ്നം മുൻനിരക്കാരൻ വിനീഷ്യസ് ജൂനിയറിന്റെ അഭാവമായിരിക്കും. സ്പാനിഷ് ലാലീഗയിൽ റയൽ മഡ്രിഡിനായി മിന്നാറുള്ള മുൻനിരക്കാരൻ പരാഗ്വേക്കെതിരെ ഡബിളടിച്ച് ഫോം തെളിയിച്ചിരുന്നു. എന്നാൽ തുടർച്ചയായി രണ്ട് മൽസരങ്ങളിൽ മഞ്ഞക്കാർഡ് കണ്ടതിനാൽ നാളെ അദ്ദേഹം പുറത്താണ്. വിനീഷ്യസിന് പകരം ആർക്കാവും കോച്ച് അവസരം നൽകുക എന്നത് വ്യക്തമല്ല. യുറഗ്വായി നന്നായി കളിക്കുന്നവരാണ് നുനോ ഡാർവിനും സംഘവും. ഒപ്പം അനുഭവ സമ്പന്നനായ ലൂയിസ് സുവാരസുമെല്ലാം. എല്ലാ കളികളും വിജയിച്ച ആത്മവിശ്വാസമാണ് അവർ പ്രകടിപ്പിക്കുന്നത്. നാളെ പുലർച്ചെ നടക്കുന്ന ആദ്യ ക്വാർട്ടറിൽ കൊളംബിയക്ക് പാനമ വെല്ലുവിളിയാവാൻ സാധ്യതയില്ല. അമേരിക്ക ഉൾപ്പെടുന്ന ഗ്രൂപ്പിൽ നിന്നാണ് പാനമയുടെ വരവെങ്കിലും കൊളംബിയക്കാർ അതിവേഗം കളിക്കുന്നവരാണ്. അവരുടെ വേഗതക്കൊപ്പം കുതിക്കാൻ മാത്രം പാനമ വളർന്നിട്ടില്ല.

തറവാട് തകരുമോ..?

ഡുസൽഡോർഫ്: യൂറോയിൽ ഇന്ന് ഇംഗ്ലീഷ് ടെൻഷൻ. തപ്പിതടയുന്ന ഇംഗ്ലണ്ടിനെതിരെ വരുന്നത് വേഗക്കാരായ സ്വിറ്റ്സർലൻഡ്. ഫുട്ബോൾ തറവാട്ടുകാർ സ്വന്തം വീട് സംരക്ഷിക്കുമോ എന്നതാണ് ചോദ്യം. തറവാട് തകരുമെന്നാണ് പ്രവചനങ്ങൾ. യൂറോയിലെ മൂന്നാംക്വാർട്ടറിൽ ഇന്ന് സ്വിസ് വിജയമാണ് പന്തയക്കാരും പറയുന്നത്. താരബലത്തിൽ ഇംഗ്ലണ്ട് ബഹുദൂരം മുന്നിലാണെങ്കിലും പ്രാഥമിക റൗണ്ടിലെ ദയനീയത ടീമിനെ കാര്യമായി ബാധിക്കുന്നുണ്ട്. ഗ്യാരത്ത് സൗത്ത്ഗെയിറ്റിന്റെ സംഘത്തിന് ഇന്നത്തെ അങ്കത്തിൽ ഇംഗ്ലീഷ് പ്രമുഖർ പോലും സാധ്യത കൽപ്പിക്കുന്നില്ല. ഗ്രൂപ്പിൽ നിന്ന് ആദ്യ മൽസരം മുതൽ ഹാരി കെയിനും സംഘവും തപ്പിതടയുകയായിരുന്നു. സെർബിയക്കെതിരെ ഒരു ഗോൾ വിജയം. രണ്ടാം മൽസരത്തിൽ ഡെന്മാർക്കിനെതിരെ 1–1 സമനില. മൂന്നാം മൽസരത്തിൽ സ്ലോവേനിയക്കെതിരെയും സമനില. പ്രീക്വാർട്ടറിൽ സ്ലോവാക്യക്കെതിരെ ഭാഗ്യത്തിന് മാത്രം രക്ഷപ്പെട്ടു. മുൻനിരക്കാരാണ് ടീമിന് തലവേദന. ഹാരി കെയിനും ജുഡ് ബെല്ലിങ്ഹാമും ഫിൽ ഫോദാനുമെല്ലാം ഗോൾ മുഖത്ത് ഫിനിഷിംഗ് മറക്കുന്നു. മധ്യനിരക്കാർ കഠിനാദ്ധ്വാനത്തിലൂടെ നൽകുന്ന പന്തുകൾ പെനാൽട്ടി ബോക്സ് വരെയെത്തി മടങ്ങുന്നു. ഇതിന് പരിഹാരം കാണാതെ മുന്നേറാനാവില്ലെന്ന കാര്യത്തിൽ സൗത്ത്ഗെയിറ്റിനും സംശയങ്ങളില്ല. സ്വിസുകാരാവട്ടെ നഷ്ടപ്പെടാൻ ഒന്നുമില്ലാത്തവരാണ്. ആദ്യ മൽസരത്തിൽ ഹംഗറിയെ 3–1ന് തകർത്ത് തുടങ്ങിയ ഷെർദാൻ ഷാക്കിരിയും സംഘവും സ്ക്കോട്ട്‌ലൻഡിനെതിരെ സമനിലയിൽ കുരുങ്ങിയിരുന്നു. അവസാന മൽസരത്തിൽ കരുത്തരായ ജർമനിക്കെതിരെ 1–1 സമനില നേടിയ സ്വിസുകാർ ഏറ്റവും മികച്ച മൽസരം കാഴ്ച്ചവെച്ചത് പ്രീക്വാർട്ടറിൽ നിലവിലെ ജേതാക്കളായ ഇറ്റലിക്കെതിരെയായിരുന്നു. രണ്ട് ഗോളിന് ജയിച്ച സ്വിസുകാരുടെ ഇന്നത്തെ ആവേശം ഈ വിജയമാണ്.

സസ്പെൻഷൻ, ജൂഡിന് കളിക്കാം

മ്യൂണിച്ച്:യൂറോ പ്രീക്വാർട്ടറിൽ സ്ലോവാക്യക്കെതിരെ ഗോൾ നേടിയതിന് ശേഷം അശ്ലീല ആംഗ്യം കാണിച്ച കുറ്റത്തിന് ഒരു മൽസര സസ്പെൻഷൻ ലഭിച്ച ഇംഗ്ലീഷ് സൂപ്പർ താരം ജൂഡ് ബെല്ലിങ്ഹാമിന് ഇന്ന് ക്വാർട്ടർ കളിക്കാം. ഒരു വർഷ കാലയളവിനിടെ സസ്പെൻഷൻ പ്രാബല്യത്തിൽ വന്നാൽ മതി. പ്രീക്വാർട്ടർ പോരാട്ടത്തിൽ ഇംഗ്ലണ്ട് ഒരു ഗോളിന് തോറ്റ് നിൽക്കവെ ഇഞ്ചുറി സമയത്തിന്റെ അവസാനത്തിലായിരുന്നു ബൈസിക്കിൾ കിക്കിൽ നിന്നും ബെല്ലിങ്ഹാം സമനില നേടിയത്. ഈ ഗോൾ ആഹ്ലാദത്തിനിടെ സ്ലോവാക്യൻ ബെഞ്ച് നോക്കി അദ്ദേഹം കാണിച്ച അശ്ലീല ആംഗ്യം അംഗീകരിക്കാൻ കഴിയില്ല എന്ന് വ്യക്തമാക്കിയാണ് യുവേഫ അച്ചടക്ക സമിതി ഒരു മൽസര വിലക്കും 30,000 യൂറോ പിഴയും വിധിച്ചത്.

ഷൂട്ടൗട്ടിൽ ഇക്വഡോറിന്റെ രണ്ടാം കിക്കും രക്ഷപ്പെടുത്തിയ വേളയിൽ നൃത്തം ചെയ്യുന്ന എമിലിയാനോ മാർട്ടിനസ്

ഓറഞ്ച് തുർക്കിക്ക് വേണ്ട

ബെർലിനിൽ കിടിലനങ്കം

ബെർലിൻ: നെതർലൻഡ്സിന് സമ്മർദ്ദമുണ്ട്. തുർക്കിയേക്ക് അതില്ല. യൂറോയിൽ അവസാന ക്വാർട്ടർ ഇന്ന് പുലർച്ചെ നടക്കുമ്പോൾ താരബലത്തിൽ ഡച്ചുകാരാണെങ്കിൽ നഷ്ടപ്പെടാൻ ഒന്നുമില്ലാത്തവന്റെ വീര്യമാണ് തുർക്കിയേക്കാർക്ക്. അസാമാന്യ മികവാണ് തുർക്കിയേക്കാർ യൂറോയിൽ കാഴ്ച്ചവെച്ചത്. അതാണ് നെതർലൻഡ്സിനെ പേടിപ്പിക്കുന്നതും. ഗോളടിക്കാരായ കോഡി ഗാക്പോയും മെംഫിസ് ഡിപ്പേയുമെല്ലാം ഫോമിലേക്ക് വന്ന അവസാന മൽസരമാണ് റൊണാൾഡ് കൂമാൻ എന്ന പരിശീലകൻ ഉയർത്തി കാണിക്കുന്നത്. റുമേനിയക്കെതിരായ പ്രീക്വാർട്ടർ പോരാട്ടത്തിൽ മൂന്ന് ഗോളിനായിരുന്നു ഡച്ച് വിജയം. ഗാക്പോയും മലാനും ഡിപ്പേയുമെല്ലാം തകർത്ത് കളിച്ച മൽസരം. പഴയ ഓറഞ്ച് വീര്യം കണ്ട അങ്കം. പക്ഷേ അതിലൊന്നും ഭയപ്പെടാത്തവരാണ് തുർക്കിക്കാർ. കളിച്ച നാലിൽ മൂന്ന് മൽസരങ്ങളിലും ആധികാരിക വിജയം. പോർച്ചുഗലിനെ മറിച്ചിട്ട ജോർജ്ജിയക്കാരുടെ വലയിൽ മൂന്ന് തവണയാണ് തുർക്കിയേക്കാർ പന്ത് എത്തിച്ചത്. എന്നാൽ പോർച്ചുഗലുകാരോട് മൂന്ന് ഗോൾ വാങ്ങി തോറ്റുപോയി. ഈ തോൽവി മറന്ന് ഗ്രൂപ്പിലെ അവസാന മൽസരത്തിൽ ചെക്കിയയെ 2–1 ന് വീഴ്ത്തി. പ്രീക്വാർട്ടറിൽ ഓസ്ട്രിയക്കെതിരെ 2–1 വിജയം. ഇന്നും അട്ടിമറിക്കുള്ള കരുത്ത് ടീമിനുണ്ടെന്നാണ് പരിശീലകനും താരങ്ങളും പറയുന്നത്. ആരെയും കൂസാത്ത തുർക്കിയേ ശൈലിയാണ് ഡച്ചുകാർക്ക് പേടി. ആർദ ഗുലാർ എന്ന യുവതാരമായിരിക്കും ഇന്ന് ഡച്ചുകാർക്ക് ഭീഷണി. അപാര മികവിലാണ് നാല് മൽസരങ്ങളിലും തുർക്കി മെസി എന്ന വിളിപ്പേരുള്ള റയൽ മാഡ്രിഡുകാരൻ കളിച്ചത്. ഗോളുകൾ അധികമില്ലെങ്കിലും വിംഗുകളിലൂടെയുള്ള യുവതാരത്തിന്റെ പറക്കലാണ് പലപ്പോഴും തുർക്കിയേ ഗോളിൽ കലാശിക്കാറ്.

സ്പാനിഷ് വസന്തം

ജർമനി പുറത്ത്

സ്റ്റുട്ട്ഗർട്ട്: പ്രതീക്ഷിക്കപ്പെട്ടത് പോലെ തന്നെ യൂറോയിലെ ക്ലാസ് ക്വാർട്ടറിൽ സ്പെയിൻ. അധിക സമയത്തേക്ക് പോയ പോരാട്ടത്തിൽ സബ്സ്റ്റിറ്റ്യൂട്ട് താരം മെറിനയുടെ ഗോളിൽ 2–1 നാണ് സ്പെയിൻ വിജയിച്ചത്. നിശ്ചിത സമയ മൽസരം 1–1 ലായിരുന്നു. ഡാനി ഒൽമോയുടെ ഗോളിൽ സ്പെയിൻ ലീഡ് നേടിയപ്പോൾ 89–ാം മിനുട്ടിൽ റിറ്റ്സിലുടെ ജർമനി ഒപ്പമെത്തി. തുടർന്നായിരുന്നു മൽസരം അധികസമയത്തേക്ക് പോയത്. ആദ്യ പകുതിയിൽ കണ്ടത് സ്പാനിഷ് കുതിപ്പായിരുന്നു. പക്ഷേ കഴിഞ്ഞ മൽസരങ്ങളിൽ കണ്ട മൂർഛയും കൃത്യതയും കുറവായിരുന്നു. തുടക്കത്തിൽ തന്നെ പെദ്രിയെ പരുക്കിൽ നഷ്ടമായത് അവരുടെ മധ്യനിരയെ ബാധിച്ചു. ടോണി ക്രൂസിന്റെ ഫൗളിലായിരുന്നു ഏഴാം മിനുട്ടിൽ തന്നെ പെദ്രി പുറത്തായത്. അദ്ദേഹത്തിന് പകരം ഡാനി ഒൽമോ രംഗത്തിറങ്ങി. അൽപ്പം പരുക്കനായിരുന്നു ജർമൻ ലൈൻ. ക്രൂസ് മാത്രമല്ല അന്റോണിയോ റൂഡിഗറും പരുക്കനായിരുന്നു. തുടക്കത്തിൽ തന്നെ അദ്ദേഹത്തിന് മഞ്ഞയും കിട്ടി. ഇതോടെ ടീം മുന്നേറിയാൽ തന്നെ സെമി ഫൈനൽ ആ പ്രതിരോധനിരക്കാരന് നഷ്ടമാവും. അവസാന മൽസരത്തിലും അദ്ദേഹം ബുക്ക് ചെയ്യപ്പെട്ടിരുന്നു. സ്വന്തം കാണികളുടെ പിൻബലത്തിലും ജർമനി നിറം മങ്ങി. ജമാൽ മുസിയാല എന്ന മുൻനിരക്കാരന് പലപ്പോഴും പന്ത് തന്നെ കിട്ടിയില്ല. ആദ്യ നാല് മൽസരങ്ങളിൽ നിന്ന് മൂന്ന് ഗോളുകൾ സ്വന്തമാക്കിയ 21– കാരന് പന്ത് നൽകേണ്ടവർ മധ്യനിരക്കാരായിരുന്നു. പക്ഷേ ക്രൂസും നായകൻ ഗുൻഡഗോനും സ്പാനിഷ് മുൻനിരക്കാരെ തടയുന്നതിരക്കിൽ സ്വന്തം സ്ട്രൈക്കർക്ക് പന്ത് നൽകാൻ മറന്നു. കായ് ഹാവർട്സും നോട്ടപ്പുള്ളിയായി. ആദ്യ 45 മിനുട്ടിൽ അപകടകരമായ ഷോട്ടുകൾ കണ്ടതേയില്ല. നിക്കോ വില്ല്യംസ് ഇടത് വിംഗിലെ സ്പാനിഷ് പുലിക്കുട്ടിയായിരുന്നുവെങ്കിൽ അദ്ദേഹത്തിന് ജർമൻ പ്രതിരോധം ഫ്രീ സ്പേസ് നൽകിയതേയില്ല. ലാമിനേയമ്മലും മങ്ങി. കളിച്ച കാഴ്ച്ചയിൽ ജർമൻ ഗോൾക്കീപ്പർ മാനുവൽ ന്യൂയറിന് വലിയ ജോലിയുണ്ടായിരുന്നില്ല. സ്പാനിഷ് ഗോൾക്കീപ്പർ ഉനൈ സിമോണിനും വലിയ വെല്ലുവിളി ഉണ്ടായില്ല. രണ്ടാം പകുതിയിൽ ഡാനി ഒൽമോ ജർമൻ വല ചലിപ്പിച്ചു. യമാൽ വലത് വിംഗിൽ നിന്നും നൽകിയ സുന്ദരമായ ക്രോസ് ഒൽമോ ഉപയോഗപ്പെടുത്തി. ചാമ്പ്യൻഷിപ്പിൽ യുവതാരത്തിന്റെ രണ്ടാമത് ഗോൾ. പിറകിലായതിന് ശേഷമായിരുന്നു ജർമനി ഉണർന്നത്. അവസാനത്തിൽ സബ്സ്റ്റിറ്റ്യൂട്ട് റിറ്റ്സിലുടെ ജർമനി മാനം കാത്തു. മുസിയാലയുടെ ഷോട്ട് സ്പാനിഷ് ഡിഫൻഡർ കുർകുറെയുടെ കൈകളിലാണ് തട്ടിയത്. പക്ഷേ റഫറി ജർമൻ അപ്പീൽ അനുവദിച്ചില്ല. പക്ഷേ ഷൂട്ടൗട്ടിലേക്ക് പോവുന്ന ഘട്ടത്തിലായിരുന്നു മെറിനോയുടെ വിജയ ഗോൾ വന്നത്.

സ്പാനിഷ് ഗോൾ നേടിയ ഡാനി ഒൽമോയുടെ ആഹ്ലാദം. പിറകിൽ നായകൻ അൽവാരോ മൊറാത്ത

എം.ബി.എ. പ്രവേശനം

ആലപ്പുഴ: പുന്നപ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിൽ ദ്വിവത്സര ഫുൾടൈം എം.ബി.എ. പ്രോഗ്രാമിലേക്ക് പ്രവേശനം നടത്തുന്നതിന്റെ ഭാഗമായി ജൂലൈ ഒമ്പതിന് രാവിലെ 10ന് ഗ്രൂപ്പ് ഡിസ്കഷനും കൂടിക്കാഴ്ചയും നടത്തും. ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, ലോജിസ്റ്റിക് എന്നിവയിൽ ഡ്യൂവൽ സ്പെഷ്യലൈസേഷന് അവസരമുണ്ടാകും. ഫിഷറീസ് വിഭാഗക്കാർക്കും എസ്.സി/എസ്.ടി., ഒ.ബി.സി. വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കും. 50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. ഫോൺ 0477 2267602, 9188067601.

ഭാഗ്യക്കുറി ക്ഷേമനിധി: മസ്റ്ററിംഗ് നടത്തണം

ആലപ്പുഴ: 2023 ഡിസംബർ 31 വരെ സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ആലപ്പുഴ ജില്ല ക്ഷേമനിധി ഓഫീസിലെ ഗുണഭോക്താക്കൾ ജൂൺ 25 മുതൽ ഓഗസ്റ്റ് 24 വരെ അക്ഷയ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തണം. നിലവിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന 2024 ജൂൺ 25ന് മുൻപ് മസ്റ്ററിംഗ് ചെയ്ത ഗുണഭോക്താക്കളും പെൻഷൻ തുടർന്ന് ലഭിക്കുന്നതിനായി മസ്റ്ററിംഗ് നടത്തണം. മസ്റ്ററിംഗ് നടത്താൻ കഴിയാത്തവർ ജില്ല ഭാഗ്യക്കുറി ഓഫീസിൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകണം.

പരിശീലനം

ആലപ്പുഴ: എസ്.ബി.ഐ.യുടെ കലവൂർ, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിൽ പത്ത് ദിവസത്തെ ഫാസ്റ്റ് ഫുഡ് കോഴ്സിൽ പരിശീലനം നൽകുന്നു. താൽപര്യമുള്ള 18 നും 45 നുമിടയിൽ പ്രായമുള്ളവർ ജൂലൈ 11ന് രാവിലെ 10.30 ന് പരിശീലന കേന്ദ്രത്തിൽ നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് എത്തണം.

പൊതുവാർത്തകൾ

കുടിവെള്ള പൈപ്പ് ലൈൻ പൊട്ടൽ: പരാതി നൽകാം

ആലപ്പുഴ: ദേശീയപാത വികസനവുമായും സിറ്റി ഗ്യാസ് പൈപ്പ് ലൈനിന്റെ പ്രവൃത്തി മൂലവും കുടിവെള്ള പൈപ്പ്ലൈൻ വ്യാപകമായി പൊട്ടുന്നുണ്ട്. ഇത് നന്നാക്കാനുള്ള ഉത്തരവാദിത്വം ജോലികൾ ചെയ്യുന്ന കരാറുകാരിൽ നിക്ഷിപ്തമാണെന്ന് വാട്ടർ അതോറിറ്റി സപ്ലൈ പ്രോജക്ട് സെക്ഷൻ അസി. എഞ്ചിനിയർ അറിയിച്ചു. ഇതിന്റെ മറവിൽ ചില പ്ലംബർമാരും വാട്ടർ അതോറിറ്റി കരാറുകാരും പൈപ്പ് ലൈൻ വലിയ തുക ആവശ്യപ്പെടന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ വാട്ടർ അതോറിറ്റി ഉപഭോക്താക്കൾക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതും പരാതികൾ രേഖാമൂലം നൽകാവുന്നതുമാണ്.

തൃക്കുന്നപ്പുഴയിൽ വെസ്റ്റ് നൈൽ പനി

കൊതുകിന്റെ ഉറവിട നശീകരണം പ്രധാനം

ആലപ്പുഴ: ജില്ലയിൽ വെസ്റ്റ് നൈൽ പനി സ്ഥിരീകരിച്ചു. രോഗം കണ്ടെത്തിയ ചെയ്ത സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ജില്ല മെഡിക്കൽ ഓഫീസർ(ആരോഗ്യം) അറിയിച്ചു. തൃക്കുന്നപ്പുഴയിൽ നിന്നാണ് കേസ് റിപ്പോർട്ട് ചെയ്തത്. രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രദേശത്ത് രോഗ നിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും നടന്നു.വെസ്റ്റ് നൈൽ പനി പ്രതിരോധിക്കാൻ കൊതുക് നിവാരണവും ഉറവിട നശീകരണവും പ്രധാനമാണ്. ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കണം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. വെള്ളം കെട്ടിനിൽക്കാതെ നോക്കണം. ജില്ലയിൽ കഴിഞ്ഞ വർഷവും വെസ്റ്റ് നൈൽ കേസ് റിപ്പോർട്ട് ചെയ്തിരുന്നു. നിലവിൽ ആശങ്കപ്പെടേണ്ട കാര്യമില്ല. പനിയോ മറ്റ് രോഗലക്ഷണങ്ങളോ ഉണ്ടെങ്കിൽ ഉടൻ ചികിത്സ തേടണമെന്നും ആരോഗ്യ വകുപ്പ് അറിയിച്ചു.ക്യൂലക്സ് കൊതുക് പരത്തുന്ന പകർച്ചവ്യാധിയാണ് വെസ്റ്റ് നൈൽ. ജപ്പാൻ ജ്വരത്തിന് സമാനമായ രോഗ ലക്ഷണങ്ങളോടെയാണ് വരുന്നത്. എന്നാൽ ജപ്പാൻ ജ്വരത്തെ പോലെ രോഗം ഗുരുതരമാകാറില്ല. ശുദ്ധജലത്തിലും വെള്ളം, കെട്ടിക്കിടക്കുന്ന ഇടങ്ങളിലും ക്യൂലക്സ് കൊതുക് മുട്ടയിട് പെരുകും. ഈ പനി മുതിർന്നവരിലാണ് കൂടുതലായും കാണുന്നത്.

രോഗലക്ഷണങ്ങൾ

തലവേദന, പനി, പേശിവേദന, തലചുറ്റൽ, ഓർമ്മ നഷ്ടപ്പെടൽ എന്നിവ പ്രധാന രോഗലക്ഷണങ്ങൾ. രോഗബാധയുണ്ടായ ഭൂരിഭാഗം പേരിലും പലപ്പോഴും രോഗലക്ഷണങ്ങൾ പ്രകടമായി അനുഭവപ്പെടാറില്ല.

ചിലർക്ക് പനി, തലവേദന, ഛർദ്ദി, ചൊറിച്ചിൽ തുടങ്ങിയ ലക്ഷണങ്ങൾ കാണാം. ഒരു ശതമാനം ആളുകളിൽ തലച്ചോറിനെ ബാധിക്കുന്നതുമൂലം ബോധക്ഷയവും ചിലപ്പോൾ മരണം വരെയും സംഭവിക്കാം. എന്നാൽ ജപ്പാൻ ജ്വരത്തെ അപേക്ഷിച്ച് താരതമ്യേന മരണ നിരക്ക് കുറവാണ്.

രോഗപ്രതിരോധവും ചികിത്സയും

പ്രതിരോധമാണ് പ്രധാനം. കൊതുകുകടി എൽക്കാതിരിക്കുകയാണ് എറ്റവും നല്ല പ്രതിരോധ മാർഗം. ശരീരം മൂടുന്ന വിധത്തിൽ വസ്ത്രം ധരിക്കുക, കൊതകു വല ഉപയോഗിക്കുക, കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ പുരട്ടുക, കൊതുകുതിരി, വൈദ്യുതിയിൽ പ്രവർത്തിക്കുന്ന കൊതുക് നശീകരണ ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നത് ഫലപ്രദമാണ്.

സ്വയം ചികിത്സ രോഗത്തെ സങ്കീർണമാക്കും. ആരംഭത്തിൽ തന്നെ ചികിത്സ തേടേണ്ടതാണ്.

മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തു

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെതിരെ നടപടി

ചമ്പക്കുളം: ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ സ്ക്വാഡ് നടത്തിയ പരിശോധനയിൽ,അലക്ഷ്യമായും അശാസ്ത്രീയമായും പ്ലാസ്റ്റിക്,മെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്തതിന് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് നോട്ടീസും 5,000 രൂപ പിഴയുമിട്ടു.

സെന്ററിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതിയില്ലെന്നും,അടിയന്തരമായി അതെടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സ്ക്വാഡ് നിർദേശിച്ചു.

20 കിലോയുടെ നിരോധിത പ്ലാസ്റ്റിക്ക് വസ്തുക്കൾ അത്തിക്കളം മാർജിൻ ഫ്രീ മാർക്കറ്റിൽ നിന്ന് കണ്ടെത്തുകയും നോട്ടീസും 5,000 രൂപ പിഴയുമിട്ടു.കടയിലെ മാലിന്യം,പൊതുസ്ഥലത്ത് നിക്ഷേപിക്കുന്നതായും സ്ക്വാഡിന് സൂചന ലഭിച്ചു.വരുന്ന ദിവസങ്ങളിൽ സ്ഥാപനങ്ങൾ പരിശോധിച്ച്,നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനും തുടർ നടപടികൾ സ്വീകരിക്കാനും പഞ്ചായത്തിലെ ആരോഗ്യ വിഭാഗത്തിന് നിർദേശം നൽകി.

ജില്ല എൻഫോഴ്സ്മെന്റ് സ്ക്വാഡ് ചമ്പക്കുളം പഞ്ചായത്തിലെ 13 സ്ഥാപനങ്ങളിൽ പരിശോധന നടത്തി.ഇതിൽ മിനി സിവിൽ സ്റ്റേഷൻ,കൈലാസം കള്ള് ഷാപ്പ്,റൂബി സ്റ്റോഴ്സ് എന്നിവയ്ക്ക് നോട്ടീസ് നൽകി.

തദ്ദേശ സ്വയംഭരണ വകുപ്പ്,ജില്ല എൻഫോഴ്സ്മെന്റ് സ്ക്വാഡിൽ ജോയിന്റ് ബി.ഡി.യോ കെ.ബി അജയകുമാർ,സീനിയർ എക്സ്റ്റൻഷൻ ഓഫീസർ വിപിൻ ബാബു.ആർ,മലിനീകരണ നിയന്ത്രണ ബോർഡ് സാങ്കേതിക വിദ്ഗധൻ ജിഥിൻ പി.എസ്, ശുചിത്വ മിഷൻ പ്രതിനിധി നിഷാദ് എം.ബി എന്നിവരുണ്ടായിരുന്നു.

ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ സ്ക്വാഡ് നടത്തിയ പരിശോധനയിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിന്നും കണ്ടെടുത്ത പ്ലാസ്റ്റിക്ക്, മെഡിക്കൽ മാലിന്യങ്ങൾ

മിനിവാൻ നിയന്ത്രണംവിട്ട് താഴ്ചയിലേക്ക് മറിഞ്ഞു

മാങ്കാംകുഴി: മിനി വാൻ നിയന്ത്രണംവിട്ട് പത്തടി താഴ്ചയിലേക്ക് മറിഞ്ഞു ഡ്രൈവറും സെയിൽസ് മാനും അത്ഭുതകരമായി രക്ഷപ്പെട്ടു .

കൊല്ലം തേനി ദേശീയ പാതയിലെ സ്ഥിരം അപകടമേഖലയായ മാങ്കാംകുഴി വെട്ടിയാർ പാറക്കുളങ്ങര ഗുരുമന്ദിരം ജംഗ് ഷനിലെ കൊടുംവളവിൽ ഇന്നലെ വൈകുന്നേരം ആയിരുന്നു അപകടം. മാന്നാർ മലയാളി ബിസിനസ് ഗ്രൂപ്പിൻറെ സെയിൽസ് വാനാണ് അപകടത്തിൽപ്പെട്ടത്.പാലും മറ്റുൽപ്പന്നങ്ങളും കടകളിൽ വിതരണം ചെയ്ത ശേഷം വരുന്നതിനിടെ ആയിരുന്നു അപകടം. വലിയ ശബ്ദം കേട്ട് റോഡിന് സമീപം താമസിക്കുന്ന നാട്ടുകാർ ഓടികൂടി വാനിൽ നിന്നും ഡ്രൈവറെയും സെയിൽസ് മാനേയും പുറത്തിറക്കുകയായിരുന്നു.

ഇവർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. സ്ഥിരം അപകട മേഖലയായ പാറക്കുളങ്ങരയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ നിരവധി വാഹനങ്ങളാണ് സമാനരീതിയിൽ അപകടത്തിപ്പെട്ടിട്ടുള്ളത്.റോഡിന് വീതി ഇല്ലാത്തതും കുത്തനെയുള്ള ഇറക്കത്തിലെ കൊടുവളവുമാണ് അപകടങ്ങൾക്ക് കാരണം.ഇറക്കം ഇറങ്ങി വരുമ്പോൾ വാഹനം നിയന്ത്രണം വിട്ട് തെന്നി മാറി താഴ്ചയിലേക്ക് മറിയുകയാണ് പതിവ്. അപകടം നിയന്ത്രിക്കാൻ റോഡിന് സമീപം സംരക്ഷണവേലി നിർമ്മിച്ചെങ്കിലും വേലിയും അപകടത്തിൽ തകർന്ന് ഇല്ലാതായി കിടക്കുകയാണ്.അതിനാൽ മതിയായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തണ മെന്ന ആവശ്യം ശക്തമാണ്.

കൊല്ലം തേനി ദേശീയ പാതയിലെ സ്ഥിരം അപകടമേഖലയായ വെട്ടിയാർ പാറക്കുളങ്ങര ഗുരുമന്ദിരം ജംഗ്ഷനിൽ മിനി വാൻ നിയന്ത്രണംവിട്ട് താഴ്ചയിലേക്ക് മറിഞ്ഞപ്പോൾ

പ്രഭാത ഭക്ഷണ വിതരണം മൂന്നാം വർഷത്തിലേക്ക്

അമ്പലപ്പുഴ : തന്റെ പൗരോഹിത്യ സുവർണ ജൂബിലി വർഷത്തിലെ ജന്മദിനത്തിൽ ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിലെ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും ഒപ്പം കേക്ക് മുറിച്ചും സമ്മാനപ്പുതപ്പുകൾ നൽകിയും ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം.മെഡിക്കൽ കോളജ് ആശുപത്രിയിലെ പ്രഭാത ഭക്ഷണ വിതരണം മൂന്നാം വർഷം ഉദ്ഘാടനത്തിനെത്തിയപ്പോഴാണ് ബിഷപ്പിന്റെ ജന്മദിനാഘോഷവും സമ്മാന വിതരണവും ഭക്ഷണ വിതരണത്തിന് നേതൃത്വം കൊടുക്കുന്ന മദർ തെരേസ കെയർ ഹോം സംഘടിപ്പിച്ചത്. ചടങ്ങിൽ നിരവധി വൈദികരും സന്യാസിനികളും പങ്കെടുത്തു.

ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ മദർ തെരേസ കെയർ ഹോം നൽകിവരുന്ന പ്രഭാത ഭക്ഷണ വിതരണം മൂന്നാം വർഷത്തിലേക്ക് പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ട യോഗം ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്യുന്നു

പത്തിച്ചിറ സെൻറ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടന്ന മാവേലിക്കര ഭദ്രാസന മർത്തമറിയം വനിതാ സമാജം വാർഷിക സമ്മേളനം ഭദ്രാസന മെത്രാപ്പോലീത്താ ഏബ്രഹാം മാർ എപ്പിഫാനിയോസ് ഉദ്ഘാടനം ചെയ്യുന്നു

ഭദ്രാസന മർത്തമറിയം വനിത സമാജം വാർഷിക സമ്മേളനം

മാവേലിക്കര: പത്തിച്ചിറ സെൻറ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടന്ന മാവേലിക്കര ഭദ്രാസന മർത്തമറിയം വനിതാ സമാജം വാർഷിക സമ്മേളനം ഭദ്രാസന മെത്രാപ്പോലീത്താ ഏബ്രഹാം മാർ എപ്പിഫാനിയോസ് ഉദ്ഘാടനം ചെയ്തു.ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. കെ.പി. വർഗ്ഗീസ് അധ്യക്ഷനായി. ജനറൽ സെക്രട്ടറി മേരി വർഗ്ഗീസ് വാർഷിക റിപ്പോർട്ടും ട്രഷറർ സജി ജേക്കബ് വാർഷിക കണക്കും അവതരിപ്പിച്ചു. മിന്റാ മറിയം വർഗ്ഗീസ് ക്ലാസ് നയിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. ജോൺസ് ഈപ്പൻ, പത്തിച്ചിറ വലിയപള്ളി വികാരി ഫാ. കെ.എം. വർഗ്ഗീസ് കളീക്കൽ, സഹവികാരി ഫാ. സന്തോഷ് വി. ജോർജ്, ട്രഷറർ റോയി തങ്കച്ചൻ, സെക്രട്ടറി പി.എസ്. ബാബു, ജോൺ കെ. മാത്യു, സഖറിയ പി. അലക്സ്, പത്തിച്ചിറ ഗ്രൂപ്പ് പ്രസിഡന്റ് ഫാ. തോമസ് മാത്യു, ഫാ. മാത്യു വി. തോമസ്, ഫാ. പ്രവീൺ മാത്യു, ഫാ. സോനു ജോർജ്, ഫാ. ജോബ് ടി. ഫിലിപ്പ്, ഫാ. ഡി. ഗീവർഗ്ഗീസ്, ഫാ. കോശി മാത്യു, ഫാ. ജസ്റ്റിൻ കട്ടച്ചിറ, ഫാ. അജി വർഗ്ഗീസ്, ഫാ. ഐ.ജെ. മാത്യു, ഫാ. ഗീവർഗ്ഗീസ് പൊന്നോല, കേന്ദ്ര കമ്മിറ്റി അംഗം മോനി സഖറിയ, യൂണിറ്റ് സെക്രട്ടറി ലിസ്സി രാജൻ, ജോയിന്റ് സെക്രട്ടറി അനില മാത്യു എന്നിവർ പ്രസംഗിച്ചു.

അരൂർ–തുറവൂർ ഗതാഗത നിയന്ത്രണം രണ്ട് ദിവസം കൂടി

ആലപ്പുഴ: തുറവൂർ മുതൽ അരൂർ വരെയുള്ള എലിവേറ്റഡ് ഹൈവേയുടെ നിർമാണ പ്രവർത്തികളുടെ ഭാഗമായുള്ള ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അരൂർ നിന്നും തുറവൂർ വരെയുള്ള നിലവിലുള്ള നിർമ്മാണ പ്രവർത്തികളുടെ കിഴക്കുവശത്തെ റോഡ് നിർമാണം പൂർത്തിയാക്കാൻ വാഹനഗതാഗത നിയന്ത്രണം രണ്ടു ദിവസത്തേക്ക് കൂടി തുടരും.

ഹൈക്കോടതി നിർദ്ദേശപ്രകാരം സ്ഥലം സന്ദർശിച്ച അമികസ് ക്യൂരിയുടെ നിർദ്ദേശാനുസരണം നടത്തിയ അധിക പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായാണ് നിയന്ത്രണം തുടരുന്നതെന്ന് ജില്ല കളക്ടർ അറിയിച്ചു.

കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസ് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ആലപ്പുഴ റീജിയൺ ഓഫീസിന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണ കെ.പി.സി.സി ജനറൽ സെക്രട്ടറി എ.എ ഷുക്കൂർ ഉദ്ഘാടനം ചെയ്യുന്നു

പ്രതിഷേധ ധർണ

ആലപ്പുഴ: മന്ത്രിതല ചർച്ചയിൽ ധാരണയായ തീരുമാനങ്ങൾ നടപക്കാത്തത്തിൽ പ്രതിഷേധിച്ച് കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസ് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ആലപ്പുഴ റീജിയൺ ഓഫീസിന് മുന്നിൽ പ്രതിഷേധ ധർണ നടത്തി. ധർണ കെ.പി.സി.സി ജനറൽ സെക്രട്ടറി എ.എ. ഷുക്കൂർ ഉദ്ഘാടനം ചെയ്തു. സഹകരണ മേഖല കടുത്ത വെല്ലുവിളി നേരിടുന്ന ഈ കാലഘട്ടത്തിൽ ജീവനക്കാരെ സമരം രംഗത്ത് തള്ളി വിടുന്ന നടപടി ജനാധിപത്യ ഭരണകൂടത്തിന് യോജിക്കാനാകാത്ത നടപടിയാണ് അദ്ദേഹം പറഞ്ഞു. യോഗത്തിൽ വർക്കിംഗ് പ്രസിഡന്റ് പി മണിക്കുട്ടൻ നായർ അധ്യക്ഷത വഹിച്ചു.ജോയിന്റ് കൗൺസിൽ സംസ്ഥാന ട്രഷറർ സന്തോഷ് കുമാർ മുഖ്യ പ്രഭാഷണം നടത്തി, കെ രാജീവൻ, കെ. ശശീന്ദ്രൻ, എം.വി. സുനിൽ കുമാർ വി.എസ്. അനിൽകുമാർ, കെ. ഗോപാലകൃഷ്ണൻ, എച്ച്. നാരായണൻ, ബി സുരേഷ്കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. എം.ജെ. ജേക്കബ് സ്വാഗതവും വി വിനോദ് കുമാർ നന്ദിയും പറഞ്ഞു. എച്ച് ഷബീന, അലക്സ് ഫിലിപ്പ്, നൗഫൽ, ഷാജഹാൻ, പി. ജി.ജ്യോതിഷ് കുമാർ എസ്.ഭാഗ്യലക്ഷ്മി, എസ്. മിനി, സോയമോൾ, ടി.എം ജെയിൻ നേതൃത്വം നൽകി.

ജില്ലതല വായന പക്ഷാചരണം; തത്സമയ പ്രശ്നോത്തരി സംഘടിപ്പിച്ചു

ആലപ്പുഴ: വായന മനുഷ്യനെ മികച്ച സാമൂഹിക ജീവിയാക്കി മാറ്റുന്നുവെന്ന് ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി പറഞ്ഞു. ഇൻഫർമേഷൻപബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ല ഇൻഫർമേഷൻ ഓഫീസ് വിദ്യാഭ്യാസ വകുപ്പിന്റെ ലിറ്റിൽ കൈറ്റ്സുമായി സഹകരിച്ച് ജില്ലതല വായന പക്ഷാചരണത്തിന്റെ ഭാഗമായി നടത്തിയ തത്സമയ പ്രശ്നോത്തരി മണ്ണഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. വായിച്ച് വളരാം, സമ്മാനം നേടാം തൽസമയ പ്രശ്നോത്തരിയിൽ വിവിധ സ്കൂളുകളിലായി 150ൽ പരം വിദ്യാർഥികൾ പങ്കെടുത്തു.ചടങ്ങിൽ ജില്ല പഞ്ചായത്ത് അംഗം ആർ. റിയാസ് അധ്യക്ഷനായി. ജില്ല ഇൻഫർമേഷൻ ഓഫീസർ കെ.എസ്. സുമേഷ്, പ്രധാനാധ്യാപിക കെ.എസ്. ജ്യോതിഷ് കുമാരി, അധ്യാപിക പി.കെ. കൃഷ്ണ തുടങ്ങിയവർ സംസാരിച്ചു. അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ സൗമ്യ ചന്ദ്രൻ ക്വിസ് അവതരിപ്പിച്ചു.പറവൂർ ഗവമൺമെന്റ് ഹൈസ്കൂളിൽ നടന്ന പരിപാടിയിൽ പ്രധാനാധ്യാപിക എൻ. മായ, അധ്യാപകരായ സുജ ജോസഫ്, കെ. അനിൽകുമാർ എന്നിവർ സംസാരിച്ചു. വിദ്യാർഥികളിൽ വായന പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. സാഹിത്യ മേഖലയിലെ അതികായരെക്കുറിച്ച് ഇൻഫർമേഷൻപബ്ലിക് റിലേഷൻസ് വകുപ്പ് നിർമ്മിച്ച ഡോക്യുമെന്ററിയും പ്രദർശിപ്പിച്ചു. വിദ്യാർഥികളോട് തത്സമയം ചോദ്യങ്ങൾ ചോദിച്ച് ആദ്യം ഉത്തരം പറയുന്നവർക്ക് അവിടെ വച്ച് തന്നെ പുസ്തകങ്ങൾ സമ്മാനമായി വിതരണം ചെയ്തു.

ഇൻഫർമേഷൻപബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ല ഇൻഫർമേഷൻ ഓഫീസ് ലിറ്റിൽ കൈറ്റ്സുമായി സഹകരിച്ച് ജില്ലതല വായന പക്ഷാചരണത്തിന്റെ ഭാഗമായി നടത്തിയ തത്സമയ പ്രശ്നോത്തരി ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി ഉദ്ഘാടനം ചെയ്യുന്നു

ഓണക്കാല പച്ചക്കറി കൃഷിക്ക് തുടക്കമായി

അരുക്കുറ്റി: പെരുമ്പളം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ നടത്തുന്ന പച്ചക്കറി കൃഷിക്ക് പെരുമ്പളം പഞ്ചായത്തിൽ തുടക്കമായി. അഞ്ചാം വാർഡിലെ കർഷകൻ എസ് അനിൽകുമാറിന്റെ കൃഷിയിടത്തിൽ തൈകൾ നട്ട് കൃഷി ഓഫീസർ വർഷ ബാബു ഉദ്ഘാടനം ചെയ്തു. കൃഷിക്ക് ആവശ്യമുള്ള തൈകൾ, സമ്പുഷ്ടീകരിച്ച ജൈവവളം, സൂക്ഷ്മ മൂലകങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ നിന്നും സൗജന്യമായാണ് നൽകിയത്. കൃഷി അസിസ്റ്റന്റ് സുനിൽ കെ എം , കർഷകർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ സംബന്ധിച്ചു.

നിയമ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

കായംകുളം:ആലപ്പുഴ ജില്ലാ നിയമ സേവന അതോറിറ്റിയുടെയും കാർത്തികപ്പള്ളി താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പുല്ലുകുളങ്ങര എൻ.ആർ.പി.എം.എച്ച്.എസ്.എസിലെ ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് നിയമ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. പി.റ്റി.എ പ്രസിഡന്റ് സന്തോഷ് കുമാർ അധ്യക്ഷത വഹിച്ചു. എച്ച്എം ജയശ്രീ എസ്.എൽ ക്ലാസ് ഉദ്ഘാടനം ചെയ്തു. അധ്യാപകൻ അർഷാദ് സ്വാഗതം പറഞ്ഞു. കായംകുളം ബാർ അസോസിയേഷൻ അംഗം അഡ്വ. കെ സന്തോഷ് കുമാർ ക്ലാസ് നയിച്ചു. താലൂക് ലീഗൽ സർവീസ് പി.എൽ.വി കെ.മുരളീധരൻ നന്ദി പറഞ്ഞു.

ഡിജി കേരളം വോളന്റിയറാകാം

ആലപ്പുഴ: കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് ആദ്യത്തെ സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നതിനുള്ള ഡിജി കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് വോളന്റിയറായി പ്രവർത്തിക്കാൻ താൽപര്യമുള്ളവർ മൊബൈൽ നമ്പർ വഴി ഡിജി കേരളം പോർട്ടലിൽ രജിസ്റ്റർ ചെയ്യണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ അറിയിച്ചു.

കുവൈറ്റ് കെ.എം.സി.സി അവാർഡ് വിതരണം മാറ്റിവച്ചു

തൃക്കരിപ്പൂർ: മുസ്‌ലിം ലീഗ് നേതാവ് എ.പി ഉണ്ണികൃഷ്ണന്റെ നിര്യാണത്തെ തുടർന്ന് ഇന്ന് കുവൈത്ത് കെ.എം.സി.സി തൃക്കരിപ്പൂർ മണ്ഡലം കമ്മിറ്റി നടത്താനിരുന്ന ഇൻസ്പെയർ-24 വിദ്യാഭ്യാസ അവാർഡ് വിതരണ പരിപാടി മറ്റൊരു ദിവസത്തേക്ക് മാറ്റിവച്ചതായി കുവൈത്ത് കെ.എം.സി.സി തൃക്കരിപ്പൂർ മണ്ഡലം കമ്മിറ്റി അറിയിച്ചു. പുതുക്കിയ തീയതിയും സമയവും അറിയിക്കും.

മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഇന്ന് ജില്ലയിൽ

കാസർകോട്: കുവൈറ്റിൽ തീപിടുത്തത്തിൽ മരിച്ച ജില്ലക്കാരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം നാളെ വൈകിട്ട് രജിസ്ട്രേഷൻ പുരാവസ്തു പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി വീടുകളിൽ എത്തി കൈമാറും. സൗത്ത് തൃക്കരിപ്പൂർ തെക്കുമ്പാടത്തെ പൊന്മലേരി പി. കേളുവിന്റെ കുടുംബത്തിനും ചെർക്കള കുണ്ടടുക്കയിലെ കെ. രഞ്ജിത്തിന്റെ കുടുംബത്തിനുമാണ് നഷ്ടപരിഹാരം നൽകുന്നത്.

കൗൺസിലിംഗ് എജുക്കേറ്റേർ നിയമനം

കാസർകോട്: കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലിംഗ് എജുക്കേറ്റർമരെ ഹോണറേറിയം അടിസ്ഥാനത്തിൽ നിയമിക്കുന്നു. താൽപര്യമുള്ളവർ 12ന് വൈകിട്ട് അഞ്ചിനകം കുടുംബശ്രീ ജില്ലാമിഷൻ ഓഫീസിൽ അപേക്ഷ നൽകണം. 9048331941, 0467 2201205.

കാസർകോട് വാർത്തകൾ

അന്വേഷിക്കണം, അല്ലെങ്കിൽ ആരോപണം പിൻവലിക്കണം: ഉണ്ണിത്താൻ

ഹൈമാസ്റ്റ് ലൈറ്റിലെ ആരോപണത്തിൽ ആഞ്ഞടിച്ച് എം.പി

കാസർകോട്: ഹൈമാസ്റ്റ് ലൈറ്റിൽ ആരോപണം ഉന്നയിച്ച സി.പി.എം ജില്ലാ സെക്രട്ടറിയടക്കമുള്ളവർക്കെതിരെ ആഞ്ഞടിച്ച് രാജ്മോഹൻ ഉണ്ണിത്താൻ എംപി. ഏതു അന്വേഷണത്തെയും നേരിടാൻ തയാറാണ്. ആരോപണം തെളിയിച്ചാൽ എം.പി സ്ഥാനം രാജിവെക്കുമെന്നും പൊതുപ്രവർത്തനം തന്നെ അവസാനിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തനിക്കെതിരെ നടന്ന ആരോപണത്തിൽ കാസർകോട് ഡിസിസി ഓഫീസിൽ വിളിച്ചു ചേർത്ത വാർത്താസമ്മേളനത്തിൽ ആരോപണങ്ങൾക്ക് അക്കമിട്ട് മറുപടി നൽകുകയായിരുന്നു രാജ്മോഹൻ ഉണ്ണിത്താൻ. വസ്തുത അന്വേഷിക്കാതെ പാർട്ടിയിൽ പുറത്താക്കിയവരുടെ ആരോപണം ഏറ്റുപിടിച്ച സി.പി.എം ജില്ലാ സെക്രട്ടറി എംവി ബാലകൃഷ്ണൻ മാസ്റ്റർക്കെതിരെ രൂക്ഷ വിമർശനം ഉന്നയിച്ചു. സമരം നടത്തിയ ഡിവൈഎഫ്ഐക്കെതിരെയും അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട ബിജെപി സ്ഥാനാർഥിയായിരുന്ന എംഎൽ അശ്വിനിക്കെതിരെയും എം.പി ആഞ്ഞടിച്ചു.

ഫണ്ട് വിനിയോഗത്തിൽ എം.പിക്ക് നേരിട്ട് യാതൊരു റോളുമില്ല. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലം എവിടെയാണെന്ന് നിർദേശിക്കാനും അവ നടപ്പാക്കിയതായി അറിയിച്ചാൽ ഉദ്ഘാടനം ചെയ്യാനും മാത്രമേ എം.പിക്ക് സാധിക്കൂ. സാങ്കേതികാനുമതിയും ടെൻഡർ നടപടികളും ഉൾപ്പടെ കാര്യങ്ങൾ നിർവഹിക്കുന്നത് നിർവഹണ ഉദ്യോഗസ്ഥരാണ്. തുക മുഴുവൻ ചെലവാക്കുന്നതും ജില്ലാ കലക്ടറാണ്.

എംപിക്ക് ഒരപേക്ഷ കിട്ടിയാൽ അതാത് തദ്ദേശ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുത്ത് ഭരണസമിതിയുടെ അംഗീകാരം വാങ്ങുകയാണ് ചെയ്യുന്നത്. അത് പിന്നീട് കലക്ടർക്ക് അയച്ചുകൊടുക്കുന്നു.

നിർദിഷ്ട സ്ഥലം പരിശോധിച്ച ശേഷം കലക്ടർ ബി.ഡി.ഒയ്ക്ക് കൈമാറുന്നു. ഗുണമേന്മ ഉറപ്പുവരുത്താൻ അംഗീകാരമുള്ള സ്ഥാപനങ്ങൾ പത്രപരസ്യം വഴി ടെൻഡർ ക്ഷണിച്ച് അതിന് അംഗീകാരം നൽകുന്നതും പദ്ധതി നിർവഹണം നടത്തേണ്ടതും തുക കൈമാറേണ്ടതും ജില്ലാ കലക്ടർമാരാണ്. ഫണ്ട് കൈകാര്യം ചെയ്യുന്ന കാര്യത്തിൽ എം.പിക്ക് എവിടെയാണ് പങ്കെന്നും ഉണ്ണിത്താൻ ചോദിച്ചു.

പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെട്ട ഒരാൾക്ക് മറുപടി നൽകാൻ താൻ ആളല്ല. കാസർകോട്ടെ ജനങ്ങൾ തന്നിൽ അർപ്പിച്ച വിശ്വാസമാണ് ഒരു ലക്ഷത്തിന് മുകളിൽ കിട്ടിയ ഭൂരിപക്ഷമെന്നും കാസർകോട്ട് ഒരു എംപിയുണ്ടെന്ന് 35 വർഷത്തിന് ശേഷം താൻ വിജയിച്ച ശേഷമാണ് ഇവിടത്തെ ജനങ്ങൾക്ക് ബോധ്യപ്പെട്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കഴിഞ്ഞ അഞ്ചു വർഷം എംപിയെന്ന നിലയിൽ കിട്ടിയ 17 കോടിയുടെ ഫണ്ടും മുൻ എംപി പി കരുണാകരൻ ചെലവഴിക്കാതിരുന്ന രണ്ടര കോടിയും അടക്കം 19.5 കോടിയുടെ വികസന പ്രവർത്തനങ്ങളാണ് എംപി ഫണ്ടെന്ന നിലയിൽ ചെലവഴിച്ചതെന്നും

കഴിഞ്ഞ അഞ്ചുവർഷക്കാലം കാസർകോട് മണ്ഡലത്തിൽ എംപിയെന്ന നിലയിൽ ഇടപെടാതിരുന്ന ജനകീയ പ്രശ്നങ്ങളില്ലെന്നും എംപി വ്യക്തമാക്കി. ഡിസിസി പ്രസിഡന്റ് പി.കെ ഫൈസൽ, കോൺഗ്രസ് നേതാവ് എംസി പ്രഭാകരൻ, അഡ്വ. ബിഎം ജമാൽ എന്നിവരും ഉണ്ണിത്താനൊപ്പമുണ്ടായിരുന്നു.

തദ്ദേശ ഉപതിരഞ്ഞെടുപ്പ്

മുസ്‌ലിംലീഗ് സ്ഥാനാർഥികളെ പ്രഖ്യാപിച്ചു

ഹനീഫ (ഖാസിലേൻ) | അസ്മിന (കോട്ടക്കുന്ന്) | ധർമപാൽ (കല്ലങ്കൈ)

കാസർകോട്: കാസർകോട് നഗരസഭയിലെ 24-ാം വാർഡിൽ (ഖാസിലേൻ) ജൂലൈ 30ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർഥിയായി മത്സരിക്കുന്നതിന് കെ.എം ഹനീഫയെ (മുസ്‌ലിം ലീഗ്) മുസ്‌ലിം ലീഗ് ജില്ലാ പാർലിമെന്ററി ബോർഡ് തീരുമാനിച്ചതായി മുസ്‌ലിം ലീഗ് ജില്ലാ കമ്മിറ്റി ഓഫീസിൽ നിന്നും അറിയിച്ചു.

മൊഗ്രാൽ പുത്തൂർ

ഗ്രാമപഞ്ചായത്ത് ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർഥികളായി മത്സരിക്കുന്നതിന് മൂന്നാം വാർഡ് കോട്ടക്കുന്നിൽ എൻ.എസ് ഫാത്തിമത്ത് അസ്മിനയെയും (മുസ്‌ലിം ലീഗ് സ്വതന്ത്ര), പതിനാലാം വാർഡ് കല്ലങ്കൈയിൽ (സംവരണം) ധർമപാൽ ദാരില്ലത്ത് (മുസ്‌ലിം ലീഗ്) എന്നിവരെ മുസ്‌ലിം ലീഗ് ജില്ലാ പാർലിമെന്ററി ബോർഡ് തീരുമാനിച്ചു.

എം.ഐ.സി. മേഖലാ സംഗമം 8ന്

മാഹിനാബാദ്: മലബാർ ഇസ്‌ലാമിക് കോംപ്ലക്സ് ചട്ടഞ്ചാൽ സ്ഥാപനത്തിന്റെ 12 മേഖലാ കമ്മിറ്റികളുടെ സംഗമം തിങ്കളാഴ്ച രാവിലെ 10:30ന് എം.ഐ.സി ചട്ടഞ്ചാൽ കാമ്പസിൽ നടക്കും. എം.ഐ.സി വർക്കിംഗ് കമ്മിറ്റി മെമ്പർമാരും മുഴുവൻ മേഖലാ കമ്മിറ്റികളുടെയും കമ്മിറ്റി മെമ്പർമാരും പങ്കെടുക്കും. മേഖലകൾ കേന്ദ്രീകരിച്ച് എം.ഐ.സിയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് വേണ്ടിയുള്ള സംഗമമാണ്. മുഴുവൻ ആളുകളും എത്തിച്ചേരണമെന്ന് എം.ഐ.സി ജനറൽ സെക്രട്ടറി യു.എം അബ്ദുൽ റഹ്മാൻ മുസ്‌ലിയാർ, വർക്കിംഗ് സെക്രട്ടറി ഹുസൈൻ തങ്ങൾ അറിയിച്ചു.

മാവേലി സ്റ്റോർ ഉദ്ഘാടനം ഇന്ന്

കാഞ്ഞങ്ങാട്: പുതുക്കൈ ചേടി റോഡിൽ സപ്ലൈകോ മാവേലി സ്റ്റോർ ഭക്ഷ്യ സിവിൽ സപ്ലൈസ് ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി.ആർ അനിൽ ഇന്ന് രാവിലെ 10ന് ഉദ്ഘാടനം ചെയ്യും. ഇ. ചന്ദ്രശേഖരൻ എം.എൽ.എ അധ്യക്ഷത വഹിക്കും. രാജ്മോഹൻ ഉണ്ണിത്താൻ എം.പി മുഖ്യാതിഥിയാകും. കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൺ കെ.വി സുജാത ആദ്യ വിൽപ്പന സ്വീകരിക്കും.

കുടിശ്ശിക സമയപരിധി നീട്ടി

കാസർകോട്: കേരള ആട്ടോമൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് കുടിശ്ശിക ഒടുക്കുന്നതിനുള്ള സമയപരിധി സെപ്തംബർ 30 വരെ നീട്ടി കുടിശ്ശിക വരുത്തിയിട്ടുള്ള തൊഴിലാളികൾ ഈ അവസരം പരമാവധി ഉപയോഗിക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ - 0467 2205380.

വിഷപ്പുകയിൽ ആധിയൊഴിയുന്നില്ല

ആശുപത്രി ജനറേറ്ററിൽ നിന്നും പുക ശ്വസിച്ച രണ്ടു വിദ്യാർഥികളെ മംഗളൂരുവിലേക്ക് മാറ്റി

കാഞ്ഞങ്ങാട്: ലിറ്റിൽ ഫ്ളവർ സ്കൂളിൽ വിദ്യാർഥികൾ അമ്മയും കുഞ്ഞും ആശുപത്രിയിലെ ജനറേറ്ററിലെ വിഷപ്പുക ശ്വസിച്ച് ചികിത്സയിലായിരുന്ന രണ്ടു വിദ്യാർഥികളെ വിദഗ്ധ ചികിത്സയ്ക്കായി മംഗളൂരു ആശുപത്രിയിലേക്ക് മാറ്റി. കഴിഞ്ഞ ദിവസം മൂന്നു കുട്ടികളെ കൂടി കാഞ്ഞങ്ങാട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ജില്ലാ ആശുപത്രിയിൽ നിന്നും അമ്മയും കുഞ്ഞും ആശുപത്രിയിൽ നിന്നും ചികിത്സ കഴിഞ്ഞു പോയ കുട്ടികൾക്കാണ് ഇത്തരത്തിൽ വീണ്ടും അസ്വസ്ഥത അനുഭവപ്പെട്ടതിനെ തുടർന്ന് മംഗളൂരുവിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

അതേസമയം മറ്റു കുട്ടികൾക്ക് കാര്യമായി പ്രശ്നങ്ങളില്ലെന്നാണ് ലഭിക്കുന്ന വിവരം. എന്നാലും പൂർണമായും ആശങ്ക ഒഴിവായതായി പറയാൻ കഴിയാത്ത അവസ്ഥയാണ്. കഴിഞ്ഞ ദിവസം രാവിലെ ആശുപത്രിയിലെ ജനറേറ്റർ രാവിലെ പ്രവർത്തിച്ചതിനു പിന്നാലെയായിരുന്നു സമീപത്തെ സ്കൂളിലെ കുട്ടികൾക്ക് ശ്വാസതടസം ഉൾപ്പെടെ അനുഭവപ്പെട്ടത്. ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് അറുപത്തിയൊന്ന് വിദ്യാർഥികളെ അമ്മയും കുഞ്ഞും ആശുപത്രി, ജില്ലാ ആശുപത്രി, മറ്റു വിവിധ ഹോസ്പിറ്റലുകൾ എന്നിവിടങ്ങളിൽ പ്രവേശിപ്പിച്ചിരുന്നു. വൈകിട്ടോടെ 54 വിദ്യാർഥികളെ പ്രാഥമിക ചികിത്സ നൽകി വിട്ടയക്കുകയും ചെയ്തിരുന്നു.

അതേസമയം, ജനറേറ്റർ സ്ഥാപിക്കുന്നതടക്കമുള്ള കാര്യങ്ങളിൽ പൊലൂഷൻ കൺട്രോൾ ബോർഡിന്റെ മാനദണ്ഡങ്ങൾ പാലിച്ചില്ലെന്ന ആരോപണമടക്കമുള്ള കാര്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. നഗരസഭയുടെ കീഴിലുള്ള ആശുപത്രിയായതിനാൽ ഇത്തരത്തിലുള്ള എല്ലാ കാര്യങ്ങളും ശ്രദ്ധിക്കേണ്ടത് നഗരസഭയായിരുന്നു. സംഭവത്തിൽ സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് വിവിധതലങ്ങളിൽ നിന്നും പ്രതിഷേധമുയരുന്നുണ്ട്.

സമഗ്ര അന്വേഷണം വേണം: കല്ലട്ര മാഹിൻ ഹാജി

കാസർകോട്: കാഞ്ഞങ്ങാട് നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന അമ്മയും കുഞ്ഞും ആശുപത്രിയിലെ ജനറേറ്ററിന്റെ പുക ശ്വാസിച്ച് സ്കൂൾ കുട്ടികൾക്ക് ദേഹാസ്വാസ്ഥ്യമുണ്ടായ സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി ആവശ്യപ്പെട്ടു. രണ്ടായിരത്തോളം വിദ്യാർഥികൾ പഠിക്കുന്ന സ്കൂളിന്റെ ക്ലാസ് മുറികളിലേക്ക് ആശുപത്രിയുടെ അശാസ്ത്രീയമായി സ്ഥാപിച്ച ജനറേറ്ററിൽ നിന്നുംവന്ന പുക കാരണമാണ് 61 കുട്ടികൾക്ക് ശ്വാസതടസമുണ്ടായത്. അവശത കാരണം മംഗളൂരു അടക്കമുള്ള സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിച്ച കുട്ടികളുടെ ചികിത്സ ചെലവ് സർക്കാർ ഏറ്റെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

CLICK ആശുപത്രി ജനറേറ്ററിൽ നിന്ന് വിദ്യാർഥികൾ പുക ശ്വസിച്ച സംഭവത്തിൽ അന്വേഷണം വേണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ് കൗൺസിലർമാർ കാഞ്ഞങ്ങാട് നഗരസഭ സെക്രട്ടറിയെ കാണുന്നു

വിജിലൻസ് അന്വേഷിക്കണം

കാഞ്ഞങ്ങാട്: ഹോസ്പിറ്റലിലെ ജനറേറ്ററിൽ നിന്നും പുക ശ്വസിച്ച് ശാരീരിക അസ്വസ്ഥതയുണ്ടായ സംഭവത്തിൽ വിജിലൻസ് അന്വേഷണം വേണമെന്ന് ആവശ്യം. യാതൊരു വിധത്തിലുള്ള മാനദണ്ഡങ്ങളും പാലിക്കാതെയാണ് ജനറേറ്റർ സ്ഥാപിച്ചിരിക്കുന്നത്. നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന ആശുപത്രിയിൽ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരികയും നേതാക്കൾക്കെതിരെ പൊതുമുതൽ നഷ്ടപ്പെടുത്തിയെന്ന് പറഞ്ഞു കള്ളക്കേസ് കൊടുത്ത നടപടി അപലപനീയവും നീതീകരിക്കാൻ കഴിയാത്തതുമാണെന്ന് മുനിസിപ്പൽ മുസ്‌ലിം ലീഗ് ഭാരവാഹികളുടെ യോഗം ആവശ്യപ്പെട്ടു.

പ്രസിഡന്റ് റസാഖ് തായിലക്കണ്ടി, ജനറൽ സെക്രട്ടറി കെ.കെ. ജാഫർ, ട്രഷറർ സി.കെ അഷ്റഫ്, വൈസ് പ്രസിഡന്റുമാരായ എൻ.എൻ.എ ഉമ്മർ എം.കെ റഷീദ് ഹാജി, പുത്തൂർ മുഹമ്മദ് കുഞ്ഞി ഹാജി, സെക്രട്ടറിമാരായ അസിസ് അറങ്ങാടി, ഇസ്‌ലാം കരീം, സി.എച്ച് കാസിം സംബന്ധിച്ചു.

കുറ്റക്കാർക്കെതിരെ നടപടി വേണമെന്നാവശ്യം

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് അമ്മയും കുഞ്ഞും ഹോസ്പിറ്റലിലെ ജനറേറ്ററിൽ നിന്നും പുക ശ്വസിച്ച് തൊട്ടടുത്ത സ്കൂളിലെ വിദ്യാർഥിനികൾക്ക് ശാരീരിക അസ്വസ്ഥത ഉണ്ടായത് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി ഉണ്ടാകണമെന്നും കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് അടിയന്തര കൗൺസിൽ വിളിക്കണമെന്നും യു.ഡി.എഫ് കൗൺസിലർമാർ ആവശ്യപ്പെട്ടു. യാതൊരു വിധത്തിലുള്ള മാനദണ്ഡങ്ങളും പാലിക്കാതെയാണ് ജനറേറ്റർ സ്ഥാപിച്ചിരിക്കുന്നത്. നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന ആശുപത്രിയിൽ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരിക തന്നെ വേണം. യു.ഡി.എഫ് കൗൺസിലർമാർ നഗരസഭ ചെയർപേഴ്സനുമായും സെക്രട്ടറിയുമായും ചർച്ച നടത്തി. കെ.കെ ജാഫർ, കെ.കെ ബാബു, സി.കെ അഷ്റഫ്, സെവൻ സ്റ്റാർ അബ്ദുൽ റഹിമാൻ, ടി. മുഹമ്മദ് കുഞ്ഞി, ആയിഷ അഷ്റഫ്, റസിയ ഗഫൂർ സംബന്ധിച്ചു

അമ്മയും കുഞ്ഞും ആശുപത്രിയിൽ മാനദണ്ഡമൊന്നും പാലിക്കാതെ സ്ഥാപിച്ച ജനറേറ്റർ അപകടത്തിലായി അമ്പതിൽ അധികം വിദ്യാർഥികൾ വിഷവായു ശ്വസിച്ചു ഗുരുതരാവസ്ഥയിലായ സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തി. കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നു മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ പ്രവർത്തക സമിതി അംഗം ഇഖ്ബാൽ വെള്ളിക്കോത്ത് ആവശ്യപ്പെട്ടു. ആയിരക്കണക്കിന് വിദ്യാർഥികൾ പഠിക്കുന്ന സ്കൂളിനടുത്ത് സ്ഥിതി ചെയ്യുന്ന പ്രസവം അടക്കം കുട്ടികൾക്കും ഗർഭിണികൾക്കും മാത്രം ചികിത്സ നൽകുന്ന ആശുപത്രിയിൽ സ്ഥാപിച്ച ജനറേറ്റർ ഒരു മാനദണ്ഡവും പാലിക്കാതെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ഇക്ബാൽ ആരോപിച്ചു.

തൃക്കരിപ്പൂരിന്റെ നന്മ

നാട് കൈകോർത്തപ്പോൾ അടിപ്പാത റെഡി

ടി.എം.സി മുഹമ്മദ്
തൃക്കരിപ്പൂർ

മാതൃകയായി 'തൃക്കരിപ്പൂർ ശബ്ദം' വാട്സ് ആപ് കൂട്ടായ്മ



CLICK തൃക്കരിപ്പൂർ റെയിവേ സ്റ്റേഷന് സമീപം ഇന്നലെ തുറന്ന അടിപ്പാത

തൃക്കരിപ്പൂർ ശബ്ദം' വാട്സ് ആപ് കൂട്ടായ്മയുടെ നേതൃത്വത്തിൽ നാട്ടുകാരൊന്നാകെ കൈകോർത്തപ്പോൾ നാടിന്റെ ചിരകാലാഭിലാഷമായിരുന്ന റെയിൽവേ കൾവർട്ട് അടിപ്പാത സഞ്ചാരയോഗ്യമായി. ദിനേന നാൽപ്പതോളം തവണ അടച്ചിടുന്ന വെള്ളാപ്പ് റോഡ് ലെവൽ ക്രോസിംഗിൽ മൂന്നും നാലും വണ്ടികൾ കടന്നുപോകുന്നതും നോക്കി വിധിയെ ശപിച്ച് കാത്തിരിക്കുന്ന ഇരുചക്രവാഹന യാത്രക്കാർക്ക് സന്തോഷത്തിന് വക നൽകി ഇന്നലെ മുതൽ അടിപ്പാത ഗതാഗത യോഗ്യമായി.

തൃക്കരിപ്പൂർ റെയിൽവേ സ്റ്റേഷന് വടക്കുഭാഗത്ത് മഴവെള്ളം ഒഴുകുന്നതിനായി റെയിവേ നിർമിച്ചിരുന്ന കൾവർട്ടാണ് ഇപ്പോൾ ബൈക്ക്, കാൽനട യാത്രക്കായി സഞ്ചാരയോഗ്യമാക്കിയത്. ഈ ആവശ്യത്തിനായി വിവിധ സന്നദ്ധ സംഘടനകൾ വർഷങ്ങളായി നിവേദനങ്ങളും അഭ്യർഥനകളും റെയിൽവേ അധികൃതർക്കും ബന്ധപ്പെട്ടവർക്കും നൽകിയതിനൊടുവിൽ വാക്കാൽ സമ്മതം ലഭിക്കുകയായിരുന്നു. ഇതോടെ കർമനിരതനായ ഗ്രൂപ്പ് അഡ്മിൻ സപ്ന ലത്തീഫിന്റെ നേതൃത്വത്തിൽ ഗ്രൂപ്പിലൂടെ ധനസഹായ അഭ്യർഥന നടത്തിയപ്പോൾ ചെറുതും വലുതുമായ തുകയുമായി 141 പേരാണ് സഹായത്തിനെത്തിയത്. ഈ ഇനത്തിൽ പിരിഞ്ഞതാകട്ടെ 1,07, 294 രൂപ. ഈ തുകതികയാതെ വന്നപ്പോഴാണ് 'മജ്‌ലിസെ ഹസൻ കുടുംബ കൂട്ടായ്മ' ശേഷിക്കുന്ന തുക അവർ നൽകാമെന്നേറ്റ് മുന്നോട്ടുവന്നത്. തൃക്കരിപ്പൂർ ടൗണിലേക്കും വിവിധ സ്കൂളുകളിലേക്കും മറ്റും വന്നുപോകുന്ന പേക്കടം, ആയിറ്റി, വെള്ളാപ്പ് ,നീലമ്പം, ഉദിനൂർ തുടങ്ങിയ പ്രദേശങ്ങളിലെ കാൽനട,സൈക്കിൾ, ബൈക്ക് യാത്രികർക്ക് ഏറെ അനുഗ്രഹമാണ് ഈ അടിപ്പാത.ഒന്നേമുക്കാൽ ലക്ഷത്തോളം രൂപ ചെലവിൽ 4,400 ചെങ്കൽ പാകിയാണ് പാത നിർമിച്ചത്.

വശങ്ങളിലും ഇളകിപ്പോകാൻ സാധ്യതയുള്ളിടത്തും സിമന്റ് മിശ്രിതവും ഉപയോഗച്ചിട്ടുണ്ട്. വെള്ളത്തിന്റെ സുഗമമായ ഒഴുക്കിനായി ഇരുവശത്തും കൾവർട്ടിനുള്ളിലും സംവിധാനവുമൊരുക്കിയിട്ടുണ്ട്.അടിപ്പാതയുടെ ഉദ്ഘാടനം ഗ്രൂപ്പ് അഡ്മിൻ

സപ്ന ലത്തീഫിന്റെ നേതൃത്വത്തിൽ അംഗങ്ങളൊന്നിച്ച് ഫ്ലാഗ് ഓഫ് ചെയ്ത് നിർവഹിച്ചു.ഗ്രൂപ്പ് അഡ്മിൻമാരായ എജി അമീൻ, ടിഎം സലാം, ഗ്രൂപ്പ് അംഗങ്ങൾ, തൃക്കരിപ്പൂർ ഗവ.ഹൈസ്കൂൾ, സെന്റ് പോൾസ് എയുപി സ്കൂൾ വിദ്യാർഥികളും നാട്ടുകാരും മഹനീയ മുഹൂർത്തത്തിൽ പങ്കാളികളായി.

അധ്യാപക നിയമനം

ചെർക്കള: ചെർക്കള സെൻട്രൽ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ അറബിക് (ജൂനിയർ) താൽകാലിക ഒഴിവുണ്ട്. കൂടിക്കാഴ്ച എട്ടിന് 10ന് സ്കൂൾ ഓഫീസിൽ.

കാസർകോട്:

പെരിയ ഗവ. പോളിടെക്നിക്ക് കോളജിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഇംഗ്ലീഷ് വിഷയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ നിയമിക്കുന്നു. മാത്തമാറ്റിക്സ്, കെമിസ്ട്രി വിഭാഗങ്ങൾക്ക് ജൂലൈ 10നും ഫിസിക്സ്, ഇംഗ്ലീഷ് വിഭാഗങ്ങൾക്ക് 12നുമാണ് ക്കൂടിക്കാഴ്ച. ഉദ്യോഗാർഥികൾ നിശ്ചിത ദിവസങ്ങളിൽ രാവിലെ 10നകം കോളജ് ഓഫീസിൽ ഹാജരാകണം. 0467-2234020, 9947508478, 9995681711.

സീറ്റ് ഒഴിവ്

ഉദുമ: ഉദുമയിൽ ഗവ. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പി.എസ്.സി അംഗീകൃത ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളിൽ (ഫ്രണ്ട് ഓഫീസ് ഓപറേഷൻ, ഫുഡ് ആന്റ് ബിവറേജ് സർവീസ്) ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഫോൺ- 0467 2236347, 8138807549, 9847677549.

ഭൂമിയിൽ വിള്ളൽ; നാലു കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു

CLICK കൊന്നക്കാട് മൂത്താടി പട്ടികജാതി കോളനിയിലെ വീട്ടുമുറ്റത്ത് വിള്ളൽ വീണ നിലയിൽ

കാഞ്ഞങ്ങാട്: കൊന്നക്കാട് മൂത്താടി പട്ടികജാതി കോളനിയിൽ ഭൂമിക്ക് വിള്ളൽ കണ്ടതിനെ തുടർന്ന് നാലു കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു. കണിച്ചി, ബിന്ദു, മോതിര, ശാന്ത, സുബീഷ് എന്നിവരുടെ വീടുകളാണ് ഇതേതുടർന്ന് അപകട ഭീഷണിയിലായത്. ഇതിൽ സുബീഷും കുടുംബവും വാടക വീട്ടിലേക്ക് മാറി. ബാക്കിയുള്ള നാലു കുടുംബങ്ങളിലെ പത്തു പേരെ മാലോത്ത് കസബ ജിഎച്ച്എസ്എസിലേക്ക് മാറ്റി.

ഇന്നലെ വൈകുന്നേരമാണ് ഇവരുടെ വീടിന്റെ മുറ്റത്ത് വിള്ളൽ കണ്ടത്. കണിച്ചിയുടെ വീടിന്റെ ചുവരിലും വിള്ളലുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് രാജു കട്ടക്കയം, വാർഡ് മെമ്പർമാരായ അലക്സ് നെടിയകാല, ബിൻസി ജെയിൻ, റവന്യൂ അധികൃതർ, പൊലീസ് എന്നിവർ സ്ഥലത്തെത്തി. ഭൂമിശാസ്ത്രപരമായി ഉരുൾപൊട്ടലിലിനും മണ്ണിടിച്ചിലിനും ഏറെ സാധ്യതയുള്ള പ്രദേശമാണ്. സുരക്ഷയെ കരുതി ഇവിടെ നിന്നും മാറ്റിതാമസിപ്പിക്കണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ടെങ്കിലും യാതൊരു നടപടിയുമുണ്ടായിട്ടില്ല.

വൺടൈം രജിസ്ട്രേഷൻ കേമ്പ്

കണ്ണൂർ: ജില്ലാ എംപ്ലോയബിലിറ്റി സെന്റർ മട്ടന്നൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ വൺടൈം രജിസ്ട്രേഷൻ കേമ്പ് സംഘടിപ്പിക്കുന്നു. ഒമ്പതിന് രാവിലെ 10 മണി മുതൽ ഒരു മണി വരെ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനാണ് കേമ്പ്. രജിസ്ട്രേഷൻ ഫീസ് 250 രൂപ. പ്രായപരിധി 50 വയസിന് താഴെ. രജിസ്ട്രേഷന് ഇ-മെയിൽ ഐഡിയും ഫോൺ നമ്പറും, പാസ്പോർട്ട് സൈസ് ഫോട്ടോ, തിരിച്ചറിയൽ രേഖയായി ആധാർ/ വോട്ടേഴ്സ് ഐഡി/ പാസ്പോർട്ട് / പാൻ കാർഡ് എന്നിവ ഹാജരാക്കണം ഉദ്യോഗാർഥികൾക്ക് എംപ്ലോയബിലിറ്റി സെന്ററിന്റെ ആജീവനാന്ത രജിസ്ട്രേഷൻ ചെയ്ത് തുടർന്നു നടക്കുന്ന എല്ലാ ഇന്റർവ്യൂകളിലും പങ്കെടുക്കാമെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. ഫോൺ 0497-2707610, 6282942066

യോഗ കോഴ്സ് പ്രവേശന തീയതി നീട്ടി

കണ്ണൂർ: സ്കോൾ കേരളയിൽ നാഷണൽ ആയുഷ് മിഷന്റെയും സംസ്ഥാന ആയുഷ് വകുപ്പിന്റെയും അംഗീകാരത്തോടെ തുടങ്ങുന്ന ഡിപ്ലോമ ഇൻ യോഗിക്ക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സിന്റെ രണ്ടാം ബാച്ചിലേക്ക് അപേക്ഷിക്കേണ്ട സമയ പരിധി നീട്ടി. പിഴ കൂടാതെ 12 വരെയും 100 രൂപ പിഴയോടെ 22 വരെയും ഫീസടച്ച് www.scolekerala.org മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. ഫോൺ: 0497 2702706, 9847237947

കുവൈറ്റ് ദുരന്തം ധനസഹായം ഇന്ന് കൈമാറും

കണ്ണൂർ: കുവൈറ്റ് ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം ഇന്ന് കൈമാറും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയാണ് ധനസഹായ വിതരണം നടത്തുക. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച അഞ്ച് ലക്ഷം രൂപ ഉൾപ്പെടെ 14 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. രാവിലെ ഒമ്പത് മണിക്ക് ധർമടം വാഴയിൽ വിശ്വാസ് കൃഷ്ണന്റെ വീട്ടിലും 12.30ന് കുറുവ ഉണ്ണാൻകണ്ടി അനീഷ്കുമാറിന്റെ വീട്ടിലും വൈകുന്നേരം നാലിന് വയക്കര കുറ്റൂർ ഹൗസിൽ നിധിന്റെ വീട്ടിലും എത്തി മരിച്ചവരുടെ ആശ്രിതർക്ക് മന്ത്രി ധനസഹായം കൈമാറും.

കണ്ണൂർ വാർത്തകൾ

നശിച്ചുതീരുന്നു തൊണ്ടിവാഹനങ്ങൾ ലക്ഷങ്ങൾക്കും വിലയില്ലാതെ

■ സ്വന്തം ലേഖകൻ
കണ്ണൂർ

ലക്ഷങ്ങളാണ് ഇവിടെ തുരുമ്പെടുക്കുന്നത്. തൊണ്ടിമുതലായി കൂട്ടിയിട്ട വാഹനങ്ങളങ്ങിനെ നശിച്ചുതീരും, മഴയും വെയിലുമേറ്റ്. വിവിധ കേസുകളിൽ പിടികൂടിയ വാഹനങ്ങളാണ് പൊടിക്കുണ്ടിലെ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ ഓഫിസ് പരിസരത്ത് പെരുകുന്നത്. ഇരുചക്രവാഹനങ്ങൾ മുതൽ ലക്ഷങ്ങൾ വിലവരുന്ന കാറുകൾ വരെ മാസങ്ങളായി വെയിലും മഴയുമേറ്റ് നശിക്കുകയാണ് ഇവിടെ. ഇങ്ങിനെ പിടിച്ചിട്ട വാഹനങ്ങൾ നശിച്ചുതീരുമ്പോഴും ഇവിടെ നിന്ന് മാറ്റാനും നടപടിയൊന്നുമാകുന്നില്ല.

പൊടിക്കുണ്ടിലെ എക്സൈസ് കമ്മീഷണർ ഓഫീസ് പരിസരത്ത് നിർത്തിയിട്ട തൊണ്ടിവാഹനങ്ങൾ

കെട്ടിടവും 70 സെന്റ് സ്ഥലവുമുണ്ടെങ്കിലും ഉദ്യോഗസ്ഥർക്ക് സ്വന്തം വാഹനങ്ങൾ പോലും നിർത്തിയിടാൻ സാധിക്കാത്ത അവസ്ഥയാണിപ്പോൾ. തുടർന്നും പിടികൂടുന്ന വാഹനങ്ങൾ നിർത്തിയിടാൻ സ്വന്തമായി സ്ഥലമില്ലാത്തതും എക്സൈസ് വകുപ്പ് നേരിടുന്ന മറ്റൊരു വലിയ പ്രതിസന്ധിയാണ്. ജലസേചനവകുപ്പിന്റെ സ്ഥലം വിട്ടുനൽകാൻ നീക്കമുണ്ടായിരുന്നെങ്കിലും പിന്നീട് നടപടി ഒന്നുമുണ്ടായില്ല. ജില്ലയിൽ എല്ലായിടത്തും സമാനസാഹചര്യമാണ്. ചില റേഞ്ച് ഓഫിസുകളിൽ റോഡിലാണ് വാഹനങ്ങൾ നിർത്തിയിടുന്നത്. ചിലയിടത്ത് നിന്ന് വാഹനങ്ങൾ കണ്ണൂരിൽ കൊണ്ടിടും. പുതുതായി വാഹനങ്ങൾ കൊണ്ടിടാൻ മതിയായ സൗകര്യമില്ലാത്ത സാഹചര്യമാണുള്ളത്. വാടക കെട്ടിടത്തിലാണ് എക്സൈസ് കമ്മിഷണറുടെ ഓഫിസ്. നിലവിൽ കെട്ടിടം ഒഴിപ്പിച്ചു തരണമെന്നാവശ്യപ്പെട്ട് സ്ഥലഉടമ കോടതിയെ സമീപിച്ചിട്ടുമുണ്ട്. ഉടമയ്ക്ക് അനുകൂലമായ വിധി വന്നാൽ ഓഫിസ് മറ്റൊരു സ്ഥലത്തേക്ക് മാറേണ്ടി വരും. അപ്പോൾ ഈ വാഹനങ്ങൾ എന്ത് ചെയ്യണമെന്ന പ്രതിസന്ധിയിലാണ് എക്സൈസ്.

ലേലത്തിനും ആളില്ല

പിടികൂടുന്ന വാഹനങ്ങൾ ലേലത്തിൽ വെക്കാറുണ്ടെങ്കിലും പിന്നീട് എന്തെങ്കിലും കേസും പ്രശ്നങ്ങളുമുണ്ടാകുമോ എന്ന പേടിയിൽ വാങ്ങാനും ആളുകൾക്ക് മടിയാണ്. എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നർക്കോട്ടിക്സ് പെഷ്യൽ സ്ക്വാഡ്, എക്സൈസ് റേഞ്ച് ഓഫിസ്, എക്സൈസ് സർക്കിൾ ഓഫിസ്, ഇന്റലിജന്റ് ബ്യൂറോ ഓഫിസ് എന്നിങ്ങനെ നാല് ഓഫിസുകളാണ് പ്രവർത്തിക്കുന്നത്. റേഞ്ച്, സർക്കിൾ, സ്ക്വാഡ് ടീമുകൾ പിടികൂടുന്ന വാഹനങ്ങൾ ഇവിടെയാണ് നിർത്തിയിടുന്നത്. ഓരോ മാസവും ഇത്തരത്തിൽ നിരവധി വാഹനങ്ങൾ ഇവിടെ കൊണ്ടിടുന്നുണ്ട്.

മുസ്‌ലിം സർവീസ് സൊസൈറ്റി ഉത്തരമേഖലാ സമ്മേളനം കണ്ണൂരിൽ

കണ്ണൂർ: മുസ്‌ലിം സർവീസ് സൊസൈറ്റി ഉത്തരമേഖലാ സമ്മേളനം നാളെ കണ്ണൂരിൽ നടക്കും. രാവിലെ 10ന് ചേംബർ ഹാളിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. സംസ്ഥാന പ്രസിഡന്റ് പി ഉണ്ണിൻ മുഖ്യാതിഥിയാകും. സംഘാടക സമിതി ചെയർമാൻ പി.വി സൈനുദ്ദീൻ അധ്യക്ഷനാകും. 'നല്ല വ്യക്തി നല്ല സമൂഹം' വിഷയത്തിൽ പി മമ്മദ്കോയ എഞ്ചിനിയർ സംഘടനാ സന്ദേശ സമർപ്പണം നടത്തും. 11 മണിക്ക് 'സാമൂഹിക മുന്നേറ്റം മാനവികതയിലൂടെ' വിഷയത്തിൽ സെമിനാർ മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്യും. വനിതാസംഗമം, യൂത്ത് മീറ്റ് എന്നിവയും നടത്തും. കണ്ണൂർ, കാസർകോട്, കോഴിക്കോട് വയനാട് ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത 300 പ്രതിനിധികൾ പങ്കെടുക്കും. വാർത്താസമ്മേളനത്തിൽ സംഘാടക സമിതി ചെയർമാൻ പി.വി സൈനുദ്ദീൻ, കൺവീനർ പി.എം അബ്ദുൽ നാസർ, പി അബ്ദുൽ റസാഖ്, പി മുനീർ, കെ.പി മുഹമ്മദ് അഷ്റഫ് പങ്കെടുത്തു.

ബഷീർ സ്മൃതിയിൽ...
കണ്ണൂർ സെന്റ് മൈക്കിൾസ് സ്കൂളിൽ ബഷീർ സ്മൃതി ഉദ്ഘാടനത്തിനെത്തിയ നടൻ പി.പി. കുഞ്ഞികൃഷ്ണൻ ബഷീർ കഥാപാത്രങ്ങളുടെ വേഷമണിഞ്ഞ കുട്ടികളോടൊപ്പം. ചിത്രം കെ.ശശി

പ്ലസ് വൺ സീറ്റൊഴിവ്

വളപട്ടണം: താജുൽ ഉലൂം ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് വൺ കൊമേഴ്സിനു സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.ഫോൺ. 9495329984, 9895273052.

എസ്‌വൈഎസ് ജില്ലാ പഠന കേമ്പ് ഇന്ന്

കണ്ണൂർ: സംസ്ഥാന സുന്നി യുവജന സംഘം നടത്തി വരുന്ന പഠന കോഴ്സിന്റെ ഭാഗമായുള്ള ടീം നെറ്റ് എംപവർമെന്റ് മീറ്റും പഠന കേമ്പും ഇന്ന് കണ്ണൂർ ഇസ്‌ലാമിക് സെന്ററിൽ നടക്കും. രാവിലെ 9.30 ന് ഹനീഫ ഏഴാംമൈൽ ഉദ്ഘാടനം ചെയ്യും. സയ്യിദ് സഫ്‌വാൻ തങ്ങൾ അദ്ധ്യക്ഷനാകും.വിവിധ സെഷനുകളിൽ അഹമ്മദ് തേർളായി, ഉമ്മർ നദ്‌വി തോട്ടീക്കൽ, മലയമ്മ അബൂബക്കർ ബാഖവി ക്ലാസെടുക്കും.

കേരള പുരസ്ക്കാരങ്ങൾ 31 വരെ അപേക്ഷിക്കാം

കണ്ണൂർ: വിവിധ മേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് സമൂഹത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്ത് കേരള പുരസ്ക്കാരങ്ങൾ എന്ന പേരിൽ കേരള ജ്യോതി/കേരള പ്രഭ/കേരള ശ്രീ എന്നിങ്ങനെ മൂന്ന് മേഖലകളിൽ പുരസ്ക്കാരങ്ങൾ നൽകുന്നു. നാമനിർദ്ദേശം വഴി://സല്യൂമഹമൂൗമസെമ്യമാ.സല്യൂമഹമ.ഴീ.ശി/ എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. വ്യക്തികൾക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാനാകില്ല. എന്നാൽ അതത് രംഗങ്ങളുമായി ബന്ധപ്പെട്ടവർക്ക് അർഹരായ വ്യക്തികളെ നാമനിർദ്ദേശിക്കാം. നോമിനേഷൻ സമർപ്പിക്കേണ്ട അവസാന തീയതി ഈ മാസം 31. ഫോൺ 0471-2518531, 0471-2518223.

മസ്റ്ററിംഗ് പൂർത്തിയാക്കണം

കണ്ണൂർ: കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമനിധി ബോർഡിൽ നിന്ന് 2023 ഡിസംബർ 31 വരെ പെൻഷൻ അനുവദിച്ച ഗുണഭോക്താക്കൾ ആഗസ്റ്റ് 24നകം അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിംഗ് പൂർത്തിയാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

ഐടിഐ കോഴ്സുകൾ

കണ്ണൂർ: ഗവ.ഐടിഐ, ഐഎംസിയും ഡിപ്ലോമ ഇൻ ഫയർ ആന്റ് സേഫ്റ്റി, ഡിപ്ലോമ ഇൻ ഓയിൽ ആന്റ് ഗ്യാസ് ടെക്നോളജി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ 8301098705

കഥകൾ കേട്ടും പറഞ്ഞും ബഷീർ ഓർമദിനം

കലക്ടറുമായി സംവദിച്ച് കുട്ടികൾ

കണ്ണൂർ: കഥകൾ കേട്ട്, ഓർത്തുപറഞ്ഞ്, കഥാപാത്രങ്ങളെ അനുകരിച്ച് ഇമ്മിണി ബല്യ കഥാകാരനെ ഓർത്തെടുക്കുകയായിരുന്നു കുട്ടികൾ. വൈക്കം മുഹമ്മദ് ബഷീർ എഴുതിവെച്ച നർമങ്ങളും ഗൗരവമുണർത്തും കാര്യങ്ങളിലൂടെ.

തലമുറകളെ കഥകൾ കൊണ്ട് ത്രസിപ്പിച്ച വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമദിനം അനശ്വരമാക്കി വിവിധ പരിപാടികളാണ് ഇന്നലെ വിദ്യാലയങ്ങളിൽ നടന്നത്.

വൈക്കം മുഹമ്മദ് ബഷീറിന്റെ 30-ാം ചരമവാർഷിക ദിനത്തിൽ ജില്ലാ കലക്ടറുമായി സംവദിക്കുകയായിരുന്നു കണ്ണൂർ താവക്കര ഗവ. യുപി സ്കൂളിലെ കുട്ടികൾ. കലക്ടർ അരുൺ കെ വിജയനുമായി കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ വായനാ സംസ്കാരം വളർത്തിയെടുക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചാണ് കുട്ടികളോട് സംസാരിച്ചത്. സമൂഹത്തിന് നന്മ ചെയ്യുന്ന മികച്ച പൗരന്മായി മാറാൻ വിദ്യാർഥികളെ ഉപദേശിച്ചു. വിദ്യാർഥികൾ അവരുടെ വിദ്യാലയവുമായി ബന്ധപ്പെട്ട കാര്യങ്ങളും കലക്ടറുമായി പങ്കുവെച്ചു. വിദ്യാർഥികളുടെ ചോദ്യങ്ങൾക്കും കലക്ടർ മറുപടി നൽകി. സ്കൂളിലെ അധ്യാപകരും പരിപാടിയിൽ പങ്കെടുത്തു.

കലക്ടർ അരുൺ.കെ വിജയൻ കുട്ടികളുമായി സംവദിച്ചപ്പോൾ

ഇരിക്കൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിൽ നടത്തിയ ബഷീറിയൻ പളുങ്കൂസൻ പ്രദക്ഷിണം

ഇരിക്കൂറിൽ പളുങ്കൂസൻ പ്രദക്ഷിണം

ഇരിക്കൂർ: വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികളിലെ നർമം കലർന്ന പ്രയോഗങ്ങളും തനത് പ്രയോഗങ്ങളുമായി പളുങ്കൂസൻ പ്രദക്ഷിണം എന്ന പേരിലാണ് ഇരിക്കൂർ ഗവ.ഹയർസെക്കന്ററി സ്കൂൾ വിദ്യാരംഗം കലാസാഹിത്യ വേദി പദയാത്ര നടത്തിയത്. ഇരിക്കൂർ ഉപജില്ലാ വിദ്യാരംഗം കോ-ഓർഡിനേറ്റർ കെ.പി സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് കെ.കെ അബ്ദുല്ല ഹാജി ഫ്ളാഗ്ഓഫ് ചെയ്തു.

അർഥമില്ലെന്ന് തോന്നുന്ന ശബ്ദങ്ങളിലൂടെ ഹാസ്യത്തിന്റെ പൊടിപ്പുകളുണ്ടാക്കിയ ബഷീറിന്റെ കുണ്ടപ്പി, ബുസാട്ടോ, ഡ്രങ് ഡിങ്കാ ഹോ, ഹുലീ ഹലീ യോഹുലി, ഹുലാലോ, ഹൻ ധോന്തു തുടങ്ങിയ അമ്പതോളം പദങ്ങളാണ് പദയാത്രയിൽ പരിചയപ്പെട്ടത്. ബഷീർ പുസ്തക ആസ്വാദന സദസ്സും നടന്നു. മദർ പി.ടി.എ പ്രസിഡന്റ് പ്രീത ശിവദാസ്, സീനിയർ അസിസ്റ്റന്റ് എ.സി റുബീന, സി.കെ നിഷാറാണി, ജി.എസ് നിസ, വി.വി സുനേഷ്, ടി.വത്സലൻ, എം രമേശൻ, സി.സി ഷബാന, സി.എ രശ്മി, എ.കെ ശ്രീലേഷ്, കെ.വി ദിവ്യ പങ്കെടുത്തു.

വെളിയമ്പ്ര ബാഫഖി മെമ്മോറിയൽ എൽപി സ്കൂൾ വിദ്യാർഥികൾ ബഷീർ കഥാപാത്രങ്ങൾ അവതരിപ്പിച്ചപ്പോൾ

കഥാപാത്രങ്ങളായി കുട്ടികൾ

മട്ടന്നൂർ: വൈക്കം മുഹമ്മദ് ബഷീറിന്റെ പാത്തുമ്മയുടെ ആട് എന്ന രംഗമാണ് വെളിയമ്പ്ര ബാഫഖി മെമ്മോറിയൽ എൽപി സ്കൂൾ വിദ്യാർഥികൾ അവതരിപ്പിച്ചത്. സ്കൂളിൽ നടന്ന വിവിധ പരിപാടികൾക്കിടയിലാണ് ദൃശ്യാവിഷ്കാരം. എല്ലാ കഥാപാത്രങ്ങളും നർമരസത്തോടെ അവതരിപ്പിച്ചപ്പോൾ കഥയുടെ നേർകാഴ്ച വിദ്യാർഥികളിൽ കൗതുകമുണർത്തി. കഥാപാത്രങ്ങളെല്ലാം നല്ല രീതിയിൽ അവരുടെ വേഷങ്ങൾ കൈകാര്യം ചെയ്തപ്പോൾ ബഷീറിന്റെ കൃതി വീണ്ടും പുനർജനിച്ചു. ബഷീറിന്റെ പുസ്തകങ്ങളുടെ പ്രദർശനം, ബേപ്പൂർ സുൽത്താൻ ഡോക്യുമെന്ററി പ്രദർശനം, ബഷീർ ദിന ക്വിസ്, ബഷീർ കഥാപാത്രങ്ങളെ ആസ്പദമാക്കിചിത്ര പ്രദർശനം, ചിത്രരചന, കഥാപാത്ര പുനരാവിഷ്കരണം എന്നീ പരിപാടികളും നടന്നു. അധ്യാപകരായ സി.എം രതീഷ്, കെ.കെ ഉസ്മാൻ, അജ്മൽ ദാവാരി, സലീം, കെ.കെ ഫസീല, അഹമ്മദ് നാസിം പങ്കെടുത്തു.

കഥാപാത്രങ്ങളിലൂടെ ബഷീറിന്റെ ചിത്രഭാവമൊരുക്കി പവി

പാനൂർ: പാത്തുമ്മയുടെ ആടും, ബാല്യകാല സഖിയും, പ്രേമലേഖനവും, ഭൂമിയുടെ അവകാശികളും തുടങ്ങി നിരവധി നോവലുകൾ എഴുതിയ കഥകളുടെ സുൽത്താന് ചിത്രഭാഷയിൽ ആദരം ഒരുക്കി ഒരു കലാകാരൻ.

പാനൂരിന് സമീപം കിഴക്കെ ചമ്പാട് സ്വദേശി പവി കൊയ്യോടാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ ഭൂമിയുടെ അവകാശികൾ എന്ന കഥയെ ആസ്പദമാക്കി ആദരം ഒരുക്കിയത്. വൈക്കം മുഹമ്മദ് ബഷീറിന്റെ ഭൂമിയുടെ അവകാശികൾ എന്ന കഥയെ ആസ്പദമാക്കി ജീവജാലങ്ങൾ മാത്രം ബഷീറിന്റെ മുഖചിത്രം വരയുകയായിരുന്നു പവി. ഇന്ത്യൻ ഇങ്ക് പേനയുപയോഗിച്ചായിരുന്നു ചിത്രരചന. വാട്ടർ കളർ ഉപയോഗിച്ചായിരുന്നു ചിത്രങ്ങളുടെ പെയിന്റിംഗ്. നാല് ദിവസത്തിലധികമെടുത്താണ് ചിത്രം പൂർത്തിയാക്കിയത്. മുഖത്തിന്റെ ഓരോ ഭാഗങ്ങളുടെയും ലൈറ്റ് ആന്റ് ഷേഡിംഗ്, കണ്ണ് മൂക്ക്, ചുണ്ട് മീശ തുടങ്ങിയ ഭാഗങ്ങൾക്കനുയോജ്യമായ ജീവജാലങ്ങളെ കണ്ടെത്തി ചേർത്ത് വെക്കുകയെന്നതും ഒരേസമയം മുഖത്തിന്റെ രൂപസാദൃശ്യം നഷ്ടപ്പെടാതെയും ജീവികളുടെ രൂപം തിരിച്ചറിയുകയും വേണമെന്ന രചന ഒരു വെല്ലുവിളിയായിരുന്നുവെന്ന് ചിത്രകാരൻ പറഞ്ഞു.



വയക്കര ഗവ.യുപി സ്കൂളിലെയും പാച്ചേനി ഗവ.ഹൈസ്കൂളിലെയും ചിത്രകലാ അധ്യാപകനാണ്. ഭാര്യ ഇ.വി റബ്ന മുഴത്തടം ഗവ.യുപി സ്കൂൾ ചിത്രകല അധ്യാപികയാണ് മകൻ ദ്രോണയും ചിത്രകലയിൽ സജീവമാണ്.

ചൂട്ടാട് വെസ്റ്റ് എൽപി സ്കൂളിൽ കായിക്കാരൻ സഹീദ് ഉദ്ഘാടനം ചെയ്യുന്നു

ചൂട്ടാട് വെസ്റ്റ് എൽപി സ്കൂളിൽ വൈക്കം മുഹമ്മദ് ബഷീർ ഓർമദിനം മാടായി പഞ്ചായത്ത് പ്രസിഡന്റ് സഹീദ് കായിക്കാരൻ ഉദ്ഘാടനം ചെയ്തു. പൂർവവിദ്യാർഥി മുജീബ് റഹ്മാൻ അധ്യക്ഷനായി. പ്രധാനാധ്യാപിക മേഴ്സി, എ.വി അബ്ദുൽ നാസർ, ഫാസിൽ, ജുനൈദ്, മശ്ഹൂദ്, എം സിദ്ദീഖ് പങ്കെടുത്തു.

ബഷീർ അനുസ്മരണവും ക്ലബുകളുടെ ഉദ്ഘാടനവും

മട്ടന്നൂർ: എടയന്നൂർ തെരൂർ എംഎൽപി സ്കൂളിൽ വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണവും വിവിധ ക്ലബുകളുടെ ഉദ്ഘാടനവും കെ.വി രാധാകൃഷ്ണൻ നിർവഹിച്ചു. പി.കെ ഹൈദർ അധ്യക്ഷനായി. പ്രധാനാധ്യാപകൻ പി.വി സഹീർ, സി.പി സലീത്ത്, കെ ഫായിസ്, സി.വി അനില, എസ്.എം റിഷാദ്, എൻ റിസ്‌വാൻ, പി.കെ ആരിഫ, പി സുമയ്യ .പങ്കെടുത്തു.

ബഷീർ ഓർമദിനം

ചക്കരക്കൽ: മക്രേരി എൽപി സ്കൂളിൽ വൈക്കം മുഹമ്മദ് ബഷീർ ഓർമദിനം പ്രധാനാധ്യാപകൻ എൻ.പി വിപിൻ ഉദ്ഘാടനം ചെയ്തു. എം.സി സൗഭാഗ്യ ബഷീർ അനുസ്മരണ പ്രഭാഷണം നടത്തി. ഡോക്യുമെന്ററി പ്രദർശനം, ബഷീർ കൃതികൾ പരിചയപ്പെടൽ, വായനാനുഭവങ്ങൾ പങ്കുവെക്കൽ, സ്പെഷ്യൽ അസംബ്ലി, വേഷപ്പകർച്ച തുടങ്ങിയ പരിപാടികളും നടന്നു. പി.എ നിഷ, പി.എം അനുപമ, എ.പി രാഗി, കെ.പി ജിസി, എ.കെ രവിന, മുഹമ്മദ് ഫസൽ, എ ഷിജിൽ പങ്കെടുത്തു.

പഴയങ്ങാടി: സോഷ്യൽ ആക്ഷൻ ഗ്രൂപ്പ്-ശാസ്ത്ര വായനാ മാസാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വൈക്കം മുഹമ്മദ് ബഷീർ ദിനാചരണം പ്രൊഫ.ബി മുഹമ്മദ് ഉദ്ഘാടനം ചെയ്തു.പ്രൊഫ.എ ജമാലുദ്ദീൻ അധ്യക്ഷനായി. കാൻഫെഡിന്റെ പി.ടി.ബി പുരസ്കാരം നേടിയ ദേശീയ മലയാളം മിഷൻ കോ-ഓർഡിനേറ്റർ പി.ആർ സ്മിതയെ ആദരിച്ചു. വി.ആർ.വി ഏഴോം, പപ്പൻ കുഞ്ഞിമംഗലം, ഗോപിനാഥ് പരിയാരം, പി.പി കുഞ്ഞിരാമൻ, ഗംഗൻ കാനായി, കെ.വി ജിഷ, റഷീദ ഇസ്മായിൽ, കെ.പി സീനത്ത്, ഇ ഭാഗ്യലക്ഷ്മി പങ്കെടുത്തു.

വിദ്യാരംഗം കലാസാഹിത്യ വേദി

ആനയിടുക്ക്: മദ്രസ സിറാജുൽ ഉലൂം യുപി സകൂളിൽ വിദ്യാരംഗം കലാസാഹിത്യ വേദി സകൂൾതല ഉദ്ഘാടനം ജില്ലാ വിദ്യാരംഗം കലാസാഹിത്യ വേദി മുൻ അസി.കോ-ഓർഡിനേറ്റർ ജനാർദ്ദനൻ നിർവഹിച്ചു. പ്രധാനാധ്യാപിക കെ ലസിന അധ്യക്ഷയായി. മദർ പി.ടി.എ പ്രസിഡന്റ് റുഖ്സാന, വിദ്യാരംഗം കോ-ഓർഡിനേറ്റർ കെ.കെ.എം അഷ്റഫ്, എസ്ആർജി കൺവീനർ ശുഭശ്രീ പങ്കെടുത്തു.

തളിപ്പറമ്പിൽ വീണ്ടും പ്ലാസ്റ്റിക് വേട്ട; നിരോധിത പ്ലാസ്റ്റിക്കുകൾ പിടികൂടി

തളിപ്പറമ്പ്: ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് തളിപ്പറമ്പ് നഗരത്തിൽ നടത്തിയ പരിശോധനയിൽ ഒന്നര ക്വിന്റലിലധികം നിരോധിത ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് ആവരണമുള്ള വസ്തുക്കൾ പിടിച്ചെടുത്തു. അള്ളാംകുളത്തെ ഹൈപാക്ക് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ ഗോഡൗണിൽ വിതരണത്തിനായി സൂക്ഷിച്ച പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, പ്ലാസ്റ്റിക് ആവരണമുള്ള പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് ആവരണമുള്ള പേപ്പർ പ്ലേറ്റുകൾ, പ്ലാസ്റ്റിക് സ്പൂണുകൾ, പ്ലാസ്റ്റിക് സ്ട്രോകൾ എന്നിവയുൾപ്പെടെ 150 കിലോഗ്രാം നിരോധിത വസ്തുക്കളാണ് പിടിച്ചെടുത്തത്. സ്ഥാപനത്തിന് 10000 രൂപ പിഴ ചുമത്തി. തുടർ നടപടികൾക്കായി നഗരസഭക്ക് നിർദേശം നൽകി. നഗരത്തിൽ കഴിഞ്ഞയാഴ്ച്ച നടന്ന പരിശോധനയിലും വൻതോതിൽ നിരോധിത പ്ലാസ്റ്റിക്കുകൾ പിടിച്ചെടുത്തിരുന്നു. ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ടീം ലീഡർ പിപി അഷ്റഫ്, എൻഫോഴ്സ്മെന്റ് ഓഫീസർ ടിവി രഘുവരൻ, നിതിൻ, വത്സലൻ, സികെ ദിബിൽ, നഗരസഭാ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരായ കെ പ്രീഷ, പിപി ലതീഷ് പരിശോധനക്ക് നേതൃത്വം നൽകി.

എ.പി ഉണ്ണികൃഷ്ണന്റെ നിര്യാണത്തിൽ അനുശോചിച്ചു

കണ്ണൂർ: മുസ്‌ലിംലീഗ് മലപ്പുറം ജില്ലാ സെക്രട്ടറിയും മലപ്പുറം മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന ദലിത് ലീഗ് മുൻ സംസ്ഥാന ജനറൽ സെക്രട്ടറി എ.പി ഉണ്ണികൃഷ്ണന്റെ നിര്യാണത്തിൽ മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുൽ കരീം ചേലേരിയും ജനറൽ സെക്രട്ടറി കെ.ടി സഹദുല്ലയും അനുശോചിച്ചു. എസ്.ടി.യു ദേശീയ വൈസ് പ്രസിഡന്റ് എം.എ കരീം, ദലിത് ലീഗ് ജില്ലാ പ്രസിഡന്റ് പ്രേമൻ, സെക്രട്ടറി രമേശൻ, ട്രഷറർ കെ.വി പ്രജിത്ര സംസ്ഥാന സെക്രട്ടറി പ്രകാശൻ പറമ്പിൽ, എ.പി ബദറുദ്ദീൻ, രമ മുണ്ടേരി, ധന്യ നടുവിൽ, രമ കണ്ണൂർ, ശിവദാസൻ അനുശോചിച്ചു.

എസ്.കെ.എസ്.എസ്.എഫ് റെയിൽവേ സ്റ്റേഷൻ മാർച്ച് ഇന്ന്

കാസർകോട്: വർഷങ്ങളായി കാസർകോട് ജില്ലയോടു കാട്ടുന്ന ഭരണകൂടത്തിന്റെയും റെയിൽവെയുടെയും അവഗണനക്കെതിരെ എസ്.കെ.എസ്.എസ്.എഫ് ജില്ലാ കമ്മിറ്റി സമരത്തിന്. ആദ്യഘട്ടമെന്ന നിലയിൽ ഇന്ന് നാലു മണിക്ക് കാസർകോട് റെയിൽവേ സ്റ്റേഷനിലേക്ക് മാർച്ച് നടത്തും. പ്രതിഷേധ സംഗമത്തിൽ ജില്ലാ പ്രസിഡന്റ് സുബൈർ ഖാസിമി പടന്ന അധ്യക്ഷനാവും. ജനറൽ സെക്രട്ടറി ഇർഷാദ് ഹുദവി ബെദിര ആമുഖം പ്രഭാഷണം നടത്തും. സംസ്ഥാന ജില്ലാ നേതാക്കൾ സംബന്ധിക്കും.

ദ്വിദിന ദേശീയ ശിൽപ്പശാല സംഘടിപ്പിച്ചു

പെരിയ: കേരള കേന്ദ്ര സർവകലാശാല ലൈബ്രറി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന ദേശീയ ശിൽപ്പശാല സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഇൻചാർജ് പ്രൊഫ. ടി. ഡെന്നിസ് തോമസ് ഉദ്ഘാടനം ചെയ്തു. കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. ആർ. ജയപ്രകാശ് ആശംസ അർപ്പിച്ചു. ഡെപ്യൂട്ടി ലൈബ്രേറിയൻ ഡോ. പി. സെന്തിൽ കുമാരൻ സ്വാഗതവും ഇൻഫർമേഷൻ സയന്റിസ്റ്റ് കെ.വി ശ്രുതി നന്ദിയും പറഞ്ഞു. ജലന്ധർ ഡോ. ബി.ആർ. അംബേദ്കർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡപ്യൂട്ടി ലൈബ്രേറിയൻ ഡോ. ഡി.ബി. ത്രിപാഠി മുഖ്യപ്രഭാഷണം നടത്തി. സമാപന പരിപാടി രജിസ്ട്രാർ ഡോ. എം. മുരളീധരൻ നമ്പ്യാർ ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ലൈബ്രേറിയൻ അമ്മാജി രജിത സംസാരിച്ചു. ലൈബ്രറി പ്രൊഫഷണൽസ്, ഇൻഫർമേഷൻ സയന്റിസ്റ്റുമാർ സംബന്ധിച്ചു.

പ്രാദേശിക വാർത്തകൾ

ടി.പി സുകുമാരൻ അനുസ്മരണം നാളെ

കാഞ്ഞങ്ങാട്: ചെമ്പ്രകാനം ചിത്രശിൽപ്പകലാ അക്കാദമി ഫോക് ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ എഴുത്തുകാരനും ബഹുമുഖ പ്രതിഭയുമായിരുന്ന ടി.പി സുകുമാരൻ അനുസ്മരണവും ചിത്രശിൽപ്പ പ്രദർശനവും നാളെ ഉച്ചയ്ക്ക് ഒരു മണിക്ക് ചെമ്പ്രകാനം ചിത്രശിൽപ്പകലാ അക്കാദമി ഹാളിൽ വിപുലമായ പരിപാടികളോടെ നടത്തുമെന്ന് സംഘാടകർ പത്രസമ്മേളനത്തിൽ അറിയിച്ചു.

ഉച്ചയ്ക്ക് ഒന്നിന് ചിത്രശിൽപ്പ പ്രദർശനം പ്രശസ്ത ചിത്രകാരനും ചരിത്രകാരനുമായ കെ.കെ മാരാർ ഉദ്ഘാടനം ചെയ്യും. പ്രൊഫ. കെ.പി ജയരാജൻ അധ്യക്ഷത വഹിക്കും. ഡോ. ബാലകൃഷ്ണൻ വള്ളിയോട്, ഡോ. രമേശൻ, പ്രൊഫ. ഡോ. ഹേമലത, പ്രൊഫ. സി.കെ ജിഷ, അനിൽ നീലാംബരി, ഡോ. സോമരാജ് രാഘവാചാര്യ പ്രഭാഷണം നടത്തും. എം. പവിത്രൻ സ്വാഗതവും അശ്വതി ഭരതൻ നന്ദിയും പറയും.

ഉച്ചയ്ക്ക് 2.30ന് അനുസ്മരണ സമ്മേളനം ഫോക് ലോർ അക്കാദമി സെക്രട്ടറി എ.വി അജയകുമാർ ഉദ്ഘാടനം ചെയ്യും. ട്രസ്റ്റ് അധ്യക്ഷൻ സദനം നാരായണൻ അധ്യക്ഷത വഹിക്കും. മലയാളം യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. കെ.എം ഭരതൻ മുഖ്യാതിഥിയാകും. ട്രസ്റ്റ് സെക്രട്ടറി ഡോ. രാഘവൻ പയ്യനാട് സ്വാഗതവും ചിത്രകലാ അക്കാദമി ഡയരക്ടർ രവീന്ദ്രൻ തൃക്കരിപ്പൂർ നന്ദിയും പറയും. പത്രസമ്മേളനത്തിൽ ഡോ. രാഘവൻ പയ്യനാട്, ഡോ. രവി രാമന്തളി, രവീന്ദ്രൻ തൃക്കരിപ്പൂർ, ചന്ദ്രൻ മുട്ടത്ത് പങ്കെടുത്തു.

അജാനൂർ ക്രസന്റ് ഇംഗ്ലീഷ് സ്കൂളിലെ വിവിധ ക്ലബുകളുടെ ഉദ്ഘാടനം എഴുത്തുകാരൻ താഹാ മാടായി നിർവഹിക്കുന്നു. പ്രിൻസിപ്പൽ എ. സൈഫുദ്ധീൻ അധ്യക്ഷത വഹിച്ചു. സ്റ്റാഫ് സെക്രട്ടറി ടി.പി അഷിത സ്വാഗതം പറഞ്ഞു.

ക്ലബുകളുടെ ഉദ്ഘാടനവും അക്കാദമിക്ക് മാസ്റ്റർ പ്ലാൻ പ്രകാശനവും നടന്നു

ചെമ്മനാട്: ചെമ്മനാട് ജമാഅത്ത് ഹയർ സെക്കന്ററി സ്കൂളിലെ വിവിധ ക്ലബുകളുടെ ഉദ്ഘാടനം സംസ്ഥാന അധ്യാപക അവാർഡ് ജേതാവും എസ്.സി.ഇ.ആർ.ടി റിസോഴ്സ് പേഴ്സണുമായ പ്രമോദ് അടുത്തില നിർവഹിച്ചു. പി.ടി.എ പ്രസിഡന്റ് പിഎം അബ്ദുള്ള അധ്യക്ഷത വഹിച്ചു. എൻ.എ ബദ്റുൽ മുനീർ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ പ്രകാശനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ എ. സുകുമാരൻ നായർ, റഫീഖ് സിഎച്ച്, അബ്ദുൽ ഖാദർ ബി.എച്ച്, മദർ പി.ടി.എ പ്രസിഡന്റ് സക്കീന നജീബ്, സ്റ്റാഫ് സെക്രട്ടറി എൻ. മധുസൂദനൻ, ഹെഡ്മാസ്റ്റർ കെ. വിജയൻ, എസ്.ആർ.ജി കൺവീനർ പി. ലേഖ സംസാരിച്ചു.

ചെമ്മനാട് ജമാഅത്ത് ഹയർസെക്കന്ററി സ്കൂളിലെ വിവിധ ക്ലബുകളുടെ ഉദ്ഘാടനം സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് പ്രമോദ് അടുത്തില നിർവഹിക്കുന്നു

എൽ.ബി.എസ് കോളജിലെ അഞ്ചു കോഴ്സുകൾക്ക് എൻ.ബി.എ അംഗീകാരം

കാസർകോട്: ജില്ലയിലെ സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഏക എഞ്ചിനീയറിങ് കോളജായ എൽ.ബി.എസിലെ അഞ്ച് പ്രോഗ്രാമുകൾക്ക് എൻബിഎ അംഗീകാരം. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകളുടെ ഗുണമേന്മയും നിലവാരവും ഉറപ്പുവരുത്താൻ ഉത്തരവാദിത്തമുള്ള കേന്ദ്ര സർക്കാർ സ്ഥാപനമാണ് നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷൻ (എൻബിഎ). മെയ് മൂന്നു മുതൽ അഞ്ചു വരെയുള്ള ദിവസങ്ങളിൽ പതിനൊന്നു അംഗങ്ങളടങ്ങിയ വിദഗ്ധ സംഘം കോളജിലെ വ്യത്യസ്ത വകുപ്പുകളിൽ വിശദപരിശോധന നടത്തിയിരുന്നു.

കഴിഞ്ഞ മൂന്നുവർഷങ്ങളിലെ നേട്ടങ്ങൾ പരിഗണിച്ചാണ് അപേക്ഷിച്ച എല്ലാ പ്രോഗ്രാമുകൾക്കും എൻബിഎ അംഗീകാരം ലഭിച്ചത്. അൻപത്തിയഞ്ച് ഏക്കറോളം വരുന്ന വിസ്തൃതമായ കാമ്പസിൽ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെയും മറ്റു ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുടെയും സഹകരണത്തിൽ മെച്ചപ്പെട്ട അടിസ്ഥാന സാങ്കേതിക സൗകര്യങ്ങളോടുകൂടി പ്രവർത്തിച്ചുവരുന്ന സ്ഥാപനം ജില്ലയുടെ സാമൂഹിക സാമ്പത്തിക സുസ്ഥിര വികസനത്തെ മുന്നോട്ടുനയിക്കുന്ന ചാലക ശക്തിയായി എൽ.ബി.എസ് നിലകൊള്ളുന്നു.

ഈ സാധ്യതകളൊക്കെയും ജില്ലയിലെ വരുംതലമുറകൾക്ക് ഉപയോഗ യോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് അത്യാധുനിക സാങ്കേതിക വിദ്യകളായ ഡാറ്റാ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് ആനന്റ്ഓട്ടോമേഷൻ തുടങ്ങിയ മേഖലകളിൽ എഞ്ചിനീയറിങ് കോഴ്സുകൾ തുടങ്ങാൻ തീരുമാനമായതെന്ന് പ്രിൻസിപ്പൽ ഡോ. മുഹമ്മദ് ഷുക്കൂർ പറഞ്ഞു.

ഹയർസെക്കന്ററി

തുല്യതാ പരീക്ഷ എഴുതുന്നത് 1147 മുതിർന്ന പഠിതാക്കൾ

കാസർകോട്: സാക്ഷരതാ മിഷനിലൂടെ മുതിർന്നവർക്ക് വേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഹയർസെക്കന്ററി തുല്യതയുടെ ഒന്നും രണ്ടും വർഷത്തെ പരീക്ഷയിൽ ജില്ലയിൽ 1147 മുതിർന്ന പഠിതാക്കൾ ഭാഗമാകും. ജില്ലയിലെ ഒൻപത് ഹയർ സെക്കന്ററി സ്കൂളുകളിൽ ജൂലൈ 15 വരെയാണ് പരീക്ഷ നടക്കുക. 941 സ്ത്രീകളും 206 പുരുഷന്മാരും പരീക്ഷ എഴുതുന്നുണ്ട്. 44 പട്ടിക ജാതിക്കാർ, 103 പട്ടികവർഗ്ഗക്കാർ, 52 ആശാവർക്കർമാർ, 15 ശാരീരിക വൈകല്യമുള്ളവർ എന്നിവർ പരീക്ഷ എഴുതുന്നുണ്ട്.

ഹയർസെക്കന്ററി തുല്യത ഒന്നാം വർഷത്തിന് 626പേരും രണ്ടാം വർഷത്തിന് 521പേരും പരീക്ഷ എഴുതുന്നു. 2023 ജൂലൈ മുതൽ എല്ലാ അവധി ദിവസങ്ങളിലും സാക്ഷരതാ മിഷൻ പ്രഗൽഭരായ ഹയർ സെക്കന്ററി അധ്യാപകരെ ഉപയോഗിച്ച് കോൺടാക്ട് ക്ലാസുകൾ നടത്തിയിട്ടുണ്ട്. അജാനൂർ പഞ്ചായത്തിലെ 71 കാരനായ കൃഷ്ണനാണ് ജില്ലയിലെ ഏറ്റവും പ്രായം കൂടിയ പഠിതാവ് ഇദ്ദേഹം രാജപുരം ഹോളി ഫാമിലി സ്കൂളിലാണ് പരീക്ഷയെഴുതുന്നത് ജി.എച്ച്.എസ്.എസ് ചെർക്കളയിൽ പരീക്ഷ എഴുതുന്ന 20കാരനായ സരുൺ ആണ് ഏറ്റവും പ്രായം കുറഞ്ഞ പഠിതാവ്. ഹ്യൂമാനിറ്റീസ് വിഭാഗത്തിൽ 1024 പഠിതാക്കളും കോമേഴ്സ് വിഭാഗത്തിൽ 123 പഠിതാക്കളും പരീക്ഷ എഴുതുന്നുണ്ട്. ജൂണിൽ മോഡൽ പരീക്ഷ നടത്തി സാക്ഷരതാ മിഷൻ അധ്യാപകർ പഠിതാക്കളെ സജ്ജരാക്കിയിട്ടുണ്ട്.

കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസ് ജില്ലാ ഓഫീസ് മുന്നിൽ ധർണ നടത്തി

കാസർകോട്: വിവിധ തൊഴിൽ പ്രശ്നങ്ങളുയർത്തി കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസ് ജില്ലാ ഓഫീസ് മുന്നിൽ ധർണ നടത്തി. ഇരുപതു ശതമാനം ഡി.എ വാഗ്ദാനം ഉത്തരവാകുക, പേ റിവിഷൻ കമ്മിറ്റി രൂപീകരിക്കുക, മലപ്പുറത്തെ കേഡർ ഇന്റഗ്രേഷൻ നടപ്പിലാക്കുക, മലപ്പുറത്തെ ജീവനക്കാർക്ക് പ്രമോഷൻ അനുവദിക്കുക, 2021ലെ ശമ്പള പരിസ്കരണത്തെയും പേ യൂണിഫിക്കേഷനിലെയും അനീതികൾ രജിസ്ട്രാർ പരിഹരിക്കുമെന്ന ഉറപ്പുപാലിക്കുക, ബാങ്കിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുക, നിയമനം ത്വരിതപ്പെടുത്തുക, ജീവനക്കാരുടെ പെൻഷൻ പദ്ധതി കേരള ബാങ്ക് ഏറ്റടുക്കുക, പിഎഫ് - വെൽഫെയർ ഫണ്ട് ട്രൂസ്റ്റുകൾ രൂപീകരിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് ധർണ.

കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസ് ജില്ലാ കമ്മിറ്റി ആഭിമുഖ്യത്തിൽ ജീവനക്കാർ ജില്ലാ ഓഫീസ് മുന്നിൽ നടത്തിയ ധർണ ഡി.സി.സി പ്രസിഡന്റ് പി.കെ ഫൈസൽ ഉദ്ഘാടനം ചെയ്യുന്നു

ഈമാസം 30, 31ന് നടക്കുന്ന പണിമുടക്കിന്റെ മുന്നോടിയായാണ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജീവനക്കാർ ധർണ നടത്തിയത്. ഡി.സി.സി പ്രസിഡന്റ് പി.കെ ഫൈസൽ ഉദ്ഘാടനം ചെയ്തു. എംപ്ലോയീസ് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് പി. ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു. മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി ഹാരിസ് ചൂരി, ഡി.സി.സി ജില്ലാ സെക്രട്ടറി എം.സി പ്രഭാകരൻ, സംസ്ഥാന കമ്മിറ്റി അംഗം കെ.എം പ്രകാശൻ, എ.കെ.ബി.ഇ.എഫ് ജില്ലാ സെക്രട്ടറി ഇ.വി മോഹനൻ, വനിതാ കൺവീനർ എ. ശ്രീരേഖ, ജില്ലാ കമ്മിറ്റി അംഗം പി. ലത, ജില്ലാ ജോയിന്റ് സെക്രട്ടറി സുബ്രമണ്യൻ, റിറ്റേറിയഡ് കോൺഗ്രസിന്റെ നേതാക്കളായ പി.എസ് ഗിരീഷ് കുമാർ, ടി.വി മോഹനൻ, സതീഷ് കരിങ്ങാട്, എംപ്ലോയീസ് കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറി എ. പ്രകാശ് റാവു, കെ. ശശിധരൻ സംസാരിച്ചു.

കാഞ്ഞങ്ങാട് സി.എച്ച് സെന്ററിന് അജാനൂർ പഞ്ചായത്ത് വാർഡ് തലങ്ങളിൽ നിന്ന് സമാഹരിച്ച ഫണ്ട് പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് മുബാറക്ക് ഹസൈനാർ ഹാജി മണ്ഡലം പ്രസിഡന്റ് ബഷീർ വെള്ളിക്കോത്തിന് കൈമാറുന്നു

ഓർമ

എ.പി ഉണ്ണികൃഷ്ണൻ കാസർകോടിനും പ്രിയങ്കരൻ

കാഞ്ഞങ്ങാട്: കഴിഞ്ഞ ദിവസം നിര്യാതനായ മലപ്പുറം ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റും ലീഗ് ജില്ലാ സെക്രട്ടറിയുമായ എ.പി ഉണ്ണികൃഷ്ണൻ ജില്ലയിലെ മുസ്‌ലിം ലീഗ് പ്രവർത്തകർക്കും പ്രിയങ്കരനായിരുന്നു. ദളിത് ലീഗ് സംസ്ഥന ജനറൽ സെക്രട്ടറിയും ജില്ലാ ഫഞ്ചായത്തും പ്രസിഡന്റുമായിരുന്ന കാലത്ത് പല തവണകളിലായി വിവിധ പരിപാടികൾക്കും അദ്ദേഹം ജില്ലയിൽ എത്തിയിരുന്നു. അവസാനമായി കാഞ്ഞങ്ങാട് 2022 മാർച്ച് 16ന് എ.പി അബ്ദുല്ല സ്മാരക അവാർഡ് വിതരണത്തിനായി എത്തിയിരുന്നു. മുനവ്വറലി ശിഹാബ് തങ്ങൾ കൈത്രപം ദാമോദരൻ നമ്പൂതിരിക്കും എം.സി വടകരക്കും അവാർഡ് നൽകിയ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയത് അദ്ദേഹമായിരുന്നു. ഇതുപോലെ പല പരിപാടികൾക്കും അദ്ദേഹം ജില്ലയിൽ എത്തിയിട്ടുണ്ട്. സംസ്ഥാനത്ത് എല്ലായിടത്തും ദളിത് ലീഗിനെ വളർത്താനും മുസ്‌ലിം ലീഗിനെ ശക്തമാക്കാനും ഇത്തരത്തിൽ അദ്ദേഹം പലയിടങ്ങളിലായി പല പരിപാടികളിലായി എത്തിയിട്ടുണ്ട്. നല്ലൊരു വാഗ്മി കൂടിയായതിനാൽ മുസ്‌ലിം ലീഗിന്റെ പരിപാടികളിൽ നിറസാന്നിധ്യമായിരുന്നു ഉണ്ണികൃഷ്ണൻ.

കെമിസ്ട്രി അനലിസ്റ്റ് ഒഴിവ്

കുമ്പള: കുമ്പള റീജിയണൽ ഡയറി ലാബ് കം ട്രെയിനിങ് സെന്ററിൽ കെമിസ്ട്രി അനലിസ്റ്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ ബയോഡാറ്റ എന്നിവ ജൂലൈ 15 ന് വൈകുന്നേരം അഞ്ചിന് മുൻപായി നേരിട്ടോ തപാൽ മുഖേനയോ ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരവികസന വകുപ്പ് റീജിയണൽ ഡയറി ലാബ് കം ട്രെയിനിങ് സെന്റർ നായ്ക്കാപ്പ് കുമ്പള കാസർകോട് എന്ന വിലാസത്തിൽ സമർപ്പിക്കണം. കൂടിക്കാഴ്ച 18ന് രാവിലെ 11ന് കുമ്പള റീജിയണൽ ഡയറി ലാബ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കും. ഫോൺ :04998290626.

ജില്ലയിൽ സംരംഭക, ടൂറിസം മേഖലകളിൽ സാധ്യതകളേറെ: ഡോ. വി. വേണു

ഉദുമ: സംരംഭക മേഖലയിലും ടൂറിസം മേഖലയിലും വളരെ സാധ്യതകളുള്ള ജില്ലയാണ് കാസർകോടെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. വി. വേണു. എംപവർ കാസർകോട് ഉദുമ ലളിത് റിസോർട്ടിൽ സംഘടിപ്പിച്ച നിക്ഷേപ സംഗമം ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന വ്യവസായ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ ഓൺലൈനിൽ യോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. ജില്ല കലക്ടർ കെ. ഇമ്പശേഖർ, സംസ്ഥാന വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. കെഎസ് കൃപാ കുമാർ, എം.എസ്.എം.ഇ ജോ. ഡയറക്ടർ ജിഎസ് പ്രകാശ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ. സജിത് കുമാർ, ഡി.ടി.പി.സി. സെക്രട്ടറി ലിജോ ജോസഫ്, ബി ആർ.ഡി.സി. മാനേജിംഗ് ഡയറക്ടർ ഷിജിൻ പറമ്പത്ത്, റിട്ട. ഐ.ജി. കെ.വി മധുസൂദനൻ നായർ, ഡോ. വിവേക് വിഷ്ണു, കേരള ഫിനാൻഷ്യൽ കോർപ റേഷൻ ചീഫ് മാനേജർ എ. ഉണ്ണികൃഷ്ണൻ, എംപവ്വർ കാസർകോട് സംഘാടക സമിതി ഭാരവാഹികളായ രവീന്ദ്രൻ കണ്ണങ്കൈ, അലി നെട്ടാർ, എം.ടി.പി മുഹമ്മദ് കുഞ്ഞി, ഡോ. ജലാലുദ്ദീൻ, മുഹമ്മദലി റെഡ്‌വുഡ്, ഐശ്വര്യ കുമാരൻ, അഡ്വ. മുഹമ്മദ് റഫീഖ്, സൈഫുദ്ദീൻ കളനാട്, അബ്ദുൽ ഖാദർ പള്ളിപ്പുഴ, ഫാറൂഖ് മെട്രോ, ഡോ. രശ്മി പ്രകാശ്, വി. അബ്ദുൽ സലാം, സയ്യിദ് സവാദ്, സുലൈഖ മാഹിൻ പ്രസംഗിച്ചു. ജില്ലയിലെ പ്രമുഖ സംരംഭകരായ മണികണ്ഠൻ മേലത്ത്, ശിവദാസ് കീനേരി, ബി.എ അബ്ദുൽ ബഷീർ എന്നിവരെ കലക്ടർ കെ. ഇമ്പശേഖർ ഉപഹാരം നൽകി ആദരിച്ചു. സമാപന സമ്മേളനം ജില്ല പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മുജീബ് അഹമ്മദ് പ്രസംഗിച്ചു.

വിവിധ സംരംഭകരുടെ കൂട്ടായ്മ ഉദുമ ലളിത് റിസോർട്ടിൽ സംഘടിപ്പിച്ച 'എംപവർ കാസർകോട്' നിക്ഷേപ സംഗമത്തിൽ കലക്ടർ കെ. ഇമ്പശേഖരൻ മുഖ്യപ്രഭാഷണം നടത്തുന്നു

ബി.ടെക് എൻ.ആർ.ഐ സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

കാസർകോട്: എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളജിൽ 2024-25 അധ്യായന വർഷത്തേക്കുള്ള ബി.ടെക് എൻ.ആർ.ഐ സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സിവിൽ എഞ്ചിനീയറിംഗ് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, ഇല്കട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിലെ എൻ.ആർ.ഐ സീറ്റുകളിലേക്കാണ് ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നത്. അപേക്ഷിക്കാനുള്ള അവസാന തീയതി 26. വിവരങ്ങൾക്ക് www.lbseek.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കണം-9596358213, 9495310477.

ഓർമ

വിടപറഞ്ഞത് വലിയപറമ്പിലെ സൗമ്യനായ പാർട്ടി നേതാവ്

വലിയപറമ്പ്: വലിയപറമ്പ് പഞ്ചായത്തിലെ പടന്നക്കടപ്പുറം ഒമ്പതാം വാർഡ് മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറിയായും പ്രസിഡന്റായും ഏറെക്കാലം പാർട്ടിയെ നയിച്ച പി.പി മഹമൂദിന്റെ വിയോഗം പാർട്ടിക്കും നാടിനും തീരാനഷ്ടമായി. മരണം വരെ തുടച്ചയായി 25 വർഷക്കാലം പൊയ്യക്കടവ് മഹല്ല് ജമാഅത്തിന്റെ ജനറൽ സെക്രട്ടറിയായി തുടരാൻ കഴിഞ്ഞത് തന്റെ ആത്മാർത്ഥമായ ദീനി പ്രവർത്തനത്തിനുള്ള അംഗീകാരമാണ്. മുഴുവൻ സമയവും ദീനി പ്രവർത്തനത്തിനും ഹരിത രാഷ്ട്രീയ പ്രസ്ഥാനത്തിനും വേണ്ടി മാറ്റിവച്ച അദ്ദേഹത്തിന് സമ്പാദ്യമായി അദ്ദേഹവും ഭാര്യയും മാത്രം താമസിച്ച ചെറിയൊരു വീട് മാത്രമാണ്.

ചെറുവത്തൂർ റൈഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രവർത്തക സമിതി അംഗമായും മദ്രസ മാനേജ്മെന്റ് അസോസിയേഷൻ, വലിയപറമ്പ് പഞ്ചായത്ത് എസ്എംഎഫ്, പഞ്ചായത്ത് എസ് വൈഎസ് കമ്മിറ്റി അംഗം, അൽ അമീൻ ചാരിറ്റി കമ്മിറ്റി തുടങ്ങിയവ യിലൂടെ കടന്നുപോകുന്നു അദ്ദേഹത്തിന്റെ പ്രവർത്തനമേഖല. ഡിസിസി പ്രസിഡന്റ് പി.കെ ഫൈസൽ, ജില്ലാ മുസ്‌ലിം ലീഗ് സെക്രട്ടറി എജിസി ബഷീർ തുടങ്ങിയ നേതാക്കൾ വീട്ടിലെത്തി അനുശോചനം അറിയിച്ചു.

കഥാപാത്രങ്ങളെല്ലാം സ്കൂൾ മുറ്റത്ത് ആവേശമായി ബഷീർ ദിനാചരണം

തൃക്കരിപ്പൂർ: ബേപ്പൂർ സുൽത്താൻ സൃഷ്ടിച്ച കഥാപാത്രങ്ങൾ സ്കൂൾ മുറ്റത്തെത്തിയപ്പോൾ കുട്ടികൾക്ക് ആവേശം. ബഷീർ ദിനാചരണഭാഗമായി ചന്തേര ഇസത്തുൽ ഇസ്‌ലാം എ.എൽ.പി സ്കൂളിൽ സംഘടിപ്പിച്ച സുൽത്താന്റെ ഓർമകൾ പരിപാടിയിലാണ് നൂറോളം കഥാപാത്രങ്ങൾ എത്തിയത്. ഒരു പുസ്തകം പരിചയപ്പെടുത്തിയപ്പോൾ അതിലെ പ്രധാന കഥാപാത്രങ്ങൾ എന്ന തോതിൽ ഭൂരിഭാഗം കുട്ടികളും വേഷമിട്ടു. ബഷീർ, മജീദ്, സുഹറ, പാത്തുമ, ഫാബി, ആനുമ്മ, അബ്ദുൽ ഖാദർ, കേശവൻ നായർ, സാറാമ്മ, പൊൻകുരിശ് തോമ, ഒറ്റക്കണ്ണൻ പോക്കർ എന്നിവരെല്ലാം സ്കൂൾ മുറ്റത്തെത്തി. പ്രധാനാധ്യാപിക കെ.ആർ. ഹേമലത, പി. ബാലചന്ദ്രൻ, ടി. റജിന, എം.ടി.പി ഷാമില, വിനയൻ പിലിക്കോട്, പ്രജിത, ബിജി, ശ്രീജ, ധന്യ, റൈഹാനത്ത് നേതൃത്വം നൽകി.

ചന്തേര ഇസത്തുൽ ഇസ്‌ലാം എ.എൽ.പി.സ്കൂളിൽ സംഘടിപ്പിച്ച സുൽത്താന്റെ ഓർമകൾ പരിപാടിയിൽ നിന്ന്

തളങ്കര ഗവ: മുസ്‌ലിം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വൈക്കം മുഹമ്മദ് ബഷീർ ദിനാചരണം നഗരസഭാ ചെയർമാൻ അബ്ബാസ് ബിഗം ഉദ്ഘാടനം ചെയ്യുന്നു

കാസർകോട്:

തളങ്കര ഗവ: മുസ്‌ലിം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വൈക്കം മുഹമ്മദ് ബഷീർ ഓർമ ദിനം ആചരിച്ചു. നഗരസഭാ ചെയർമാൻ അബ്ബാസ് ബിഗം ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് നൗഫൽ തായൽ അധ്യക്ഷത വഹിച്ചു. എച്ച്.എം ബിന്ദു പി.ടി സ്വാഗതം നടത്തി. ബദ്റുദ്ധീൻ കെ.എസ്, സെനുദ്ധീൻ, സീനിയർ അസിസ്റ്റന്റ് ജയശ്രീ, എസ്.ആർ.ജി കൺവീനർ ജിൽജോ ഗോവിന്ദ്, എസ്.ആർ.ജി കൺവീനർ ദീപ വിനോദ്, ശ്രീജ കിഴക്കേവിട്ടിൽ, സ്റ്റാഫ് സെക്രട്ടറി രാജേഷ് എ.വി സംസാരിച്ചു. ബഷീർ ഡോക്യുമെന്ററി പ്രദർശനം, എ.ഐ.ക സാങ്കേതികവിദ്യ ഉപയോഗിച്ച് ബഷീറിനെ പുനസൃഷ്ടിക്കൽ, പോസ്റ്റർ രചന മത്സരം എന്നിവ നടന്നു.

ബഷീർ ദിനത്തിൽ ആട്ടിൻ കുട്ടികളെ നൽകി

തൃക്കരിപ്പൂർ: തൃക്കരിപ്പൂർ തങ്കയം എഎൽപി സ്കൂൾ ബഷീർ ദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. അമ്മവായന സ്കിറ്റ് പ്രദർശനം 'പാത്തുമ്മയുടെ ആട്' കുട്ടികളുടെ സ്കിറ്റ് അവതരണം മെഗാ ക്വിസ് മത്സരം ബഷീറിയൻ ബുക്ക് ചാർട്ട് ചിത്ര പ്രദർശനം എന്നിവ നടത്തി. അൽമാസ് അറബിക് ക്ലബിലെ കുട്ട

കാലവർഷക്കെടുതിയിൽ വാഴകൾ നശിച്ചു

ഗൂഡല്ലൂർ: ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിലായി കാലവർഷക്കെടുതിയിൽ 17.6 ഹെക്ടർ സ്ഥലത്ത് കൃഷിയി റക്കിയ പതിനേഴായിരത്തോളം നേന്ത്രവാഴകൾ നശിച്ചു. ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിൽ നെൽകൃഷി

ക്ക് പകരമായികർഷകർ നേന്ത്രവാഴ കൃഷിയിൽ താൽപര്യം കാണിച്ചു വരികയാ ണ്.ഗൂഡല്ലൂർ, ശ്രീ മധുര, പാടന്തറ, മുതുമല, തൊറപ്പള്ളി, നെല്ലിയാളം, ദേവർഷോല, മൂന്നനാട് തുടങ്ങിയ പ്രദേശങ്ങളിലാണ് കൂടുതൽ കൃഷിചെയ്തു വരുന്നതും, നാശനഷ്ടങ്ങളുണ്ടായതും. നാശനഷ്ടങ്ങൾ സംഭവിച്ച പ്രദേശങ്ങൾ കാർഷിക വകുപ്പ് ഉദ്യോഗസ്ഥർ സന്ദർനാശനഷ്ടങ്ങൾ വിലയിരുത്തി. ജൂൺ 5 മുതൽ 17 വരെയുണ്ടായ കാറ്റിലും മഴയിലും പെട്ട് 7.16 ഹെക്ടർ സ്ഥലത്തു നിന്നും 16,850 നേന്ത്രവാഴകളാണ് നശിച്ചത്.

അസിസ്റ്റന്റ് പ്രൊഫസർ നിയമനം

കൽപ്പറ്റ: തലപ്പുഴ ഗവ എൻജിനീയറിങ് കോളജിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ താത്ക്കാലിക നിയമനം നടത്തുന്നു. ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് മെക്കാനിക്കൽ എഞ്ചിനീയറിങ്, സിവിൽ എഞ്ചിനീയറിംങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്, ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ്, മാത്തമാറ്റിക്സ് വിഭാഗങ്ങളിലേക്കാണ് നിയമനം. ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുമായി ജൂലൈ 11 ന് രാവിലെ 10.30ന് കോളേജിൽ എത്തണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

വയനാട് വാർത്തകൾ

ജനജീവിതം ദുസ്സഹമാക്കി വന്യജീവികളുടെ കാടിറക്കം

വനാതിർത്തികളിൽ നിന്നും വ്യത്യസ്തമായി ഗ്രാമ–നഗര പ്രദേശങ്ങളിൽ പോലും കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ ശല്യം ഇപ്പോൾ വർദ്ധിച്ചു വരികയാണ്

കൽപ്പറ്റ: വയനാട്ടുകാരുടെ സൈ്വര്യജീവിതം കെടുത്തി വന്യജീവികളുടെ കാടിറക്കം. രാപ്പകൽ വ്യത്യാസമില്ലാതെ വന്യജീവികൾ കാടിറങ്ങുകയാണ്. ജനവാസ മേഖലയിലിറങ്ങി കാർഷിക വിളകളുൾപ്പെടെ നശിപ്പിച്ച് ഭീതി പരത്തുന്നതോടൊപ്പം മനുഷ്യജീവനുകൾക്കും ഭീഷണിയാകുകയാണ്. വനാതിർത്തികളിൽ നിന്നും വ്യത്യസ്തമായി ഗ്രാമ–നഗര പ്രദേശങ്ങളിൽ പോലും ഇപ്പോൾ വന്യജീവികളുടെ ശല്യം വർദ്ധിച്ചു വരികയാണ്. ഇന്നലെ പനമരം പഞ്ചായത്തിലെ ചെങ്ങാടക്കടവിൽ കാട്ടാനകൾ കൂട്ടമായി ഇറങ്ങുകയുണ്ടായി. പ്രദേശത്തെ നിരവധി കവുങ്ങുകളും തെങ്ങുകളും പിഴുതെറിഞ്ഞു.

കഴിഞ്ഞ ദിവസം പൊഴുതന പെരിങ്കോടയിൽ കാട്ടാന ആക്രമണത്തിൽ മധ്യവയസ്കനു പരിക്കേറ്റു. വൈത്തിരി സുഗന്ധഗിരി സ്വദേശി വിജയനാണ് പരുക്കേറ്റത്. വിജയന്റെ നട്ടെല്ലിനാണ് പരുക്ക്. സൗത്ത് വയനാട് വനം ഡിവിഷനിൽപ്പെട്ട പെരിങ്കോടയിൽ ദിവസങ്ങളായി കാട്ടാനശല്യം രൂക്ഷമാണ്. പുൽപ്പള്ളി ചീയമ്പം 73 ഉന്നതിയിലെ ജനവാസ കേന്ദ്രത്തിൽ കാട്ടാനയിറങ്ങി വ്യാപകമായി കൃഷി നശിപ്പിക്കുകയും വീടിന്റെ മുറ്റത്ത് നിർത്തിയിട്ടിരുന്ന കാർ കൊമ്പുകൊണ്ട് കുത്തി നശിപ്പിക്കുകയും വീടിനോട് ചേർന്ന പശുത്തൊഴുത്ത് കാട്ടാന നശിപ്പിക്കുകയും ചെയ്തു. വീടിന്റെ മുറ്റത്തെത്തിയ കാട്ടാന മടങ്ങിയതിനെ തുടർന്ന് മുറ്റത്തിറങ്ങിയ വീട്ടുകാർക്കുനേരെ കാട്ടാന വീണ്ടും ഓടിയടുത്തതിനെ തുടർന്ന് തലനാരിഴക്കാണ് കുടുംബം രക്ഷപ്പെട്ടത്. ചീയമ്പം 73 ഉന്നതിയിലെ ബാബുവിന്റെ വീട്ടിൽ നിർത്തിയിട്ടിരുന്നു കാറാണ് ആന നശിപ്പിച്ചത്. ബാബുവിന്റെ സഹോദരനായ രതീഷിന്റെ വീടിനോട് ചേർന്ന തൊഴുത്തും മുറ്റത്തെ തെങ്ങും തോട്ടത്തിലെ നിരവധി മരങ്ങളും ആന കുത്തിമറിച്ചിട്ട് നശിപ്പിച്ചു. മറ്റൊരു സഹാദരനായ രഘുവിന്റെ കൃഷിയിടത്തിലെ വാഴ, തെങ്ങ്, കമുക് ഉൾപ്പെടെയുള്ള കൃഷികളും ആനകൾ പൂർണ്ണമായി നശിപ്പിച്ചു. വ്യാഴാഴ്ച രാവിലെ അഞ്ച് മണിയോടെയാണ് കാട്ടാന വീടുകൾക്ക് സമീപമെത്തിയത്. വയനാട് വന്യജീവി സങ്കേതത്തിലെ കുറിച്ചാട് റെയ്ഞ്ചിൽ നിന്നിറങ്ങിയ രണ്ട് കാട്ടാനകളാണ് വ്യാപകമായി നാശനഷ്ടം വരുത്തിയത്. ബാബുവിന്റെ ഭാര്യ രാധ, മകൾ ആർഷ, സഹോദരൻ രതീഷ്, രതീഷിന്റെ ഭാര്യ അമ്മു, സന്തോഷ് എന്നിവരാണ് കാട്ടാനയുടെ ആക്രമണത്തിന് മുന്നിൽ നിന്നും രക്ഷപെട്ടത്.

ആന വനത്തിലേക്ക് പോയെന്ന് കരുതി വീടിന് പുറത്തിറങ്ങി സഹോദരന്റെ വീട്ടിൽപ്പോയി മടങ്ങി വരുമ്പോഴായിരുന്നു മറ്റൊരാനയുടെ മുന്നിലകപ്പെട്ടത്. തുടർന്ന് ഓടി രതീഷിന്റെ വീട്ടിനുള്ളിൽ കയറിയാണ് ഇവർ രക്ഷപെട്ടത്.

കാട്ടാന ഈ വീടിന്റെ മുറ്റത്തുണ്ടായിരുന്ന തെങ്ങ് മറച്ചിടുകയും തുടർന്ന് തൊഴുത്ത് തകർക്കുകയുമായിരുന്നു.

ദിവസങ്ങളായി ഈ പ്രദേശത്ത് കാട്ടാന ശല്യം രൂക്ഷമാണെന്ന് ഇവർ പറഞ്ഞു. വനാതിർത്തിയിലെ കിടങ്ങ് പൂർണമായി തകർന്നുകിടക്കുന്നതാണ് കാട്ടാനയിറങ്ങുന്നതിന് കാരണം. തകർന്ന കിടങ്ങ് നന്നാക്കണമെന്നാവശ്യപ്പെട്ട് നിരവധി തവണ പരാതിപ്പെട്ടിട്ടും നടപടിയില്ലെന്നാണ് ഉന്നതിവാസികൾ പറയുന്നത്. ഏറെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലയായിട്ടുപോലും വനാതിർത്തിയിലെ തകർന്നുകിടക്കുന്ന കിടങ്ങ് നന്നാക്കാൻ വനം വകുപ്പ് തയ്യാറാകാത്തതിൽ പ്രതിഷേധമുയരുന്നുണ്ട്. ചീയമ്പം കാപ്പിത്തോട്ടത്തോട് ചേർന്ന ഈ മേഖലയിൽ നൂറുകണക്കിന് കുടുംബങ്ങളാണ് താമസിക്കുന്നത്. ജനവാസ കേന്ദ്രത്തിലിറങ്ങുന്ന ശല്യക്കാരായ ആനകളെ അടിയന്തിരമായി ഉൾവനത്തിലേക്ക് തുരത്താൻ നടപടി വേണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

കാടും നാടും വേർ തിരിച്ച് കാർഷിക വിളകളും മനുഷ്യജീവനും സംരക്ഷണമൊരുക്കണമെന്നാണ് കർഷകരുടെ ആവശ്യം. വനംവകുപ്പിന്റെ സംവിധാനങ്ങൾ ജില്ലയിൽ മെച്ചപ്പെടുത്തിയിട്ടില്ല. അധിവേശ സസ്യങ്ങൾ കാടിന്റെ സ്വാഭാവികത നശിപ്പിച്ചതിലും വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങാൻ കാരണമായിട്ടുണ്ട്.

കാട്ടാന നശിപ്പിച്ച കൃഷിയിടങ്ങളിലൊന്ന്

ഡ്രോൺ വഴി കാട്ടാനകളെ നിരീക്ഷിക്കുന്നു

ദേവർഷോല ഭാഗത്ത് കാട്ടാന കൂട്ടം ഡ്രോൺ ക്യാമറയിൽ പതിഞ്ഞപ്പോൾ

ഗൂഡല്ലൂർ: ഗൂഡല്ലൂർ മേഖലയിൽ കാട്ടാനകൾ ജനവാസ മേഖലകളിൽ എത്തുന്നത് നിരീക്ഷിക്കാനായി വനം വകുപ്പ് ഡ്രോൺ ഉപയോഗപ്പെടുത്തി.

ഗൂഡല്ലൂർ താലൂക്കിന്റെ പരിധിയിൽപ്പെട്ട ദേവർഷോല, ദേവൻ, കൊട്ടായി മട്ടം, പാടന്തറ, തൊറപ്പള്ളി,പുത്തൂർവയൽ, ഏച്ചം വയൽ, കുനിൽവയൽ തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾ കാട്ടാനകളെ കൊണ്ട് പൊറുതിമുട്ടി കഴിഞ്ഞുകൂടുകയാണ്. കാർഷിക വിളകൾ നശിപ്പിക്കുന്നതിനു പുറമെ ജനങ്ങൾക്ക് സമാധാനത്തോട് കൂടി ജീവിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്.വിദ്യാർത്ഥികൾകാട്ടാനകളെ പേടിച്ച് വിദ്യാലങ്ങളിൽ പോകാൻ ഭയപ്പെടുകയാണ്. ഇതെനേരം ഇരുട്ടിയാൽ ദൂര പ്രദേശങ്ങളിൽ പോയി വീടുകളിലേക്ക് തിരിച്ചു പോകാൻ കഴിയാത്തതിനാൽ ദേവർഷോലയിലെ ബസ് സ്റ്റാന്റിൽ കഴിച്ചുകൂട്ടേണ്ട അവസ്ഥ വരെ ഉണ്ടായിട്ടുണ്ട്.കാട്ടാനകളിൽ നിന്നും ജനങ്ങൾക്ക് അത്യാഹിതങ്ങൾ വരുന്നതിനു മുമ്പായി ജനവാസ മേഖലകളിൽ എത്തുന്ന കാട്ടാനകളെ അടർന്ന കാട്ടിലേക്ക് തുരത്തണമെന്ന ആവശ്യം ശക്തിപ്പെട്ടതിനെ തുടർന്ന് മുതുമലയിൽ നിന്ന് 2 കുങ്കിയാനകളുമായി വരുത്തി വനം വകുപ്പ് നിരീക്ഷിച്ചു വരികയാണ്. ഇതിനു പുറമെ ഡി.എഫ്.ഒ വെങ്കടേഷ് പ്രഭുവിന്റെ ഉത്തരവ് പ്രകാരം വിദ്യാർത്ഥികൾ വൈകുന്നേരം വീടുകളിലേക്ക് തിരിച്ചു പോകുന്ന സമയത്ത് ഡ്രോൺ മൂലം കാട്ടാനകളെ നിരീക്ഷിച്ച് ഉറപ്പ് വരുത്തിയതിനു ശേഷമെ വിദ്യാർത്ഥികളെ അതു വഴികടന്നു പോകുവാൻ അനുവദിക്കുകയുള്ളുവെന്ന് നിർദ്ദേശം നൽകീട്ടുണ്ട്.

വിദഗ്ധ സംഘം പരിശോധന നടത്തി

മാനന്തവാടി: തൊണ്ടർനാട് മട്ടിലയം പാലിയോട്ടിൽ ചന്തുവിന്റെ വീടിനു പുറകുവശത്ത് കഴിഞ്ഞ ദിവസം രൂപപ്പെട്ട ഗർത്തം ജില്ലാദുരന്ത നിവാരണ അതോറിറ്റി സംഘം പരിശോധിച്ചു. സോയിൽ പൈപ്പിംഗാണ് പ്രതിഭാസത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. രണ്ടായിരത്തി ആറിൽ ഉരുൾപൊട്ടലുണ്ടായ വാളാംതോട് മലയുടെ തൊട്ടടുത്താണ് ഗർത്തം രൂപപ്പെട്ടിരിക്കുന്നത്. തഹസിൽദാർ, ജിയോളജിസ്റ്റ്, ഹസ്സാർഡ് അനലിസ്റ്റ്, മണ്ണ്സരക്ഷണ ഓഫീസിലെ ഓവർസിയർ, ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജ് ഓഫിസർ എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തിയത്.

വാളാംതോട് മലയുടെ തൊട്ടടുത്ത് രൂപപ്പെട്ട ഗർത്തം

സാഹിത്യ നഗര പദവി: ആദരമർപ്പിച്ച് പോരൂർ ജി.എൽ.പി സ്കൂൾ

വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമ്മ ദിനത്തിൽ കുട്ടികൾ സാഹിത്യകാരന്മാരുടെ ഫോട്ടോകൾ പ്രദർശിപ്പിക്കുന്നു

മാനന്തവാടി: വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമ്മ ദിനത്തിൽ സാഹിത്യ നഗരമായി തെരഞ്ഞെടുക്കപ്പെട്ട കോഴിക്കോടിന് ആദരമർപ്പിച്ച് പോരൂർ ഗവ. എൽ.പി സ്കൂളിലെ കൂട്ടുകാർ വേറിട്ട മാതൃക തീർത്തു. കോഴിക്കോടിന്റെ സാഹിത്യ പ്രവർത്തനങ്ങൾ നടത്തി പ്രശസ്തി നേടിയ മൺമറഞ്ഞതും അല്ലാത്തതുമായ സാഹിത്യകാരന്മാരുടെ ഫോട്ടോകൾ കുട്ടികൾ പ്രദർശിപ്പിച്ചു.

ബഷീറിന്റെ ഓർമ്മദിനത്തിൽ ബഷീർ കഥാപാത്രങ്ങളെ കുട്ടികൾ അവതരിപ്പിച്ചു. പുസ്തകാസ്വാദന കുറിപ്പുകൾ, പുസ്തക പരിചയം, അനുസ്മരണം എന്നിവയും നടത്തി. പി ടി എ വൈസ് പ്രസിഡണ്ട് മനോജ് കല്ലരിക്കാട്ട് സംസാരിച്ചു. പ്രധാനാധ്യാപകർ രമേശൻ അനുസ്മരണം നടത്തി. സൗമ്യ തോമസ് സി സ്വാഗതവും ജിഷ പിടി നന്ദിയും പറഞ്ഞു.

സുധ കെ എസ്, രേഷ്മ ഗോപാലൻ, മറിയക്കുട്ടി സിനി, നിജീഷ്.കെ, അശ്വതി സി,ജിപ്സി . പി ഗോപാലകൃഷ്ണൻ കെ പരിപാടികൾക്ക് നേതൃത്വം നൽകി.

കേരള ബാങ്കിന് മുന്നിൽ ധർണ്ണ നടത്തി

കൽപ്പറ്റ: കേരള ബാങ്ക് ജീവനക്കാർക്ക് ലഭിക്കേണ്ട ഡി എയിൽ 20 ശതമാനം ഉടൻ അനുവദിക്കുക, ശമ്പള പരിഷ്കരണ കമ്മിറ്റിയെ ഉടൻ നിയമിക്കുക, മലപ്പുറത്ത് കേഡർ ഇന്റഗ്രേഷൻ സംബന്ധിച്ച് ഉത്തരവിറക്കുക, 1/4/2017 ലെ ശമ്പള പരിഷ്കരണത്തിലേയും യൂണിഫിക്കേഷൻ അനീതികൾ സഹകരണ രജിസ്റ്റർ പരിശോധിച്ചു പരിഹരിക്കുക, ബാങ്കിലെ ജീവനക്കാരുടെ കുറവിന് അടിയന്തര പരിഹാരം കാണുക, പി എസ് സി നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ബാങ്കിന് മുന്നിൽ ധർണ സമരം നടത്തി. കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് തോമസ് പി അധ്യക്ഷത വഹിച്ചു. ഐഎൻടിയുസി ജില്ലാ പ്രസിഡണ്ടും കെപിസിസി മെമ്പറുമായ പിപി ആലി ഉദ്ഘാടനം ചെയ്തു. കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡണ്ട് ഉഷ കെ കെ മുഖ്യ പ്രഭാഷണം നടത്തി.

സീനിയർ മാനേജർ രാമസുബ്രഹ്മണ്യൻ, സീനിയർ മാനേജർ മുഹമ്മദ് എം, സുരേഷ് എന്നിവർ സംസാരിച്ചു.

ജില്ലാ സെക്രട്ടറി അബ്ദുൽ മുനീർ പി സ്വാഗതവും രാകേഷ് നന്ദിയും പറഞ്ഞു.

കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസ് കേരള ബാങ്കിന് മുന്നിൽ നടത്തിയ ധർണ്ണ കെപിസിസി മെമ്പർ പിപി ആലി ഉദ്ഘാടനം ചെയ്യുന്നു

മനോജ് മാസ്റ്റർക്ക് സ്കൂളിന്റെ ആദരം

പ്രസ്റ്റീജിയസ് ബുക്ക് ഓഫ് വേൾഡ് റെക്കോർഡിൽ ഇടം നേടിയ വെള്ളാർമല ഗവ. വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂൾ ചിത്രകല അധ്യാപകൻ മനോജ് ആവണിയെ ആദരിക്കുന്നു

മേപ്പാടി: ചിത്രരചനയിൽ പ്രസ്റ്റീജിയസ് ബുക്ക് ഓഫ് വേൾഡ് റെക്കോർഡിൽ ഇടം നേടിയ വെള്ളാർമല ഗവ. വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂൾ ചിത്രകല അധ്യാപകൻ മനോജ് ആവണിയെ അനുമോദിച്ചു. സ്കൂളിൽ നടന്ന ചടങ്ങിൽ ദേശീയ ഹരിതസേനയുടെ ജില്ലാ കോഡിനേറ്ററും, വയനാട് ജില്ല ശിശുക്ഷേമ സമിതിയുടെ നിർവാഹക സമിതി അംഗവുമായ സി. ജയരാജൻ മാസ്റ്റർ ഉപഹാരം നൽകി. സീനിയർ അസിസ്റ്റൻറ് ഉണ്ണികൃഷ്ണൻ വി അധ്യക്ഷത വഹിച്ചു. സ്റ്റാഫ് സെക്രട്ടറി അനീഷ് ശങ്കർ സ്വാഗതവും എസ്ആർ.ജി കൺവീനർ വിദ്യപ്രഭ നന്ദിയും പറഞ്ഞു. ചടങ്ങിൽ അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും അടക്കം നിരവധിപേർ പങ്കെടുത്തു.

ഉപന്യാസ രചനാമത്സരം

കൽപ്പറ്റ: വായനാ പക്ഷാചരണത്തിന്റെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഉപന്യാസ മത്സരം നടത്തുന്നു. ജൂലൈ 10ന് രാവിലെ 10.30 ന് കളക്ട്രേറ്റിലെ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ മത്സരം നടക്കും. എട്ടാം തരം മുതൽ പത്താം തരം വരെയുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ പേര് രജിസ്റ്റർ ചെയ്യണം. ഫോൺ 04936 202529, 7510809531

ലാബ് ടെക്നിഷ്യൻ നിയമനം

കൽപ്പറ്റ: ചീരാൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ ലാബ് ടെക്നിഷ്യൻ തസ്തികയിൽ താത്ക്കാലിക നിയമനം നടത്തുന്നു. യോഗ്യരായ ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റിന്റെ അസലും പകർപ്പുമായി ജൂലൈ 18 ന് രാവിലെ 10.30 ന് നെന്മേനി ഗ്രാമപഞ്ചായത്ത് ഓഫീസിൽ കൂടിക്കാഴ്ച്ചക്ക് എത്തണം. നെന്മേനി പഞ്ചായത്ത് പരിധിയിലുള്ളവർക്ക് മുൻഗണന.

മൺസൂൺ ടൂറിസം: വയനാട് മഡ്ഫെസ്റ്റ് ഇന്ന് തുടങ്ങും

കൽപ്പറ്റ: ചാഞ്ഞും ചെരിഞ്ഞും പെയ്യുന്ന വയനാടൻ നൂൽമഴയുടെ ആരവങ്ങളുമായി വയനാട് മഡ് ഫെസ്റ്റിന് ഇന്ന് തുടക്കം.

ജില്ലയിൽ മഴക്കാല വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് കേരള വിനോദ സഞ്ചാര വകുപ്പിന്റെയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും നേതൃത്വത്തിൽ ജില്ലയിലെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സംഘടകൾ, ത്രിതല പഞ്ചായത്തുകൾ എന്നിവരുടെ സഹകരണത്തോടെ മഡ്മഹോത്സവം അരങ്ങേറുന്നത്. വയനാട് മഡ്ഫെസ്റ്റ് സീസൺ 2 ന് ശനിയാഴ്ച ആദ്യ വിസിൽ മുഴങ്ങും. ശനിയാഴ്ച രാവിലെ 7 ന് മൺസൂൺ മിനി മാരത്തൺ പനമരം മുതൽ മാനന്തവാടി വരെ നടക്കും. താലൂക്ക്, ജില്ലാ, സംസ്ഥാനതല മഡ് ഫുട്ബോൾ, ജില്ലാതല മഡ് വടംവലി, സംസ്ഥാനതല കയാക്കിങ്ങ്, ജില്ലാതല മഡ് വോളിബോൾ, ജില്ലാതല മൺസൂൺ ക്രിക്കറ്റ്, മഡ് കബഡി, മഡ് പഞ്ചഗുസ്തി, മൺസൂൺ ട്രക്കിങ്ങ് തുടങ്ങിയവയാണ് മഡ് ഫെസ്റ്റ് രണ്ടാം പതിപ്പിന്റെ പ്രധാന ആകർഷണം. ജൂലൈ 14 വരെയാണ് ജില്ലയിലെ വിവിധയിടങ്ങളിൽ മ്ഡ്ഫെസ്റ്റിവലിന്റെ ഭാഗമായുള്ള വിവിധ മത്സരങ്ങൾ നടക്കുക. മഡ് ഫെസ്റ്റ് മത്സരങ്ങൾ വേദികൾ: ജൂലൈ 7, 8 മാനന്തവാടി താലൂക്ക്തല മഡ് ഫുട്ബോൾ മത്സരം, ജില്ലാതല മഡ് വോളിബോൾ മത്സരം. വേദി മാനന്തവാടി വള്ളിയൂർക്കാവ് കണ്ണിവയൽ. 9ന് സുൽത്താൻ ബത്തേരി താലൂക്ക്തല മഡ് ഫുട്ബോൾ മത്സരം നൂൽപ്പുഴ കല്ലൂർ. 10ന് സംസ്ഥാനതല കയാക്കിംഗ് (ഡബിൾ) മത്സരം കർലാട് തടാകം. ജൂലൈ 11 മുതൽ 14 വരെ വൈത്തിരി താലൂക്ക്–ജില്ലാ–സംസ്ഥാനതല മഡ് ഫുട്ബോൾ മത്സരം, മഡ് വടംവലി, മഡ് കബഡി, മട് പഞ്ചഗുസ്തി മത്സരങ്ങൾ വേദി കാക്കവയൽ മഡ് സ്റ്റേഡിയം. ജില്ലയിലെ വിവിധ വകുപ്പുകൾ, മാധ്യമപ്രവർത്തകർ, ടൂറിസം രംഗത്തെ വിവിധ സംഘടനകൾ എന്നിവർക്കായി ജൂലൈ 12 ന് കാക്കവയലിൽ മഡ് ഫുട്ബോൾ മത്സരവും നടക്കും. ജൂലൈ 14 ന് കാക്കവയൽ നടക്കുന്ന സംസ്ഥാനതല മത്സരത്തിൽ ജില്ലയിൽ നിന്നും യോഗ്യത നേടിയ ടീമുകൾക്ക് പുറമേ സംസ്ഥാനത്തെ വിവിധ ജില്ലകളെ പ്രതിനിധീകരിച്ചെത്തുന്ന ടീമുകളും പങ്കെടുക്കും. ജൂലൈ 14 ന് കാക്കവയലിൽ മഡ് വടംവലി, മഡ് കബഡി, പഞ്ചഗുസ്തി (ഓപ്പൺ കാറ്റഗറി) മത്സരവും നടക്കും. താലൂക്ക്തല മഡ് ഫുട്ബോൾ വിജയികൾക്ക് ക്യാഷ് അവാർഡും ജില്ലാതല മത്സരത്തിൽ പങ്കെടുക്കാൻ അവസരവും നൽകും. ജില്ലാതല വിജയികൾക്ക് ക്യാഷ് അവാർഡ് ലഭിക്കും.

മുതലക്കുളത്ത് ചായക്കടയിൽ ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ച് തീപിടിച്ചപ്പോൾ അഗ്നിശമന സേന തീയണക്കുന്നു

മുതലക്കുളത്ത് ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ച് ചായക്കട തകർന്നു

ഒരാൾക്ക് ഗുരുതര പരിക്ക്

കോഴിക്കോട്: മുതലക്കുളത്ത് ചായക്കടയിൽ വൻ തീപ്പിടുത്തം. ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ചാണ് അപകടം. അപകടത്തിൽ ഒരാൾക്ക് പരിക്കേറ്റു. ഇന്നലെ രാവിലെ ആറരയോടെയായിരുന്നു സംഭവം. മുതലക്കുളത്ത് പ്രവർത്തിക്കുന്ന ഡിവൈൻ എന്ന ചായക്കടയ്ക്കാണ് തീപിടിച്ചത്. തീപിടിത്തത്തിൽ ചായക്കട പൂർണമായി കത്തിനശിച്ചു. കടയിലുണ്ടായിരുന്ന ജീവനക്കാരൻ തിരൂർ സ്വദേശി അബ്ദുൽ മുത്തലിഫിനാണ് (കുത്ത്ബുദ്ധീൻ)(43) ഗുരുതരമായി പൊള്ളലേറ്റത്. 80 ശതമാനത്തോളം പൊള്ളലേറ്റ ഇദ്ദേഹം കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്.

ചായയും ലഘുകടികളും വിൽക്കുന്ന കടയാണിത്. രാവിലെ കട തുറന്നതിന് ശേഷം ചെറുകടികൾ ഉണ്ടാക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു. അതിനാൽ തന്നെ രാവിലെ രണ്ട് ജീവനക്കാരാണ് കടയിൽ ഉണ്ടായിരുന്നത്. പാചകം ചെയ്യാനായി ഗ്യാസ് അടുപ്പ് കത്തിച്ചപ്പോഴാണ് തീ ഉയരുന്നത് കണ്ടത്. ഗ്യാസിൽ നിന്ന് തീപടരുന്നത് കണ്ട അരുണാചൽ സ്വദേശിയായ ജീവനക്കാരൻ സിലിണ്ടർ പുറത്തേക്ക് തട്ടിയിട്ട് ഓടി രക്ഷപ്പെടുകയായിരുന്നു. പുറത്ത് എത്തി നിമിഷങ്ങൾക്കകം ഉഗ്ര ശബ്ദത്തോടെ സിലിണ്ടർ പൊട്ടിത്തെറിച്ചു. പൊട്ടിയ സിലിണ്ടർ റോഡിന് എതിർവശത്തുള്ള പവർ ലാന്റ് ഇലക്ട്രിക്കിന്റെ ഗ്ലാസുകൾ തകർത്ത് കടയ്ക്കുള്ളിലാണ് പതിച്ചത്. കടയിലെ ഗ്ലാസുകളും മറ്റ് ഉപകരണങ്ങളും നശിച്ചിട്ടുണ്ട്.

പൊലിസും ഫയർഫോഴ്സും നാട്ടുക്കാരും അവസരോചിതമായി തീയണച്ചതിനാൽ സമീപത്തുള്ള കടകളിലേക്ക് തീ പടർന്നില്ല. ഫയർ ഫോഴ്സ് എത്തി തീ അണച്ചതിന് ശേഷമാണ് കടയിൽ ഒരാൾ കുടുങ്ങി കിടക്കുന്ന വിവരം അറിഞ്ഞത്. പ്ലാസ്റ്റിക് ബാരലിൽ അകപ്പെട്ട നിലയിലായിരുന്നു കുത്ത് ബുദ്ധീൻ. ഉടൻ തന്നെ ഇയാളെ ആശുപത്രിയിൽ എത്തിക്കുകയായിരുന്നു. അതേസമയം എട്ട് സിലിണ്ടറുകളാണ് ഒരേ സമയം കടയിൽ ഉണ്ടായിരുന്നത്. അതിൽ നാല് എണ്ണത്തിലും ഗ്യാസ് ഉണ്ടായിരുന്നു. ഇവയ്ക്ക് തീ പിക്കാതിരുന്നതാണ് അപകടത്തിന്റെ തീവ്രത കുറച്ചത്. രാവിലെ ആയതിനാൽ റോഡിൽ ആളുകളും കുറവായിരുന്നു. അതിനാൽ തന്നെ വലിയൊരു അപകടമാണ് ഇല്ലാതെയായത്. ഗ്യാസ് സിലിണ്ടറിന് തീപിടിച്ചതെന്നാണ് പ്രാഥമിക നിഗമനം. വിരലടയാള വിദഗ്ധരും സ്ഥലത്തെത്തി പരിശോധന നടത്തി. കടയിൽ ശരിയായ സുരക്ഷാക്രമീകരണം ഉണ്ടായിരുന്നില്ലെന്ന് ഫയർഫോഴ്സ് ഉദ്യോഗസ്ഥർ പറയുന്നു.

എൻ.ഐ.ടിയിൽ അധ്യാപക ഒഴിവുകൾ

കോഴിക്കോട്: എൻഐടിയിൽ ഹ്യൂമാനിറ്റീസ്, ആർട്സ് ആൻഡ് സോഷ്യൽ സ്റ്റഡീസ് വിഭാഗത്തിൽ സാമ്പത്തിക ശാസ്ത്രം, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ എന്നീ വിഷയങ്ങളിൽ താത്കാലികമായി അധ്യാപകരെ നിയമിക്കുന്നു. 12 നകം അപേക്ഷിക്കണം. ഇൻസ്റ്റിറ്റ്യൂട്ട് വെബ്സൈറ്റ് സന്ദർശിക്കുക.

കോഴിക്കോട് വാർത്തകൾ

ഓട്ടോയിൽ നിന്ന് വയോധികയെ റോഡിലേക്ക് തള്ളിയിട്ട് ഡ്രൈവർ; താടിയെല്ലിന് പരിക്ക്



കോഴിക്കോട്: കോഴിക്കോട് റെയിൽവേ സ്റ്റേഷൻ പരിസരത്തു നിന്നും ഓട്ടോയിൽ കയറിയ വയോധികയെ ആക്രമിച്ച് രണ്ടര പവൻ വരുന്ന സ്വർണമാല കവർന്നതായി പരാതി. വയനാട് പുൽപ്പള്ളി സ്വദേശിനിയായ ആണ്ടുകാലായിൽ ജോസഫീന(68) ആണ് അജ്ഞാതനായ ഓട്ടോ ഡ്രൈവറുടെ ക്രൂരമായ ആക്രമണത്തിന് വിധേയയായത്. താടിയെല്ലിനുൾപ്പെടെ സാരമായി പരിക്കേറ്റ ജോസഫീനയെ ഓമശ്ശേരിയിലെ സ്വകാര്യ ആശുപത്രിയിൽ ശസ്ത്രക്രിയക്ക് വിധേയയാക്കി.

കഴിഞ്ഞ ബുധനാഴ്ച പുലർച്ചെ അഞ്ചോടെയാണ് ഇവർക്കു നേരെ ആക്രമണം ഉണ്ടായത്. കായംകുളത്തുള്ള മകനെ സന്ദർശിച്ച് മലബാർ എക്സ്പ്രസ്സ് ട്രെയിനിൽ തിരിച്ചു വന്നതായിരുന്നു ഇവർ. പുലർച്ചെയാണ് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയത്. തുടർന്ന് കെ.എസ്.ആർ.ടി.സി സ്റ്റാന്റിലേക്ക് പോകാനായി റെയിൽവേ സ്റ്റേഷനിൽ നിന്നും പുറത്തിറങ്ങി നടന്നു. ഇതിനിടെ സമീപത്തെത്തിയ ഓട്ടോ ഡ്രൈവർ എങ്ങോട്ടാണ് പോകേണ്ടതെന്ന് ചോദിച്ച് ഓട്ടോയിൽ കയറാൻ പറയുകയായിരുന്നു.

എന്നാൽ ഇയാൾ ബസ് സ്റ്റാന്റിലേക്ക് പോകാതെ മറ്റ് വഴികളിലൂടെ കറങ്ങുകയും സംശയം തോന്നി കാര്യം അന്വേഷിച്ചപ്പോൾ പുറകിലൂടെ കൈയ്യിട്ട് കഴുത്തിലുണ്ടായിരുന്ന മാല പൊട്ടിച്ചെടുക്കുകയും ചെയ്തു എന്നാണ് ജോസഫീന പൊലീസിന് നൽകിയ മൊഴിയിൽ പറയുന്നത്. തുടർന്ന് ഇവരെ റോഡിലേക്ക് തള്ളിയിടുകയായിരുന്നു. വീഴ്ചയുടെ ആഘാതത്തിൽ ജോസഫീനയുടെ താടിയെല്ല് പൊട്ടുകയും പല്ല് പൂർണമായും കൊഴിഞ്ഞ് പോവുകയും ചെയ്തു. മുഖത്തും കൈക്കും പരിക്കേറ്റിട്ടുണ്ട്. തുടർന്ന് ഇയാൾ ഓട്ടോ നിർത്തി അടുത്ത് വന്ന് നോക്കിയതായും പിന്നീട് ഇവിടെ നിന്നും കടന്നുകളഞ്ഞതായും ജോസഫീന മൊഴി നൽകി. അതേസമയം ഓട്ടോക്കാരൻ പോയതിന് പിന്നാലെ ഇതുവഴി എത്തിയ ആളോട് സഹായം ആവശ്യപ്പെട്ടെങ്കിലും അയാൾ സഹായിക്കാതെ പോവുകയായിരുന്നുവെന്ന് ജോസഫീന പറഞ്ഞു. പിന്നീട് ഒരുവിധത്തിൽ എഴുന്നേറ്റ് ബസ്റ്റാന്റിൽ എത്തി കോഴിക്കോട് കൂടരഞ്ഞിലുള്ള ബന്ധുക്കളുടെ അടുത്തേക്ക് പോവുകയായിരുന്നു. വിവരം അറിഞ്ഞെത്തിയ ഇവരാണ് പരിക്കേറ്റ ജോസഫീനയെ ഓമശ്ശേരിയിലെ സ്വകാര്യ ആശുത്രിയിൽ എത്തിച്ചത്. രണ്ട് താടിയെല്ലിനും പൊട്ടലേറ്റ ജോസഫീനയെ ഇന്നലെ ശസ്ത്രക്രിയക്ക് വിധേയയാക്കി. ഇപ്പോൾ തീവ്രപരിചരണ വിഭാഗത്തിൽ നിരീക്ഷണത്തിലാണ്. കോഴിക്കോട് ടൗൺ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

മുക്കത്ത് കെ.എസ്.ആർ.ടി.സി ബസ്സിന്റെ ടയറിന് തീപിടിച്ചപ്പോൾ അഗ്നി രക്ഷാ സേനയും, പൊലിസ് ചേർന്ന് അണക്കുന്നു

ഓടിക്കൊണ്ടിരുന്ന ട്രാൻപോർട്ട് ബസ്സിന്റെ ടയറിന് തീപിടിച്ചു

മുക്കം: ഓടിക്കൊണ്ടിരിക്കുകയായിരുന്ന കെ.എസ്.ആ.ർടി.സി. ബസ്സിന്റെ ടയറിന് തീപിടിച്ചു. വെള്ളിയാഴ്ച രാവിലെ എട്ടുമണിയോടെ മുക്കം പോലീസ് സ്റ്റേഷന് സമീപത്ത് വെച്ചാണ് അപകടമുണ്ടായത്. താമരശ്ശേരിയിൽ നിന്നും എറണാകുളത്തേക്ക് പോകുകയായിരുന്ന ബസ്സിനാണ് തീപിടിച്ചത്. ബസ്സിന്റെ ഡ്രൈവറുടെ വശത്തുള്ള പുറകിലെ ടയറിൽ നിന്ന് പുക ഉയരുന്നത് കണ്ട് പെട്ടെന്ന് ബസ് നിർത്തുകയായിരുന്നു.

സ്റ്റേഷൻ ഓഫീസർ എം. അബ്ദുൽ ഗഫൂറിന്റെ നേതൃത്വത്തിൽ മുക്കം അഗ്നിരക്ഷാസേനയും പോലീസും സ്ഥലത്തെത്തി തീയണച്ചു. ബസിൽ അൻപതോളം യാത്രക്കാർ ഉണ്ടായിരുന്നെങ്കിലും പുക ഉയർന്ന് ഉടനെ ബസ് നിർത്തി യാത്രക്കാരെ ഇറക്കിയതിനാൽ വൻ ദുരന്തമാണ് ഒഴിവായത്. സീനിയർ ഫയർ ഓഫിസർ സി. മനോജ്, സേനാംഗങ്ങളായ പി.നിയാസ്, ജി. ആർ.അജേഷ്, കെ.സി. അബ്ദുൽ സലീം, കെ. രജീഷ്, പി. അഭിലാഷ്, എം. സുജിത്ത്, കെ.എസ്. ശരത്, സി.എഫ് ജോഷി, ആർ. മിഥുൻ, എം.സി, സജിത്ത് ലാൽ, കെ.ടി. ജയേഷ് എന്നിവർ ചേർന്നാണ് തീയണച്ചത്.

പാസഞ്ചർ ടിക്കറ്റ് നിരക്ക് കുറക്കൽ പ്രഖ്യാപനത്തിലൊതുങ്ങി

ഷൊർണൂർ–കണ്ണൂർ പാസഞ്ചറിലും എക്സ്പ്രസ് നിരക്ക്

കോഴിക്കോട്: പാസഞ്ചർ ട്രെയിനുകളിലെ വർധിപ്പിച്ച ടിക്കറ്റ് നിരക്ക് കുറക്കുമെന്ന റെയിൽവേയുടെ പ്രഖ്യാപനം വാക്കുകളിലൊതുങ്ങി. കണ്ണൂർ-കോയമ്പത്തൂർ എക്സപ്രസ്, കോയമ്പത്തൂർ മംഗലാപുരം എക്സപ്രസ് തുടങ്ങിയ ട്രെയിനുകളിലൊന്നും ചാർജ്ജിൽ കുറവ് വരുത്തിയിട്ടില്ല. പുതുതായി ആരംഭിച്ച ഷൊർണൂർ-കണ്ണൂർ പാസഞ്ചറിലും എക്സ്പ്രസ് നിരക്ക് തന്നെയാണ് ചാർജ്ജ്. ബഹുഭൂരിഭാഗം ട്രെയിനുകളിലും വർധിപ്പിച്ച നിരക്ക് അതു പോലെ തുടരുകയാണ്.

കോവിഡ് കാലത്താണ് പാസഞ്ചർ ട്രെയിനുകളിലെ ടിക്കറ്റ് മിനിമം നിരക്ക് 10 രൂപയിൽ നിന്നും 30 രൂപയാക്കി ഉയർത്തിയത്. പാസഞ്ചർ വണ്ടികളെ സ്പെഷ്യൽ എക്സപ്രസുകളാക്കി ചാർജ്ജ് വർധിപ്പിക്കുകയായിരുന്നു. ഏതാനും മാസം മുമ്പാണ് വർധനവ് പിൻവലിച്ച് പഴയ ചാർജ്ജ് ഈടാക്കുമെന്ന് റെയിൽവേ അറിയിച്ചത്. ഇതോടെ യാത്രക്കാർ ഏറെ പ്രതീക്ഷയിലായി. എന്നാൽ 200 കിലോ മീറ്ററിനുള്ളിൽ ഓടുന്ന ട്രെയിനുകളിൽ മാത്രമാണ് മിനിമം ചാർജ്ജ് പത്ത് രൂപയാക്കി കുറച്ചത്. മലബാർ മേഖലയിൽ ഒന്നോ രണ്ടോ ട്രെയിനുകൽ മാത്രമാണ് 200 കിലോ മീറ്ററിനുള്ളിൽ സർവീസ് നടത്തുന്നതായുള്ളത്.

സ്ഥിരമായി യാത്ര ചെയ്യുന്നവർക്ക് പഴയ ടിക്കറ്റ് നിരക്ക് ഏറെ അനുഗ്രമായിരുന്നു. കോഴിക്കോട് നഗരത്തിൽ ചെറിയ ശമ്പളത്തിന് ജോലി ചെയ്യുന്നവരുൾപ്പെടെയുള്ള വലിയ ഒരു വിഭാഗത്തിന് കുറഞ്ഞ ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യാനാവുമായിരുന്നു. പാസഞ്ചർ ട്രെയിനുകളിലെ ടിക്കറ്റ് ചാർജ്ജ് കുറക്കാത്തതിനാൽ ജോലി നിർത്തിയവർ പോലുമുണ്ട്. റെയിൽവേ ഉടൻ പാസഞ്ചർ ട്രെയിനുകളുടെ ടിക്കറ്റ് പഴയത് പോലെയാക്കണമെന്നാണ് യാത്രക്കാരുടെ ശക്തമായ ആവശ്യം. യാത്രക്കാരുടെ സംഘടനകൾ റെയിൽവേ അധികാരികൾക്ക് പരാതി നൽകിയിട്ടുമുണ്ട്.

അണ്ടർ 20 ഇന്ത്യൻ വോളിബോൾ ടീമിൽ സെലക്ഷൻ നേടിയ നിയ അനിൽ. കേരളത്തിൽ നിന്ന് സെലക്ഷൻ നേടിയതിൽ രണ്ടു പേരിൽ ഒരാളാണ് കൈവേലി സ്വദേശിയായ നിയ. വൈ.കെ.അനിലിന്റെയും സുജയുടേയും മകളാണ്. കണ്ണൂർ സ്പോർട്ട്സ് സ്ക്കൂൾ പഠനത്തിന് ശേഷം അസംപ്ഷൻ കോളജ് ചങ്ങനാശ്ശേരിയിലാണ് ബിരുദ പഠനം. ചൈനയിൽ വെച്ച് 2024 ജൂലൈ 1 മുതൽ 9 വരെ നടക്കുന്ന 22ാം മത് ഡ20 വോളിബോൾ ചാംമ്പ്യൻഷിപ്പിൽ പങ്കെടുക്കും

തദ്ദേശ സ്ഥാപനങ്ങളുടെ വോട്ടർ പട്ടിക

ജില്ലയിൽ 2479793 വോട്ടർമാർ

കോഴിക്കോട്: ജൂലൈ ഒന്നിന് പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയിൽ ജില്ലയിൽ ആകെയുള്ള വോട്ടർമാർ 2479793. ഇതിൽ സ്ത്രീകൾ 1302125 ഉം പുരുഷന്മാർ 1177645 ഉം ട്രാൻസ്ജെൻഡർ 23 ഉം ആണ്. 2024 ജനുവരി ഒന്നാം തീയതിക്കോ അതിനു മുൻപോ 18 വയസ് പൂർത്തിയായവരെ ഉൾപ്പെടുത്തിയാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പട്ടിക തയ്യാറാക്കിയത്. കരട് വോട്ടർ പട്ടിക സംബന്ധിച്ച് ജൂൺ 21 വരെ ലഭിച്ച അപേക്ഷകളും ആക്ഷേപങ്ങളും പരിശോധിച്ചാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫിസർമാർ (ഇആർഒ) അന്തിമ വോട്ടർ പട്ടിക തയാറാക്കിയത്. പട്ടിക കമ്മീഷന്റെ വെബ്സൈറ്റിലും അതാത് തദ്ദേശസ്ഥാപനങ്ങളിലും താലൂക്ക്, വില്ലേജ് ഓഫീസുകളിലും പരിശോധനയ്ക്ക് ലഭ്യമാണ്. ഇആർഒയുടെ തീരുമാനത്തിനെതിരെ തദ്ദേശവകുപ്പ് ജില്ലാ ജോയിൻ ഡയറക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. ഇആർഒയുടെ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകമാണ് അപ്പീൽ നൽകേണ്ടത്. ജില്ലയിൽ ആകെ 91 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് (ഗ്രാമപഞ്ചായത്തുകൾ70, ബ്ലോക്ക് പഞ്ചായത്തുകൾ 12, ജില്ലാ പഞ്ചായത്ത് 1, മുനിസിപ്പാലിറ്റികൾ 7, മുനിസിപ്പൽ കോർപ്പറേഷൻ 1). ഇതിൽ എല്ലാം കൂടി ചേർന്ന് 1762 വാർഡുകളുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 1226 വാർഡുകളും ബ്ലോക്ക് പഞ്ചായത്തുകളിൽ 169 വാർഡുകളും ജില്ലാ പഞ്ചായത്തിൽ 27 വാർഡുകളും മുനിസിപ്പാലിറ്റികളിൽ 265 വാർഡുകളും മുൻസിപ്പൽ കോർപ്പറേഷനിൽ 75 വാർഡുകളുമാണുള്ളത്.

കൊയിലാണ്ടി ഗുരുദേവ കോളജ് പ്രിൻസിപ്പലിന് ചോദ്യം ചെയ്യലിന് ഹാജരാകാൻ നോട്ടീസ്

കോഴിക്കോട്: കൊയിലാണ്ടി ഗുരുദേവ കോളജ് പ്രിൻസിപ്പലിന് ചോദ്യം ചെയ്യലിന് ഹാജരാകാൻ ആവശ്യപ്പെട്ട് പോലീസ് നോട്ടീസ് നൽകി. ഇന്ന് രാവിലെ ഹാജരാകണമെന്ന് നിർദ്ദേശം. സംഘർഷവുമായി ബന്ധപ്പെട്ട സംഭവവികാസങ്ങളിൽ പുതിയ പരാതിയുമായി പ്രിൻസിപ്പൽ രംഗത്ത് വന്നു.

തന്നെ അറസ്റ്റ് ചെയ്തെന്ന രീതിയിൽ എസ്എഫ്ഐ പ്രവർത്തകർ സമൂഹമാധ്യമങ്ങളിൽ വ്യാജ പ്രചാരണം നടത്തിയെന്ന് പ്രിൻസിപ്പൽ ആരോപിച്ചു. ചോദ്യം ചെയ്യലിന് ഹാജരാകാൻ പോലീസ് നോട്ടീസ് നൽകിയതിനെയാണ് തെറ്റായ പ്രചാരണത്തിന് ഉപയോഗിച്ചതെന്നും പ്രിൻസിപ്പൽ വിമർശിച്ചു. എസ്എഫ്ഐയുടെ വ്യാജ പ്രചാരണത്തിനെതിരെ പ്രിൻസിപ്പൽ പൊലീസിൽ പരാതി നൽകി.

വൈക്കം മുഹമ്മദ് ബഷീറിന്റെ 30ാം ചരമ ദിനത്തോടനുബന്ധിച്ച് ബേപ്പൂർ വൈലാലിലെ വീട്ടിൽ നടന്ന അനുസ്മരണ ചടങ്ങിൽ ബഷീർ കഥാപാത്രങ്ങളായി വന്ന കുട്ടികൾ പാത്തുമ്മയുടെ ആടുമായി സന്തോഷത്തിൽ

മുസ്‌ലിം ലീഗ് ജില്ലാ നേതൃ യോഗവും പ്രവർത്തക സമിതിയും നാളെ

കോഴിക്കോട്: മുസ്‌ലിം ലീഗ് ജില്ലാ ഭാരവാഹികളുടെയും, ജില്ലയിൽ നിന്നുള്ള സംസ്ഥാന ഭാരവാഹികളുടെയും യോഗം നാളെ രാവിലെ പത്തിനും ജില്ലാ പ്രവർത്തക സമിതി യോഗം ഉച്ചക്ക് മൂന്നിനും കോഴിക്കോട് ജില്ലാ കമ്മിറ്റി ഓഫീസിൽ ചേരുമെന്ന് ജില്ലാ പ്രസിഡന്റ് എം.എ റസാഖ് മാസ്റ്ററും ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിലും അറിയിച്ചു.

ബസ് ഓപറേറ്റേഴ്സ് അസോസിയേഷൻ

കോഴിക്കോട്: ജില്ലാ ബസ് ഓപറേറ്റേഴ്സ് അസോസിയേഷൻ ഭാരവാഹികൾ. കെ.ടി വാസുദേവൻ (പ്രസിഡണ്ട്), ടി.കെ ബീരാൻ കോയ(ജനറൽ സെക്രട്ടറി), എം.എസ് സാജു(ട്രഷറർ), ഇ. റിനീഷ്, ടി.വി ബാബു (വൈസ് പ്രസിഡണ്ടുമാർ),, അബ്ദുൽ സത്താർ, കെ.കെ മനോജ് (സെക്രട്ടറിമാർ).

പ്രസിഡന്റ്, സെക്രട്ടറി

റാങ്ക് പട്ടിക റദ്ദായതായി പി.എസ്.സി

കോഴിക്കോട്: ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എൽപിഎസ് (എൻസിഎഇ/ടി/ബി) (കാറ്റഗറി നം: 765/2014) തസ്തികയുടെ റാങ്ക് പട്ടികയിലുൾപ്പെട്ട മുഴുവൻ ഉദ്യോഗാർത്ഥികളെയും നിയമന ശിപാർശ ചെയ്യപ്പെട്ടതിനെ തുടർന്ന് റാങ്ക് പട്ടിക റദ്ദായി.

കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസിന്റെ നേതൃത്വത്തിൽ കോഴിക്കോട് റീജ്യണൽ ഓഫീസിന് മുൻപിൽ നടത്തിയ ധർണ്ണ എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്യുന്നു

കേരള ബാങ്ക് ജീവനക്കാർ ധർണ്ണ നടത്തി

കോഴിക്കോട്: സഹകരണ വകുപ്പ് മന്ത്രി സംഘടന നേതൃത്വവുമായി നടത്തിയ ചർച്ചയിൽ വാഗ്ദത്തം ചെയ്യപ്പെട്ട കാര്യങ്ങൾ നടപ്പിലാവാത്തത് ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസിന്റെ നേതൃത്വത്തിൽ കോഴിക്കോട് റീജ്യണൽ ഓഫീസിന് മുൻപിൽ ജീവനക്കാർ ധർണ്ണ നടത്തി. എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്തു.

ജില്ലാ വൈസ് പ്രസിഡന്റ് അബ്ദുൾ റസാഖ് അദ്ധ്യക്ഷത വഹിച്ചു. രാജീവ്.കെ, ഇ.സി സതീശൻ, ബോധി സത്വൻ, കെ.റെജി, കേരള ബേങ്ക് എംപ്ലോയീസ് കോൺഗ്രസ് സംസ്ഥാന ട്രഷറർ കെ.കെ.സജിത് കുമാർ, ജോ. സെക്രട്ടറി കെ.കെ.ലീന, ജില്ലാ സെക്രട്ടറി രാജേഷ് പി.കെ, വനിതാ വേദി ചെയർപേഴ്സൺ അനിത സി, കൺവീനർ സറീന ബി.വി, വിനോദ് ടി എന്നിവർ സംസാരിച്ചു.

ഹെപ്പറ്റൈറ്റിസ് എ കേസുകളിൽ വർധന

കോഴിക്കോട്: ജില്ലയിൽ ഹെപ്പറ്റൈറ്റിസ് എ കേസുകളുടെ എണ്ണത്തിൽ വർധന. കേസുകൾ കൂടുതലായി റിപോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പ്രതിരോധന നപടികളുമായി ആരോഗ്യ വകുപ്പ് അധികൃതർ. രോഗ ബാധിത പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസുകൾ ക്ലോറിനേറ്റ് ചെയ്യാനും തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാനും നിർദ്ദേശമുണ്ട്. ക്ലോറിനേറ്റ് ചെയ്യാനുള്ള നടപടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

അതേസമയം ജില്ലയിൽ ഉൾപ്പെടെ വർധിക്കുന്ന സാംക്രമികകരൾ അണുബാധയായ ഹെപ്പറ്റൈറ്റിസ് എയെ പ്രതിരോധിക്കാൻ പുതുതായി വികസിപ്പിച്ച ഒറ്റ ഡോസ് വാക്സിൻ ഏറെ ഫലപ്രദമെന്ന് ഡോക്ടർമാർ പറയുന്നു. ഹെപ്പറ്റൈറ്റിസ് എയ്ക്കുള്ള പരമ്പരാഗത പ്രതിരോധ കുത്തിവെയ്പ്പുകൾക്ക് പലപ്പോഴും വ്യത്യസ്ത ഡോസേജുകൾ ആവശ്യമാണ്. എന്നാൽ ഒറ്റ ഡോസ് വാക്സിൻ ഈ സ്ഥിതി മാറ്റുകയാണ്.

വാക്സിൻ വികസിപ്പിച്ചെടുത്തത് പ്രതിരോധ മരുന്നിലെ സുപ്രധാന മുന്നേറ്റത്തെയാണ് കാണിക്കുന്നതെന്ന് കോഴിക്കോട് ഫാത്തിമാ ഹോസ്പിറ്റലിലെ സീനിയർ കൺസൾട്ടന്റ് പീഡിയാട്രീഷ്യനും നിയോനറ്റോളജിസ്റ്റുമായ ഡോ. സറീന ശ്രീജിത്ത് പറഞ്ഞു.

ഒറ്റ കുത്തിവെയ്പിലൂടെ ഇത് ഹെപ്പറ്റൈറ്റിസ് എ യ്ക്കെതിരെ ശക്തമായ പ്രതിരോധ ശേഷി നൽകുന്നു. വാക്സിനേഷൻ ശ്രമങ്ങൾ ലളിതമാക്കുകയും ലോകമെമ്പാടും പ്രതിരോധ ആരോഗ്യ സംരക്ഷണത്തിന്റെ ക്ഷമത വർധിപ്പിക്കുമെന്നും അവർ വ്യക്തമാക്കി.

പ്രതിരോധ കുത്തിവയ്പ്പ് പ്രക്രിയ ലളിതമാക്കുന്നതിലൂടെ വൈറസിനെതിരെയുള്ള പോരാട്ടം വിശാലമാക്കപ്പെടുകയാണെന്നാണ് ആരോഗ്യ പ്രവർത്തകർ പറയുന്നത്. മലിനമായ ഭക്ഷണത്തിലൂടെയെ വെള്ളത്തിലൂടെയോ രോഗബാധിതരായ വ്യക്തികളുമായുള്ള അടുത്ത സമ്പർക്കത്തിലൂടെയും പടരുന്ന വൈറസ് മഞ്ഞപ്പിത്തം, ക്ഷിണം, ഓക്കാനം, അപൂർവ സന്ദർഭങ്ങളിൽ കരൾ തകർച്ച എന്നിവയുൾപ്പെടെ ഗുരുതരമായ രോഗങ്ങളിലേക്ക് നയിക്കും.

മലയോരങ്ങളിൽ ഡെങ്കിപ്പനി പടരുന്നു

വാണിമേൽ: മലയോര മേഖലയായ വിലങ്ങാട്, പച്ചപ്പാലം, നിടുംപറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ ഡെങ്കിപ്പനി പടർന്ന് പിടിക്കുന്നു. പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിൽ ആരോഗ്യ വകുപ്പ് തികഞ്ഞ നിസ്സംഗത പുലർത്തുകയാണെന്ന് പരാതി ഉയർന്നു. നേരത്തെ തന്നെ പലർക്കും രോഗ ലക്ഷണമുണ്ടായിട്ടും ആരോഗ്യവകുപ്പ് അധികൃതർ ഇത് ഗൗരവത്തിൽ എടുത്തില്ലെന്ന് വാണിമേൽ മണ്ഡലം യൂത്ത് കോൺഗ്രസ് കുറ്റപ്പെടുത്തി. ഈ മേഖലയിൽ നിന്ന് നിരവധി പേർ ഡെങ്കിപ്പനി ബാധിച്ച് മെഡിക്കൽ കോളജ് ഉൾപ്പെടെയുള്ള ആശ്രുപതികളിൽ ചികിത്സ തേടിയിട്ടും ആരോഗ്യ വകുപ്പ് ഉറക്കം നടിക്കുകയാണ്. എത്രയും പെട്ടെന്ന് ഈ വിഷയത്തിൽ ഇടപെട്ട് ജനങ്ങളുടെ ഭീതി അകറ്റണമെന്നും അല്ലാത്തപക്ഷം ശക്തമായ പ്രക്ഷോഭ പരിപാടികൾക്ക് നേതൃത്വം കൊടുക്കുമെന്നും മണ്ഡലം കോൺഗ്രസ് കമ്മിറ്റി മുന്നറിയിപ്പ് നൽകി. എൻ.കെ മുത്തലിബ് അധ്യക്ഷത വഹിച്ചു. യു.പി ജയേഷ് കുമാർ, ഷെബി സെബാസ്റ്റ്യൻ, ശോഭ എം.കെ, ലത്തീഫ് കുണ്ടിൽ, ഡോൺ കെ. തോമസ് സംസാരിച്ചു.

സി.പി.എം നേതാക്കൾ സർവെയറെ ഭീഷണിപ്പെടുത്തി

എടച്ചേരി പുതിയങ്ങാടിയിലെ വഴിതർക്കം അവസാനിപ്പിക്കാൻ എടച്ചേരി പൊലീസ് എസ്.എച്ച്.ഒ നിർദ്ദേശ പ്രകാരം സർവെ നടത്താനെത്തിയ താലൂക്ക് സർവെയറെയും സംഘത്തെയും സിപിഎം ലോക്കൽ സെക്രട്ടറി ഗോപാലനും ടികെ ബാലനും ഭീഷണിപ്പെടുത്തി തിരിച്ചയച്ചു. വഴിയുടെ വടക്കുഭാഗം പൊതുസ്ഥലം കൂട്ടിക്കെട്ടാനുള്ള സിപിഎം നേതാക്കളുടെ ശ്രമത്തെ എതിർ വിഭാഗം ചോദ്യം ചെയ്തതോടെയാണ് സർവെയറെ വരുത്തിയത്. നേതാക്കളുടെ ഭീഷണിപ്പെടുത്തൽ വീഡിയോയിൽ പകർത്താൻ ശ്രമിച്ച അജ്മൽ എന്നയാളെ കെ ബാലൻ, എസ്ഐ യൂസഫ് നോക്കിനിൽക്കെ കയ്യേറ്റം ചെയ്തു. എതിർത്താൽ കൈവെട്ടികളയുമെന്ന് പരസ്യമായി ഭീഷണിപ്പെടുത്തുകയും ചെയ്തു.

കുക്ക് അഭിമുഖം

കോഴിക്കോട്: എൻട്രി ഹോമിൽ (നിർഭയ ഷെൽട്ടർ ഹോം) കരാർ അടിസ്ഥാനത്തിൽ കുക്ക് (ഒരു ഒഴിവ്) തസ്തികയി

എ.പി ഉണ്ണികൃഷ്ണന് വിട

കർമ നിരതമായ 13 വർഷങ്ങൾ; വിട നൽകി ജില്ലാ പഞ്ചായത്ത്

എ.പി ഉണ്ണികൃഷ്ണന്റെ ഭൗതിക ശരീരം ജില്ലാ പഞ്ചായത്തിൽ പൊതുദർശനത്തിന് വെച്ചപ്പോൾ ഹരിത പതാക പുതപ്പിക്കുന്ന പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ

മലപ്പുറം: ഉണ്ണിയേട്ടന്റെ വിയോഗം തീർത്ത വേദന അവർക്ക് താങ്ങാവുന്നതിലുമപ്പുറമായിരുന്നു. 13 വർഷത്തിലധികം ചിരിപ്പിച്ചും ചിന്തിപ്പിച്ചും തങ്ങളുടെ ഹൃദയം കവർന്നൊരാൾ വിടവാങ്ങിയപ്പോൾ അവർ അക്ഷരാർഥത്തിൽ വിറങ്ങലിച്ചപോലെയായി. തങ്ങളുടെ പ്രിയപ്പെട്ട ഉണ്ണിയേട്ടന്റെ ഭൗതിക ശരീരം ജില്ലാ പഞ്ചായത്തങ്കണത്തിലെത്തിയപ്പോൾ ആ മരവിപ്പ് പിന്നെ തേങ്ങലായി.

പുഞ്ചിരിക്കുന്ന മുഖവുമായി തങ്ങൾക്കരികിലേക്കോടിയെത്താറുള്ള 'ഉണ്ണിയേട്ടൻ' ഇനിയില്ലെന്ന് പലരും വിശ്വസിക്കാൻ പ്രയാസപ്പെട്ടു.

ഇന്നലെ ഉച്ചക്ക് മൂന്നു മണിയോടെയാണ് എ.പി ഉണ്ണികൃഷ്ണനേയും വഹിച്ചുള്ള ആംബുലൻസ് ജില്ലാ പഞ്ചായത്തിലെത്തിയത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ റഫീഖയുടെയും വൈസ് പ്രസിഡന്റ് ഇസ്മാഈൽ മൂത്തേടത്തിന്റെയും അംഗങ്ങളുടെയും നേതൃത്വത്തിൽ മൃതദേഹം ജില്ലാ പഞ്ചായത്തിന്റെ അങ്കണത്തിൽ പൊതുദർശനത്തിനായെത്തിച്ചു. മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ മൃതദേഹത്തിൽ ഹരിത പതാക പുതപ്പിച്ചു.

മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളും ജില്ലാ പഞ്ചായത്തിലെത്തി ആദരാഞ്ജലി അർപ്പിച്ചു. ദേശീയ ഓർഗനൈസിങ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പി, ട്രഷറർ അഡ്വ. പി.വി അബ്ദുൽ വഹാബ്, പി.കെ ബഷീർ എം.എൽ.എ, മഞ്ഞളാംകുഴി അലി, നാലകത്ത് സൂപ്പി, അബ്ദുറഹിമാൻ രണ്ടത്താണി, അഡ്വ. എം. റഹ്മത്തുല്ല, കെ.പി മുഹമ്മദ് കുട്ടി, യു.സി രാമൻ എന്നിവരും ജില്ലാ പഞ്ചായത്തിലെത്തി. മലപ്പുറത്തിന് വേണ്ടി ജില്ലാ കലക്ടർ വി.ആർ വിനോദും, ജില്ലാ പഞ്ചായത്ത് ഭരണ സമിതിക്ക് വേണ്ടി പ്രസഡന്റ് എം. കെ റഫീഖയും ജീവനക്കാർക്ക് വണ്ടി സെക്രട്ടറി എസ്. ബിജുവും റീത്ത് സമർപ്പിച്ചു. നാല് മണിക്ക് മൃതദേഹം പൊതു ദർശനത്തിനായി ജന്മനാട്ടിലേക്ക് കൊണ്ടു പോയി.

സഹ പ്രവർത്തകരായ അംഗങ്ങളും ജീവനക്കാർക്കും ഒരുപോലെ പ്രിയങ്കരനായിരുന്നു എ.പി ഉണ്ണികൃഷ്ണൻ. സഹോദര തുല്യരായി എല്ലാവരോടും ഒരുപോലെ പെരുമാറി.

മരണ സമയത്തും ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ അദ്ദേഹത്തിനരികിലുണ്ടായിരുന്നുവെന്നത് ആത്മബന്ധം വരച്ചു കാട്ടുന്നതായിരുന്നു. പൊതുദർശനം കഴിഞ്ഞ് ജില്ലാ പഞ്ചായത്ത് അങ്കണത്തിൽ നിന്ന് ഉണ്ണിയേട്ടന്റെ ഭൗതിക ശീരരത്തെ യാത്രയാക്കുമ്പോൾ ജില്ലയുടെ വികസന സിരാകേന്ദ്രവും തേങ്ങി കരയുന്നുണ്ടായിരുന്നു.

മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്കൊപ്പം എ.പി ഉണ്ണികൃഷ്ണൻ (ഫയൽ ചിത്രം)

ജില്ലയിലെ മൂന്നു ദിവസത്തെ പരിപാടികൾ മാറ്റിവെച്ചു

മലപ്പുറം: മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി എ.പി ഉണ്ണികൃഷ്ണന്റെ നിര്യാണംമൂലം മലപ്പുറം ജില്ലയിലെ മുസ്‌ലിം ലീഗിന്റെ മൂന്നു ദിവസത്തെ പരിപാടികൾ മാറ്റിവെച്ചതായി ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽഹമീദ് എം.എൽ.എ അറിയിച്ചു. രണ്ടു ദിവസം പരിപാടികൾ മാറ്റിവെച്ച് സംസ്ഥാന കമ്മിറ്റി രണ്ടു ദിവസത്തെ ദുഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്.

പുക്കോയ തങ്ങൾ സ്മരണ സംഗമം 12ലേക്ക് മാറ്റി

മലപ്പുറം: ഇന്ന് മലപ്പുറത്ത് നടത്താനിരുന്ന പാണക്കാട് പൂക്കോയ തങ്ങൾ സ്മരണ സംഗമം മുസ്‌ലിംലീഗ് നേതാവ് എ.പി ഉണ്ണികൃഷ്ണന്റെ നിര്യാണത്തെ തുടർന്ന് മാറ്റി വെച്ചു. 12ന് വൈകുന്നേരം നാലു മണിക്ക് മലപ്പുറം ഭാഷാസമര സ്മാരകത്തിൽ നടക്കുമെന്ന് പൂക്കോയ തങ്ങൾ സ്മരണ വേദി ചെയർമാൻ സി.പി സൈതലവി അറിയിച്ചു.

കണ്ണമംഗലം എരണിപ്പടി നാലുകണ്ടം പള്ളിമുറ്റത്ത് വാദിനൂർ മദ്രസയിൽ എ.പി ഉണ്ണികൃഷ്ണന്റെ ഭൗതിക ശരീരം പൊതുദർശനത്തിന് വെച്ചപ്പോൾ

നാലുകണ്ടം മസ്ജിദ് അങ്കണത്തിൽ ഉണ്ണിയേട്ടന് കണ്ണീരിൽ കുതിർന്ന ആദരാഞ്ജലി

പി.കെ നൗഫൽ
വേങ്ങര

ഇന്നലെ മരണപ്പെട്ട മലപ്പുറം മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.പി. ഉണ്ണികൃഷ്ണന് ആദരാഞ്ജലി അർപ്പിക്കാൻ കണ്ണമംഗലം എരണിപ്പടി നാലുകണ്ടത്ത് എത്തിയത് ആയിരങ്ങൾ. വൈകീട്ട് അഞ്ച് മണിയോടെ നാലുകണ്ടം മദ്രസ ഹാളിൽ മൃതശരീരം പൊതുദർശനത്തിനായി വെച്ചപ്പോൾ നാട്ടുകാരും, സുഹൃത്തുകൾ, രാഷ്ട്രീയ നേതാക്കൾ ജനപ്രതിനിധികൾ തുടങ്ങി ആയിരങ്ങളാണ് മദ്രസ ഹാളിലേക്ക് ഒഴുകിയെത്തിയത്. നാലുകണ്ടം മസ്ജിദിനും, മദ്രസക്കും ഉണ്ണി കൃഷ്ണന് വലിയ ആത്മബന്ധമായിരുന്നു ഉണ്ടായിരുന്നത്.

ഈ പള്ളിയുടെയും, മദ്രസയുടെയും നിർമാണത്തിനായി 50 ചാക്ക് സിമന്റ് സൗജന്യമായി നൽകി പ്രവർത്തനങ്ങളുടെ തുടക്കം കുറിച്ചത് ഉണ്ണികൃഷ്ണനായിരുന്നു. ശേഷം ഉദ്ഘാടന ചടങ്ങിൽ വീട്ടിൽ നിന്ന് പാകം ചെയ്ത് കൊണ്ട് വന്ന ഉണ്ണിയപ്പം വിതരണം ചെയ്ത് സന്തോഷത്തിന് മധുരം പകരാൻ നേതൃത്വം നൽകിയതും അദ്ദേഹമായിരുന്നു. 'ഉണ്ണിയേട്ടന് കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ' എന്ന തലവാചകത്തിൽ നാട്ടുകാർ സ്ഥാപിച്ച ഫ്ളക്സ് ബോർഡിനെ അന്വർത്ഥമാക്കുന്നതായിരുന്നു ഉണ്ണികൃഷ്ണനന്റെ പ്രവർത്തന രീതി.

പ്രതിപക്ഷ ഉപനേതാവ് പി.കെ.കുഞ്ഞാലിക്കുട്ടി, മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി പി.എം.എ. സലാം, പാണക്കാട് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ, അഡ്വ. എൻ ശംസുദ്ദീൻ എം.എൽ.എ, ഉമ്മർ പാണ്ടികശാല, അഡ്വ. വി.കെ ഫൈസൽ ബാബു, സുഹറ മമ്പാട്, ഷാഫി ചാലിയം, എൻ.സി അബ്ദു റസാഖ്, പി.ടി അജയ് മോഹൻ, മുൻ എം. എൽ.എ. യു.സി രാമൻ, പാണക്കാട് നിയാസലി ശിഹാബ് തങ്ങൾ, മുൻ മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അരിമ്പ്ര മുഹമ്മദ് മാസ്റ്റർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മായിൽ മുത്തേടം, ദലിത് ലീഗ് സംസ്ഥാന പ്രസിഡന്റ്, ടി.പി ബാബു, ജനറൽ സെക്രട്ടറി ശശീധരൻ മണലായ, കെ.എസ്.ടി.യു മുൻ സംസ്ഥാന ജനറൽ സെക്രട്ടറിമാരായ എ.കെ സൈനുദ്ദീൻ മാസ്റ്റർ, അഹമ്മദ് മാസ്റ്റർ, പി.എ ചെറീത്, എ.കെ. എ നസീർ, പി.കെ അസ്‌ലു, പി.കെ അലി അക്ബർ, വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബെൻസീറ, കുണ്ടൂർ മർകസ് സെക്രട്ടറി എൻ.പി ആലി ഹാജി, വേങ്ങര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.പി ഹസീന ഫസൽ, കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് യു.എം ഹംസ, കെ.ടി അലവിക്കുട്ടി തുടങ്ങി നിരവധി നേതാക്കൾ സ്ഥലത്തെത്തി.

കഴുത്തിൽ എപ്പോഴും ശിഹാബ് തങ്ങളുടെ ഫോട്ടോ

മലപ്പുറം: മുസ്‌ലിംലീഗിന്റെ സമുന്നതനായ നേതാവും പാണക്കാട് കുടുംബത്തിന്റെ പ്രിയപ്പെട്ട എ.പി ഉണ്ണികൃഷ്ണന്റെ വിയോഗം വേദനാജനകമാണെന്ന് മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ അനുശോചിച്ചു. മരിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് മരണത്തോട് മല്ലിടുന്ന ഉണ്ണ്യേട്ടനെയാണ് അവസാനമായി കണ്ടത്. കഴുത്തിൽ എപ്പോഴും ബാപ്പ മുഹമ്മദലി ശിഹാബ് തങ്ങളുടെ ഫോട്ടോ തൂക്കി സന്തോഷത്തോടെ നടക്കുന്ന അദ്ദേഹം പാണക്കാട്ടെ ഓരോരുത്തരുടെയും പ്രിയപ്പെട്ടവനായിരുന്നു. ഓണക്കാലത്ത് സമ്മാനവുമായി വരുന്ന ഉണ്ണ്യേട്ടന്റെ സ്നേഹം ആർദ്രത നിറഞ്ഞതായിരുന്നു. ദലിത് ലീഗ് ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിച്ചു. നിരവധി ദലിത് കുടുംബങ്ങളെ മുസ്‌ലിം ലീഗിലേക്ക് കൊണ്ടുവരാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്നും മുൻപന്തിയിൽ നിൽക്കാനും കഴിഞ്ഞ ജനകീയ നേതാവായിരുന്നു അദ്ദേഹമെന്നും തങ്ങൾ കൂട്ടിച്ചേർത്തു.

ഓണസമ്മാനവുമായി എത്തിയ എ.പി ഉണ്ണികൃഷ്ണൻ പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾക്കൊപ്പം (ഫയൽ ചിത്രം)

ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റ് എന്ന നിലയിലും ദലിത് ലീഗിന്റെ നേതാവ് എന്ന നിലയിലും അദ്ദേഹം നൽകിയ സംഭാവനകൾ നിസ്തുലവും എക്കാലവും ഓർമ്മിക്കപ്പെടുന്നതുമാണെന്നും എം.എൽ.എ കൂട്ടിച്ചേർത്തു.

കുറുക്കോളി മൊയ്തീൻ

മലപ്പുറം: മുസ്‌ലിം ലീഗിന് ധീരനായ ഒരു പോരാളിയേയും ദുർബല പിന്നോക്ക ജന വിഭാഗങ്ങളുടെ സ്നേഹനിധിയായ നേതാവിനെയുമാണ് എ.പി ഉണ്ണികൃഷ്ണന്റെ വിയോഗത്തിലൂടെ നഷ്ടപ്പെട്ടിരിക്കുന്നത് എന്ന് സ്വതന്ത്ര കിസാൻ സംഘം പ്രസിഡന്റ് കുറുക്കോളി മൊയ്തീൻ എം. എൽ. എ അഭിപ്രായപ്പെട്ടു.

ദലിത് സമൂഹത്തിന്റെ സമുദ്ധാരകൻ: അബ്ബാസലി ശിഹാബ് തങ്ങൾ

മലപ്പുറം: ദലിത് സമൂഹത്തെ പൊതുധാരയിലെത്തിക്കുന്നതിനും അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യമൊരുക്കുന്നതിനും സ്വജീവിതം മാറ്റിവെച്ച പൊതുപ്രവർത്തകനായിരുന്നു എ.പി ഉണ്ണികൃഷ്ണനെന്ന് മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ അനുശോചിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പദവിയും സംഘടനാ സംവിധാനവും ജനപ്രാതിനിധ്യവും ജനക്ഷേമത്തിനായി ഉപയോഗപ്പെടുത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പദവി വഹിച്ചിരുന്ന കാലയളവ് ജില്ലയുടെ വികസന ചരിത്രത്തിലെ ശ്രദ്ധേയമായ നേട്ടങ്ങൾ കൊണ്ട് അടയാളപ്പെടുത്തി. പാർട്ടിയുടെ ആശയ പ്രചരണ രംഗത്ത് നിസ്തുലമായ സംഭാവനയാണ് ഉണ്ണികൃഷ്ണൻ സമർപ്പിച്ചത്. ദളിത് ജനതയുടെ ഉന്നമനത്തിനും വിദ്യാഭ്യാസ തൊഴിൽ പുരോഗതിക്കും വേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചു.

മുസ്‌ലിം ലീഗിന്റെ ജനാധിപത്യ, മതേതരാശയങ്ങൾ പൊതുജന മധ്യേ നിർഭയം സമർത്ഥിക്കുന്നതിൽ അദ്ദേഹം കാണിച്ച ഔത്സുക്യം പ്രവർത്തകർക്ക് ആവേശമായിരുന്നു. തന്റെയും സമുദായത്തിന്റെയും വിശ്വാസവും ആചാരങ്ങളും ജീവിതത്തിൽ പാലിച്ചു കൊണ്ട് തന്നെ ദലിത് ലീഗിന്റെ നേതൃപദവിയിലിരുന്ന് പ്രവർത്തിച്ചു.

പാണക്കാട് കുടുംബവുമായുള്ള ബന്ധം വാക്കുകൾക്കതീതമാണ്. പൊതു സ്വകാര്യ ജീവിതത്തിലെ എല്ലാ സുഖ ദുഖങ്ങളും പാണക്കാട് കുടുംബവുമായി പങ്കിട്ടിരുന്നു. അവിടെ നിത്യ സന്ദർശകനായിരുന്നു. ഉണ്ണികൃഷ്ണൻ നയിച്ച ദലിത് ലീഗിനെ കൂടുതൽ ശക്തിപ്പെടുത്താൻ പ്രവർത്തകർക്ക് കഴിയണമെന്നും കുടുംബാംഗങ്ങളുടെ ദുഖം പാർട്ടിയുടേത് കൂടിയാണെന്നും തങ്ങൾ കൂട്ടിച്ചേർത്തു.

എ.പി ഉണ്ണികൃഷ്ണന്റെ ഭൗതിക ശരീരം ജില്ലാ പഞ്ചായത്ത് ഓഫീസിൽ പൊതുദർശനത്തിൽ വെച്ചപ്പോൾ ആദരാഞ്ജലികൾ അർപ്പിക്കുന്ന ജില്ലാ കലക്ടർ വി.ആർ വിനോദ്

അനുശോചന യോഗം ഇന്ന്

കണ്ണമംഗലം: അന്തരിച്ച മുസ്‌ലിംലീഗ് നേതാവ് എ.പി. ഉണ്ണികൃഷ്ണന്റെ പേരിലുള്ള അനുശോചന യോഗം ഇന്ന് രാവിലെ 10.30ന് എരണിപ്പടി നാല്കണ്ടം മദ്രസ അങ്കണത്തിൽ നടക്കും.

മുസ്‌ലിം ലീഗിന് അപരിഹാര്യമായ നഷ്ടം: പി അബ്ദുൽ ഹമീദ് എം.എൽ.എ

മലപ്പുറം: എ.പി ഉണ്ണികൃഷ്ണന്റെ ദേഹവിയോഗത്തിലൂടെ മുസ്‌ലിം ലീഗിന് അപരിഹാര്യമായ നഷ്ടമാണ് സംഭവിച്ചിട്ടുള്ളതെന്ന് മുസ്‌ലിംലീഗ് ജില്ലാ ജനറൽ സെക്രട്ടറി പി. അബ്ദുൽ ഹമീദ് എം.എൽ.എ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ദലിത് പിന്നോക്ക ജനവിഭാഗങ്ങളെ മുസ്‌ലിം ലീഗിൽ അണിനിരത്തുന്നതിനു വേണ്ടിയും അവരെ പൊതുധാരയിൽ കൊണ്ടുവരുന്നതിനു വേണ്ടിയും ഉണ്ണികൃഷ്ണൻ നടത്തിയിട്ടുള്ള കഠിനമായ പരിശ്രമം നിത്യസ്മരണീയമാണ്. മുസ്‌ലിം ലീഗിനെതിരെ രാഷ്ട്രീയ എതിരാളികൾ വർഗീയമായ ആക്ഷേപങ്ങൾ ഉന്നയിക്കുമ്പോൾ അവയെല്ലാം തന്റെ നാവുകൊണ്ട് ഉരുളക്കുപ്പേരി എന്നോണം മറുപടി നൽകിക്കൊണ്ട് മതേതരത്വത്തിന്റെ മുസ്‌ലിംലീഗ് മുഖമായി അദ്ദേഹം നിലകൊണ്ടു. പാണക്കാട് കൊടപ്പനക്കൽ കുടുംബാംഗങ്ങളുമായി ഉണ്ണികൃഷ്ണൻ നിലനിർത്തി പോന്നിരുന്ന അത്യപൂർവമായ ഹൃദയബന്ധം തെളിയിക്കുന്നതായിരുന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി ചുമതലയേൽക്കുന്ന സമയത്ത് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ ഫോട്ടോ കഴുത്തിൽ അണിഞ്ഞുകൊണ്ട് ഉണ്ണികൃഷ്ണൻ സത്യപ്രതിജ്ഞ ചെയ്തത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ ഏറ്റവും മികവുറ്റ ഭരണാധികാരി എന്ന് തെളിയിക്കുവാനും അദ്ദേഹത്തിന് സാധ്യമായി. വൈവിധ്യമാർന്ന നിരവധി പദ്ധതികൾ നടപ്പിലാക്കി ജില്ലയുടെ സർവതോന്മുഖമായ പുരോഗതിക്ക് വേണ്ടി അക്ഷീണം പ്രയത്നിച്ചു. താൻ പട്ടികജാതിക്കാരനാണെന്നും അതേസമയം തന്നെ മുസ്‌ലിം ലീഗുകാരനാണെന്നും ഉറക്കെ വിളിച്ചു പറയാൻ ആവേശം കാണിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്ത അപൂർവ വ്യക്തിത്വമായിരുന്നു ഉണ്ണികൃഷ്ണന്റേതെന്നും എം.എൽ. എ അനുശോചിച്ചു.

മലപ്പുറം: മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറി എ.പി ഉണ്ണികൃഷ്ണന്റെ വിയോഗത്തോടെ നല്ലൊരു സുഹൃത്തിനെയാണ് നഷ്ടമായതെന്ന് മുസ്‌ലിംലീഗ് ജില്ലാ ട്രഷറർ അഷ്റഫ് കോക്കൂർ അനുശോചിച്ചു. ജനാഭിലാഷമറിഞ്ഞുള്ള മാതൃകാപരമായ പ്രവർത്തനങ്ങളായിരുന്നു അദ്ദേഹം നടത്തിയിരുന്നത്. പാണക്കാട് കുടുംബവുമായും കുടുംബത്തിലെ പല തലമുറകളിലെ അംഗങ്ങളുമായും അദ്ദേഹത്തിനുണ്ടായിരുന്ന അടുപ്പം ഹൃദ്യമായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് സംഘടനക്കും വ്യക്തിപരമായും വലിയ നഷ്ടമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കൊടിഞ്ഞി പള്ളിയുടെ സ്വന്തം എ.പി ഉണ്ണികൃഷ്ണൻ

യു.എ റസാഖ്
തിരൂരങ്ങാടി

കൊടിഞ്ഞി പള്ളിയുടെ എല്ലാ ചടങ്ങുകളിലും എ.പി ഉണ്ണികൃഷ്ണൻ കയ്യൊപ്പ് ചാർത്താറുണ്ട്. പള്ളി പുനർനിർമാണത്തിലും പള്ളിയുടെ ശിലാസ്ഥാപന നേർച്ചയിലും മതമൈത്രിയുടെ അടയാളമായി റമസാൻ 27-ലെ മധുര പലഹാര വിതരണത്തിലും ഖാസി സ്ഥാനാരോഹണ ചടങ്ങുകളിലും എന്തിനേറെ പറയുന്നു വിശേഷ മതപ്രഭാഷണ ചടങ്ങുകളിൽ വരെ കൊടിഞ്ഞി പള്ളിയിൽ എ.പി ഉണ്ണികൃഷ്ണന്റെ സാന്നിധ്യമുണ്ടാകാറുണ്ട്.

ഇരുനൂറ് വർഷത്തിലേറെ പഴക്കമുള്ള മമ്പുറം തങ്ങൾ സ്ഥാപിച്ച സത്യപള്ളി എന്നറിയപ്പെടുന്ന കൊടിഞ്ഞി പള്ളി പുനർനിർമാണ ഫണ്ടിലേക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റായ ശേഷമുള്ള തന്റെ ആദ്യ ഹോണറേറിയം മുഴുവൻ സംഭാവനായി തന്നു. മാത്രമല്ല പള്ളിയുമായി ബന്ധപ്പെട്ട എല്ലാ പേപ്പർ വർക്കുകളും പൂർത്തിയാക്കാൻ സഹായിച്ചതും ഉണ്ണികൃഷ്ണനായിരുന്നു. പള്ളിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പള്ളിക്കത്താഴത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ചതും ഇദ്ദേഹമായിരുന്നു.

പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളെ കൊടിഞ്ഞിയുടെ ഖാസിയായി ബൈഅത്ത് ചെയ്യുന്ന ചടങ്ങിൽ കൊടിഞ്ഞി പള്ളിയുടെ മിമ്പറിനടുത്തായിരുന്നു എ.പി ഉണ്ണികൃഷ്ണന്റെ സ്ഥാനം. തങ്ങൾ ഖാസിയായി സ്ഥാനമേൽക്കുന്ന ചടങ്ങിലെ അതിഥിയും അദ്ദേഹമായിരുന്നു. സഫർ 12-ന് കൊടിഞ്ഞി പള്ളി നേർച്ചയുടെ ഭാഗമായുള്ള അന്നദാന വിതരണ ചടങ്ങിലും എ.പിയാണ് അതിഥിയായി ആദ്യ പൊതിച്ചോറ് വാങ്ങാറ്.

മമ്പുറം തങ്ങളുടെ കാലംതൊട്ട് തുടരുന്ന 27-ാം രാവിലെ മധുര പലഹാര വിതരണത്തിലും എ.പി ഉണ്ണികൃഷ്ണൻ തന്നെ മുഖ്യാതിഥി. ഇതര സമുദായംഗങ്ങൾക്കടക്കം വിതരണം ചെയ്യാനായി കൊടിഞ്ഞി മഹല്ലുകളിലെ വീടുകളിൽ നിന്നും എത്തിക്കുന്ന പലഹാരവുമായാണ് കൊടിഞ്ഞി നിവാസികളുടെ ഉണ്ണിയേട്ടൻ മടങ്ങാറ്. കൊടിഞ്ഞി പള്ളിയിലെ എല്ലാ പരിപാടികളിലേക്കും സംഭാവനയും അദ്ദേഹം നൽകാറുണ്ടായിരുന്നു.

ക്ഷണിതാവിനേക്കാൾ ക്ഷണിക്കപ്പെടാത്ത അതിഥിയായി ഓരോ പരിപാടിക്കുമെത്തുന്നയാളായിരുന്നു അദ്ദേഹം. കൊടിഞ്ഞി മഹല്ല് നിവാസികളെ പോലെ കൊടിഞ്ഞി പള്ളിയെ വലിയ ബഹുമാനത്തോടെയാണ് സമീപിച്ചിരുന്നത്.

2016-ൽ കൊടിഞ്ഞി ഫൈസൽ വധക്കേസ് നടന്ന സമയത്ത് സമാധാന സന്തോഷവുമായും അദ്ദേഹം കൊടിഞ്ഞിയിൽ നിറസാന്നിധ്യമായിരുന്നു. വർഗീയ കലാപം ലക്ഷ്യമിട്ട് ആർ.എസ്.എസ് നടത്തിയ കൊലപാതകത്തിൽ അവർ പ്രതീക്ഷിച്ച കലാപമുണ്ടാകാതിരുന്നത് എ.പി ഉണ്ണികൃഷ്ണന്റെ കൂടി ഇടപെടലിന്റെ ഭാഗമായിരുന്നു.

2015 മുതൽ 2020 വരെയുള്ള കാലയളവിൽ കൊടിഞ്ഞി പള്ളി ഉൾക്കൊള്ളുന്ന നന്നമ്പ്ര ഡിവിഷനിൽ നിന്നും ജില്ലാ പഞ്ചായത്തിലേക്ക് മത്സരിച്ചാണ് അദ്ദേഹം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായത്. ഇവിടെ നിന്നും ജില്ലാ പഞ്ചായത്ത് അംഗമാകുന്നതിന് മുമ്പ് തന്നെ കൊടിഞ്ഞിയുമായും കൊടിഞ്ഞി പള്ളിയുമായും അഭേദ്യമായ ബന്ധമുണ്ടായിരുന്നു.

എ.പി ഉണ്ണികൃഷ്ണന്റെ മരണത്തിലൂടെ മതമൈത്രിയുടെ അടയാളമായി ജനങ്ങളിൽ ജീവിച്ച വ്യക്തിത്വമാണ് വിടവാങ്ങിയതെന്നും നാടിനും മറ്റും വലിയ നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാടെന്നും കൊടിഞ്ഞി മഹല്ല് പ്രസിഡന്റ് പി.സി മുഹമ്മദ് ഹാജിയും ജനറൽ സെക്രട്ടറി പത്തൂർ മൊയ്തീൻ ഹാജിയും പറഞ്ഞു.

കൊടിഞ്ഞി മഹല്ല് ഖാസിയായി പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അധികാരമേൽക്കുന്ന ചടങ്ങിൽ മുഖ്യാതിഥിയായ എ.പി ഉണ്ണികൃഷ്ണൻ സംസാരിക്കുന്നു. പള്ളിമിമ്പറിൽ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, സമീപത്തായി അബ്ദുൽ ഗഫൂർ അൽഖാസിമി, കൊടിഞ്ഞി പള്ളി സെക്രട്ടറി പത്തൂർ മൊയ്തീൻ ഹാജി, സി അബൂബക്കർ ഹാജി എന്നിവരെയും കാണാം. (ഫയൽ ചിത്രം)

എ.പി ഉണ്ണികൃഷ്ണന്റെ ഭൗതിക ശരീരം മലപ്പുറം ജില്ലാ പഞ്ചായത്ത് ഓഫീസിൽ പൊതുദർശനത്തിന് വെച്ചപ്പോൾ ആദരാഞ്ജലികൾ അർപ്പിക്കുന്ന എം.പിമാരായ ഇ.ടി മുഹമ്മദ് ബഷീർ, പി.വി അബ്ദുൽവഹാബ് എന്നിവർ

വിക്ടോറിയ കൊളജിൽ സീറ്റൊഴിവ്

പാലക്കാട്: ഗവ വിക്ടോറിയ കോളെജിൽ അഞ്ചാം സെമസ്റ്റർ സൂവോളജി, ഇംഗ്ലീഷ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ് ബിരുദ ക്ലാസ്സുകളിൽ വിവിധ കാറ്റഗറികളിലായി സീറ്റൊഴിവുണ്ട്. യോഗ്യതയുള്ള വിദ്യാർത്ഥികൾ ജൂലൈ എട്ടിന് രാവിലെ 10.30ന് എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സലുമായി അതത് വകുപ്പുകളുമായി ബന്ധപ്പെടേണ്ടതാണെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. ഫോൺ: 0491 2576773.

മോഷണകേസ് : ഒരു വർഷം തടവും 7000 രൂപ പിഴയും

പാലക്കാട്: മോഷണകേസിൽ കോങ്ങാട് പാച്ചേനി ലക്ഷം വീട് കോളനിയിൽ അയൂബ് (24) എന്നയാളെ വിവിധ വകുപ്പുകളിലായി ഒരു വർഷം തടവിനും 7000 രൂപ പിഴയടക്കാനും ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് നമ്പർ 2 കോടതി മജിസ്ട്രറ്റ് ആർ.അനിത ശിക്ഷിച്ചു. പിഴയടയ്ക്കാത്ത പക്ഷം ഒന്നര മാസം തടവിനും പിഴ സംഖ്യയിൽ നിന്ന് പരാതിക്കാരന് 5000 രൂപ നഷ്ടപരിഹാരം നൽകാനും കോടതി വിധിച്ചു. 2018 ജൂലൈ മൂന്നിനാണ് കേസിനാസ്പദമായ സംഭവം നടന്നത്. പരാതിക്കാരന്റെ കിണാവല്ലൂരിലുള്ള വീട്ടിൽ നിന്ന് രണ്ട് പവൻ തൂക്കമുള്ള സ്വർണ്ണാഭരണങ്ങൾ കളവ് പോയ സംഭവത്തിൽ മങ്കര സബ് ഇൻസ്പെക്ടർ കുറ്റപത്രം സമർപ്പിച്ച കേസിലാണ് കോടതിവിധി.

പാലക്കാട് വാർത്തകൾ

മഴയിൽ ചെളിക്കുളമായ മാറിയ വാണിയംകുളം കന്നുകാലി ചന്ത. കഴിഞ്ഞ ദിവസത്തെ കാഴ്ച

ചെളിക്കുളമായി വാണിയംകുളം ചന്ത

ഒറ്റപ്പാലം: മഴ പെയ്തോടെ ദുരിതക്കയത്തിലായി വാണിയംകുളം ചന്ത. ചെളി നിറഞ്ഞ് കച്ചവടം ചെയ്യാൻ പോലും പറ്റാത്ത സ്ഥിതിയാണ്. ഇന്നലെ ചന്തയിലെത്തിയ കച്ചവടക്കാർ ഏറെ പ്രയാപ്പെട്ടു. വൈക്കോലും, ചെളിയും, കന്നുകാലികളുടെ ചാണകവും കലർന്നതോടെ നടക്കുന്നവർ പലരും തെന്നി വീഴുന്ന സ്ഥിതിവരെയുണ്ടായി. ആഴ്ചയിൽ കോടികളുടെ കച്ചവടം നടക്കുന്നിടത്താണ് ഈ സ്ഥിതി. മഴ തുടർന്നാൽ ചാണകവും വൈക്കോലും കുഴഞ്ഞ് മാലിന്യപ്രശ്നവും രൂക്ഷമാകുമെന്ന സ്ഥിതിയാണ്. മാലിന്യമെല്ലാം കുത്തിയൊലിച്ച് സമീപത്തെ കോതക്കുറിശ്ശി റോഡിലേക്കിറങ്ങുന്ന സ്ഥിതിയുമുണ്ട്. ഇതോടെ വഴിയിലൂടെപ്പോകുന്ന കാൽനടയാത്രക്കാർക്കും ഈ ചെളി സഹിക്കണം. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ആഴ്ചയിൽ വാണിയംകുളത്തേക്ക് ലോഡുകണക്കിന് കാലികളെത്തുന്നുണ്ട്.

റബ്ബർ തോട്ടങ്ങളിൽ കാട്ടാന വിലസുന്നു

ഭീതിയിലായി ടാപ്പിംഗ് തൊഴിലാളികൾ

നെന്മാറ: അയിലൂർ പഞ്ചായത്തിലെ കൽച്ചാടിയിൽ റബ്ബർ തോട്ടങ്ങളിൽ പകൽ കാട്ടാന ഇറങ്ങി. വെള്ളിയാഴ്ച രാവിലെ കൽച്ചാടിയിലെ റബ്ബർ തോട്ടത്തിൽ ടാപ്പിംഗ്ജോലിക്ക് എത്തിയ ചേവിണി ബാബു, മഞ്ജു ദമ്പതികളാണ് കാട്ടാനക്കൂട്ടത്തെ രാവിലെ 7.30ഓടെ കാട്ടാന കൂട്ടത്തെ കണ്ടത്. കാട്ടാനക്കൂട്ടം റബ്ബർ തോട്ടത്തിൽ നിൽക്കുന്നത് കണ്ട് തൊഴിലാളികൾ ഒച്ച വച്ചതോടെ സമീപത്തെ പുഴയുടെ വശത്തുകൂടി വനത്തിലേക്ക് കാട്ടാനകൾ കയറിപ്പോയി. കൽച്ചാടിയിലെ റബ്ബർ തോട്ടം ഉടമയായ എം.അബ്ബാസ് ഒറവഞ്ചിറയുടെ തോട്ടത്തിലാണ് കാട്ടാനക്കൂട്ടം പകൽ നിലയുറപ്പിച്ചത്. മുൻപ് രാത്രികാലങ്ങളിൽ മാത്രം കൃഷിയിടങ്ങളിൽ വന്നിരുന്ന കാട്ടാനകൾ ഇപ്പോൾ പകൽ സമയത്തും കൃഷിയിടങ്ങളിൽ വരുന്നത് തൊഴിലാളികൾക്ക് ഭീഷണിയായി. കാട്ടാന പേടിയിൽ കുറച്ചുവർഷങ്ങളായി മേഖലയിൽ അതിരാവിലെ നടക്കാറുള്ള റബ്ബർടാപ്പിംഗ് 7മണിക്ക് ശേഷമാണ് ആരംഭിക്കാറുള്ളത്. പകൽസമയങ്ങളിൽ തുടർന്നും കാട്ടാനയുടെ സാന്നിധ്യം റബ്ബർ തോട്ടങ്ങളിൽ ഉണ്ടായാൽ പ്രദേശത്തെ റബ്ബർടാപ്പിംഗ് നിലയ്ക്കുമെന്ന് പ്രദേശവാസികൾ പരാതി പറഞ്ഞു. കാട്ടാനഭീതിയിൽ കൽച്ചാടി മേഖലയിൽ താമസിച്ചിരുന്ന കർഷകർ പലരും പ്രദേശത്തുനിന്ന് മാറി താമസിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. സൗരോർജ്ജവേലി രാത്രി സമയങ്ങളിൽ ഏതാനും മണിക്കൂറുകൾക്കു ശേഷം പ്രവർത്തനരഹിതമാകുന്നതാണ് കാട്ടാനകൾ അതിരാവിലെയും പകൽസമയത്തും കാർഷിക ജനവാസ മേഖലയിൽ വരുന്നതിന് കാരണം. കാട്ടാനകളെ പ്രതിരോധിക്കുന്നതിനായി കേന്ദ്രസർക്കാർ കൃഷിവകുപ്പിന്റെ 2.29 കോടി രൂപ ചെലവിൽ 27.5 കിലോമീറ്റർ ദൂരം നെന്മാറ, അയിലൂർ, വണ്ടാഴി പഞ്ചായത്തുകളിലായി വനംവകുപ്പ് മുഖേന സ്ഥാപിക്കാൻ നിർദ്ദേശിച്ച സൗരോർജ്ജ തൂക്കു വേലിയുടെ നിർമ്മാണം മേഖലയിൽ ആരംഭിച്ചിട്ടില്ല. ടെൻഡർ നടപടികൾക്ക് മുന്നോടിയായുള്ള പ്രവർത്തനങ്ങൾ തിരുവനന്തപുരത്ത് നടക്കുകയാണെന്നാണ് അധികൃതർ പറയുന്നത്. സമാനരീതിയിലുള്ള തൂക്കുവേലി നിർമ്മാണം മണ്ണാർക്കാട് മേഖലയിൽ ആരംഭിക്കുകയും ചെയ്തു. 10ദിവസം മുമ്പ് കാട്ടാനക്കൂട്ടം മേഖലയിലെ വിവിധകൃഷിയിടങ്ങളിലെത്തി ഫലവൃക്ഷങ്ങളും കമുകുകളും ഉൾപ്പടെ വ്യാപക നാശം വരുത്തിയിരുന്നു.



ബിരുദ പ്രവേശനം

പാലക്കാട്: ഗവ വിക്ടോറിയ കോളജിൽ ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് മൂന്നാം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ എടുക്കുന്നതിനായി ജൂലൈ 8, 9, 10, 11 തീയതികളിൽ ഉച്ചക്ക് 12ന് മുൻപായി കോളെജിൽ ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഫോൺ: 0491 2576773, 8281716773.

മസ്റ്ററിങ് ആഗസ്റ്റ് 24 നകം പൂർത്തിയാക്കണം

പാലക്കാട്: പെരുമാട്ടി ഗ്രാമ പഞ്ചായത്തിൽ നിന്നും വിവിധ ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളും തുടർന്ന് പെൻഷൻ ലഭിക്കുന്നതിന് അക്ഷയ കേന്ദ്രങ്ങളിലെത്തി ആഗസ്റ്റ് 24 നകം മസ്റ്ററിങ് പൂർത്തിയാക്കേണ്ടതാണെന്ന് സെക്രട്ടറി അറിയിച്ചു. ഫോൺ: 04923 232226, 9496047225.

സാനിറ്റേഷൻ വർക്കർ നിയമനം

പാലക്കാട്: ജില്ലാ ആയുർവേദ ആശുപത്രിയിൽ ഒഴിവുള്ള സാനിറ്റേഷൻ വർക്കർ തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ 90 ദിവസത്തേക്ക് നിയമനം നടത്തും. യോഗ്യരായ ഉദ്യോഗാർഥികൾ 12ന് രാവിലെ 10.30 ന് ജില്ലാ ആയുർവേദ ആശുപത്രിയിൽ നടത്തുന്ന അഭിമുഖത്തിന് ഹജരാകണം. യോഗ്യത ഏഴാം ക്ലാസ്സ്. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റ, മറ്റു രേഖകൾ എന്നിവ സഹിതം എത്തിച്ചേരണം. ഫോൺ: 0491 2546260.

മെഡിക്കൽ ക്യാമ്പ് തുടങ്ങി

മണ്ണാർക്കാട്: സമഗ്ര ശിക്ഷാ കേരളയുടെയും പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ മണ്ണാർക്കാട് ബി.ആർ.സി പരിധിയിലെ പ്രീ പ്രൈമറി മുതൽ ഹയർ സെക്കന്ററി തലം വരെ പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്കുള്ള വൈദ്യ പരിശോധന ക്യാമ്പുകൾ തുടങ്ങി. സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ നേതൃത്വത്തിൽ സർവ്വേയിലൂടെ കണ്ടെത്തിയ ഇരുന്നൂറിലധികം കുട്ടികളെയാണ് വിവിധ മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുപ്പിക്കുന്നത്. കുമരംപുത്തൂർ ജി.എം.എൽ. പി സ്കൂളിൽ നടന്ന ക്യാമ്പിൽ 49 കുട്ടികൾ പങ്കെടുത്തു. മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലെ ശിശുരോഗ വിദഗ്ദ ഡോ.നജീദ ആലങ്ങോടൻ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് പി.അനഘ സോമൻ പരിശോധനക്ക് നേതൃത്വം നൽകി. ബി.ആർ.സി ബ്ലോക്ക് പ്രൊജക്റ്റ് കോഡിനേറ്റർ മുഹമ്മദാലി, പ്രധാനാധ്യാപകൻ സജീവ് സംബന്ധിച്ചു. ജൂലൈ 9 ന് കുമരംപുത്തൂർ ജി.എം.എൽ.പി സ്കൂൾ, 18ന് തെങ്കര ബി.ആർ. സിയിലും ക്യാമ്പുകൾ നടക്കും. കേൾവി സംസാര പരിമിതി നേരിടുന്ന കുട്ടികൾക്കുള്ള ക്യാമ്പ് 11 ന് പെരിമ്പടാരി ജി.എൽ.പി സ്കൂളിൽ നടക്കും.

കുമരനല്ലൂരിൽ നിന്ന് പിടികൂടിയ ബൈക്കുകൾ വാഹനത്തിൽ കയറ്റി പൊലീസ് സ്റ്റേഷനിലെത്തിക്കുന്നു

ബൈക്ക് സ്റ്റണ്ടും സംഘട്ടനവും വാഹനങ്ങൾ പിടിച്ചെടുത്ത് പൊലീസ്

ആനക്കര : ബൈക്കുകളിൽ വിദ്യാർത്ഥികളുടെ ബൈക്ക് സ്റ്റണ്ട്. പിന്നെ സംഘട്ടനവും കുമരനല്ലൂരിൽ നിന്ന് നിരവധി ബൈക്കുകൾ പൊലീസ് പിടിച്ചെടുത്തു. കുമരനല്ലൂർ ഗവ.ഹയർസെക്കന്ററി സ്കൂളിൽ സംഘട്ടനത്തെ തുടർന്നാണ് പൊലീസ് സ്ഥലത്തെത്തിയത്. എന്നാൽ നാട്ടുകാർ വിദ്യാർത്ഥികൾ വരുന്നത് ബൈക്കുകളിലാണന്ന് പറഞ്ഞതോടെയാണ് സ്ക്കൂളിന് സമീപം നിർത്തിയിട്ട ബൈക്കുകൾ പൊലീസ് പിടിച്ചെടുത്ത് സ്റ്റേഷനിലേക്ക് പിക്കപ്പ് വാനിൽ കൊണ്ടുപോയത്. കുമരനല്ലൂരിൽ മാത്രമല്ല ആനക്കര ഗവ.ഹയർസെക്കന്ററി സ്കൂൾ ഉൾപ്പെടെ തൃത്താല സബ് ജില്ലയിൽപ്പെട്ട സ്ഥലങ്ങളിലെല്ലാം ഇതു തന്നെയാണ് സ്ഥിതി. മേപ്പാട്ടം മുതൽ ആനക്കര പഞ്ചായത്തിൽപ്പെട്ട പല സ്ഥലങ്ങളിൽ നിന്നും രക്ഷിതാക്കൾ ഏഴാംക്ലാസ് വിദ്യാർത്ഥികൾ മുതൽ എട്ടാം ക്ലാസ് വിദ്യാർത്ഥികൾ വരെ രക്ഷിതാക്കളെ പിറകിലിരുത്തി ഇരുചക്ര വാഹന മോടിച്ച് സ്കൂളിലെത്തുന്നുണ്ട്.

എം.ബി.എ ഇന്റർവ്യൂ

പാലക്കാട്: കേരള സർവ്വകലാശാലയുടെയും എ.ഐ.സി.ടി.ഇയുടെയും അംഗീകാരത്തോടെ പുന്നപ്ര അക്ഷര നഗരി കേപ്പ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി (ഐ.എം.ടി) പുന്നപ്രയിൽ 2024-2026 വർഷത്തേയ്ക്കുള്ള ദ്വിവത്സര ഫുൾടൈം എം.ബി.എ പ്രോഗ്രാമിലേയ്ക്ക് അഡ്മിഷൻ നടത്തുന്നതിന്റെ ഭാഗമായി ജൂലൈ ഒമ്പതിന് രാവിലെ പത്തിന് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവും നടത്തും. ലോജിസ്റ്റിക് ഫിനാൻസ്, മാർക്കറ്റിങ്, ഹ്യൂമൻ റിസോഴ്സ് എന്നിവയിൽ ഡ്യൂവൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. 50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. ഫോൺ: 0477 2267602, 9188067601, 9747272045 9946488075.

ഫോറസ്റ്റ് ട്രിബ്യൂണൽ സിറ്റിങ് 11, 12ന്

പാലക്കാട്: കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് ട്രിബ്യൂണൽ ജില്ലയിൽ രണ്ട് ക്യാമ്പ് സിറ്റിങ് നടത്തും. ജൂലൈ 11, 12 തീയതികളിൽ ആദ്യ ക്യാമ്പും ജൂലൈ 26, 27 തീയതികളിൽ രണ്ടാം ക്യാമ്പും നടക്കും. പാലക്കാട് എസ്ബിഐ ജംഗ്ഷനിലെ ചിൽഡ്രൻസ് പാർക്കിന് സമീപമുള്ള ഡിടിപിസി കോമ്പൗണ്ടിലാണ് ക്യാമ്പ്: ഫോൺ: 0495 2365091.

സമസ്ത കോഡിനേഷൻ കമ്മിറ്റി അലനല്ലൂരിൽ സംഘടിപ്പിച്ച വി.കരീം മുസ്ലിയാർ അനുസ്മരണം പാണക്കാട് സയ്യിദ് ഹമീദ് അലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു.

കരീം മുസ്ലിയാർ അനുസ്മരണവും പ്രാർത്ഥന സദസ്സും സംഘടിപ്പിച്ചു

അലനല്ലൂർ: സമസ്ത ജില്ലാ മുശാവറ അംഗവും സമസ്ത മഹല്ല് ഫെഡറേഷൻ താലൂക്ക് ട്രഷററും അലനല്ലൂർ പഞ്ചായത്ത് സമസ്ത കോ-ഓർഡിനേഷൻ പ്രസിഡന്റും പ്രമുഖ പണ്ഡിതനുമായിരുന്ന വി. അബ്ദുൾ കരീം മുസ്ലിയാർ കുളപ്പറമ്പ് അനുസ്മരണവും പ്രാർത്ഥന സദസ്സും സംഘടിപ്പിച്ചു. സമസ്ത കോഓർഡിനേഷൻ കമ്മിറ്റി അലനല്ലൂരിൽ സംഘടിപ്പിച്ച പരിപാടി പാണക്കാട് സയ്യിദ് ഹമീദ് അലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. അബ്ദുൽ കരീം മുസ്ലിയാരുടെ വിയോഗം നികത്താൻ കഴിയാത്ത കനത്ത നഷ്ടമാണന്ന് ഹമീദലി ശിഹാബ് പറഞ്ഞു. കോഡിനേഷൻ ഉപാധ്യക്ഷൻ അബ്ദുന്നാസർ അഷറഫി അധ്യക്ഷനായി. സെക്രട്ടറി സംസം ബഷീർ ആമുഖ പ്രഭാഷണം നടത്തി. സി.മുഹമ്മദ് കുട്ടി ഫൈസി, ഹബീബ് ഫൈസി കോട്ടോപ്പാടം, ഹനീഫ ഫൈസി, നിയോജക മണ്ഡലം മുസ്ലിംലീഗ് പ്രസിഡന്റ് റഷീദ് ആലായൻ, അഡ്വ.പി.കെ നാസർ, സ്വാലിഹ് ഫൈസി, അബ്ദുസ്സലാം ഹുദവി, സി.ഹംസ മാസ്റ്റർ, അബ്ദുറസാഖ് മാസ്റ്റർ, എം.കെ ബക്കർ, എൻ.അഷറഫ് ഹാജി, അബ്ദുല്ല ഫൈസി, എൻ.ഹംസ മാസ്റ്റർ, വി.ടി ഖാദർ, ഇസ്ഹാഖ് ഫൈസി, മുഹമ്മദ് ഫൈസി, ഹസ്സൻ കുട്ടി ഫൈസി, അനസ് ദറാനി, വി.ടി സിദ്ദീഖ് മുസ്ലിയാർ സംബന്ധിച്ചു.

പ്രായം ഒരു തടസ്സമല്ല

ശ്രീദേവി അമ്മയും വള്ളിയും പ്ലസ്ടു തുല്യത പരീക്ഷക്കെത്തി

മണ്ണാർക്കാട്: വിദ്യ നേടുന്നതിന് പ്രായം തടസ്സമല്ലെന്ന് തെളിയിച്ചിരിക്കുകയാണ് അലനല്ലൂരിലെ പുത്തൻ വീട്ടിൽ ശ്രീദേവി അമ്മയും കുമരംപുത്തൂർ ചുങ്കത്തെ പച്ചിരി വീട്ടിൽ വള്ളിയും. 76വയസ് പൂർത്തിയായ ഇരുവരും പ്ലസ്ടു ഹുമാനിറ്റീസ് തുല്യതാപരീക്ഷ എഴുതാൻ ഇന്നലെ കുമരംപുത്തൂർ കല്ലടി ഹയർ സെക്കന്ററി സ്കൂളിൽ നേരത്തെ തന്നെ എത്തി. ശ്രീദേവിഅമ്മ പ്ലസ്വണ്ണും, വള്ളി പ്ലസ്ടു പരീക്ഷയുമാണ് എഴുതുന്നത്. ബോർഡിൽ എഴുതി വെച്ച രജിസ്റ്റർനമ്പർ തിരഞ്ഞ് കണ്ടെത്തി പരീക്ഷാഹാളിൽ എത്തി. പ്രായംപോലെ തന്നെ ശ്രീദേവി അമ്മക്ക് ഒന്നാം ബഞ്ചിൽ തന്നെയാണ് സീറ്റ് ലഭിച്ചത്. തുല്യതാ പഠന ക്ലാസ് നടക്കുന്ന സമയത്തും ഇവർ രണ്ടുപേരും തന്നെയായിരുന്നു താരങ്ങൾ. പഠിപ്പിക്കുന്ന അധ്യാപരും തുല്യത കോഓർഡിനേറ്റർമാരും സ്കൂളിലെ പ്രിൻസിപ്പൽ എം.ഷഫീഖ് റഹിമാനും മാനേജർ കെ.സി.കെ സൈതാലിക്കുട്ടിയുമടക്കം ഇവർക്ക് പ്രത്യേകം പരിഗണനയും ശ്രദ്ധയും നൽകിയിരുന്നു. 1968ൽ മലപ്പുറം പാണ്ടിക്കാട് ഗവ.സ്കൂളിൽ നിന്നും പത്താംതരം വിജയിച്ചതാണ് ശ്രീദേവി അമ്മ. വിവാഹ ശേഷം പഠനം നടത്താൻ കഴിഞ്ഞില്ല. ഇപ്പോൾ മക്കളും പേരക്കുട്ടികളുമായി വീട്ടിൽ കഴിഞ്ഞ് കൂടുന്നതിനിടെയാണ് ഫയർ ഫോഴ്സിലെ ഉന്നത ഉദ്യോഗസ്ഥനായ അലനല്ലൂരിലെ നാസർ എന്ന നാട്ടുകാരുടെ മുത്തു മാഷുടെ പ്രേരണയാണ് തുല്യത പരീക്ഷ എഴുതാനൊരുങ്ങിയത്. വിവാഹ ശേഷം മൂന്ന് പി.എസ്.സി പരീക്ഷ എഴുതിയെങ്കിലും ഒന്നിൽ സപ്ലിമെന്ററി ലിസ്റ്റിൽ അഞ്ചാമത് എത്തുകയും ചെയ്തിരുന്നതായി ശ്രീദേവിഅമ്മ ഓർത്തെടുത്ത് പറഞ്ഞു. തുല്യത ഏഴും പത്തും പരീക്ഷ എഴുതിയാണ് കുമരംപുത്തൂരിലെ വള്ളി പ്ലസ്ടുവരെ എത്തിയത്. തുല്യതാപരീക്ഷക്ക് പ്രത്യേകം ഫണ്ട് നീക്കിവെക്കുന്ന ഗ്രാമപഞ്ചായത്താണ് കുമരംപുത്തൂർ. സാക്ഷരതാപ്രേരക് വിശേശ്വരി ഭാസ്കറാണ് വള്ളിയെ കണ്ടെത്തി കൊണ്ടുവന്നത്. ആദ്യപരീക്ഷ ഈസിയായി ജയിക്കുമെന്ന ആത്മവിശ്വാസമുള്ള ഇരുമുത്തശ്ശിമാരും ഇന്ന് നടക്കുന്ന രണ്ടാംപരീക്ഷയും വെള്ളം പോലെ എഴുതാനാവുമെന്ന ധൈര്യത്തിലാണ്. പഠനം നിർത്തിയവർക്കും പഠിക്കാൻ താൽപര്യമുള്ളവർക്കും ഞങ്ങൾ ഒരുപ്രചോദനമാവാൻകൂടിയാണ് പരീക്ഷ എഴുതുന്നതെന്നാണ് ഇരുവരും പറയുന്നത്. ഐവിൽ ട്രൈ വിത്ത് മൈ ബെസ്റ്റ് ലെവൽ പാസ്ഡ് ദ എക്സാമിനേഷൻ എന്ന് പറഞ്ഞാണ് ആദ്യപരീക്ഷ കഴിഞ്ഞ് ശ്രീദേവി അമ്മ ഇറങ്ങിയത്. ജില്ലയിൽ പ്ലസ്വൺ, പ്ലസ്ടു തുല്യതാപരീക്ഷകളിലായി 2892 പഠിതാക്കളാണ് ഇന്നലെ പരീക്ഷ എഴുതിയത്. ഇതിൽ അറുന്നോളം പേർപരീക്ഷ എഴുതുന്ന ജില്ലയിലെ വലിയപരീക്ഷാകേന്ദ്രം കൂടിയാണ് മണ്ണാർക്കാട്ടെ കല്ലടി സ്കൂൾ. സർക്കാർ, സഹകരണ, സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ജനപ്രതിനിധികൾ, അംഗൻവാടി ഹെൽപ്പർമാർ, ആശാ പ്രവർത്തകർ, ഓട്ടോ ടാക്സി ഡ്രൈവർമാർ തുടങ്ങിയവരും പരീക്ഷ എഴുതുന്നവരുമുണ്ട്.

കുമരംപുത്തൂർ കല്ലടി ഹയർ സെക്കന്ററി സ്കൂളിൽ 76 വയസുകാരിയായ ശ്രീദേവി അമ്മ പ്ലസ് വൺ തുല്യതാ പരീക്ഷ എഴുതാനെത്തിയപ്പോൾ

വനമഹോത്സവത്തിന്റെ ഭാഗമായി നേർച്ചപ്പാറ തോട് പുനരുജ്ജീവന പരപാടിയിൽ പങ്കെടുത്ത ഫയർ ആന്റ് റെസ്ക്യൂ സർവീസ്, കൺസർവേഷൻ വളണ്ടിയേഴ്സ്, സിവിൽ ഡിഫൻസ് ടീം.

വനമഹോത്സവം; തോട് പുനരുജ്ജീവനവും ചുരം റോഡ് ക്ലീനിങും നടത്തി

മണ്ണാർക്കാട്: വനമഹോത്സവത്തിന്റെ ഭാഗമായി നേർച്ചപ്പാറ തോട് പുനരുജ്ജീവന കർമ്മ പരിപാടി, അട്ടപ്പാടി ചുരം റോഡ് ക്ലീനിങ് എന്നിവ സംഘടിപ്പിച്ചു. മണ്ണാർക്കാട് വനവികസന ഏജൻസി, മണ്ണാർക്കാട് ഫോറസ്റ്റ് സ്റ്റേഷൻ, ആനമൂളി വന സംരക്ഷണ സമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മണ്ണാർക്കാട് ഫയർ ആന്റ് റെസ്ക്യൂ സർവീസ്, കൺസർവേഷൻ വളണ്ടിയേഴ്സ്, സിവിൽ ഡിഫൻസ് ടീം എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. നേർച്ചപ്പാറ തോടിന്റെ ഇരുവശങ്ങളിലും അത്തി, ഈറൻപന, കരിമ്പന എന്നിവ നട്ടു. പരിസ്ഥിതി പ്രവർത്തകൻ പി.എം രാജൻ ശേഖരിച്ച ഈറൻപന വിത്തുകൾ ഉൾപ്പെടെയാണ് വനത്തിന്റെ വിവിധ ഭാഗങ്ങളിലായി നട്ടത്. അട്ടപ്പാടി ചുരം റോഡ് പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനവും നടത്തി. പരിപാടി തെങ്കര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ടിന്റു സൂര്യകുമാർ ഉദ്ഘാടനം ചെയ്തു. വി.എസ്.എസ് പ്രസിഡന്റ് ടി.കെ ജുനൈസ് അധ്യക്ഷനായി. വന സംരക്ഷണ സമിതി സെക്രട്ടറി എം.മുഹമ്മദ് സുബൈർ സ്വാഗതവും സജിത നന്ദിയും പറഞ്ഞു. മണ്ണാർക്കാട് റേഞ്ച് ഫോറസ്റ്റ് ഓഫീസർ എൻ സുബൈർ വനമഹോത്സവ സന്ദേശം നൽകി. വാർഡ് മെമ്പർ സീനത്ത്, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ (ഗ്രേഡ്) എൻ. പുരുഷോത്തമൻ, മണ്ണാർക്കാട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ഓഫീസർ സുൽഫീസ് ഇബ്രാഹിം, പി. ഉണ്ണി വരദം, കാസിം തച്ചമ്പാറ, ബി.എഫ്.ഒമാരായ സന്ധ്യ കെ.എസ്, കെ. കീപ്തി, വി.എസ്.എസ് അംഗങ്ങളായ റഫീഖ്, ഇർഷാദ് തുടങ്ങിയവർ നേതൃത്വം നൽകി.

കരുണാകരൻ അനുസ്മരണ സമ്മേളനം

പാലക്കാട്: ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽ സംഘടിപ്പിച്ച ലീഡർ കെ.കരുണാകരൻ ജന്മദിന പരിപാടി ഡി.സി.സി പ്രസിഡന്റ് എ.തങ്കപ്പന്റെ അധ്യക്ഷതയിൽ എ.ഐ.സി.സി സെക്രട്ടറി പി.വി മോഹൻ ഉദ്ഘാടനം ചെയ്തു. കെ.പി.സി.സി സെക്രട്ടറി ബി.ബാബുരാജ് മുഖ്യപ്രഭാഷണം നടത്തി. സി.പ്രകാശൻ, കെ.ഭവദാസ്, പി.എച്ച് മുസ്തഫ, പ്രതീഷ് മാധവൻ, സി.വി സതീഷ്, സി.കിതർ മുഹമ്മദ്, വി.മോഹനൻ, ഡി.വനരാജ്, ഡി.രമേശ്, എസ്.എം.താഹ, എസ്.സേവിയർ, വിനോദ് പട്ടിക്കര, കെ.കരുണാകരൻ, എസ്.കുപ്പേലൻ, എം.വത്സകുമാർ പ്രസംഗിച്ചു.

●കുറ്റനാട്: കെ. കരുണാകരൻ അനുസ്മരണ സമ്മേളനം കെ.പി.സി.സി നിർവാഹകസമിതി അംഗം സി.വിബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കപ്പൂർ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി നടത്തിയ അനുസ്മരണ സമ്മേളനത്തിൽ ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് റഷീദ് കോഴിക്കര അധ്യക്ഷത വഹിച്ചു. പി.മാധവദാസ്, കെ.ഷംസുദ്ധീൻ, രവി മാരാത്ത്, കെ.പി.എം.ഷെരീഫ്, സനോജ് കണ്ടലായിൽ,ലിജിത്ത് ആനക്കര,സുജയൻ കല്ലടത്തൂർ,നവാസ് കോഴിക്കര, മണികണ്ഠൻ കട്ടിൽമാടം,പി.ഉമ്മർ സംസാരിച്ചു.

ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽ നടന്ന കരുണാകരൻ അനുസ്മരണത്തിൽ എ.ഐ.സി.സി സെക്രട്ടറി പി.വി മോഹൻ പുഷ്പാർച്ചന നടത്തുന്നു

ശിൽപശാല

തൃശൂർ: മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നഗരസഭകൾക്കുള്ള ജില്ലാതല ശിൽപശാല ജൂലൈ 8, 9 തീയതികളിൽ മുളങ്കുന്നത്തുകാവ് കിലയിൽ നടത്തും. ഓരോ നഗരസഭയും ക്യാമ്പയിനുമായി ബന്ധപ്പെട്ട വിവരങ്ങൾ സഹിതം പങ്കെടുക്കണം.

ചെറുതിരുത്തിയിൽ പൊലീസുകാർക്ക് കുട നൽകി

ചെറുതുരുത്തി: ജൂനിയർ ചേംബർ ഇന്റർനാഷണൽ കുളപ്പുള്ളിയും മിലാനോ സ്പോർട്സ് ഷൊർണൂരും സംയുക്തമായി ചെറുതുരുത്തി പൊലീസ് സ്റ്റേഷനിലെ പൊലീസുകാർക്ക് കുടകൾ നൽകി. മഴക്കാലം ശക്തമായതോടെ സാമൂഹിക സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ആയാണ് പൊലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് കുടകൾ കൈമാറിയത്. മഴ ശക്തമായതോടെ പോലീസ് ഉദ്യോഗസ്ഥർ പലപ്പോഴും മഴയെ അവഗണിച്ച് ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കുട നൽകാൻ തീരുമാനിച്ചതെന്ന് ജെസിഐ ഭാരവാഹികൾ അറിയിച്ചു. കുടകൾ കൈമാറുന്നതിന്റെ ചടങ്ങ് ചെറുതുരുത്തി

സർക്കിൾ ഇൻസ്പെക്ടർ ബോബി വർഗീസ് ഉദ്ഘാടനം ചെയ്തു, മിലാനോ സ്പോർട്സ് ഓണർ റബിയത് പൊലീസ് ഉദ്യോഗസ്ഥർക്കുള്ള കുടകൾ കൈമാറി. ചെറുതുരുത്തി സബ് ഇൻസ്പെക്ടർ ആനന്ദ്, ജെ.സി.ഐ പ്രസിഡന്റ് മുഹമ്മദ് ആഷിഖ്, ഇജാസ് മുഹമ്മദ്, നജ്മ ഷമ്സ്, ഡോ. ഇബ്രാഹിം എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

മിലാനോ സ്പോർട്സ് ഓണർ റബിയത് പൊലീസ് ഉദ്യോഗസ്ഥർക്കുള്ള കുടകൾ കൈമാറുന്നു

തൃശൂർ വാർത്തകൾ

കെ. കരുണാകരൻ കോൺഗ്രസ് പ്രതിസന്ധിയിൽ തരണം ചെയ്യാനുള്ള കരുത്ത് പ്രകടമാക്കിയ നേതാവ്

തൃശൂർ: കോൺഗ്രസ് പ്രതിസന്ധി നേരിട്ട കാലഘട്ടങ്ങളിൽ അതിനെ തരണം ചെയ്യാനുള്ള കരുത്ത് പ്രകടമാക്കിയ നേതാവാണ് ലീഡർ കെ. കരുണാകരനെന്ന് വി.കെ ശ്രീകണ്ഠൻ എം.പി.

പുങ്കുന്നം മുരളീ മന്ദിരത്തിൽ നടന്ന കെ. കരുണാകരന്റെ 106-ാമത് ജന്മദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു വി.കെ ശ്രീകണ്ഠൻ.

കോൺഗ്രസ് പ്രസ്ഥാനം ബൂത്ത് തലം മുതൽ അഖിലേന്ത്യാ തലം വരെ വെല്ലുവിളി നേരിട്ട കാലമായിരുന്നു അത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തൃശൂരിലേറ്റ തിരിച്ചടിയിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, കെ. കരുണാകരന്റെ മാർഗദർശനത്തിലൂടെ പ്രവർത്തിച്ച് പൂർവ്വാധികം ശക്തിയോടുകൂടി പാർട്ടി ജില്ലയിൽ തിരിച്ചുവരുമെന്നും ശ്രീകണ്ഠൻ പറഞ്ഞു. മുരളീമന്ദിരത്തിലെ സ്മൃതി മണ്ഡപത്തിൽ നൂറുകണക്കിന് പ്രവർത്തകർ പുഷ്പാർച്ചന നടത്തി. തുടർന്ന് ജില്ലാ കോൺഗ്രസ് കമ്മിറ്റി തയ്യാറാക്കിയ പ്രഭാതഭക്ഷണ വിരുന്നിൽ പ്രവർത്തകർ പങ്കാളികളായി.

പുങ്കുന്നം മുരളീമന്ദിരത്തിലെ കെ. കരുണാകരൻ സ്മൃതി മണ്ഡപത്തിൽ ഡി.സി.സി പ്രസിഡന്റ് വി.കെ ശ്രീകണ്ഠൻ എം.പിയുടെ നേതൃത്വത്തിൽ നേതാക്കൾ പുഷ്പാർച്ചന നടത്തുന്നു.

അനുസ്മരണ സമ്മേളനത്തിൽ മുൻ സ്പീക്കർ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ, മുൻ ഡി.സി.സി പ്രസിഡന്റ് ജോസ് വള്ളൂർ, നേതാക്കളായ ടി.വി ചന്ദ്രമോഹൻ, ജോസഫ് ചാലിശ്ശേരി, സുനിൽ അന്തിക്കാട്, കെ.ബി ശശികുമാർ, അഡ്വ. ജോസഫ് ടാജറ്റ്, ജോൺ ഡാനിയൽ, എ. പ്രസാദ്, സി.ഒ ജേക്കബ്, കെ. ഗോപാലകൃഷ്ണൻ, കെ.എച്ച് ഉസ്മാൻ ഖാൻ, കെ.വി ദാസൻ, സെബി കൊടിയൻ, എം.എസ് ശിവരാമകൃഷ്ണൻ, എൻ.കെ സുധീർ, സി.ഐ സെബാസ്റ്റ്യൻ, കെ. അജിത്കുമാർ, സി.എസ് രവീന്ദ്രൻ, കെ.ബി ജയറാം, സി ജോ കടവിൽ എന്നിവർ പ്രസംഗിച്ചു. ഡി.സി.സി ഓഫീസിൽ ലീഡർ കെ. കരുണാകരന്റെ ഛായ ചിത്രത്തിന് മുൻപിലും പുഷ്പാർച്ചന നടത്തി. ജില്ലയിലെ ബ്ലോക്ക്, മണ്ഡലം, ബൂത്ത് കമ്മിറ്റികളുടെ നേതൃത്വത്തിലും പുഷ്പാർച്ചനയും അനുസ്മരണ സമ്മേളനങ്ങളും നടന്നു.

ബഷീർ ഓർമ്മ സാഹിത്യ അക്കാദമിയിൽ 8ന്

തൃശൂർ: വൈക്കം മുഹമ്മദ് ബഷീറിന്റെ അനശ്വര സ്മരണകൾക്ക് ആദരമർപ്പിച്ച് കേരള സാഹിത്യ അക്കാദമി കോഴിക്കോട് 'സംഗീതമേ ജീവിതം' ഫൗണ്ടേഷന്റെ സഹകരണത്തോടെ ജൂലൈ എട്ടിന് 'ബഷീർ ഓർമ്മ' സംഘടിപ്പിക്കുന്നു.

വൈകിട്ട് അഞ്ചിന് അക്കാദമി ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടി കെ.സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്യും. വൈസ് പ്രസിഡന്റ് അശോകൻ ചരുവിലിന്റെ അധ്യക്ഷതയിൽ നടക്കുന്ന പരിപാടിയിൽ സെക്രട്ടറി പ്രൊഫ.സി.പി.അബൂബക്കർ ആമുഖ പ്രഭാഷണം നടത്തും. 'ബഷീറിന്റെ എതിർ ലോകങ്ങൾ' എന്ന വിഷയത്തിൽ ഡോ.സുനിൽ പി. ഇളയിടം ബഷീർ സ്മാരക പ്രഭാഷണം നിർവ്വഹിക്കും. പബ്ലിക്കേഷൻ ഓഫീസർ എൻ.ജി.നയനതാര, സംഗീതമേ ജീവിതം ഫൗണ്ടേഷൻ ഡയറക്ടർ അഡ്വ.കെ.കെ.അബ്ദുൾ അസീസ് തുടങ്ങിയവർ സംബന്ധിക്കും.

വൈകിട്ട് ആറിന് ബഷീർ സിനിമയിലെ ഗാനങ്ങൾ കോർത്തിണക്കി സംഗീതമേ ജീവിതം ഫൗണ്ടേഷൻ 'ഗ്രാമഫോൺ' ഗാനസന്ധ്യ അവതരിപ്പിക്കും.

തീർത്ഥാടന ടൂറിസം സർക്യൂട്ട് വികസനം പരിഗണനയിൽ; മന്ത്രി സുരേഷ് ഗോപി

തൃശൂർ: നാഗപട്ടണം മുതൽ തൃശൂർ വരെ നീളുന്ന തീർത്ഥാടന ടൂറിസം സർക്യൂട്ട് വികസനം പരിഗണനയിലുണ്ടെന്ന് കേന്ദ്ര പെട്രോളിയം -ടൂറിസം സഹമന്ത്രി സുരേഷ് ഗോപി.

തിരഞ്ഞെടുപ്പ് വിജയത്തെ തുടർന്ന് തൃശൂർ പ്രസ് ക്ലബ്ബ് സംഘടിപ്പിച്ച മുഖാമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തൃശൂർ - ഗുരുവായൂർ-തിരൂർ റെയിൽവേ ലൈനിന്റെ കാര്യം കേന്ദ്ര റയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി സംസാരിച്ചിട്ടുണ്ട്. കൊച്ചി മെട്രോ കോയമ്പത്തൂർ വരെ നീട്ടണമെന്നാണ് അഭിപ്രായം. സംസ്ഥാനത്ത് അഞ്ച് വർഷത്തിനുള്ളിൽ എയിംസ് യാഥാർത്ഥ്യമാകുമെന്നും സുരേഷ് ഗോപി പറഞ്ഞു. ദേശീയപാത 44 ൽ മണ്ണുത്തിയിൽ നിന്ന് ദേശീയ പാത 66 ചാവക്കാട് ഭാഗത്തേക്ക് ബൈപാസ് പരിഗണനയിലുള്ള വിഷയമാണ്. തൃശൂർ നരത്തിലെ ഗതാഗതക്കുരക്ക് പരിഹരിക്കാൻ ഇത് സഹായകമാകുമെന്നും സുരേഷ് ഗോപി പറഞ്ഞു.

പ്രസ് ക്ലബ്ബ് പ്രസിഡണ്ട് ഒ.രാധിക, സെക്രട്ടറി പോൾ മാത്യു, വൈസ് പ്രസിഡണ്ട് അരുൺ എഴുത്തഛൻ എന്നിവരും സംസാരിച്ചു.

കോൺഗ്രസ്സ് മുൻ മണ്ഡലം സെക്രട്ടറി തുരുത്തുമ്മൽ മൊയ്തുട്ടി അനുശോചന യോഗം സഹകരണ ബാങ്ക് പ്രസിഡന്റ് പി.ഗോപാലൻ ഉൽഘാടനം ചെയ്യുന്നു

അനുശോചന യോഗം നടത്തി

അണ്ടത്തോട്: : കോൺഗ്രസ് പുന്നയൂർക്കുളം മുൻ മണ്ഡലം സെക്രട്ടറി തുരുത്തുമ്മൽ മൊയ്തുട്ടിയുടെ വിയോഗത്തിൽ യുഡിഎഫ് പുന്നയൂർക്കുളം പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ അനുശോചന യോഗം നടത്തി.

അണ്ടത്തോട് സെന്ററിൽ നടന്ന പരിപാടി പുന്നയൂർക്കുളം സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റും മുതിർന്ന കോൺഗ്രസ് നേതാവുമായ പി.ഗോപാലൻ ഉദ്ഘാടനം നിർവ്വഹിച്ചു. കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് പി.പി. ബാബു അധ്യക്ഷത വഹിച്ചു. ഡി.സി.സി. സെക്രട്ടറി എ.എം. അലാവുദ്ധീൻ മുഖ്യപ്രഭാഷണം നടത്തി. മുസ്ലിം ലീഗ് പഞ്ചായത്ത് സെക്രട്ടറി ടി.എം. ഇല്യാസ്, ഗ്രാമപഞ്ചായത്ത് അംഗം കെ.എച്ച്. ആബിദ്, എൻ.ആർ. ഗഫൂർ, മൂസ ആലത്തയിൽ, പി. രാജൻ, വി. മയിൻകുട്ടി, പരീത്, ഹുസൈൻ വലിയകത്ത്, വി.കെ. മുഹമ്മദ്, റാഫി മാലിക്കുളം, വി.മുഹമ്മദാലി, ഷാഹിദ് കൊപ്പര, തുടങ്ങിയവർ സംസാരിച്ചു.

ലീഡർ കെ കരുണാകരന്റെ 106-ാം ജന്മദിനത്തിൽ മേത്തല മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ അനുസ്മരണം

ലീഡർ അനുസ്മരണം നടത്തി

കൊടുങ്ങല്ലൂർ: ലീഡർ കെ കരുണാകരന്റെ 106-ാം ജന്മദിനത്തിൽ മേത്തല മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പുഷ്പാർച്ചനയും അനുസ്മരണവും നടത്തി. മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡണ്ട് സേവ്യർ പങ്കേത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ ഡിസിസി എക്സിക്യൂട്ടീവ് മെമ്പർമാരായ പ്രൊഫസർ സി.ജെ ചെന്താമരാക്ഷൻ മാസ്റ്റർ, പി.യു സുരേഷ് കുമാർ, പി.എൽ തോമസുകുട്ടി, രാഹുൽ, വിഷ്ണു കേസ്ക്കർ എന്നിവർ സംസാരിച്ചു.

അപേക്ഷ ക്ഷണിച്ചു

തൃശൂർ: ഐഎച്ച്ആർഡിയുടെ കീഴിൽ തൃശൂർ വരടിയത്ത് പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിൽ ജൂലൈയിൽ ആരംഭിക്കുന്ന ലൈബ്രറി സയൻസ് (യോഗ്യത എസ്എസ്എൽസി), ഡി സി എ (യോഗ്യത പ്ലസ് 2), പി ജി ഡി സി എ (യോഗ്യത ഡിഗ്രി) എന്നീ ഓൺലൈൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ജൂലായ് 10 നകം വരടിയം ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.ihrd.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 8547005022, 9496217535.

ഒമ്പതാം ക്ലാസുകാരനു നേരെ ലൈംഗികാതിക്രമം: മധ്യവയസ്കൻ അറസ്റ്റിൽ

അണ്ടത്തോട്: പുന്നയൂർക്കുളം പള്ളിയിൽ നമസ്കാരത്തിനെത്തിയ ഒമ്പതാം ക്ലാസുകാരനു നേരെ ലൈംഗികാതിക്രമം കാട്ടിയ പുന്നയൂർക്കുളം ആറ്റുപുറം ഏഴിക്കോട്ടയിൽ ജമാലുദ്ദീനെ (55) കുന്നംകുളം പൊലീസ് അറസ്റ്റ് ചെയ്തു.

കഴിഞ്ഞ മാസം നാലിനായിരുന്നു കേസിനാസ്പദമായ സംഭവം നടന്നത്. പള്ളിയുടെ സമീപത്ത് ചായക്കടയിൽ ജോലിക്കാരനായിരുന്ന പ്രതി കുട്ടി പള്ളിയിൽ കയറുന്നത് കണ്ട് പിന്തുടർന്ന് എത്തി ലൈംഗികാത്രിക്രമം കാട്ടുകയായിരുന്നു.സംഭവം പുറത്തു പറയാതിരിക്കാനായി പ്രതി കുട്ടിയ്ക്ക് പണം നൽകാനും ശ്രമിച്ചിരുന്നു. സ്ക്കൂളിലെത്തിയ കുട്ടി സംഭവം അധ്യാപകരോട് പറയുകയും. അധ്യാപകർ പൊലീസിൽ അറിയിക്കുകയുമായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു. മാസങ്ങൾക്കു മുമ്പ് പുന്നയൂർക്കുളത്തുള്ള ബന്ധുവായ പ്രായപൂർത്തിയാകാത്ത ആൺകുട്ടിയ്ക്കു നേരെ ലൈംഗികാതിക്രമം കാട്ടിയ കേസിലും പ്രതിയാണ് ജമാലുദ്ദീൻ.

ജമാലുദ്ദീൻ

കൊടുങ്ങല്ലൂർ – തൃശൂർ റോഡ് പുനർനിർമാണം അടിയന്തിരമായി പൂർത്തിയാക്കണം

വെള്ളാങ്ങല്ലൂർ: കൊടുങ്ങല്ലൂർ തൃശൂർ റോഡിന്റെ പുനർ നിർമാണ പ്രക്രിയ അനിശ്ചിതമായി നീളുന്ന സാഹചര്യത്തിൽ ജനകീയ പ്രക്ഷോഭം ആരംഭിക്കുവാനും അടിയന്തിരമായി നിയമപോരാട്ടം നടത്തുവാനുമായി കൊടുങ്ങല്ലൂർ തൃശൂർ പാസ്സഞ്ചർസ് ഫോറം തീരുമാനിച്ചു.

സമയബന്ധിതമായി പണി പൂർത്തികരിക്കും എന്ന വാക്ധാനം കടലാസ്സിൽ വിശ്രമിക്കവേ അനുബാധികമായ പുനർനിർമാണം പ്രവർത്തനങ്ങൾ വളരെ ചുരുങ്ങിയ ദൂരത്തു മാത്രമേ ഇത് വരെ എത്തപെട്ടിട്ടുള്ളു. പണി പൂർത്തീകരണം എവിടെയും എത്തിപെടാത്തത് കൊണ്ടും മേൽ പറഞ്ഞ റോഡിലൂടെ ഉള്ള യാത്ര അത്യധികം ക്ലെഷകരമാകുന്നു എന്ന് ഡ്രൈവർ മാരും വാഹനയാത്രകാരും ഒരുപോലെ പരാതി പെടുന്നു. പുനർനിർമാണ പ്രക്രിയ ഉടനെ പൂർത്തീകരിക്കണം എന്നും, അല്ലാത്ത പക്ഷം ജനകിയ പ്രക്ഷോഭവും നിയമ നടപടികളും ആരംഭിക്കും എന്നും കൊടുങ്ങല്ലൂർ തൃശൂർ പാസഞ്ചർസ് ഫോറം തീരുമാനിച്ചു.

യോഗത്തിൽ പ്രസിഡണ്ട് പി.എ സീതി മാസ്റ്റർ, ജനറൽ സെക്രട്ടറി പി.കെ.എം അഷറഫ്, ചീഫ് കോർഡിനേറ്റർ അഡ്വ. ഷാനവാസ് കാട്ടകത്ത് (ഹൈകോർട്), സെക്രട്ടറി ജസീൽ പിച്ചത്തറ, പി.ജി പാർത്ഥ സാരഥി മാസ്റ്റർ (ട്രഷറർ), പ്രൊഫ. കെ അജിതാ (വൈസ് പ്രസിഡന്റ്), കെ.ടി സുബ്രമണ്യൻ, സി. എസ് തിലകൻ, ടി.കെ കൊച്ചു ഇബ്രാഹിം, വി.അർ രഞ്ജിത്ത് മാസ്റ്റർ, ഹരി തേജസ് എന്നിവർ പ്രസംഗിച്ചു.

ഗസ്റ്റ് അധ്യാപക നിയമനം

ചേലക്കര: ഗവ. പോളിടെക്നിക് കോളജിൽ ഗസ്റ്റ് അധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. ഗണിതം, ഫിസിക്സ്, കെമിസ്ട്രി ഗസ്റ്റ് ലക്ചറർ യോഗ്യത- പ്രസ്തുത വിഷയത്തിൽ ബിരുദാനന്തര ബിരുദം. സിവിൽ ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ (പ്ലമ്പിങ്, സ്മിത്തി, ഫൗണ്ട്രി)- പ്രസ്തുത വിഷയത്തിൽ ഡിപ്ലോമ/ തത്തുല്യം. ഡെമോൻസ്ട്രേറ്റർ (സിവിൽ), വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (മെക്കാനിക്കൽ) - പ്രസ്തുത വിഷയത്തിൽ ടി.എച്ച്.എസ്.എൽ.സി/ ഐ.ടി.ഐ/ തത്തുല്യം/ ഡിപ്ലോമ. അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി ജൂലൈ 10ന് രാവിലെ 11ന് എഴുത്തു പരീക്ഷയ്ക്കും അഭിമുഖത്തിനും ഹാജരാകണം. ഫോൺ: 04884 254484.

എം.കെ ഇബ്രാഹിം ഹാജി സംഘടന രംഗത്ത് ആർജവം പുലർത്തിയ നേതാവ്: പി.എം അമീർ

വെള്ളാങ്ങല്ലൂർ: മുസ്ലിം ലീഗിലും, പോഷക സംഘടനകളിലും നിശ്ചയദാർഢ്യവും ആർജ്ജവവും കൈമുതലാക്കി പ്രവർത്തിച്ചിരുന്ന പ്രാദേശിക നേതാവായിരുന്നു അന്തരിച്ച മുസ്ലിം ലീഗ് പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് എം.കെ ഇബ്രാഹിം ഹാജിയെന്ന് ജില്ലാ ജനറൽ സെക്രട്ടറി പി എം അമീർ അഭിപ്രായപ്പെട്ടു.

മുസ്ലിം ലീഗ് കൊടുങ്ങല്ലൂർ നിയോജക മണ്ഡലം കമ്മിറ്റി കരൂപടന്നയിൽ സംഘടിപ്പിച്ച എം.കെ ഇബ്രാഹിം ഹാജി അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യോഗത്തിൽ നിയോജക മണ്ഡലം പ്രസിഡണ്ട് നൗഷാദ് വാളൂർ അധ്യക്ഷനായി. മണ്ഡലം ജനറൽ സെക്രട്ടറി പി.എ നിസാർ സ്വാഗതം പറഞ്ഞു.

സെയ്തു മുഹമ്മദ് മാരേക്കാട് (ട്രഷറർ), ടി.എ നൗഷാദ് (വൈസ് പ്രസിഡണ്ട്), പി കെ എം അഷറഫ് (എസ് ടി യു ജില്ലാ സെക്രട്ടറി), പി എസ് സഗീർ (സ്വതന്ത്ര കർഷകസംഘം), നാസർ ഫൈസി (വെള്ളാങ്കല്ലൂർ പഞ്ചായത്ത് കമ്മിറ്റി വൈസ് പ്രസിഡണ്ട്), സദഖത്തുള്ള (വാർഡ് മെമ്പർ), ജബ്ബാർ (മണ്ഡലം കമ്മിറ്റി വൈസ് പ്രസിഡണ്ട്), നസീർ (പ്രവാസി ലീഗ് മണ്ഡലം സെക്രട്ടറി), അഷറഫ് (മണ്ഡലം വൈസ് പ്രസിഡണ്ട്), സിറാജ് (യൂത്ത് ലീഗ് മണ്ഡലം പ്രസിഡണ്ട്), സത്താർ (കെഎംസിസി), എൻ.എസ് ഷൗക്കത്ത് (കൊടുങ്ങല്ലൂർ മുനിസിപ്പൽ കമ്മിറ്റി പ്രസിഡന്റ്), റാഫി അയ്യാരിൽ (അന്നമനട പഞ്ചായത്ത്), റഫീഖ് (പുത്തൻചിറ പഞ്ചായത്ത്), എന്നിവർ സംസാരിച്ചു. സക്കീർ ഹുസൈൻ(വെള്ളാങ്കല്ലൂർ പഞ്ചായത്ത്)യോഗത്തിൽ നന്ദി പറഞ്ഞു.

മുസ്ലിം ലീഗ് കൊടുങ്ങല്ലൂർ നിയോജക മണ്ഡലം കമ്മിറ്റി കരൂപടന്നയിൽ സംഘടിപ്പിച്ച എം.കെ ഇബ്രാഹിം ഹാജി അനുസ്മരണ സമ്മേളനം ജില്ലാ ജനറൽ സെക്രട്ടറി പി എം അമീർ ഉദ്ഘാടനം ചെയ്യുന്നു.

സി.എച്ച് സെന്റർ മെമ്പർഷിപ്പ് ക്യാമ്പയിൽ പുത്തൻചിറ പഞ്ചായത്തിന്റെ ഉദ്ഘാടനം മുസ്ലിംലീഗ് കൊടുങ്ങല്ലൂർ മണ്ഡലം സെക്രട്ടറി പി.ഐ നിസാർ നിർവഹിക്കുന്നു.

തൃശൂർ സി.എച്ച് സെന്റർ മെമ്പർഷിപ്പ് ക്യാമ്പയിന് പുത്തൻചിറ പഞ്ചായത്തിൽ തുടക്കമായി

പുത്തൻചിറ : പാവപ്പെട്ട രോഗികൾക്ക് ആശാകേന്ദ്രമായി തൃശൂർ മെഡിക്കൽ കോളജിനു സമീപം നിർമാണം പുരോഗമിക്കുന്ന സി.എച്ച് സെന്ററിന്റെ ഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട് സി എച്ച് സെന്റർ മെമ്പർഷിപ്പ് ക്യാമ്പയിന് പുത്തൻ ചിറയിൽ തുടക്കം കുറിച്ചു. കൊടുങ്ങല്ലൂർ നിയോജക മണ്ഡലം ജനറൽ സെക്രട്ടറി പി.ഐ നിസാർ ഉദ്ഘാടനം നിർവ്വഹിച്ചു. പുത്തൻചിറ പഞ്ചായത്ത് പ്രസിഡന്റ് വി.എം ബഷീർ അദ്ധ്യക്ഷനായി. യോഗത്തിൽ എ.എ അഷറഫ്, ലത്തീഫ് അരീ പുറത്ത്, സൈന റഫീക്ക്, അഷറഫ് മങ്കിടി, സിനി റഹീം, റാഹത്ത് നവാസ്, നദീറ അഷറഫ് എന്നിവർ മെമ്പർഷിപ്പ് സ്വീകരിച്ചു. എം.എച്ച് സുഹൈൽ, ഒ. ബി ജബ്ബാർ, ടി.എ ഖാലിദ്, എം.കെ ഉമ്മർ, വി.എം സക്കീന, ഫെമിത അബ്ദുൾ അസീസ്, ഷാഹിത നിസാർ എന്നിവർ സംസാരിച്ചു റഫീക്ക് കളത്തിൽ സ്വാഗതവും ലത്തീഫ് അരീപുറത്ത് നന്ദിയും പറഞ്ഞു.

സിവിൽ സ്റ്റേഷനിലെ ശലഭോദ്യാനം ജില്ലാ കളക്ടർ ഉദ്ഘാടനം ചെയ്തു

തൃശൂർ: ശുചിത്വ സുന്ദര സിവിൽ സ്റ്റേഷന്റെ ഭാഗമായി ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിന് അനുവദിച്ച സ്ഥലത്ത് തയ്യാറാക്കിയ ശലഭോദ്യാനം ജില്ല കളക്ടർ വി.ആർ. കൃഷ്ണതേജ ഉദ്ഘാടനം ചെയ്തു.

ചിത്രശലഭങ്ങൾക്കായി കിലുക്കി, ശംഖുപുഷ്പം, കൂവളം, മരോട്ടി, പ്ലാശ്, ഉങ്ങ്, കൃഷ്ണകിരീടം, കിലിപ്പ, ഇല മുളച്ചി, ചെണ്ടുമല്ലി, നിത്യകല്ല്യാണി, അശോകം, ശംഖുപുഷ്പം, ഗന്ധരാജൻ നന്ത്യാർവട്ടം, നാരകം, കറിവേപ്പ്, വാടാർ മുല്ല തുടങ്ങിയ ചെടികൾ നട്ട് പിടിപ്പിച്ചിട്ടുണ്ട്.

ജൈവ വൈവിധ്യത്തിനും മണ്ണ്-ജല സംരക്ഷണത്തിനുമായി മഹാഗണി, ആൽ, സപ്പോട്ട, ആര്യവേപ്പ്, വാഴ, ചേന, പപ്പായ, ചേമ്പ് എന്നിവയ്ക്ക് പുറമെ ചാമ്പ, അരിനെല്ലി, നെല്ലി, ലൂവിക്ക, ചെറി, പേര, ജാപ്പോട്ടിക്ക, റമ്പൂട്ടാൻ, മാംഗോസ്റ്റിൻ, അശോകം, കണിക്കൊന്ന, കോളാമ്പി, മുല്ല, ചെമ്പരത്തി, തെച്തി, മന്ദാരം, തുളസി, രാമച്ചം, ചെമ്പകം, പാരിജാതം, പവിഴമല്ലി, കൊടുവേലി തുടങ്ങിയ വിവിധയിനം ചെടികൾ അടുത്ത തലമുറക്കായി സിവിൽ സ്റ്റേഷൻ ഉദ്യാനത്തിൻ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

മുസ്ലിം ലീഗ് വാടാനപ്പള്ളി പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച ഉണ്ണികൃഷ്ണൻ അനുസ്മരണ ചടങ്ങിൽ ജില്ലാ വൈസ് പ്രസിഡന്റ് കെ.എ ഹാറൂൺറഷീദ് സംസാരിക്കുന്നു

ഉണ്ണികൃഷ്ണൻ ഹരിത പതാകയേന്തി ദളിത് പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത നേതാവ്

വാടാനപ്പള്ളി: അന്തരിച്ച മുസ്ലിം ലീഗ് നേതാവ് എ.പി ഉണ്ണികൃഷ്ണൻ

ഹരിത പതാക നെഞ്ചോട് ചേർത്തു വെച്ച് ദളിത്, പിന്നോക്ക സമുദായങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടിയ ധീരനായ നേതാവായിരുന്നുവെന്ന് ജില്ലാ വൈസ് പ്രസിഡന്റ് കെ. എ. ഹാറൂൺ റഷീദ് അഭിപ്രായപ്പെട്ടു.

മുസ്ലിം ലീഗ് വാടാനപ്പള്ളി പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച ഉണ്ണികൃഷ്ണൻ അനുസ്മരണ ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പാണക്കാട് കുടുംബത്തിന്റെ ഇഷ്ട തോഴനായി നാലര പതിറ്റാണ്ട് മുസ്ലിം ലീഗ് പ്രസ്ഥാനത്തിന് വേണ്ടി അദ്ദേഹം പ്രവർത്തിച്ചു. ഗ്രാമ പഞ്ചായത്ത് അംഗം മുതൽ മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പദം വരെ അലങ്കരിച്ചു. മലപ്പുറം ജില്ലാ പഞ്ചായത്തിൽ നിരവധി പുതിയ പദ്ധതികൾ അദ്ദേഹം നടപ്പാക്കി. മുസ്ലിം ലീഗിന്റെ മതേതര നിലപാടുകൾ തൊട്ടറിഞ്ഞ് അത് സമൂഹത്തിൽ എത്തിക്കുന്ന ഒരു മുന്നണി പോരാളിയാണ് പാർട്ടിക്ക് നഷ്ടമായത്. പ്രാസംഗികൻ, സംഘാടകൻ, ഭരണ കർത്താവ് എന്ന നിലകളിൽ ഉണ്ണി കൃഷ്ണൻ പൊതു രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചു. മുസ്ലിം ലീഗ് നേതാക്കളുടെയും പ്രവർത്തകരുടെ സ്നേഹവും, ആദരവും ഏറ്റു വാങ്ങിയാണ് മുസ്ലിം ലീഗിന്റെ ഉണ്ണിയേട്ടൻ ഓർമയായതെന്ന് ഹാറൂൺ റഷിദ് പറഞ്ഞു.

മുസ്ലിം ലീഗ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. എ. ഷാഹുൽ ഹമീദ്

അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എ. എ. ഷജീർ, എ. സി. അബ്ദുൾ റഹ്മാൻ പി. എം. ഖാലിദ്, ഹംസ മന്നലാംകുന്ന്, രജനി കൃഷ്ണാനന്ദ്, രേഖ അശോകൻ, സിദ്ദിഖ് അക്ബർ, താഹിറ സാദിഖ്, മുഹമ്മദ് സമാൻ, വി. എ. നിസാർ, എ. വൈ. ഹർഷാദ്, എ. കെ. ശംസുദ്ധീൻ എന്നിവർ പ്രസംഗിച്ചു..

##

മൂന്ന് കിലോ കഞ്ചാവ് പിടികൂടി

പെരുമ്പാവൂർ : തണ്ടേക്കാട് പച്ചക്കറിക്കടയുടെ മറവിൽ കഞ്ചാവ് വിൽപ്പന നടത്തിയ ഇതര സംസ്ഥാനത്തൊഴിലാളി പിടിയിൽ. വെസ്റ്റ് ബംഗാൾ മൂർഷിദാബാദ് ഡൊംകാൽ സ്വദേശി ശറഫുൽ ഇസ്ലാം ഷേഖ് (42)നെയാണ് പെരുമ്പാവൂർ എ എസ് പി യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് പിടികൂടിയത്. ഇയാളിൽ നിന്ന് മൂന്ന് കിലോയോളം കഞ്ചാവ് കണ്ടെടുത്തു. രഹസ്യവിവരത്തെ തുടർന്ന് കുറച്ചു നാളുകളായി പോലീസ് നിരീക്ഷണത്തിൽ ആയിരുന്നു . ബംഗാളിൽ നിന്ന് ട്രെയിൻ മാർഗ്ഗം എത്തിച്ച് പ്രത്യേകം പൊതികളാക്കി വിൽപ്പന നടത്തിവരികയായിരുന്നു. ബംഗാളിൽ നിന്ന് കിലോയ്ക്ക് ഒമ്പതിനായിരം രൂപയ്ക്ക് വാങ്ങി ഇവിടെ മുപ്പതിനായിരം രൂപയ്ക്കാണ് വിൽപ്പന നടത്തുന്നത്. പോലീസ് 'ആവശ്യക്കാരൻ 'എന്ന നിലയ്ക്കാണ് സമീപിച്ചത്. ഇയാളിൽ നിന്ന് കഞ്ചാവ് തൂക്കാൻ ഉപയോഗിച്ച ത്രാസും വിൽപ്പന നടത്തിക്കിട്ടിയ 36500 രൂപയോളം പോലീസ് കണ്ടെടുത്തു. കഞ്ചാവ് വാങ്ങിയിരുന്നവരെക്കുറിച്ചും അന്വേഷണം ആരംഭിച്ചു.

പോക്സോ കേസിൽ പിടിയിൽ



ഏലൂർ: പ്രായപൂർത്തിയാകാത്ത ആൺകുട്ടിയെ പ്രകൃതി വിരുദ്ധ പീഡനത്തിന് ഇരയാക്കിയ വയോധികൻ അറസ്റ്റിൽ. ഏലൂർ കിഴക്കും ഭാഗം ഏഴാം വാർഡിൽ ചന്ദ്രവില്ലയിൽ കെ. ഭാസ്കരപണിക്കരാണ് (70) അറസ്റ്റിലായത്. സ്കൂൾ അധികൃതരുടെ റിപ്പോർട്ടിന്മേൽ ഏലൂർ പൊലീസ് പോക്സോ പ്രകാരം കേസ് എടുത്ത് പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

പുളിന്താനം പള്ളി ഏറ്റെടുക്കാനുള്ള ശ്രമം യാക്കോബായ വിഭാഗം തടഞ്ഞു

കൊച്ചി: പോത്താനിക്കാട് പുളിന്താനം സെന്റ് ജോൺസ് ബസ്ഫാഗെ യാക്കോബായ സുറിയാനി പള്ളിയിൽ കോടതി വിധി നടപ്പിലാക്കാൻ പൊലീസും ജില്ല ഭരണകൂടവും നടത്തിയ ശ്രമം യാക്കോബായ വിഭാഗത്തിന്റെ ശക്തമായ എതിർപ്പിനെ തുടർന്ന് ഇന്നലെയും നടപ്പിലായില്ല. തങ്ങൾക്കനുകൂലമായി ലഭിച്ചിരുന്ന കോടതി വിധി നടപ്പിലാക്കാത്തതിനെതിരെ ഓർത്തഡോക്സ് വിഭാഗം സമർപ്പിച്ച കോടതി അലക്ഷ്യ ഹർജിയിൽ 8ന് മുമ്പ് വിധി നടപ്പിലാക്കാമെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചിരുന്നു. ഇതേ തുടർന്ന് വ്യാഴം വൈകിട്ട് 7.30 ഓടെ പൊലീസ് പള്ളിയിലേക്ക് എത്തുകയായിരുന്നു. ഇതറിഞ്ഞ് നൂറുകണക്കിന് യാക്കോബായ വിശ്വാസികൾ പള്ളിയിലേക്ക് എത്തി. ഇന്നലെ രാവിലെയോടെ മുവാറ്റുപുഴ ഡിവൈ.എസ്.പിയുടെ നേതൃത്വത്തിൽ കൂടുതൽ പൊലീസ് സംഘവും സ്ഥലത്തെത്തി. എന്നാൽ സ്ത്രീകളും കുട്ടികളുമടക്കം നൂറുകണക്കിന് യാക്കോബായ വിശ്വാസികൾ പള്ളിയുടെ ഗേറ്റ് പൂട്ടി അകത്ത് നിലയുറപ്പിച്ചു. കോടതി വിധി നടപ്പിലാക്കാൻ സഹകരിക്കണമെന്ന് ജില്ലാ ഭരണകൂടത്തിനു വേണ്ടി മുവാറ്റുപുഴ തഹസിൽദാർ ജോസുകുട്ടി കെ.എം യാക്കോബായ വിഭാഗത്തോട് ആവശ്യപ്പെട്ടെങ്കിലും പള്ളി വിട്ടുതരില്ലെന്ന നിലപാട് അവർ ആവർത്തിക്കുകയും മുദ്രാവാക്യങ്ങൾ മുഴക്കുകയും ചെയ്യുകയായിരുന്നു. ഓർത്തഡോക്സ് വിഭാഗം പള്ളിയിൽ എത്തിയിരുന്നില്ല. ജില്ല ഭരണകൂടവുമായി ബന്ധപ്പെട്ട തഹസിൽദാർ നടപടികൾ നിർത്തിവയ്ക്കുവാൻ തീരുമാനമെടുക്കുകയായിരുന്നു. ബല പ്രയോഗത്തിലൂടെ സ്ത്രീകളും കുട്ടികളും അടങ്ങുന്ന വിശ്വാസികളെ നീക്കം ചെയ്യരുതെന്ന് കോടതി വിധിയിൽ പ്രത്യേക പരാമർശമുള്ളതിനാൽ പൊലീസ് ബല പ്രയോഗത്തിലേക്ക് കടന്നതുമില്ല. തുടർന്ന് ഉച്ചക്ക് ഒന്നോടെ തഹസിൽദാറും പൊലീസും ശ്രമം ഉപേക്ഷിച്ച് മടങ്ങി. കോടതി അലക്ഷ്യ ഹർജി ഹൈക്കോടതി 8ന് വീണ്ടും പരിഗണിക്കും.

പുളിന്താനം സെന്റ് ജോൺസ് യാക്കോബായ സുറിയാനി പള്ളിയിൽ കോടതി വിധി നടപ്പിലാക്കാനെത്തിയ പൊലീസ്-ഉദ്യോഗസ്ഥ സംഘത്തെ യാക്കോബായ സഭ വിശ്വാസികളുടെ നേതൃത്വത്തിൽ തടഞ്ഞപ്പോൾ

മെഡിക്കൽ സ്ക്രൈബിങിൽ ഇന്റേൺഷിപ്

കൊച്ചി: മെഡിക്കൽ സ്ക്രൈബിങിൽ പരിശീലനം നേടുമ്പോൾത്തന്നെ യുഎസ് ഡോക്ടർമാരോടൊപ്പം ഡോക്യുമെന്റേഷൻ അസിസ്റ്റന്റുമാരായി പ്രവർത്തിക്കാൻ അവസരം നൽകുന്ന ലൈവ് സ്ക്രൈബിങ് സൗകര്യമൊരുക്കി ലുമിനിസ് സ്കൂൾ ഓഫ് മെഡിക്കൽ സ്ക്രൈബിങ്. ഡോക്ടർ രോഗിയുമായി നടത്തുന്ന ആശയ വിനിമയങ്ങളെ ക്രോഡീകരിച്ച് മെഡിക്കൽ റിപ്പോർട്ട് തയ്യാറാക്കുന്ന തൊഴിൽ മേഖലയാണ് മെഡിക്കൽ സ്ക്രൈബിങ്. വിവിധ അമേരിക്കൻ ഹോസ്പിറ്റലുളിലായി ന്യൂറോപ്പതി, ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, സൈക്കാട്രി, ഗൈനക്കോളജി, ഫാമിലി മെഡിസിൻ, ഇന്റേണൽ മെഡിസിൻ, ഡെർമറ്റോളജി, റേഡിയോളജി എന്നിങ്ങനെയുള്ള ഒൻപത് വിഭാഗങ്ങളിലെ ഡോക്ടർമാരുമായിച്ചേർന്ന് പരിശീലനം നേടാനുള്ള അവസരമാണ് ഇതിലൂടെ വിദ്യാർഥികൾക്ക് ലഭിക്കുക. യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഓഫീസ് ജീനിയും ലുമിനിസും ഇതുസംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഇതനുസരിച്ച് കോഴ്സിന്റെ ഭാഗമായി മൂന്ന് മാസത്തെ ഇന്റേൺഷിപ് പ്രോഗ്രാമാണ് ലഭ്യമാക്കുക. ഓഫീസ് ജീനിയ സൊല്യൂഷൻസ് മാനേജിങ് പാർട്ണർ അതിഖ് റഹ്മാൻ, പ്രശാന്ത് കൃഷ്ണ, ലുമിനിസ് സിഇഒ അഖിൽ എം.എസ്, ജനറൽ മാനേജർ ജവാദ് ജമാലുദ്ധീൻ എന്നിവർ പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു.

ലോക ചർമ ആരോഗ്യദിനം 8ന്

കൊച്ചി: ലോക ത്വക്ക് ആരോഗ്യദിനത്തിൽ പുതിയ കാമ്പയിനുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. വിവിധതരം ഭക്ഷണങ്ങൾ ചർമത്തെയും മൊത്തത്തിലുള്ള ആരോഗ്യത്തെയും നേരിട്ട് ബാധിക്കുന്നതിനാൽ, ബദാം പോലുള്ള പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ ഉൾപ്പെടുത്തി ശുദ്ധവും സമീകൃതവുമായ ഭക്ഷണക്രമം നിലനിർത്തേണ്ടത് പ്രധാനമാണെന്ന് ക്യാമ്പയിൻ പറയുന്നു. എല്ലാ വർഷവും ജൂലൈ 8നാണ് ലോക ത്വക്ക് ആരോഗ്യ ദിനം ആചരിക്കുന്നത്. 15 അവശ്യ പോഷകങ്ങളാൽ സമ്പന്നമായ ബദാമിന് നമ്മുടെ ചർമത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാനും കാലക്രമേണ ഘടനയും ടോണും മെച്ചപ്പെടുത്താനും കഴിയുമെന്ന് ഇതേകുറിച്ച് സംസാരിക്കവേ പ്രശസ്ത ചർമ വിദഗ്ധയും കോസ്മെറ്റോളജിസ്റ്റുമായ ഗീതിക മിത്തൽ ഗുപ്ത പറഞ്ഞു. ഭക്ഷണത്തിൽ ബദാം ഉൾപ്പെടുത്തുന്നത് ചർമത്തിലെ ചുളിവുകൾ കുറയ്ക്കുന്നതിന് സഹായിക്കും. ആരോഗ്യകരമായ കൊഴുപ്പും വിറ്റാമിൻ ഇ എന്നിവയാൽ സമ്പന്നമായ ബദാം ചർമത്തിന്റെ ആരോഗ്യത്തിന് ഗുണം ചെയ്യുന്ന ആന്റിഏജിങ് ഗുണങ്ങൾക്കും പേരുകേട്ടതാണ്. സൂര്യപ്രകാശത്തിൽ നിന്ന് ചർമത്തിന് കേടുപാടുകൾ വരുത്തുന്നതിന്റെ പ്രാഥമിക ഉറവിടമായ യുവിബി പ്രകാശത്തിനെതിരെ ചർമത്തിന്റെ പ്രതിരോധശേഷി വർധിപ്പിക്കാനും, അതേസമയം തന്നെ ചർമത്തിന്റെ ഘടനയും ടോണും മെച്ചപ്പെടുത്താനും ബദാം പതിവായി കഴിക്കുന്നതിലൂടെ സാധിക്കുമെന്നും അവർ പറഞ്ഞു.

ഹിസെൻസ് വിപണി സാനിധ്യം കൂട്ടും

കൊച്ചി: ആഗോള ഉപഭോക്തൃ ഇലക്ട്രോണിക്സ് അപ്ലയൻസ് നിർമ്മാതാക്കളായ ഹിസെൻസ്, ഇന്ത്യൻ വിപണിയിൽ തങ്ങളുടെ സാനിധ്യം വിപുലീകരിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ പ്രഖ്യാപിച്ചു. റീട്ടെയിൽ ശൃംഖലയുടെ കാര്യമായ വർധനയും, ടെലിവിഷനുകളും എയർ കണ്ടീഷണറുകളും ഉൾപ്പെടെയുള്ള ഉയർന്ന തലത്തിലുള്ള ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണി അവതരിപ്പിക്കുന്നതും വിപുലീകരണ പദ്ധതിയിൽ ഉൾപ്പെടുന്നു. ഓഫ്ലൈൻ ചാനലുകളിലൂടെ ഹിസെൻസിന്റെ വിപുലീകരണവും, ഏറ്റവും പുതിയ സാങ്കേതിക ഉൽപ്പന്നങ്ങൾ മികച്ച മൂല്യത്തിൽ വാഗ്ദാനം ചെയ്യുന്നതിനായി പ്രധാന റീട്ടെയിൽ, വിതരണ പങ്കാളികളുമായി പങ്കാളിത്തവും പദ്ധതികളിൽ ഉൾപ്പെടും.

എറണാകുളം വാർത്തകൾ

തീരജനതയുടെ രോഷമിരമ്പി; ജനകീയ വേദി റോഡ് ഉപരോധിച്ചു

കൊച്ചി: കടൽകയറ്റ പ്രശ്നത്തിന് പരിഹാരം ആവശ്യപ്പെട്ട് ചെല്ലാനം കൊച്ചി ജനകീയ വേദി നടത്തിവരുന്ന സമരത്തിന്റെ ഭാഗമായി ജനങ്ങൾ കണ്ണമാലിയിൽ തീരദേശ റോഡ് ഉപരോധിച്ചു. രാവിലെ ആറുമുതൽ തുടങ്ങിയ സമരത്തിനിടെ വാഹനങ്ങളൊന്നും കടത്തി വിടാതെ റോഡിൽ കുത്തിയിരുന്നാണ് ഉപരോധ സമരം നടത്തിയത്. ജില്ലാ കളക്ടർ എൻഎസ്കെ ഉമേഷ് കണ്ണമാലിയിൽ സമര സ്ഥലത്തെത്തി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് ഉപരോധ സമരം പിൻവലിച്ചത്.

ചൊവ്വാഴ്ച കളക്ടറുടെ ചേംബറിൽ കൊച്ചിൻ പോർട്ട്, ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ സാനിധ്യത്തിൽ ജനകീയ വേദി നേതൃത്വവുമായി ചർച്ച നടത്താമെന്ന് കളക്ടർ സമ്മതിച്ചു. കൊച്ചിൻ പോർട്ട് ഡ്രഡ്ജ് ചെയ്തു പുറം കടലിൽ തള്ളുന്ന മണ്ണും ചെളിയും തീരത്ത് നിക്ഷേപിച്ച് തീര പുനർനിർമാണം നടത്തണമെന്ന ജനകീയ വേദിയുടെ ആവശ്യം ചർച്ച ചെയ്യാമെന്ന കളക്ടറുടെ ഉറപ്പിന്മേലാണ് ഉപരോധ സമരം താൽക്കാലികമായി പിൻവലിച്ചതെന്ന് ഭാരവാഹികൾ പറഞ്ഞു. തീര സംരക്ഷണ പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി കേന്ദ്രത്തിൽ നിന്ന് തുക ലഭ്യമാക്കുന്നതിനുള്ള ചർച്ച നടന്നു വരികയാണെന്നും അത് ലഭ്യമായാൽ രണ്ടാം ഘട്ടം ഉടൻ തുടങ്ങുമെന്നും കളക്ടർ പറഞ്ഞു. സമരത്തിന് വി.ടി സെബാസ്റ്റ്യൻ, തുഷാർ നിർമൽ സാരഥി, ജോസഫ് ജയൻ കുന്നേൽ, സുജ ഭാരതി തുടങ്ങിയവർ നേതൃതം നൽകി. ഫാദർ ഡോക്ടർ ആന്റണീറ്റോ പോൾ, ഫാദർ ജോൺ കളത്തിൽ, പ്രമോദ്, കുര്യൻ, ഷിജി തയ്യിൽ, ജോസഫ് അറയ്ക്കൽ, ക്ലീറ്റസ് പുന്നക്കൽ, ബാബു പള്ളിപറമ്പ്, വിൽഫ്രഡ് സിമാനുവൽ, ഹാരിസ് അബു, മെറ്റിൽഡ ക്ലീറ്റസ്, റീന സാബു, ബിജു ജോസി കരുമാഞ്ചേരി തുടങ്ങിയവർ സംസാരിച്ചു.

കടൽക്ഷോഭത്തിൽ നിന്ന് വീടുകൾ സംരക്ഷിക്കാൻ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്ന് ഒരു നടപടിയും സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് കണ്ണമാലിയിലെ തീരദേശവാസികൾ ഫോർട്ട്കൊച്ചി ആലപ്പുഴ ഹൈവേ ഉപരോധിച്ചുകൊണ്ട് വെള്ളിയാഴ്ച റോഡിന് നടുവിൽ മരച്ചീനി പാകം ചെയ്യുന്നു.

കടൽ കയറ്റം പരിഹരിക്കാൻ സർക്കാർ തയ്യാറാവണം : ഹൈബി ഈഡൻ

മട്ടാഞ്ചേരി: ചെല്ലാനം, ഫോർട്ട് കൊച്ചി ഭാഗത്ത് രൂക്ഷമായ കടൽകയറ്റം പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ അതീവ ഗൗരവത്തോടെ ഇടപെടണമെന്ന് ഹൈബി ഈഡൻ എം പി ആവശ്യപ്പെട്ടു.. ചെല്ലാനത്തെ ജനങ്ങൾ ഏറെ ദുരിതത്തിലാണ്. ടെട്രാപോഡുകൾ സ്ഥാപിച്ചത് ചെല്ലാനത്തെ സംബന്ധിച്ചിടത്തോളം ഏറെ ഗുണകരമായിരുന്നു. എന്നാൽ പദ്ധതി ആദ്യഘട്ടത്തോടെ നിലച്ച മട്ടാണ്. കഴിഞ്ഞ നവംബറിൽ നിർമ്മാണം ആരംഭിക്കുമെന്ന് പറഞ്ഞിരുന്ന പുത്തൻ തോട് മുതൽ ചെറിയ കടവ് വരെയുള്ള രണ്ടാം ഘട്ടം ഇത് വരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല. എറണാകുളം പാർലമെന്റ് മണ്ഡലത്തിൽ ചെല്ലാനവും ഫോർട്ട് കൊച്ചിയും വൈപ്പിൻ ഭാഗത്തെ വിവിധ സ്ഥലങ്ങളിലും അനുഭവപ്പെടുന്ന കടൽകയറ്റത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഫിഷറീസ് മന്ത്രിയ്ക്ക് കഴിഞ്ഞ ദിവസം ഹൈബി ഈഡൻ കത്ത് നൽകിയിരുന്നു.എന്നാൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്രത്തിന് സമർപ്പിക്കേണ്ടത് സംസ്ഥാന സർക്കാരാണ്.

നാളിതുവരെ അത്തരത്തിലൊരു നടപടി സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. തീരദേശ ഹൈവേ പോലുള്ള പദ്ധതികൾ നാടിന്റെ വികസനത്തിന് ആക്കം കൂട്ടുന്ന പദ്ധതികൾ തന്നെയാണ്.

എന്നാൽ തീരദേശ വാസികളുടെ ജീവനും ജീവനോപാധിയും നഷ്ടപ്പെടുത്തിയിട്ടുള്ള ഒരു വികസനത്തേയും അംഗീകരിക്കാനാവില്ല. അത് കൊണ്ട് തന്നെ തീരദേശ വാസികളുടെയും ജനപ്രതിനിധികളുടെയും സന്നദ്ധ സംഘടനകളുടെയും, വൈദികരുടെയുമെല്ലാം ആശങ്കകൾ പരിഹരിച്ച് മുന്നോട്ട് പോകണമെന്നും ഹൈബി ഈഡൻ പറഞ്ഞു.

തീരം കാക്കാൻ മനുഷ്യചങ്ങല

വൈപ്പിൻ: എടവനക്കാടിന്റെ കടൽ തീരങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നടത്തുന്ന പ്രഷോഭ പരിപാടികളുടെ ഭാഗമയി മനുഷ്യ ചങ്ങല തീർത്ത് എടവനക്കാട് നിവാസികൾ . സ്ത്രീകളും വിദ്യാർത്ഥികളും അടക്കം നൂറ് കണക്കിന് ആളുകൾ ചങ്ങലയിൽ കണ്ണികളായി. ദീർഘനാളുകളായി തീരദേശ വാസികൾ അനുഭവിക്കുന്ന ദുരിതത്തിന്ന് അറുതി വരുത്തണമെന്ന് ജനങ്ങൾ ഒന്നടങ്കം ആവശ്യപ്പെട്ടു. പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ ജനങ്ങൾ തീരസംരക്ഷണ പ്രതിജ്ഞ ഏറ്റ് ചൊല്ലി.എടവനക്കാട് പഞ്ചായത്ത് പ്രസിഡന്റ് അസീന അബ്ദുൽ സലാം പ്രതിജ്ഞക്ക് നേതൃത്വം നൽകി. ഇല്യാസ് ഖയ്യും , സലിഹരൻ , അഷറഫ്, കെ.എ. സാജിത്ത്, ബിജു, വിൽസൻ,അജിത്ത്, ബേസിൽ മുക്കത്ത് , പി.എച്ച്.അബൂബക്കർ , എ.എം.സിദ്ദീക്ക് തുടങ്ങിയവർ നേതൃത്വം നൽകി.

എടവനക്കാട് നടന്ന മനുഷ്യചങ്ങല

ലീഡർ കെ. കരുണാകരൻ ജന്മദിനം

പെരുമ്പാവൂർ: കെ. കരുണാകരന്റെ 10ാം ജന്മദിനം പെരുമ്പാവൂർ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തി. മുൻ മുനിസിപ്പൽ ചെയർമാൻ റ്റി.എം. സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് വൈസ് പ്രസിഡന്റ് പി.കെ. മുഹമ്മദ് കുഞ്ഞ് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് ഭാരവാഹികളായ എം.എം. ഷാജഹാൻ, അലി മൊയ്തീൻ, വി.പി. നൗഷാദ്, സി.കെ. രാമകൃഷ്ണൻ, ബിജു ജോൺ ജേക്കബ്, സാലിദ സിയാദ്, സാം അലക്സ്, പി. കൃഷ്ണമോഹൻ, റ്റി.എ. ഷാജഹാൻ, അഭിലാഷ് പുതിയേടത്ത്, അനിത ദേവി, ഷീബ ബേബി, വി.എസ്. ഷാജി, പോൾ ചിതലൻ, ജോളി കെ. ജോസ്, പി.എ. നജീബ്, പി. മാത്യുസ്, എം.കെ. സുരേഷ് തുടങ്ങിയവർ പങ്കെടുത്തു. പെരുമ്പാവൂർ: കെ. കരുണാകരൻ ജന്മദിനം വെങ്ങോല മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തി. ബ്ലോക്ക് സെക്രട്ടറി എം.പി. ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ബൂത്ത് പ്രസിഡന്റ് അൻസാർ വഫ അധ്യക്ഷത വഹിച്ചു. സി.വി. മുഹമ്മദാലി, എ.കെ. സുലൈമാൻകുട്ടി, വാർഡ് അംഗം പി.പി. എൽദോസ്, കെ.പി. കരിം, സെബി അല്ലപ്ര, മഞ്ജു ബിജു എന്നിവർ സംസാരിച്ചു.

എറണാകുളം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 'കെ കരുണാകരൻ ജന്മദിന സ്മരണ' അജയ് തറയിൽ ഉദ്ഘാടനം ചെയ്യുന്നു.

തേവര-പേരണ്ടൂർ കനാലിൽ ഫ്ളോട്ടിങ് വെറ്റ്ലാന്റുകൾ

കൊച്ചി കോർപ്പറേഷന്റെ ഇന്റഗ്രേറ്റഡ് ജൈവവൈവിധ്യ പദ്ധതിയുടെ ഭാഗമായി തേവര-പേരണ്ടൂർ കനാലിൽ ഫ്ളോട്ടിങ്ങ് വെറ്റ്ലാന്റുകൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചു. ജലാശങ്ങളിലെ മലിനീകരണ നിയന്ത്രണത്തോടൊപ്പം കനാൽ സൗന്ദര്യവൽകരണത്തിനും ലോകവ്യാപകായി ഉപയോഗിക്കുന്ന ഫ്ളോട്ടിങ് വെറ്റ്ലാന്റുകൾ പനമ്പള്ളി വാക്വേയോട് ചേർന്നുള്ള കനാലിലാണ് സ്ഥാപിച്ചത്. കോയിത്തറ പാർക്കിനടുത്ത് നടന്ന ചടങ്ങിൽ മേയർ എം.അനിൽ കുമാർ, വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ പി.ആർ റെനീഷ്, കൗൺസിലർമാരായ ആന്റണി പൈനൂതറ, ലതിക എന്നിവർ സംബന്ധിച്ചു. ജലാശയങ്ങളിലെ മലിനീകരണ നിയന്ത്രണത്തിനായുള്ള പ്രകൃതിദത്ത പരിഹാര മാർഗമാണ് ഫ്ളോട്ടിങ്ങ് വെറ്റ്ലാന്റുകൾ. ജലമലിനീകരണത്തിന് കാരണമാകുന്ന രാസവസ്തുക്കൾ വലിച്ചെടുത്ത് നിർവീര്യമാക്കാൻ ശേഷിയുള്ള സസ്യങ്ങൾ ജലത്തിൽ പൊങ്ങിക്കിടക്കുന്ന പ്രത്യേകം തയ്യാറാക്കിയ തട്ടുകളിൽ വളർത്തിയെടുക്കുന്ന രീതിയാണിത്. ചക്കര ചേമ്പ്, കടൽ താളി, കുടപ്പുല്ല്, ഹെലിക്കോണിയം തുടങ്ങിയ സസ്യങ്ങളാണ് ഇതിനായി ഉപയോഗിക്കുന്നത്. സിഹെഡ് ആണ് പദ്ധതിയുടെ ഏകോപനം നിർവഹിക്കുന്നത്.

ഐജെൻ ടോപ് 50 പട്ടികയിൽ ഇടം നേടി മലയാളി

കൊച്ചി: രാജ്യത്തെ 40 വയസിൽ താഴെയുള്ള മികച്ച ആർക്കിടെക്ചർമാരുടെ പട്ടികയിൽ ഇടം പിടിച്ച് മലയാളി യുവ ആർക്കിടെക്റ്റ് ജോസി പോൾ. ആർക്കിടെക് ആൻഡ് ഇന്റീരിയർസ് ഇന്ത്യ ഏർപ്പെടുത്തിയ പുരസ്കാരം ബംഗളൂരുവിൽ നടന്ന ചടങ്ങിൽ ഏറ്റുവാങ്ങി. അങ്കമാലി എളവൂർ നെല്ലിശേരി വീട്ടിൽ പോളി ജോസിന്റെയും ലിംസി പോളിയുടെയും മകനായ ജോസി പ്രശസ്ത ആർക്കിടെക്റ്റ് ഹഫീസ് കോൺട്രാക്ടറുടെ മുംബൈയിലെ സ്ഥാപനത്തിൽ അസോസിയേറ്റ് ആർക്കിടെക്റ്റായി ജോലി ചെയ്യുകയാണ്. പ്രധാനമന്ത്രി ആവാസ് യോജനയിൽ 5.5 കോടി ചതുരശ്രയടിയിൽ 60,000 വീടുകൾ നിർമിച്ച മുംബൈ സിഡ്കോ മാസ് ഹൗസിങ്, 115 ഏക്കറിൽ 14000 വീടുകളുമായി റൺവേഗാർഡൻസ്, 135 ഏക്കറിൽ 16000 വീടുകളുള്ള റൺവേമൈസിറ്റി, മുംബൈ ഡോംബിവ്ലിയിലെ യൂറോസ്കൂൾ, താനെ അർബൻ നവീകരണ പദ്ധതി എന്നിവ ജോസിയുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കുന്നത്.

പുതിയ കാമ്പയിനുമായി സൺപ്യൂർ

കൊച്ചി: പ്രമുഖ ഭക്ഷ്യ എണ്ണ ബ്രാൻഡായ സൺപ്യൂർ, അതിന്റെ പതാകവാഹക ബ്രാൻഡായ സൺപ്യൂർ സൺഫ്ളവർ ഓയിലിന് പുതിയ ക്യാമ്പയിൻ അവതരിപ്പിച്ചു. ഉൽപ്പാദനഘട്ടത്തിൽത്തന്നെ റിഫൈൻ ചെയ്യുന്ന രാജ്യത്തെ ഏക സൺഫ്ളവർ ഓയിൽ എന്നവകാശപ്പെടുന്ന ബ്രാൻഡ് പുതിയ ക്യാമ്പയിനിൽ മാസ്റ്റർ ഷെഫ് ഇന്ത്യാ സീസൺ 8ലെ വിജയി മുഹമ്മദ് ആഷിഖ്, കന്നഡ താരം മേഘ എന്നിവരെയാണ് അണിനിരത്തിയിരിക്കുന്നത്. മലയാളം ഉൾപ്പെടെ ആറ് ഭാഷയിലാണ് ക്യാമ്പയിൻ. യാതൊരു തരത്തിലുമുള്ള രാസവസ്തുക്കളും കലരാത്തതിന്റെ ആനുകൂല്യം ഉയർത്തിക്കാട്ടുന്നതാണ് പുതിയ ക്യാമ്പയിനെന്ന് എംകെ അഗ്രോടെക് സിഒഒ ശ്രീധർ വൈദ്യനാഥൻ പറഞ്ഞു. ഇതിനു പുറമെ വിറ്റാമിൻ എ,ഡി,ഇ എന്നിവ ചേർത്ത് സമ്പുഷ്ടമാക്കിയിട്ടുമുണ്ട്. കാറ്റാടി യന്ത്രങ്ങളിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മാത്രമാണ് തങ്ങളുടെ ഉൽപ്പാദനത്തിൽ ഉപയോഗിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഫിൽറ്റേഡ് വെളിച്ചെണ്ണ, തവിടെണ്ണ, സുഗന്ധദ്രവ്യങ്ങൾ, പഞ്ചസാര, ആട്ട തുടങ്ങിയവയാണ് എംകെ അഗ്രോടെകിന്റെ ഭാഗമായ സൺപ്യൂർ ബ്രാൻഡിലെ മറ്റു ഉത്പന്നങ്ങൾ.

വാഹന പരിശോധന: 53,45,500 രൂപ പിഴ ഈടാക്കി

കൊച്ചി: വാഹനങ്ങളിലെ ചട്ട ലംഘനങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ പരിശോധനയിൽ 1,275 കേസുകളിൽ നിന്നും 53,45,500 രൂപ പിഴ ഈടാക്കി. ഹൈക്കോടതിയുടെ നിർദേശത്തെ തുടർന്ന് കഴിഞ്ഞ ഒരുമാസക്കാലമായി ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിലാണ് വാഹനങ്ങൾ കുടുങ്ങിയത്. വാഹനങ്ങളിൽ അനധികൃതമായി കാതടപ്പിക്കുന്ന ശബ്ദമുള്ള സൈലൻസർ, ലൈറ്റുകൾ എന്നിവ ഘടിപ്പിച്ച സംഭവത്തിൽ 493 കേസുകളിൽ നിന്നായി 26,45,000 പിഴ ഈടാക്കി. നമ്പർ പ്ലേറ്റില്ലാതെ വാഹനം ഓടിക്കുക, സുരക്ഷാ നമ്പർ പ്ലേറ്റിൽ കൃത്രിമം, വാഹനങ്ങളിൽ ഷോറൂമിൽ നിന്ന് ഇറങ്ങുമ്പോൾ കമ്പനി നിർമിത ഹെഡ്ലൈറ്റ് മാറ്റി അനധികൃതമായി അതി തീവ്ര പ്രകാശം വമിക്കുന്ന എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുക തുടങ്ങിയ കുറ്റങ്ങൾക്ക് 458 കേസുകളിൽ നിന്നായി 18,04500 രൂപ പിഴ ഈടാക്കി. വാഹനങ്ങളിൽ അനധികൃതമായി രൂപമാറ്റം ചെയ്ത സംഭവത്തിൽ 299 കേസുകളിൽ നിന്നായി 8,54000 രൂപ പിഴ ഈടാക്കി. എയർ ഹോൺ ഉപയോഗിച്ചതിന് 25 കേസുകളിൽ നിന്നായി 42,000 രൂപ പിഴ ഈടാക്കി.

ഭിന്നശേഷിക്കാർക്ക് തൊഴിൽ മേള 13ന്

കൊച്ചി: സമർഥനം ട്രസ്റ്റിന്റെ നേതൃത്വത്തിൽ 13ന് ആലുവ യൂണിയൻ ക്രിസ്ത്യൻ കോളജിൽ തൊഴിൽ മേള സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഭിന്നശേഷിക്കാർക്ക് മുൻഗണന നൽകിസം

രണ്ടു പേരെ കാപ്പാ ചുമത്തി നാടുകടത്തി

കോട്ടയം: നിരന്തര കുറ്റവാളികളായ രണ്ട് യുവാക്കളെ കാപ്പാ നിയമപ്രകാരം ജില്ലയിൽ നിന്നും നാടുകടത്തി.
കുറിച്ചിസചിവോത്തമപുരം ഭാഗത്ത് നിധീഷ് ഭവൻ വീട്ടിൽ കണ്ണൻ എന്ന് വിളിക്കുന്ന നിധിൻ ചന്ദ്രൻ(32), വാഴൂർ പുളിക്കൽ കവല പതിനാലാം മൈൽ ഭാഗത്ത് പുള്ളിയിൽ വീട്ടിൽ ബിനിൽ മാത്യു(28) എന്നിവരെയാണ് കോട്ടയം ജില്ലയിൽ നിന്നും കാപ്പാ നിയമപ്രകാരം നാടുകടത്തി ഉത്തരവായത്. ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. ഇരുവരെയും ഒരു വർഷത്തേക്കാണ് ജില്ലയിൽ നിന്നും പുറത്താക്കിയത്.

നിധിൻ ചന്ദ്രൻ,ബിനിൽ മാത്യു

ഉപതെരഞ്ഞെടുപ്പ് യോഗം

കോട്ടയം: കോട്ടയം ജില്ലയിലെ മൂന്നു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ജൂലൈ 30ന് നടക്കുന്ന ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പ് ഡെപ്യൂട്ടി കളക്ടർ ടി.എസ്. ജയശ്രീയുടെ അധ്യക്ഷയിൽ വരണാധികാരികളുടേയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടേയും യോഗം ചേർന്നു.
ചെമ്പ് ഗ്രാമപഞ്ചായത്തിലെ കാട്ടിക്കുന്ന്(ഒന്നാം വാർഡ്) പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ പൂവൻതുരുത്ത്(20ാം വാർഡ്) വാകത്താനം ഗ്രാമപഞ്ചായത്തിലെ പൊങ്ങന്താനം (പതിനൊന്നാം വാർഡ്) എന്നിവിടങ്ങളിലാണ് ഉപതെരഞ്ഞെടുപ്പ്. നാമനിർദ്ദേശപത്രിക ജൂലൈ 11 വരെ സമർപ്പിക്കാം. സൂക്ഷ്മ പരിശോധന ജൂലൈ 12ന് നടത്തും.
സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ജൂലൈ 15. വോട്ടെണ്ണൽ ജൂലൈ 31 ന് രാവിലെ 10 മണിക്ക് നടക്കും. മാതൃകാ പെരുമാറ്റച്ചട്ടം ജൂലൈ രണ്ട് മുതൽ നിലവിൽ വന്നു.

കോട്ടയം വാർത്തകൾ

കാരക്കാട് എം എം എം യു എം യു പി സ്കൂൾ പിടിഎ യോഗത്തിൽ ഷിഫാർ മൗലവി പ്രസംഗിക്കുന്നു

പി ടി എ യോഗം

ഈരാറ്റുപേട്ട: കാരക്കാട് എം എം എം യു എം യു പി സ്കൂളിൽ 2024-25 അധ്യയന വർഷത്തെ പി ടി എ തിരഞ്ഞെടുപ്പും ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചു. സ്കൂൾ മാനേജർ കെ എ മുഹമ്മദ് അഷ്റഫ് അധ്യക്ഷത വഹിച്ചു. വാർഡ് കൗൺസിലർ സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു.പ്രശസ്ത പണ്ഡിതനും പിടിഎ അംഗവുമായ ഷിഫാർ മൗലവി ബോധവത്കരണ ക്ലാസ്സ് നയിച്ചു.
പുതിയ ഭാരവാഹികളായി പ്രസിഡന്റ്: ഒ.എ ഹാരിസ് ,വൈസ്. പ്രസിഡന്റുമാർ ,പി.കെ.നസീർ, അസീസ് പത്താഴപ്പടി,നാദിറ ഷാഹുൽ എന്നിവരെ തിരഞ്ഞെടുത്തു

അനുമതികത്ത് ഉണ്ടെങ്കിൽ അവധി ദിവസങ്ങളിൽ വിദ്യാർഥികൾക്ക് കൺസഷൻ നൽകണം

കോട്ടയം: അവധി ദിവസങ്ങളിലെ ക്ലാസുകൾക്ക് സ്ഥാപന മേധാവിയുടെയോ ക്ലാസ് ടീച്ചറിന്റെയോ അനുമതികത്തുണ്ടെങ്കിൽ വിദ്യാർത്ഥികൾക്ക് ബസുകളിൽ കൺസഷൻ യാത്ര അനുവദിക്കണമെന്ന് ജില്ലാ കളക്ടർ വി.വിഗ്നേശ്വരിയുടെ അധ്യക്ഷതയിൽ ചേർന്ന സ്റ്റുഡൻസ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി യോഗത്തിൽ തീരുമാനം.
രാവിലെ ഏഴു മണിമുതൽ വൈകിട്ട് ഏഴു മണിവരെയാണ് വിദ്യാർത്ഥികൾക്ക് യാത്ര പാസ് അനുവദിച്ചിരിക്കുന്നതെങ്കിലും ബസിൽ വൈകിട്ട് ഏഴുമണിക്ക് മുൻപ് യാത്ര ആരംഭിക്കുന്ന വിദ്യാർത്ഥികൾക്ക് എത്തിച്ചേരേണ്ട സ്ഥലം വരെ യാത്ര അനുവദിക്കാനും യോഗത്തിൽ തീരുമാനമായി. കൺസഷൻ സമയം നീട്ടുന്നതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നു ജില്ലാ കളക്ടർ അറിയിച്ചു. വിദ്യാർത്ഥികളോട് അമിത ചാർജ്ജ് നിർബന്ധിച്ചു വാങ്ങരുതെന്നും അപമര്യാദയായി പെരുമാറരുതെന്നും യോഗം ആവശ്യപ്പെട്ടു. വിദ്യാർത്ഥികൾ ആർ.ടി ഓഫീസിൽ നിന്ന് അഞ്ചുരൂപ കൊടുത്ത് കാർഡ് വാങ്ങുന്നതിൽ എതിർപ്പില്ലെന്ന് യോഗത്തിൽ പങ്കെടുത്ത
യൂണിയനുകൾ അറിയിച്ചു. കൺസഷൻ കാർഡുകൾ ദുരുപയോഗം ചെയ്യുന്നതായി പരാതിയുയർന്നതിനാൽ കാർഡിൽ കൃത്യമായി റൂട്ട് രേഖപ്പെടുത്താനും യോഗത്തിൽ തീരുമാനമായി. സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കൺവീനറായ കോട്ടയം ആർ.ടി.ഒ. കെ. അജിത് കുമാർ, വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ, കെ.എസ്.ആർ.ടി.സി. ഡി.ടി.ഒ. പി. അനിൽകുമാർ, സംഘടനാ പ്രതിനിധികൾ, വിദ്യാർഥി യൂണിയൻ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

അഗ്നിവീർ സെലക്ഷൻ ടെസ്റ്റ്:ജൂലൈ 28 വരെ അപേക്ഷിക്കാം

കോട്ടയം: വ്യോമസേനയിൽ അഗ്നിവീർ (അഗ്നിവീർവായു) സെലക്ഷൻ ടെസ്റ്റിന് അപേക്ഷ ക്ഷണിച്ചു. അവിവാഹിതരായ പുരുഷന്മാർക്കും വനിതകൾക്കും ഓൺലൈനായി 2024 ജൂലൈ എട്ടുമുതൽ 28 വരെ അപേക്ഷിക്കാം. അഗ്നിവീർ വായു തെരഞ്ഞെടുപ്പിനായുള്ള ഓൺലൈൻ പരീക്ഷ 2024 ഒക്ടോബർ 28 മുതൽ ആരംഭിക്കും. നാലുവർഷത്തേക്കാണ് നിയമനം. https://agnipathvayu.cdac.in എന്ന വെബ് പോർട്ടലിലൂടെയാണ് അപേക്ഷ നൽകേണ്ടത്.പ്രായം: 2004 ജൂലൈ മൂന്നിനും 2008 ജനുവരി മൂന്നിനും (രണ്ടു തിയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. ശാസ്ത്രവിഷയങ്ങൾ പഠിച്ചവർക്കും അല്ലാത്തവർക്കും അപേക്ഷിക്കാം. വിദ്യാഭ്യാസയോഗ്യത: ശാസ്ത്രവിഷയങ്ങളിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, ഇംഗ്ലീഷ് എന്നിവയുൾപ്പെട്ട പ്ലസ്ടു/ഇന്റർമീഡിയറ്റ്/തത്തുല്യ പരീക്ഷ 50 ശതമാനം മാർക്കോടെ വിജയിച്ചിരിക്കണം. അല്ലെങ്കിൽ ത്രിവത്സര പോളിടെക്നിക് എൻജിനീയറിംഗ് ഡിപ്ലോമയിൽ (മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, കമ്പ്യൂട്ടർ സയൻസ്, ഇൻസ്ട്രുമെന്റേഷൻ ടെക്നോളജി, ഇൻഫർമേഷൻ ടെക്നോളജി) 50 ശതമാനം മാർക്കോടെ വിജയം. അല്ലെങ്കിൽ നോൺ വൊക്കേഷണൽ വിഷയങ്ങളായ ഫിസിക്സ്, മാത്തമാറ്റിക്സ് എന്നിവ ഉൾപ്പെട്ട ദ്വിവത്സര വൊക്കേഷണൽ കോഴ്സിൽ 50 ശതമാനം മാർക്കോടെ വിജയം. എല്ലാ യോഗ്യതാ പരീക്ഷകളിലും ഇംഗ്ളീഷിന് 50 ശതമാനം മാർക്ക് ഉണ്ടായിരിക്കണം.
ശാസ്ത്ര ഇതര വിഷയങ്ങളിൽ 50 ശതമാനം മാർക്കോടെ ഇന്റർമീഡിയറ്റ്/പ്ലസ്ടു/തത്തുല്യ പരീക്ഷ വിജയമാണ് യോഗ്യത. അല്ലെങ്കിൽ ദ്വിവത്സര വൊക്കേഷണൽ കോഴ്സിൽ 50 ശതമാനം മാർക്കോടെ വിജയം. എല്ലാ യോഗ്യതാ പരീക്ഷകളിലും ഇംഗ്ളീഷിന് 50 ശതമാനം മാർക്ക് ഉണ്ടായിരിക്കണം. ഓൺലൈൻ പരീക്ഷ, കായികക്ഷമതാപരീക്ഷ, അഭിരുചി പരീക്ഷ, സർട്ടിഫിക്കറ്റ് പരിശോധന, ആരോഗ്യ പരിശോധന എന്നിവയുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. വിശദവിവരം https://agnipathvayu.cdac.in എന്ന വെബ് പോർട്ടലിൽ ലഭിക്കും.

ബഷീർ കഥാപാത്രങ്ങൾ നിറഞ്ഞ് ദിനാചരണം

കോട്ടയം: മാങ്കോസ്റ്റിൻ ചുവട്ടിലെ ഗ്രാമഫോൺ സംഗീതം നിലച്ചിട്ട് 30 വർഷം .
സാധാരണക്കാരന്റെ ഭാഷയിൽ കഥകൾ എഴുതി ലോകരെ രസിപ്പിച്ച വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമ്മദിനത്തിൽ വിവിധ പരിപാടികളോടെ അദ്ദേഹത്തെ അനുസ്മരിച്ചു.
പ്രമാടം ഗ്രാമപഞ്ചായത്തിന്റെ പടികടന്ന് ആടുമായി കുഞ്ഞിപ്പാത്തുമ്മ എത്തിയപ്പോൾ ആദ്യം പ്രസിഡൻറ് ഒന്ന് അമ്പരന്നു. പാത്തുമ്മയോട് അദ്ദേഹം കുശലാന്വേഷണം നടത്തി. ആടുമായി എന്താ പഞ്ചായത്ത് ഓഫീസിലേക്ക്. മ്മ്ടെ ആടിനൊരു പരാതി ബോധിപ്പിക്കാനുണ്ട്. ങ്ങക്കെന്നെ മനസ്സിലായില്ലേ. ഞാൻ പാത്തുമ്മ ബേപ്പൂർ സുൽത്താന്റെ പെങ്ങള്..
അങ്ങനെ ബഷീർ കഥാപാത്രങ്ങൾ നാരായണിയും ഒറ്റക്കണ്ണൻ പോക്കറും എട്ടുകാലി മമ്മൂഞ്ഞും സുഹ്റയും മജീദും സാറാമ്മയും എല്ലാം പുനരാവിഷ്കരിക്കപ്പെട്ടു. പ്രമാടം ഗവൺമെൻറ് എൽ പി സ്കൂളിലെ കൊച്ചു കുട്ടികൾ ബഷീർ ദിനവുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച പരിപാടികൾ ഏവരുടെയും പ്രശംസ പിടിച്ചു പറ്റി.
രാവിലെ സ്കൂൾ അങ്കണത്തിൽ ഒത്തുകൂടിയ കുട്ടികളും അധ്യാപകരും ചേർന്ന് സ്കൂളിന്റെ മുറ്റത്ത് സുൽത്താന് പ്രിയപ്പെട്ട മാങ്കോസ്റ്റീൻ തൈയും നട്ടു .
പിടിഎ പ്രസിഡൻറ് അനീഷ് വി.കെയുടെ അധ്യക്ഷതയിൽ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയ ർപേഴ്സൺ രാജി സി ബാബു യോഗം ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ കെ എം മോഹനൻ നായർ, പ്രഥമ അധ്യാപിക ശശികല,നേതാജി എച്ച് എസ് പ്രഥമ അധ്യാപിക ശ്രീലത ടീച്ചർ, സ്റ്റാഫ് സെക്രട്ടറി ഷിന എസ് എസ് എന്നിവർ പ്രസംഗിച്ചു.കുട്ടികളുടെ വിവിധ കലാപരിപാടികളും നടന്നു.
കടുത്തുരുത്തി: കടുത്തുരുത്തി ഗവൺമെന്റ് സ്കൂളിൽ ഈ വർഷത്തെ ബഷീർ ദിനം വിപുലമായ പരിപാടികളോടു കൂടി ആഘോഷിച്ചു.
വൈക്കം മുഹമ്മദ് ബഷീറിന്റെ തെരഞ്ഞെടുത്ത കൃതികളിലെ വ്യത്യസ്ത സന്ദർഭങ്ങൾ കുട്ടികൾ അവതരിപ്പിച്ചു. അനുയോജ്യമായ പശ്ചാത്തലത്തിലും വേഷഭൂഷാദികളിലും സ്കൂൾ അങ്കണത്തിൽ അവതരിപ്പിച്ച പരിപാടിയിൽ പൂവമ്പഴം, പാത്തുമ്മയുടെ ആട്, ബാല്യകാലസഖി,ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു, മുച്ചീട്ടുകളിക്കാരന്റെ മകൾ, തേൻമാവ്, മതിലുകൾ തുടങ്ങിയ കൃതികളുടെ ദൃശ്യാവിഷ്കാരം ഉൾപ്പെടുത്തിയിരുന്നു. ബഷീർ കൃതികളുടെ വായനയിലേക്കും ആസ്വാദനത്തിലേക്കും കുട്ടികളെ നയിക്കാൻ ഉതകുന്നതായിരുന്നു പരിപാടി. സ്കൂളിലെ മുഴുവൻ കുട്ടികളും പങ്കാളികളായി എന്നുള്ളത് സവിശേഷതയായി.
കുമാരനല്ലൂർ : കോട്ടയം നഗരസഭയുടെ കീഴിലുള്ള കുമാരനല്ലൂർ പബ്ലിക് ലൈബ്രറി വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം സംഘടിപ്പിച്ചു.
ബഷീർ രചനകൾ കാലാതിവർത്തിയാണെന്ന് മുഖ്യ പ്രഭാഷകൻ എം ജി സർവകലാശാല പി ആർ ഒ ജി. ശ്രീകുമാർ പറഞ്ഞു. റ്റി. കെ ശ്രീകുമാർ, മോഹൻ സബീന, രമ്യ ഗംഗാധരൻ, അശ്വതി പി. വിളിച്ചു, മുഹമ്മദ് ഫാറൂഖ് സംസാരിച്ചു
തലയോലപ്പറമ്പ്: വൈക്കം മുഹമ്മദ് ബഷീർ ദിനമായ ഇന്നലെ തലയോലപ്പറമ്പ് ഫെഡറൽ ബാങ്ക് ഹാളിൽ നടന്ന ചടങ്ങിൽ ബഷീർ ബാല്യകാലസഖി പുരസ്കാരം എം.എൻ കാരശ്ശേരിയ്ക്കും ബഷീർ അമ്മ മലയാളം പുരസ്കാരം കെ.എ. ബീനയ്ക്കും മുൻ മന്ത്രി മുല്ലക്കര രത്നകരൻ നൽകി.
പച്ചമനുഷ്യന്റ കഥകൾ പറഞ്ഞ് സാഹിത്യ മണ്ഡലത്തിൽ എന്നും ശോഭിച്ച ബഷീർ നാട്ടിൻ പുറത്ത് ജീവിക്കുന്ന മനുഷ്യർക്ക് ചിരംജജീവി വ്യക്തിത്വം നൽകിയ സാഹിത്യകാരനായിരുന്നുവെന്ന് മുല്ലക്കര രത്നകരൻ പറഞ്ഞു.
സമിതി ചെയർമാൻ കിളിരൂർ രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ ഡോ. പോൾ മണലിൽ ആദരപ്രഭാഷണം നടത്തി. ചലച്ചിത്ര നടൻ തമ്പി ആന്റണി, പ്രസാധകൻ ആശ്രമം ഭാസി ബഷീർ സ്മരണ നടത്തി. ഫെഡറൽ ബാങ്ക് സോണൽ ഹെഡ് നിഷ. കെ. ദാസും അഡ്വ ടോമി കല്ലാനിയും ക്യാഷ് അവാർഡ് നൽകി.സമിതി വൈസ് ചെയർ മാൻ മാരായ മോഹൻ.ഡി. ബാബു, എം.ഡി. ബാബുരാജ് എന്നിവർ പ്രശസ്തി പത്രം വായിച്ചു.
ഈരാറ്റുപേട്ട: കടുവാമൂഴി പി.എം.എസ്.എ പൂക്കോയ തങ്ങൾ മെമ്മോറിയൽ എൽ.പി സ്കൂളിൽ വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം സംഘടിപ്പിച്ചു. സ്കൂളിലെ നാലാം ക്ലാസ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അനുസ്മരണ യോഗത്തിന് പിടിഎ ഭാരവാഹികൾ നേതൃത്വം നൽകി.
സ്കൂൾ ഹെഡ്മിസ്ട്രസ് ജ്യോതി ആർ അനുസ്മരണയോഗം ഉദ്ഘാടനം ചെയ്തു. അധ്യാപകരായ വിജു ഇ ബി, ബിബിൻ ബേബി, ഷഹന നൗഷാദ് എന്നിവർ നേതൃത്വം നൽകി.

കടുത്തുരുത്തി ഗവൺമെന്റ് സ്കൂളിൽ നടന്ന ബഷീർ ദിനാചരണ പരിപാടികളിൽ കഥാപാത്രങ്ങളായി വേഷമിട്ട കുട്ടികൾ

കോട്ടയം നഗരസഭയുടെ കീഴിലുള്ള കുമാരനല്ലൂർ പബ്ലിക് ലൈബ്രറിയിൽ വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണ യോഗത്തിൽ എം ജി സർവകലാശാല മുൻ പി ആർ ഒ ജി. ശ്രീകുമാർ മുഖ്യ പ്രഭാഷണം നടത്തുന്നു.. റ്റി കെ ശ്രീകുമാർ, രമ്യ ഗംഗാധരൻ സമീപം

ലാബ് ടെക്നീഷ്യൻ നിയമനം

കോട്ടയം: പുതുപ്പള്ളി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കുന്നതിന് ജൂലൈ 11 ന് രാവിലെ 11 ന് അഭിമുഖം നടത്തും. വിദ്യാഭ്യാസയോഗ്യത: ബി.എസ്.സി. എം.എൽ.ടി/ഡി. എം.എൽ.ടി. (പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനൻ നിർബന്ധം. പ്രായപരിധി 40 വയസ്. താല്പര്യമുള്ളവർ യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, ഐഡി എന്നിവയുമായി പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കുന്ന അഭിമുഖത്തിന് ഹാജരാകണം. ഫോൺ :04812353250

റാങ്ക് പട്ടിക നിലവിൽ ഇല്ല

കോട്ടയം: ജില്ലയിൽ മൃഗസംരക്ഷണവകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർഗ്രേഡ് 2/ പൗൾട്രി അസിസ്റ്റന്റ് /മിൽക്ക് റെക്കോഡർ/സ്റ്റോർ കീപ്പർ/ എന്യൂമറേറ്റർ തസ്തികയിൽ(കാറ്റഗറി നമ്പർ 534/2019) റാങ്ക് പട്ടികയിലുൾപ്പെട്ട ഏക ഉദ്യോഗാർഥിക്കു നിയമനശിപാർശ നൽകിയ സാഹചര്യത്തിൽ റാങ്ക് പട്ടിക നിലവില്ലാതായതായി ജില്ലാ പി.എസ്.സി. ഓഫീസർ അറിയിച്ചു.

അധ്യാപക നിയമനം

കോട്ടയം: പാമ്പാടി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ സിവിൽ എൻജിനീയറിങ്, കമ്പ്യൂട്ടർ എൻജിനീയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിങ്, മെക്കാനിക്കൽ എൻജിനീയറിങ്, ആർക്കിടെക്ചർ, എം.സി.എ വിഭാഗങ്ങളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുന്നു. താത്പര്യമുള്ളവർജൂലൈ 11ന് രാവിലെ 10.30ന് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിൽ എത്തണം. ഫോൺ: 0481 2506153, 2507763. വെബ്സൈറ്റ് :www.rit.ac.in

ബസേലിയസ് കോളജ് വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനം കുറിച്ച് നടന്ന സമ്മേളനം ഓർത്തഡോക്സ് സഭ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു.

ബസേലിയസ് കോളജ് വജ്രജൂബിലി ആഘോഷങ്ങൾക്ക് സമാപനം

കോട്ടയം: സഹതാപവും അനുകമ്പയും സഹാനുഭൂതിയുമില്ലാത്ത ലോകത്തിൽക്കൂടിയാണ് ഇന്ന് നമ്മൾ കടന്നുപോകുന്നതെന്ന് ഓർത്തഡോക്സ് സഭ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ.
ബസേലിയസ് കോളജിന്റെ ഒരു വർഷം നീണ്ടുനിന്ന വജ്രജൂബിലിയാഘോഷങ്ങളുടെ പരിസമാപ്തിക്കുറിച്ചു നടന്ന സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബാവ.
എങ്ങനെ നമുക്ക് സമൂഹത്തിൽ പോസിറ്റീവ് എനർജി സൃഷ്ടിക്കാൻ കഴിയുമെന്ന് ചിന്തിക്കണം. ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പല ജീവിത മൂല്യങ്ങളും നമുക്ക് തിരിച്ചുപിടിക്കണം. അതിനായി കലാലയങ്ങളിൽ ഗവേഷണങ്ങളും സെമിനാറുകളും പഠനങ്ങളും നടത്തണം. നന്മയുടെ കണികകൾ കുറയുകയും തിന്മയുടെ കണികകൾ വർദ്ധിക്കുന്നതുമായ അവസ്ഥാവിശേഷമാണ് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. സമൂഹത്തിന്റെ സ്പന്ദനങ്ങളെ തിരിച്ചറിഞ്ഞ് അവയെ മനസിലാക്കി, ക്രിയാത്മക ശക്തിയുള്ളവരായി വിദ്യാർത്ഥികളെ വാർത്തെടുത്തെങ്കിൽ മാത്രമേ നല്ലയൊരു സമൂഹവും അതിന് ഭാവിയും ഉണ്ടാവുകയുള്ളുവെന്നും അപ്പോൾ മാത്രമാണ് നമ്മൾ പോസിറ്റീവ് എനർജിയിലേക്ക് എത്തിച്ചേരുന്നതെന്നും ബാവ കൂട്ടിച്ചേർത്തു.
എംഒസി കോളജുകളുടെ മാനേജർ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പൊലീത്ത സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.ഫ്രാൻസിസ് ജോർജ് എംപി, എംഎൽഎമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മോൻസ് ജോസഫ്, എംജി സർവകലാശാല സിൻഡിക്കേറ്റ് അംഗം റെജി സ്കറിയ, കോളജ് പ്രിൻസിപ്പൽ പ്രഫ. ഡോ. ബിജു തോമസ്, വൈസ് പ്രിൻസിപ്പൽ പ്രഫ. ഡോ. പി. ജ്യോതി മോൾ എന്നിവർ പ്രസംഗിച്ചു.
യോഗത്തിൽ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തയാറാക്കുന്ന സുവനീർ 'വജ്രമുദ്ര'യുടെ കവർ പ്രകാശനം എം പി നിർവഹിച്ചു. തുടർന്ന് മ്യൂസിക് ഷോയും അരങ്ങേറി.

ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് പൊലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും സ്ഥലം ലഭിക്കും

ഈരാറ്റുപേട്ട : മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിരുന്ന ഈ രാറ്റുപേട്ട പൊലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ള ഭൂമിയിൽ നിന്നും 50 സെന്റ് സ്ഥലം അനുവദിക്കുന്നതിന് തീരുമാനമായതായി അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ അറിയിച്ചു.
മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് സ്ഥലം അനുവദിക്കുന്നതിന് തീരുമാനമായത്.
ഈരാറ്റുപേട്ടയിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 10 കോടി രൂപ അനുവദിക്കപ്പെട്ടിരുന്നു. എന്നാൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഈരാറ്റുപേട്ട പൊലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ലഭ്യമാക്കുന്നതിന് എംഎൽഎ കത്ത് നൽകിയെങ്കിലും ആഭ്യന്തര വകുപ്പിന്റെ എതിർപ്പ് മൂലം സ്ഥലം വിട്ടു കിട്ടിയിരുന്നില്ല. മുഖ്യമന്ത്രി വിളിച്ചു ചേർത്ത ഉന്നതല യോഗത്തിൽ മുഖ്യമന്ത്രിയെ കൂടാതെ റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ,ചീഫ് സെക്രട്ടറി ഡോ. വി. വേണു ഐഎഎസ്, ആഭ്യന്തര സെക്രട്ടറി വിശ്വനാഥ് സിൻഹ ഐഎഎസ്, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ ഐഎഎസ്, ഡിജിപി ഷേക്ക് പർവേഷ് സാഹിബ് ഐ.പി.എസ് , കോട്ടയം ജില്ലാ കളക്ടർ വി.വിഘ്നേശ്വരി ഐഎഎസ് തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.
യോഗ തീരുമാന പ്രകാരം റവന്യൂ വകുപ്പിലേക്ക് സ്ഥലം വിട്ടു നൽകുന്നതോടുകൂടി മുൻപ് നിർത്തിവച്ചിരുന്ന ഈരാറ്റുപേട്ട വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കും.
കൂടാതെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പരമാവധി വേഗത്തിൽ തുടക്കം കുറിക്കുമെന്നും അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ അറിയിച്ചു.

വായനപക്ഷാചരണം: വിദ്യാർഥികൾക്കും ജീവനക്കാർക്കും ക്വിസ് മത്സരം

കോട്ടയം: വായനപക്ഷാചരണത്തിന്റെ ഭാഗമായി ജൂലൈ എട്ടിന് ഇൻഫർമേഷൻപബ്ലിക് റിലേഷൻസ് വകുപ്പും ജില്ലാ ഭരണകൂടവും പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നു വിദ്യാർഥികൾക്കും സർക്കാർ ജീവനക്കാർക്കുമായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.
ജില്ലയിലെ ഹൈസ്കൂൾ വിദ്യാർഥികൾക്കും ജില്ലയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്കും പങ്കെടുക്കാം. വായനയും പുസ്തകങ്ങളും ആസ്പദമാക്കിയാകും ക്വിസ് മത്സരം. വിജയികൾക്ക് സർട്ടിഫിക്കറ്റും ഫലകവും സമ്മാനമായി നൽകും.കളക്ട്രേറ്റിലെ വിപഞ്ചിക കോൺഫറൻസ് ഹാളിൽ ജൂലൈ എട്ടിന് രാവിലെയും ഉച്ചകഴിഞ്ഞുമായാണ് മത്സരം.

രജിസ്ട്രേഷന് ക്യൂആർ കോഡ് സ്കാൻ ചെയ്യുക

വിദ്യാർഥികളുടെ മത്സരം രാവിലെ 11.00 മണിക്കും സർക്കാർ ജീവനക്കാരുടെ മത്സരം ഉച്ചകഴിഞ്ഞ് 2.00 മണിക്കും നടക്കും. രണ്ടുപേർ വീതമുള്ള ടീമുകളായാണ് വിദ്യാർഥികളുടെ മത്സരം. ഒരു സ്കൂളിൽനിന്ന് രണ്ടു പേരടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം.
സ്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം/സ്കൂൾ തിരിച്ചറിയൽ കാർഡ് സഹിതം പങ്കെടുക്കണം. ജീവനക്കാർക്ക് വ്യക്തിഗത മത്സരമാണ്. ജീവനക്കാർ ഔദ്യോഗിക തിരിച്ചറിയൽ കാർഡ് ഹാജരാക്കണം. മത്സരാർഥികൾhttps://tinyurl.com/yc5s7k5s എന്ന ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്യണം. ജൂലൈ ഏഴു(ഞായർ) വൈകിട്ട് അഞ്ചുമണി വരെ രജിസ്റ്റർ ചെയ്യാം. ഓഫ്ലൈനായി 9847998894 എന്ന മ

ലൈഫ് ഗാർഡ് നിയമനം

ആലപ്പുഴ: 2024 ഓഗസ്റ്റ് ഒന്ന് മുതൽ 2025 ജൂൺ ഒമ്പത് വരെ ആലപ്പുഴ ജില്ലയിൽ കടൽ രക്ഷാ പ്രവർത്തനത്തിനും പട്രോളിങ്ങിനുമായി ദിവസ വേതനാടിസ്ഥാനത്തിൽ ലൈഫ് ഗാർഡുമാരെ നിയമിക്കുന്നു. താൽപര്യമുള്ളവർ രേഖകൾ സഹിതം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്, ഫിഷറീസ് സ്റ്റേഷൻ, തോട്ടപ്പള്ളി, ആലപ്പുഴ 688561 മേൽവിലാസത്തിൽ ജൂലൈ 19 നകം അപേക്ഷ നൽകണം. അപേക്ഷാർത്ഥികൾ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളി ആയിരിക്കണം. ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് സ്ഥാപനത്തിൽ നിന്നും ട്രെയിനിങ് പൂർത്തിയാക്കിവരായിരിക്കണം. പ്രായം: 20 നും 45നുമിടയിൽ. പ്രതികൂല കാലാവസ്ഥയിലും കടലിൽ നീന്താൻ ശേഷിയുള്ളവരായിരിക്കണം. ലൈഫ് ഗാർഡായി പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. ഫോൺ 0477 2297707.

ജന്മദിനാഘോഷം

കായംകുളം: മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന കെ കരുണാകരന്റെ 106ാം ജന്മദിനം കായംകുളം ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സമുചിതമായി ആചരിച്ചു. കോൺഗ്രസ് ഭവനിൽ നടന്ന പുഷ്പാർച്ചനയും, അനുസ്മരണ സമ്മേളനവും, കെ.പി.സി.സി സെക്രട്ടറി എൻ. രവി ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് കോൺഗ്രസ്സ് പ്രസിഡന്റ് ടി.സൈനുലാബ്ദീൻ അദ്ധ്യക്ഷത വഹിച്ചു. കെ.പി.സി.സി സെക്രട്ടറി കറ്റാനം ഷാജി, ബാബു കൊരമ്പള്ളി, അമ്പിയിൽ രാജൻ പിള്ള, വൈ. ഷാനവാസ്, ഫൈസൽ കണ്ടല്ലൂർ പ്രസംഗിച്ചു.

പ്രേരക്മാർക്ക് ആദരം

ആലപ്പുഴ: സവായന പക്ഷാചരണത്തോടനുബന്ധിച്ച് ആലപ്പുഴ ജില്ല സാക്ഷരത മിഷന്റെ നേതൃത്വത്തിൽ പ്രേരക് സംഗമവും വിരമിച്ച പ്രേരകുമാരെ ആദരിക്കലും ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി ഉദ്ഘാടനം ചെയ്തു. 2017 മുതൽ ജില്ലയിലെ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിന്നും വിരമിച്ച 30 പ്രേരക്മാരെയാണ് ആദരിച്ചത്. ചടങ്ങിൽ ജില്ല പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എം.വി. പ്രിയ അധ്യക്ഷയായി. വൈസ് പ്രസിഡന്റ് എൻ.എസ്. ശിവപ്രസാദ് വിരമിച്ച പ്രേരകുമാർക്ക് ഉപഹാര നൽകി പൊന്നാട അണിയിച്ചു. സെക്രട്ടറി കെ.ആർ. ദേവദാസ്, അംഗം അഞ്ജു എസ്. ഉദയനൻ, എസ്. സുജാത. ബാബു, കൊച്ചുറാണി മാത്യു, എസ്. ലേഖ എന്നിവർ സംസാരിച്ചു.

ആലപ്പുഴ വാർത്തകൾ

പുന്ന പ്ര നർബോന പടിഞ്ഞാറ് കടലിൽ വള്ളം അപകടത്തിൽപ്പെട്ടപ്പോൾ

എഞ്ചിന്റെ പ്രവർത്തനം നിലച്ചു; വള്ളം അപകടത്തിൽപ്പെട്ടു

അമ്പലപ്പുഴ: കരയിൽ നിന്ന് കടലിലേക്ക് ഇറക്കി പോകുന്നതിനിടെ എഞ്ചിന്റെ പ്രവർത്തനം നിലച്ചു വള്ളം കുറ്റൻ തിരയിൽപ്പെട്ടു. തൊഴിലാളികൾ അത്ഭുതകരമായി രക്ഷപ്പെട്ടു. ഇന്നലെ പുലർച്ചെ പുന്ന പ്ര നർബോന പടിഞ്ഞാറ് തീരത്തായിരുന്നു സംഭവം.

കടൽ അൽപ്പം ശാന്തമായതിനെ തുടർന്ന് ഇവിടെ കരയിലിരുന്ന ഒന്നാം വാർഡ് പൂന്തര ശ്ശേരിൽ തങ്കച്ചന്റെ ഇയാൻ എന്ന നീട്ടു വലവള്ളമാണ് കടലിൽ അപകടത്തിൽപ്പെട്ടത്. കരയിൽ നിന്ന് മറ്റുള്ളവരുടെ സഹായത്തോടെ വള്ളം തള്ളി ഇറക്കിയതിനു ശേഷം എൻജിൻ പ്രവർത്തിപ്പിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. ഇതിനിടയിൽ കുറ്റൻ തിരമാലകൾ മാറി മാറി വള്ളത്തിൽ ആഞ്ഞടിച്ചു. കാഴ്ച കണ്ട് ഭയന്ന്കരയിൽ നിന്നവർ കൂകി വിളിച്ചു. ഇതിനിടയിൽ രണ്ടു പേർ വെള്ളത്തിൽ വീണെങ്കിലും വീണ്ടും വള്ളത്തിൽ നീന്തിക്കയറിയതിനാൽ ദുരന്തം ഒഴിവായി. മനോധൈര്യം കൈവിടാതെ തൊഴിലാളികൾ കുറെയധികം തുഴഞ്ഞതിനു ശേഷമാണ് എൻജിൻ പ്രവർത്തിച്ചത്

ജില്ലയിലെ നഗരസഭകൾ സമ്പൂർണ്ണ ശുചിത്വത്തിലേക്ക്

ആലപ്പുഴ: മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ നഗരസഭകളിൽ സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിനുള്ള 2024 25 കർമ്മ പദ്ധതി തയ്യാറാക്കുന്നതിനുള്ള ജില്ലാതല ശില്പശാല ജൂലൈ 4,5 തീയതികളിലായി മാരാരിക്കുളം നോർത്ത് ഗ്രാമപഞ്ചായത്തിൽ നടന്നു.ജില്ല ആസൂത്രണ സമിതി അദ്ധ്യക്ഷ കെ ജി രാജേശ്വരി ശില്പശാല ഉദ്ഘാടനം ചെയ്തു.തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ബിനു ജോൺ,ശുചിത്വ മിഷൻ ജില്ലാ കോഡിനേറ്റർ കെ.ഇ വിനോദ് കുമാർ,മാലിന്യമുക്തം നവകേരളം ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് അംഗങ്ങൾ എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.ജില്ലയിലെ ആറ് മുനിസിപ്പാലിറ്റികളുടെയും സെക്രട്ടറിമാരും ആരോഗ്യ വിഭാഗം ജീവനക്കാരും ശില്പശാലയിൽ പങ്കാളികളായി.ശില്പശാലയിൽ മുനിസിപ്പാലിറ്റികളുടെ മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ കർമ്മ പദ്ധതി തയ്യാറാക്കി.ഹരിത കർമ്മ സേനയുടെ സേവനം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉറപ്പുവരുത്തുക,ഗാർഹികജൈവമാലിന്യ സംസ്കരണം സമ്പൂർണ്ണമായി നടപ്പിലാക്കുക,പൊതുവിടങ്ങളിൽ മാലിന്യ ശേഖരണത്തിനുള്ള ബിന്നുകൾ സ്ഥാപിക്കുകയും സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക, ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുക, പൊതു വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള മാലിന്യ സംസ്കരണ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കർമ്മപദ്ധതി മുന്നോട്ട് വച്ചു.2025 ന് മാർച്ച് 31 നകം ജില്ലയിലെ മുഴുവൻ മുൻസിപ്പാലിറ്റികളെയും സമ്പൂർണ്ണ മാലിന്യ മുക്ത കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്ന ലക്ഷ്യം കർമ്മ പരിപാടി ലക്ഷ്യംവയ്ക്കുന്നു.

ദേശീയ പാതയിലെ നിർമ്മാണം; ഭാരവാഹനങ്ങൾ വഴി തിരിച്ച് വിടുമെന്നത് പ്രഖ്യാപനം നടപ്പായില്ല

അരൂർ :അരൂരിലെ ദേശിയ പാത ഗതാഗത യോഗ്യമല്ലാതായതോടെ പൊട്ടിപൊളിഞ്ഞ റോഡ് പുനർ നിർമ്മാണം ത്വരിതഗതിയിൽ തുടരുകയാണ്. ഭാരവാഹനങ്ങൾ വഴിതിരിച്ച് വിടുമെന്ന പ്രഖ്യാപനം നടപ്പാക്കാത്തത് ഗതാഗതകുരുക്കിന് വഴിവെക്കുന്നു സൗഹൃദംകൂട്ടായ്മ. ഇടക്കൊച്ചി കുമ്പളം ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ കലക്ടറുടെ ഉത്തരവ് പ്രകാരം ഇന്നും നാളെയും അരൂക്കുറ്റി റോഡിലൂടെയാണ് കടത്തിവിടുന്നത്. കുത്തിയതോട്ടിലെസമരത്തോടെയാണ് റോഡ് നിർമ്മാണത്തിന് ആവശ്യകത ഏറിയത്. സൗഹൃദം കൂട്ടായ്മ ആലപ്പുഴ ജില്ലാ കമ്മിറ്റി വോയ്സ് ഓഫ് കുത്തിയതോട്,ചന്തിരൂർ റസിഡൻസ് അസോസിയേഷൻ തുടങ്ങിയ സംഘടനകൾ നിരന്തരം ഗതാഗത പ്രശ്നങ്ങൾ ജില്ലാ ഭരണകൂടത്തിൽ ഉന്നയിച്ചതിനെ തുടർന്നാണ് അധികൃതർ ഉണർന്നത്. ഹൈക്കോടതി കരാർ കമ്പനിയെയും അധികൃതരെയും രൂക്ഷമായി വിമർശിച്ചതോടെ നടപടികൾ വേഗത്തിലായി. 36 പേരുടെ ജീവൻ നഷ്ടപ്പെടാനുള്ള സാഹചര്യങ്ങൾ എല്ലാം കോടതി അന്വേഷിച്ചു വരികയാണ്. ജൂലൈ 8 ന് വീണ്ടും ഇക്കാര്യങ്ങൾ എല്ലാം കോടതി വിണ്ടും വിലയിരുത്തും. കൊച്ചിയിൽ നിന്നും തുറവൂർ, ചേർത്തല, ആലപ്പുഴ എത്താൻ കുണ്ടന്നൂർ വഴിയോ തോപ്പുംപടി വഴിയോ ചെല്ലാനം, കുമ്പളങ്ങി, പള്ളിത്തോട്, ചാവടി , തുറവൂർ വഴി ബ്ലോക്കില്ലാതെ എളുപ്പം എത്താം. കെൽട്രോൺ കുമ്പളങ്ങി കടത്തും.

ആലപ്പുഴ ഗവ.മുഹമ്മദൻസ് എൽ.പി സ്കൂളിൽ സംഘടിപ്പിച്ച ബഷീർ അനുസ്മരണ പരിപാടിയുടെ ഭാഗമായി കുട്ടികളുടെ കഥാപാത്രങ്ങളുടെ അവതരണം

ബഷീർ കൃതികളിലൂടെ സഞ്ചാരം

ആലപ്പുഴ: ഗവ. മുഹമ്മദൻസ് എൽ പി സ്കൂളിലെ സാഹിത്യ ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണ പരിപാടിയുടെ ഭാഗമായി കഥാപാത്രങ്ങളുടെ അവതരണം, ബാല്യകാലസഖിയുടെ കഥാപാത്രങ്ങളെയും കൊണ്ട് കുട്ടികളിൽ കാഴ്ചയുടെ വിസ്മയങ്ങൾ തീർത്തു.

സ്കൂൾ പ്രധാനാധ്യാപകൻ പി.ഡി ജോഷി പരിപാടി ഉദ്ഘാടനം ചെയ്തു.

സാഹിത്യ ക്ലബ് കോർഡിനേറ്റർ കെ.കെ ഉല്ലാസ് അധ്യക്ഷത വഹിച്ച യോഗത്തിൽ അധ്യാപകരായ ലെറ്റീഷ്യ അലക്സ്, മാർട്ടിൻ പ്രിൻസ്, പി.പി ആന്റെണി, കെ.ഒ ബുഷ്റ, രക്ഷിതാക്കൾ പങ്കെടുത്തു.

ആലപ്പുഴ : ലജ്നത്തുൽ മുഹമ്മദിയ്യ എൽ.പി സ്കൂളിൽ വൈക്കം മുഹമ്മദ് ബഷീർ ദിനാചരണം നടന്നു. രക്ഷകർത്താക്കളുടെ പതിപ്പ് നിർമ്മാണം, വിദ്യാർത്ഥികൾ നേതൃത്വം നൽകിയ ബഷീർ കഥാപാത്രങ്ങളുടെ ദൃശ്യാവതരണം, ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു.

പ്രധാനാധ്യാപകൻ അബ്ദുൽ മാഹിൻ റഷീദ് ഉദ്ഘാടനം ചെയ്തു. പി.ടി.എ വൈസ് പ്രസിഡന്റ് നമീത തൻസീം, അധ്യാപകരായ പി.എസ് സുൽഫത്ത്, സജ്ന കാസിം, സഹീറ, മുഹമ്മദ് ശാഫി, സജ്ജാദ് റഹ്മാൻ, അൻസില, ജയലക്ഷ്മി, നസ്നി, നൗസിയ, ആമിന, മുഹ്സിന, സൗജത്ത്, ഷമീന എന്നിവർ നേതൃത്വം നൽകി.

ആര്യാട്:ബേപ്പൂർ സുൽത്താന്റെ വിവിധ കഥാപാത്രങ്ങളിലൂടെയും കഥാസന്ദർഭങ്ങളിലൂടെയും നവ്യാനുഭവങ്ങൾ ലഭ്യമാക്കി ആര്യാട് ഗവ.എച്ച്.എസ്.എൽ.പി സ്കൂളിൽ ബഷീർ ദിനം സംഘടിപ്പിച്ചു.

വൈക്കം മുഹമ്മദ് ബഷീറിന്റെ സമ്പൂർണ കൃതികളുടെയും വിവിധ കഥകളുടെയും പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തി.

കുട്ടികൾ തന്നെ ബഷീറായും പാത്തുമ്മയുമായി അതിഥികളായി എത്തി. ബഷീർ കഥകളുടെ ഡിജിറ്റൽ അവതരണം,ചിത്രീകരണം,കഥാപാത്രങ്ങളെ എഴുതി അവതരിപ്പിക്കൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു.

എസ്.ടി.യു ജില്ലാ കമ്മിറ്റി

ആലപ്പുഴ: എസ്.ടി.യു ജില്ലാ ഭാരവാഹികളുടെയും ഫെഡറേഷൻ ജില്ലാ ഭാരവാഹികളുടെയും നേതാക്കളുടെയും സംയുക്ത യോഗം നാളെ വൈകിട്ട് മൂന്നിന് ആലപ്പുഴ സി.എച്ച് മഹലിൽ ചേരുമെന്ന് ജില്ലാ ജനറൽ സെക്രട്ടറി റഹീം വി.ടി.എച്ച് അറിയിച്ചു.

ഡെങ്കിപ്പനി നിയന്ത്രണ കാമ്പയിൻ

അരൂക്കുറ്റി: ജില്ലയിൽ ഡെങ്കിപ്പനി കേസുകൾ കൂടി വരുന്ന സാഹചര്യത്തിൽ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പാണാവള്ളി ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുവാൻ ഇന്ന് നടന്ന പഞ്ചായത്തുതല യോഗം തീരുമാനിച്ചു.പാണാവള്ളി ഗ്രാമപഞ്ചായത്ത് ഭരണന സമിതിയുമായി ബന്ധപ്പെട്ട് നിലവിലെ സാഹചര്യം ബോധ്യപ്പെടുത്തി ഊർജ്ജിത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ഈ ഡിസിന് ഇടമില്ലഎന്ന പേരിലാണ് ജില്ലയിൽ ആകമാനം ഡെങ്കിപ്പനി പ്രതിരോധ നിയന്ത്രണക്യാമ്പയിൻ നടപ്പിലാക്കുന്നത്.ജൂലൈ 6, 7, 8, 9 , തീയ്യതികളിലായി പ്രവർത്തനങ്ങൾ നടപ്പിലാക്കും. ജൂലൈ 5 വെള്ളിയാഴ്ച പാണാവള്ളി പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ഡ്രൈ ഡേ ആചരണവും, ഡെങ്കിപ്പനി ബോധവത്ക്കരണവും നടത്തി.

കെ പി റോഡിൽ അപകടകരമായ രീതിയിൽ ഓടിച്ച സ്കൂട്ടർ എ.വി.ഡി പിടികൂടിയപ്പോൾ

കെ.പി റോഡിലെ അഭ്യാസപ്രകടനം: നടപടിയുമായി എം.വി.ഡി

മാവേലിക്കര: കെ പി റോഡിൽ കഴിഞ്ഞദിവസം രാത്രിയിൽ അപകടകരമായ രീതിയിൽ സ്കൂട്ടർ ഓടിച്ച് അഭ്യാസപ്രകടനം നടത്തിയ യുവാക്കളെ എം വി ഡി കുടുക്കി. തിരക്കേറിയ സമയത്ത് മറ്റ് റോഡ് യാത്രക്കാർക്ക് ഭീതി ഉണ്ടാക്കുന്ന വിധം സ്കൂട്ടറിൽ മൂന്നു യുവാക്കൾ നടത്തിയ നിയമലംഘനമാണ് പിന്നാലെ വന്ന വാഹനത്തിലെ ക്യാമറയിൽ പതിഞ്ഞതും ആ ദൃശ്യങ്ങൾ മാവേലിക്കര സബ് ആർടിഒ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടതും. വാഹനത്തിന്റെയും അതിൽ സഞ്ചരിച്ചിരുന്ന ആളുകളുടെയും വിവരങ്ങൾ ഉടനടി ശേഖരിക്കുവാൻ മാവേലിക്കര ജോയിൻറ് ആർ.ടി.ഒ അടിയന്തര നിർദേശം നൽകി .തുടർന്ന് അന്വേഷണം ആരംഭിച്ച ഉദ്യോഗസ്ഥർ വാഹനം ഓടിച്ച യുവാവിനെയും കൂടെ യാത്ര ചെയ്ത മറ്റു യുവാക്കളെയും കണ്ടെത്തി. നിയമലംഘനം നടത്തിയ സ്കൂട്ടർ പിടിച്ചെടുക്കുകയും അതിൽ സഞ്ചരിച്ച മൂന്ന് പേരേയും ജോയിൻറ് ആർ.ടി യുടെ മുൻപാകെ ഹാജരാകുകയും ചെയ്തു. ഓഫീസിൽ എത്തിയ യുവാക്കളോട് നടപടികൾക്കായി ലൈസൻസ് ഹാജരാക്കുവാനും രക്ഷകർത്താക്കളെ കൂട്ടി എത്തുവാനും നിർദ്ദേശിച്ചു. നിയമലംഘനം നടത്തി യുവാക്കൾക്ക് മാതൃകാപരമായ കർശന ശിക്ഷ കൊടുക്കുമെന്നും കേന്ദ്ര മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന നിർബന്ധിത സാമൂഹ്യ സേവനത്തിന് ഇവരെ നിയോഗിക്കുമെന്നും മാവേലിക്കര ജോയിൻറ് ആർടിഒ എം ജി മനോജ് അറിയിച്ചു. എ എം വി ഐ മാരായ ഹരികുമാർ, പ്രസന്നകുമാർ, ദിനുപ് എന്നിവർ അടങ്ങിയ സംഘമാണ് വാഹനം കണ്ടെത്തി പിടിച്ചെടുത്തത്.

പുരസ്കാരം

മുഹമ്മ: എ.എക്സ്.ഹെർഷൽ സ്മാരക പുരസ്കാരം രവി പാലത്തിങ്കലിന് നൽകി. ഗാന്ധിയനും എസ് എൽ പുരം ഗാന്ധി സ്മാരക ഗ്രാമസേവാ കേന്ദ്രം പ്രസിഡന്റുമാണ് രവി പാലത്തിങ്കൽ..അദ്ധ്യാപകനും ഗാന്ധിയനും കേരള സർവ്വോദയ മണ്ഡലം സംസ്ഥാന ട്രഷറും അർത്തുങ്കൽ തീരദേശ വനിതാ സമാജത്തിന്റെ സ്ഥാപകനുമായിരുന്ന എ. എക്സ്. ഹെർഷലിന്റെ സ്മരണയ്ക്കായി ആണ് പുരസ്ക്കാരം നൽകുന്നത്. അദ്ദേഹത്തിന്റെ നാലാം ചരമ വാർഷികത്തോടനുബന്ധിച്ചാണ് കേരള സർവ്വോദയ മണ്ഡലം ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പുരസ്ക്കാര സമർപ്പണം നടത്തിയത്. അനുസ്മരണ സമ്മേളനം ഗാന രചിതവ് വയലാർ ശരത് ചന്ദ്ര വർമ്മ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് എം. ഇ. ഉത്തമകുറുപ്പ് അധ്യക്ഷതവഹിച്ചു, അഡ്വ. പി.പി. ബൈജു, എച്ച്. സുധീർ, എം. ഡി. സലിം,രാജു പള്ളിപ്പറമ്പിൽ, പി. എസ്. മനു, ജോസഫ് മാരാരിക്കുളം, ആശ കൃഷ്ണാലയം, പി. എ. കുഞ്ഞുമോൻ, ബി. ആർ. കൈമൾ കരുമാടി,ബേബി പാറേക്കാടൻ, വിജയകുമാർ കലവൂർ, അരുൺ കുമാർ, ചന്ദ്ര ബാനു, കൃഷ്ണൻ കുട്ടി, മേബിൾ ജോൺ കുട്ടി പ്രസംഗിച്ചു.

മാന്നാർ കൊലപാതകം:

തെളിവെടുപ്പ് ഇന്നലെയും നടന്നില്ല

പ്രതികളെ വിവിധയിടങ്ങളിലാക്കി ചോദ്യം ചെയ്തു

മാന്നാർ: നാടിനെ നടുക്കിയ മാന്നാർ കൊലപാതകത്തിൽ പൊലീസ് കസ്റ്റഡിയിലുള്ള പ്രതികളുമായുള്ള തെളിവെടുപ്പ് ഇന്നലെയും നടന്നില്ല. 15 വർഷം മുമ്പ് ചെന്നിത്തല ഇരമത്തൂർ പായിക്കാട്ട് മീനത്തേതിൽ കലയെ കൊന്നു സെപ്റ്റിക് ടാങ്കിൽ കുഴിച്ചുമൂടിയ സംഭവവുമായി ബന്ധപ്പെട്ട് പോലീസ്കസ്റ്റഡിയിൽ ഉള്ള പ്രതികളെ വിവിധയിടങ്ങളിലാക്കി ചോദ്യം ചെയ്യലാണ് ഇന്നലെയും തുടരുന്നത്. ബുധനാഴ്ച കോടതിയിൽ നിന്നും ആറു ദിവസത്തേക്ക് കസ്റ്റഡിയിൽ വാങ്ങി മാന്നാർ പൊലീസ് സ്റ്റേഷനിൽ എത്തിച്ച രണ്ടും മൂന്നും നാലും പ്രതികളായ ചെന്നിത്തല ഇരമത്തൂർ കണ്ണമ്പള്ളിൽ ജിനുഗോപി (48), കണ്ണമ്പള്ളിൽ സോമരാജൻ (55), കണ്ണമ്പള്ളിൽ പ്രമോദ് (45) എന്നിവരെ വ്യാഴാഴ്ച മുഴുവൻ ചോദ്യം ചെയ്തെങ്കിലും കൂടുതൽ വിവരങ്ങൾ പൊലീസിന് ലഭിക്കുകയുണ്ടായില്ല. രാത്രിയോടെ രണ്ടും നാലും പ്രതികളായ ജിനു ഗോപി, പ്രമോദ് എന്നിവരെ രണ്ടിടങ്ങളിലേക്ക് പൊലീസ് മാറ്റിപ്പാർപ്പിച്ചു. മൂന്നാം പ്രതി സോമരാജൻ മാത്രമാണ് മാന്നാർ പൊലീസ് സ്റ്റേഷനിലുള്ളത്. മൂന്ന് പേരെയും മൂന്നിടങ്ങളിലാക്കി ഒറ്റക്ക് ഇരുത്തി വിവരങ്ങൾ ചോദിച്ചറിയാനായിട്ടാണ് ഇങ്ങനെ മാറ്റിയതെന്നാണ് സൂചന. അതോടൊപ്പം പ്രതികളുടെ കുടുംബാംഗങ്ങളെയും ബന്ധുക്കളെയും സ്റ്റേഷനിൽ വിളിച്ചു വരുത്തി ചോദ്യം ചെയ്തു. കൊല്ലപ്പെട്ട കലയുടെ സഹോദരങ്ങളായ ഓട്ടോറിക്ഷാ തൊഴിലാളി അനിൽകുമാറെന്ന കവികുമാർ, ഭിന്നശേഷിക്കാരനായ കലാധരൻ എന്നിവരെയും കഴിഞ്ഞ ദിവസം വീണ്ടും മാന്നാർ സ്റ്റേഷനിൽ വിളിച്ചു വരുത്തിയിരുന്നു.എന്നാൽ ഒന്നാം പ്രതിയായ അനിലുമായി വർഷങ്ങൾക്ക് മുമ്പ് മുതൽ തന്നെ അടുത്ത ബന്ധമുള്ള സുഹൃത്തുക്കളെയും പോലീസ് അന്വേഷിക്കുന്നതായാണ് വിവരം. ഇതിൽ ചിലരെ മാന്നാർ പോലീസ് സ്റ്റേഷനിൽ വരുത്തി ചോദ്യം ചെയ്തു. പ്രതിയായ അനിലിന്റെ ക്രിമിനൽ പശ്ചാത്തലവും പോലീസ് അന്വേഷിക്കുന്നുണ്ട്. സംഭവം നടന്ന 2009 ൽ അനിലിന്റെ സുഹൃത്തുക്കൾ, അടുത്ത് ബന്ധമുണ്ടായിരുന്ന ആളുകൾ എന്നിവരുടെ പട്ടിക പോലീസ് തയ്യാറാക്കുകയും അതിൽ ചിലരെയൊക്കെ സ്റ്റേഷനിൽ വരുത്തി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. അനിൽ കുമാറിനെ ചോദ്യം ചെയ്താൽ മാത്രമേ വ്യക്തമായ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ എന്നതിനാൽ ഇസ്രയേലിലുള്ള അയാളെ നാട്ടിൽ എത്തിക്കുന്നതിനുള്ള കൂടുതൽ ശ്രമങ്ങൾ പൊലീസ് നടത്തുന്നുണ്ട്. ഇതര സമുദായത്തിൽപ്പെട്ട അയൽവാസികളായ കലയും അനിലും ഇഷ്ടത്തിലായിരുന്നു. എന്നാൽ ഇവരുടെ ഈ ബന്ധത്തെ അനിലിന്റെ വീട്ടുകാർ എതിർത്തിരുന്നു. കെട്ടിട നിർമാണ കോൺട്രാക്ടർ ആയിരുന്ന അനിൽ കലയും കൂട്ടി മറ്റൊരു വീട്ടിലേക്ക് വാടകയ്ക്ക് താമസം മാറ്റി. നിർമാണ മേഖലയിലെ കടബാധ്യത തീർക്കാൻ അനിൽ വിദേശത്തേക്ക് പോയി. ഈ കാലയളവിൽ കല മറ്റൊരു പുരുഷനുമായി ഇഷ്ടത്തിലായി ഇയാളോടൊപ്പം ജീവിക്കാനും തയ്യാറായി. ഈ സംഭവം അനിൽ അറിയുകയും നാട്ടിലെത്തിയ ശേഷം കലയെ അനിൽ കൊലപ്പെടുത്തി എന്നാണ് കേസ്.

ജില്ല പഞ്ചായത്തിന്റെ ആവണിപ്പാടം കൃഷി പദ്ധതിയുടെ ജില്ലാതല വിത ഉത്സവ ഉദ്ഘാടനം പ്രസിഡന്റ് കെ. ജി. രാജേശ്വരി നിർവഹിക്കുന്നു

ആവണിപ്പാടം: ജില്ലാതല വിതഉത്സവം

ആലപ്പുഴ: ജില്ല പഞ്ചായത്തിന്റെ ആവണിപ്പാടം കൃഷി പദ്ധതിയുടെ ജില്ലാതല വിത ഉത്സവ ഉദ്ഘാടനം ചേർത്തല തെക്ക് പഞ്ചായത്തിലെ തീരുവിഴേശൻ കൃഷിക്കൂട്ടത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജി. രാജേശ്വരി നിർവഹിച്ചു. ജില്ലയെ പച്ചക്കറി സ്വയം പര്യാപ്തമാക്കുക, വിഷരഹിത പച്ചക്കറി ഓണത്തിന് ലഭ്യമാക്കുക, പച്ചക്കറിയുടെ വില നിയന്ത്രിക്കുക, പൂകൃഷിയിലൂടെ ഓണം കളറാക്കുക എന്ന ലക്ഷ്യത്തോടെയാണ് ആവണിപ്പാടം പദ്ധതി നടപ്പിലാക്കുന്നത്. 25 സെന്റ് മുതൽ ഒരു ഹെക്ടർ വരെ സ്ഥലത്തു പച്ചക്കറി, പൂകൃഷി, വാഴ, കിഴങ്ങു വർഗങ്ങൾ, ചെറു ധാന്യങ്ങൾ, നിലക്കടല, മറ്റു കൃഷികൾ ചെയ്യുന്ന കർഷക, ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് 10,000 രൂപ മുതൽ 27,000 രൂപ വരെ സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുന്നതാണ് 10 ലക്ഷം അടങ്കൽതുകയുള്ള പദ്ധതി. തിരുവിഴേശൻ കൃഷിക്കൂട്ടം മൂന്ന് ഏക്കർ പൂകൃഷിയും 14 ഏക്കർ പച്ചക്കറി കൃഷിയുമാണ് ചെയ്യുന്നത്. ജ്യോതിഷ്, അനിലാൽ എന്നിവരുടെ കൃഷി കൂട്ടമാണ് ഇതിന് നേതൃത്വം നൽകുന്നത്. ജില്ല പഞ്ചായത്തിലെ 23 ഡിവിഷനിലും പദ്ധതി നടത്താൻ അവസരം ഉണ്ട്. ഇതിനായി അതാതു കൃഷി ഭവനിൽ ജൂലൈ 15നു മുൻപായി ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്യണം.ചടങ്ങിൽ ജില്ല പഞ്ചായത്ത് വികസന സ്ഥിരം സമിതി അധ്യക്ഷ ബിനു ഐസക്ക് രാജു അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് എൻ.എസ്. ശിവപ്രസാദ്, കഞ്ഞിക്കുഴി ബ്ലോക്ക് പ്രസിഡന്റ് വി.ജി. മോഹനൻ, ജില്ല പഞ്ചായത്ത് അംഗങ്ങളായ ആർ. റിയാസ്, വി. ഉത്തമൻ, പി.എസ്. ഷാജി, ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സിനിമോൾ സാംസൺ, വൈസ് പ്രസിഡന്റ് നിബു എസ്. പത്മം, സ്ഥിരം സമിതി അധ്യക്ഷരായ ഒ.പി അജിത, തോമസ് ഏരശേരി, ജയറാണി ജീവൻ, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തംഗം രജനി ദാസപ്പൻ, ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് അംഗം ബെൻസിലാൽ, കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറന്മാരായ എൽ.പ്രീത, സുജ ഈപ്പൻ, കൃഷി അസിസ്റ്റന്റ് സുനിൽ കുമാർ, ബി. സലിം കൃഷിക്കൂട്ട അംഗങ്ങളായ ജ്യോതിഷ് മറ്റത്തിൽ, അനിലാൽ , ശരണ്യ എസ്. നായർ, ജേക്കബ് തറയിൽ, ബോബൻ കാട്ടശ്ശേരി, ദുർഗാദാസ്, മോഹനൻ, ഇലഞ്ഞിയിൽ രാധാകൃഷ്ണൻ സംസാരിച്ചു.

അനുസ്മരണം

കായ

കെ.പി.സി.സിയിൽ പുഷ്പാർച്ച നടത്തി

തിരുവനന്തപുരം: മുൻ മുഖ്യമന്ത്രി കെ.കരുണാകരന്റെ 106 -ാം ജന്മദിനത്തോട് അനുബന്ധിച്ച് കെ.പി.സി.സി ആസ്ഥാനത്ത് പുഷ്പാർച്ചന നടത്തി. കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ എം.പി, കെ.പി.സി.സി വൈസ് പ്രസിഡന്റ് എൻ.ശക്തൻ, കെ.പി.സി.സി ജനറൽ സെക്രട്ടറിമാരായ ടി.യു.രാധാകൃഷ്ണൻ, ജി.എസ്.ബാബു, ജി.സുബോധൻ, മരിയാപുരം ശ്രീകുമാർ, കെ.പി ശ്രീകുമാർ, മുൻമന്ത്രിമാരായ വി.എസ്. ശിവകുമാർ, പന്തളം സുധാകരൻ, നേതാക്കളായ എം.ലിജു, ചെറിയാൻ ഫിലിപ്പ്, ജോസഫ് വാഴക്കൻ, വർക്കല കഹാർ, കെ.പി കുഞ്ഞികണ്ണൻ, ശരത്ചന്ദ്രപ്രസാദ്, മണക്കാട് സുരേഷ്, കെ.മോഹൻകുമാർ, ഇബ്രാഹിംകുട്ടി കല്ലാർ, ആർ.വി.രാജേഷ്,തുടങ്ങിയവർ പങ്കെടുത്തു.

ജലക്ഷാമം പരിഹരിക്കണം: കമ്മീഷൻ

തിരുവനന്തപുരം: എം.സി.റോഡ് ബൈപാസിൽ ചന്തവിള യു.പി.സ്കൂളിന് എതിർവശത്ത് കുഴിക്കോട്ടുകോണം ത്രിജ്യോതിപുരം റോഡിന് ഇരുവശത്തും താമസിക്കുന്നവർ അനുഭവിക്കുന്ന രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിന് നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.ജലഅതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജുനാഥ് ആവശ്യപ്പെട്ടു.

ടെക്നോപാർക്കിനും കിൻഫ്രാ പാർക്കിനും സമീപമുള്ള സ്ഥലമാണെങ്കിലും കുടിവെള്ളമില്ല. നിലവിലുള്ള കിണറുകളിൽ ഇകോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടതിനാൽ ഉപയോഗയോഗ്യമല്ല.

കുഴിച്ചിട്ട 26 കിലോ കഞ്ചാവ് കണ്ടെത്തി

പള്ളിച്ചൽ : കോഴിപ്പുരയിൽ കുഴിച്ചിട്ട നിലയിൽ 26 കിലോഗ്രാം കഞ്ചാവ് കണ്ടെത്തി. നടുവമൂട് പോലീസ് സ്റ്റേഷൻ പരിധിയിൽ പള്ളിച്ചൽ പാരൂർകുഴി തെങ്കാരത്തല വീട്ടിൽ മുളക്പൊടി ഷിബു എന്ന ഷിബു (47) വിന്റെ വീട്ടിലെ കോഴികളെ വളർത്തുന്ന ഷെഡിലാണ് രണ്ട് കിലോ വീതം കഞ്ചാവ് നിറച്ച് 13 പൊതികൾ കുഴിച്ചിട്ടിരുന്നത്.

വ്യാഴാഴ്ച വൈകുന്നേരം ആണ് ഇവിടെ പൊലിസ് പരിശോധന നടത്തിയത്.പ്രതി മുൻപും അബ്കാരി കേസുകൾ ഉൾപടെ സമാനമായ കുറ്റകൃത്യം ചെയ്തിട്ടുള്ളതാണ് എന്ന് പൊലിസ് പറഞ്ഞു.പതിയെ കോടതിയിൽ ഹാജരാക്കും.

തിരുവനന്തപുരം വാർത്തകൾ

മുഹറം മാസപ്പിറവി അറിയിക്കണം

തിരുവനന്തപുരം. ശനിയാഴ്ച ദുൽഹജ്ജ് 29 ആയതിനാൽ സൂര്യാസ്തമയത്തോടെ മുഹറം മാസപ്പിറവി കാണുന്നവർ 9447304327, 9447655270, 9745682586 എന്നീ നമ്പരുകളിൽ അറിയിക്കണമെന്ന് തിരുവനന്തപുരം വലിയ ഖാസി ചന്തിരൂർ വി.എം അബ്ദുല്ലാ മൗലവി, നായിബ് ഖാസിമാരായ കെ.കെ സുലൈമാൻ മൗലവി, എ.ആബിദ് മൗലവി എന്നിവർ അറിയിച്ചു.

93878 02306, 90372 44228.നമ്പറുകളിൽ അറിയിക്കണമെന്ന് തിരുവനന്തപുരം മണക്കാട് വലിയപള്ളി മുസ്ലിം ജമാഅത്ത് ചീഫ് ഇമാം അൽ ഹാഫിസ് ഇ.പി അബ്ബൂബക്കർ അൽ ഖാസിമിയും അറിയിച്ചു.

എം.ഡി.എം.എയും കഞ്ചാവും: മൂന്ന് പേർ പിടിയിൽ

തിരുവനന്തപുരം: ബാംഗ്ലൂരിൽ നിന്ന് എം.ഡി.എം.എയും കഞ്ചാവും കടത്തിയ മൂന്ന് യുവാക്കളെ സിറ്റി സാഗോക്ക് ടീമും, കഴക്കൂട്ടം പോലീസും ചേർന്ന് അറസ്റ്റ് ചെയ്തു. കരമന, മേലാറന്നൂർ, മീന ഭവനിൽ വിമൽ രാജ് , പൂജപ്പുര, നള്ളത്തു റോഡിൽ അർജുൻ, നെടുമങ്ങാട്,ആര്യനാട്, പള്ളിവേട്ട, നടുവിളയിൽ ഫത്താഹുൾ മുഹമ്മിൻ എന്നിവരെയാണ് പിടികൂടിയത്. ബാംഗ്ലൂരിൽ നിന്നും ബസ് മാർഗ്ഗം 144 ഗ്രാം എം.ഡി.എം.എയും, 1 കിലോ 400 ഗ്രാം കഞ്ചാവുമായി എത്തിയ യുവാക്കളെ കഴക്കൂട്ടത്ത് വെച്ചാണ് പിടികൂടുന്നത്. ബാഗിനുള്ളിൽ സൂക്ഷിച്ചിരുന്ന ഷൂസിനടിയിൽ ഒളിപ്പിച്ചാണ് ഇവർ ബാഗ്ലൂരിൽ നിന്ന് എം.ഡി.എം.എ കടത്തിക്കൊണ്ടു വന്നത്.മറ്റൊരു ബാഗിൽ രഹസ്യമായി ഒളിപ്പിച്ച നിലയിലാണ് കഞ്ചാവ് കണ്ടെടുത്തത്. നഗരത്തിലെ ചെറുകിട ലഹരി മരുന്ന് കച്ചവടക്കാരെ കഴിഞ്ഞ ദിവസങ്ങളിൽ സിറ്റി സാഗോക്ക് ടീം പിടികൂടിയിരുന്നു. ഇവരിൽനിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ. ലഹരി വില്പനക്കാരെ കേന്ദ്രീകരിച്ച് ദിവസങ്ങളായി നടത്തിയ നിരീക്ഷണത്തിനൊടുവിലാണ് ടി മൂവർ സംഘം പിടിയിലായത്.

അർജുൻ വിമൽ രാജ് ഫത്താഹുൾ മുഹമ്മിൻ

ഓട്ടോറിക്ഷ മറിഞ്ഞു

കല്ലറ :കല്ലറയിലേക്ക് പോവുകയായിരുന്ന ഓട്ടോറിക്ഷ പിക്കപ്പ് വാൻ തട്ടി ഓടയിലേക്ക് മറിഞ്ഞു. തുമ്പോട് ക്ഷേത്രത്തിന് സമീപം വെച്ചാണ് അപകടം. ഓട്ടോറിക്ഷയിൽ യാത്ര ചെയ്തിരുന്ന വലിയവയൽ സ്വദേശിനി അൻസിക്ക് നിസ്സാര പരിക്കേറ്റു. കല്ലറ ഗവൺമെന്റ് ആശുപത്രിയിൽ പ്രാഥമികചികിത്സ നൽകി വിട്ടയച്ചു.

നന്മ സർഗ്ഗോത്സവം നാളെ

തിരുവനന്തപുരം: മലയാള കലാകാരന്മാരുടെ ദേശീയ സംഘടനയായ നന്മ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ സംസ്ഥാന തല കലാ മത്സരം നാളെ രാവിലെ 8 മുതൽ തിരുവനന്തപുരം മിഷൻ സ്കൂളിൽ നടക്കും.

ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയും തിരക്കഥാകൃത്തും സംവിധായകനുമായ ഡോ.പ്രമോദ് പയ്യന്നൂർ ഉദ്ഘാടനവും, സംഘാടക സമിതി ചെയർമാൻ കാര്യവട്ടം ശ്രീകണ്ഠൻ നായർ അധ്യക്ഷനുമാക്കുന്ന പരിപാടിയിൽ നന്മ സംസ്ഥാന വൈസ് പ്രസിഡന്റ് അയിലം ഉണ്ണികൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും.

വൈകിട്ട് 5 ന് നടക്കുന്ന സമാപന സമ്മേളനം ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ പ്രേംകുമാർ ഉദ്ഘാടനംനിർവഹിക്കും.

കുവൈറ്റ് തീപിടുത്തം : ധനസഹായം കൈമാറി

നെടുമങ്ങാട് :കുവൈറ്റിലെ തൊഴിലാളികളുടെ താമസകേന്ദ്രത്തിലുണ്ടായ തീപിടുത്തത്തിൽ മരിച്ച നെടുമങ്ങാട് പുവത്തൂർ സ്വദേശി അരുൺ ബാബുവിന്റെ കുടുംബത്തിനുള്ള സർക്കാർ ധനസഹായം മന്ത്രി ജി.ആർ അനിൽ കൈമാറി.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഞ്ച് ലക്ഷം രൂപയും നോർക്ക ധനസഹായമായ ഒൻപത് ലക്ഷം രൂപയും ഉൾപ്പെടെ പതിനാല് ലക്ഷം രൂപയുടെ ചെക്കാണ് അരുൺ ബാബുവിന്റെ ഭാര്യ വിനിതയ്ക്ക് നൽകിയത്.

എം.എ യൂസഫലി അഞ്ച് ലക്ഷം രൂപയും പ്രമുഖ വ്യവസായിയും നോർക്ക ഡയറക്ടറുമായ രവി പിള്ള രണ്ട് ലക്ഷം രൂപയും ലോകകേരള സഭാംഗവും ഫൊക്കാന പ്രസിഡന്റുമായ ബാബു സ്റ്റീഫൻ രണ്ട് ലക്ഷം രൂപയുമാണ് നോർക്ക മുഖേന ധനസഹായമായി നൽകിയത്.

നബീസ ഉമ്മാൾ അനുസ്മരണം

നെടുമങ്ങാട്: പ്രമുഖ വിദ്യാഭ്യാസ വിദഗ്ധയും, മുൻ നിയമസഭാ അംഗവുമായ പ്രൊഫസർ നബീസ ഉമ്മാളിന്റെ ചരമവാർഷികത്തോട് അനുബന്ധിച്ച് നെടുമങ്ങാട് സൗഹൃദ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ പത്താം കല്ലിൽ സംഘടിപ്പിച്ച വാർഷികഅനുസ്മരണ സമ്മേളനം മുൻ നഗരസഭ ചെയർമാൻ കെ സോമശേഖരൻ നായർ ഉദ്ഘാടനം ചെയ്തു. നെടുമങ്ങാട് സൗഹൃദ കൂട്ടായ്മ പ്രസിഡന്റ് പുലിപ്പാറ യൂസഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ നെടുമങ്ങാട് ശ്രീകുമാർ, കെ.പി ദുര്യോധനൻ,ഡോ: മുരളീധരൻ നായർ, മുഹമ്മദ് ഇല്യാസ് പത്താംകല്ല്, പനവൂർ ഹസ്സൻ,പഴവിള ജലീൽ, ബൈജു ശ്രീധർ, വഞ്ചുവം ഷറഫ്, ശശി ആറ്റിങ്ങൽ, സ്റ്റാൻലി ജോൺ, രവീന്ദ്രൻ, പാർത്ഥൻ, ശശിധരൻ പിള്ള തുടങ്ങിയവർ സംസാരിച്ചു.

നബീസ ഉമ്മാൾ അനുസ്മരണസമ്മേളനം മുൻ നഗരസഭ ചെയർമാൻ കെ സോമശേഖരൻ നായർ ഉദ്ഘാടനം ചെയ്യുന്നു

മുതലപ്പൊഴി: അനിശ്ചിതകാല നിരാഹാരസമരം അവസാനിപ്പിച്ചു

ആറ്റിങ്ങൽ:മുതലപ്പൊഴിയിലെ അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ മൂലം മരണമടഞ്ഞ 73 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുക, മുതലപ്പൊഴിയെ മരണപ്പൊഴിയാക്കുന്ന അവസ്ഥക്ക് ശാശ്വത പരിഹാരം കാണുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കോൺഗ്രസ് മുതലപ്പൊഴിയിൽ ജൂൺ 2 മുതൽ സംഘടിപ്പിച്ച അനിശ്ചിതകാല നിരാഹാര സമരം അവസാനിപ്പിച്ചു. നിരാഹാരം അനുഷ്ഠിച്ച് നില വഷളായ ഡി.ഡി.സി ജനറൽ സെക്രട്ടറി അഡ്വ. എസ് കൃഷ്ണകുമാറിനെ പോലീസ് ബലാൽക്കാരമായി അറസ്റ്റ് ചെയ്ത് ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും അദ്ദേഹം ആശുപത്രിയിലും നിരാഹാര സമരം തുടരുകയായിരുന്നു. പാർട്ടി നേതൃത്വത്തിന്റെ നിർദ്ദേശത്തെത്തുടർന്ന് മുതലപ്പൊഴിയിലെ മത്സ്യത്തൊഴിലാളിയായ ഷൈല നൽകിയ നാരങ്ങാനീര് കുടിച്ച് കൊണ്ടാണ് അദ്ദേഹം നിരാഹാര സമരം അവസാനിപ്പിച്ചത്. കെ.പി.സി.സി രാഷ്ട്രീയകാര്യ സമിതി അംഗം അഡ്വ. ബിന്ദു കൃഷ്ണ, ഡി.ഡി.സി ജനറൽ സെക്രട്ടറി കെ.എസ് അജിത്ത് കുമാർ, മണ്ഡലം കമ്മിറ്റി പ്രസിഡന്റുമാരായ മോനി ശാർക്കര, എച്ച്.പി. ഹാരിസൺ, എ.ആർ നിസാർ, കെ.രഘുനാഥൻ, കെ. ഓമന, സജിത്ത് മുട്ടപ്പലം, പുതുക്കരി പ്രസന്നൻ, മാടൻവിള നൗഷാദ്, എസ്. വസന്തകുമാരി, നൗഷാദ് ഓ.ഐ. സി.സി, ഷഹീർ പെരുമാതുറ, അസീം ഖാൻ എന്നിവരും സന്നിഹതരായിരുന്നു.

ഡി.ഡി.സി ജനറൽ സെക്രട്ടറി അഡ്വ. എസ് കൃഷ്ണകുമാർ മത്സ്യത്തൊഴിലാളിയായ ഷൈല നൽകിയ നാരങ്ങാനീര് കുടിച്ച്നിരാഹാര സമരം അവസാനിപ്പിക്കുന്നു

നിംസ് മെഡിസിറ്റിയിൽ നടന്ന ഗോപിനാഥൻ നായർ അനുസ്മരണം ജസ്റ്റിസ് ഹരിഹരൻ നായർ ഉദ്ഘാടനം ചെയ്യുന്നു. നിംസ് മെഡിസിറ്റി എം.ഡി എം.എസ് ഫൈസൽ ഖാൻ, കേരള ഗാന്ധി സ്മാരക നിധി ചെയർമാൻ ഡോ. എൻ രാധാകൃഷ്ണൻ തുടങ്ങിയവർ സമീപം

നിംസിൽ ഗോപിനാഥൻ നായരെ അനുസ്മരിച്ചു

തിരുവനന്തപുരം:നിംസ് മെഡിസിറ്റിയിൽ ഗോപിനാഥൻ നായർ അനുസ്മരണം നടന്നു. ഗാന്ധിയൻ പത്മശ്രീ പി.ഗോപിനാഥൻ നായർ രണ്ടാം ചരമവാർഷികത്തോടനുബന്ധിച്ച് നിംസ് മെഡിസിറ്റിയിൽ സംഘടിപ്പിച്ച അനുസ്മരണം ജസ്റ്റിസ് ഹരിഹരൻ നായർ ഉദ്ഘാടനം ചെയ്തു.നിംസ് മെഡിസിറ്റി എം.ഡി എം.എസ് ഫൈസൽ ഖാൻ അധ്യക്ഷത വഹിച്ചു.

കേരള ഗാന്ധി സ്മാരക നിധി ചെയർമാൻ ഡോ. എൻ രാധാകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. നെയ്യാറ്റിൻകര നഗരസഭ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർമാൻ ജോസ്ഫ്രാങ്ക്ളിൻ, കുടുംബശ്രീ ജില്ലാ മിഷൻ പ്രോഗ്രാം മാനേജർ ഷഹാന ഫാത്തിമ,എ ലൈവ് ഡയറക്ടർ രേഖ. ടി.കെ, ഹാപ്പി ഹോം ഡയറക്ടർ വി.കെ.എൻ പണിക്കർ,പോലീസ് അസോസിയേഷൻ നെയ്യാറ്റിൻകര താലൂക്ക് പ്രസിഡന്റ് പുഷ്കരൻ, നിംസ് മെഡിസിറ്റി ജനറൽ മാനേജർ ഡോ. കെ എ സജു,സീനിയർ സിറ്റിസൺ ഫോറം ജില്ലാ സെക്രട്ടറി രാജ്കുമാർ, മണലൂർ ശിവപ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.

ഗോപിനാഥൻ നായർ ഏറെ നാൾ ചികിത്സയിൽ കഴിഞ്ഞിരുന്ന നിംസ് മെഡിസിറ്റിയിലെ എ.ജി ബ്ലോക്കിലെ 511 ാംമുറി അദ്ദേഹത്തിന്റെ പേര് നൽകും. പ്രവർത്തന മേഖലകളിലെ വിവിധ ചിത്രങ്ങൾ തുറന്ന ലൈബ്രറി എന്നിവ ഈ മുറിക്ക് സമീപം തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ കുടുംബശ്രീ വഴി നടപ്പാക്കുന്ന കെ ഫോർ കെയർ പദ്ധതിയുടെ ഭാഗമായി നിംസിൽ പരിശീലനം പൂർത്തിയാക്കിയ ആദ്യ ബാച്ചുകാർക്കുള്ള സർട്ടിഫിക്കറ്റും ചടങ്ങിൽ വിതരണം ചെയ്തു.

കെ.എസ്.ആർ.ടി.സി ബസിൽ നിന്ന് തെറിച്ച് വീണ് പ്ലസ് ടു വിദ്യാർത്ഥിക്ക് പരിക്കേറ്റു

കാട്ടാക്കട: കാട്ടാക്കടയിൽ ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി ബസിൽ നിന്ന് പ്ലസ് ടു തെറിച്ചുവീണ് വിദ്യാർത്ഥിക്ക് പരിക്കേറ്റു. ഇന്നലെ രാവിലെ 8:35 ആണ് സംഭവം.

തിരുമല എ.എം.എച്ച്. സ്കൂളിലെ പ്ലസ് ടു വിദ്യാർഥിയും അന്തിയൂർക്കോണം സൗപർണികയിൽ സതീഷ് കുമാർ-ഇന്ദു ദമ്പതികളുടെ മകനുമായ സന്ദീപിനാണ് പരിക്കേറ്റത്.സന്ദീപിന്റെ കൈവിരലുകൾക്കും, ഇടുപ്പിനും, ഇടതുകൈയ്ക്കും, കാൽമുട്ടിനും പരിക്കുണ്ട്.

പൊട്ടൻകാവ് സ്റ്റോപ്പിൽ നിന്നും സ്കൂളിലേക്ക് പോകാനായാണ് സന്ദീപ് വെള്ളറട ഡിപ്പോയിൽ നിന്നും വന്ന ബസിൽ കയറിയത്. അമിത വേഗതയിൽ പോയ ബസ് അന്തിയൂർ കോണം പാലത്തിനടുത്ത് ഗട്ടറിൽ പതിക്കുകയും ഡോർ തുറന്നു സന്ദീപ് റോഡിലേക്ക് തെറിച്ചു വീഴുകയുമായിരുന്നു. ഡോർ അടയുകയും ചെയ്തു. എന്നാൽ സന്ദീപ് തെറിച്ചു വീണത് കണ്ട് യാത്രക്കാർ ബഹളം വച്ചിട്ടും ബസ് 750 മീറ്ററിലധികം പോയി അടുത്ത സ്റ്റോപ്പിലാണ് നിർത്തിയത്.

കെ.എസ്.ആർ.ടി.സി ബസിൽ നിന്ന് തെറിച്ചുവീണ് പരിക്കേറ്റ സന്ദീപ്

അപകടം കണ്ടു പിന്നാലെ എത്തിയ ബൈക്ക് യാത്രികർ കൂടി ഇടപെട്ടതിനാലാണ് ബസ് നിർത്തിയത്. തുടർന്ന് നാട്ടുകാരും യാത്രക്കാരിൽ ചിലരും ചേർന്ന് വീണ് കിടന്ന സന്ദീപിനെ സന്ദീപിന്റെ വീടിലെത്തിക്കുകയും പിന്നീട് ആശുപത്രിയിൽ എത്തിക്കുകയുമായിരുന്നു. ബസ് ഡ്രൈവർ, കണ്ടക്ടർ എന്നിവരുടെ അശ്രദ്ധ മൂലമാണ് അപകടം ഉണ്ടായതെന്ന് ചൂണ്ടിക്കാട്ടി സന്ദീപിന്റെ പിതാവ് സതീഷ് കുമാർ മലയിൻകീഴ് പോലീസിൽ പരാതി നൽകി.

കാട്ടാക്കട മേഖലയിൽ ഏറ്റവും കൂടുതൽ അപകടം ഉണ്ടാക്കുന്നത് വെള്ളറട ഡിപ്പോയിലെ ബസ്സുകളാണെന്ന് പരാതിയുണ്ട്. അമിതവേഗതയും അശ്രദ്ധയിലുമാണ് ഇവിടുത്തെ ജീവനക്കാരുടെ ഡ്രൈവിംഗ്.

പൊട്ടൻകാവ് മുതൽ അന്തിയൂർക്കോണം വരെയുള്ള പ്രദേശം നിരന്തരം അപകടം നടക്കുന്ന മേഖലയാണ്. കഴിഞ്ഞ ദിവസം കാർ ഇടിച്ചിട്ട് റോഡിൽ വീണ ബൈക്കിന് മുകളിലേക്ക് മിനി ലോറി ഇടിച്ചു കയറി യാത്രികന് പരിക്കേറ്റിരുന്നു.

ഭരതന്നൂർ ഗവ.എച്ച്.എസ്.എസിൽ സംഘടിപ്പിച്ച വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണവും വിദ്യാരംഗം സാഹിത്യ ക്ലബ്ബിന്റെ ഉദ്ഘാടനവും ജോർജ് ഓണക്കൂർ നിർവഹിക്കുന്നു.

ബഷീർ വലിയ ദാർശനികൻ: ഓണക്കൂർ

വെഞ്ഞാറമൂട്: മലയാളം കണ്ട എക്കാലത്തെയും വലിയ ദാർശനികനും എഴുത്തുകാരനും ആണ് വൈക്കം മുഹമ്മദ് ബഷിറെന്ന് നോവലിസ്റ്റ് ജോർജ് ഓണക്കൂർ. ഭരതന്നൂർ ഗവ.എച്ച്.എസ്. എസിൽ സംഘടിപ്പിച്ച വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണവും വിദ്യാരംഗംസാഹിത്യ ക്ലബ്ബിന്റെ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം. പി.റ്റി.എ പ്രസിഡന്റ് വി.എസ്.സുബി അദ്ധ്യക്ഷനായി.മലയാളം മിഷൻ രജിസ്ട്രാർ വിനോദ് വൈശാഖി, കവിയും സംഗീത നാടക അക്കാഡമി അവാർഡ് ജേതാവുമായ. വിഭു പിരപ്പൻകോട് എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. പ്രിൻസിപ്പാൽ ലാൽ.സി.ഒ. സ്വാഗതവും ഹെഡ്മാസ്റ്റർ എമൺസൂർ നന്ദിയും പറഞ്ഞു. എസ്.എം.സി. ചെയർമാൻ ഡി.അജിത് കുമാർ, സംവിധായകൻ ഭരതന്നൂർ ഷമീർ, സ്റ്റാഫ് സെക്രട്ടറി സുധീർ. ഇ.എസ്, സീനിയർ അസിസ്റ്റന്റ് റീജ.ആർ, പി.റ്റി.എ വൈസ് പ്രസിഡന്റ് പ്രസീത, വിദ്യാരംഗം കലാസാഹിത്യ ക്ലബ് കൺവീനർ സാജിത എന്നിവർ പങ്കെടുത്തു. ബഷീർ കൃതികളുടെ പ്രദർശനവും ബഷീർ കൃതികളിലെ കഥാപാത്രങ്ങളുടെ ദൃശ്യാവിഷ്കാരവും വിവിധ രചനാ മത്സരങ്ങളിൽ വിജയിച്ച കുട്ടികൾക്കുള്ള സമ്മാനദാനവും ചടങ്ങിൽ നടന്നു.

ബഷീർ കഥാപാത്രങ്ങളുമായി വെയിലൂർ സ്കൂളിലെ വിദ്യാർഥികൾ

ചിറയിൻകീഴ് : മുരുക്കുംപുഴ വെയിലൂർ ഗവ .ഹൈസ്കൂളിൽ സംഘടിപ്പിച്ച ബഷീർ ദിനാചരണ പരിപാടികൾ ശ്രദ്ധേയമായി. ചാരുക്കസേരയിൽ പത്രം വായിക്കുന്ന ബഷീറും പാത്തുമ്മയും പത്തുമ്മയുടെ ആടും നാരായണിയും സാറാമ്മയും കേശവനും മജീദും ഒക്കെ പുനർജനിച്ചപ്പോൾ വെയിലൂർ സ്കൂളിലെ ബഷീർ ദിനാചരണം വിദ്യാർത്ഥികൾക്ക് പുതുമയാർന്ന അനുഭവമായി.

ബഷീർ ദിനാചരണത്തോടനുബന്ധിച്ച് ബഷീർ കൃതികളെ അടിസ്ഥാനമാക്കി ക്വിസ് മത്സരം, ബഷീർ പുസ്തകങ്ങളുടെ പ്രദർശനം ബഷീർ പുസ്തകങ്ങളെ കുറിച്ചുള്ള വായനയും ചർച്ചയും തുടങ്ങിയവയും വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ സ്കൂളിൽ സംഘടിപ്പിച്ചു.

ഹെഡ്മിസ്ട്രസ് എ.എസ് അനിത ബായി, സീനിയർ അസിസ്റ്റൻറ് സജീന ഷാഫി, വിദ്യാരംഗം കൺവീനർ ജെ. എം. റഹിം, സ്കൂൾ ലൈബ്രറിയൻ നീതു, അധ്യാപകരായ ജസീന, അനൂപ് , ആശ , സൈജ, സിന തുടങ്ങിയവർ നേതൃത്വം നൽകി.

ബഷീർ ദിനാചരണത്തോടനുബന്ധിച്ച് വെയിലൂർ ഗവ. ഹൈസ്കൂളിലെ വിദ്യാർത്ഥികൾ ബഷീർ കഥാപാത്രങ്ങളായി അണിനിരന്നപ്പോൾ. പാത്തുമ്മയുടെ ആടും രംഗത്തുണ്ട്

ലീഡറുടെ ഓർമ്മകൾ കോൺഗ്രസിന് കരുത്തേകും : രമേശ് ചെന്നിത്തല

തിരുവനന്തപുരം: ലീഡർ കെ കരുണാകരൻ കേരളത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളും അദ്ദേഹം പടുത്തുയർത്തിയ സ്ഥാപനങ്ങളുമാണ് അദ്ദേഹത്തിന്റെ ഓർമ്മകളുടെ നിത്യ സ്മാരകങ്ങളായി നിലനിൽക്കുന്നതെന്ന് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ഐഎൻടിയുസി ചുമട്ടുതൊഴിലാളികളും മോട്ടോർ തൊഴിലാളികളും സംയുക്തമായി നടത്തിയ അനുസ്മരണ പരിപാടിയിൽ കനകക്കുന്ന് വളപ്പിലെ ലീഡർ പ്രതിമയിൽ പുഷ്പാർച്ചന നടത്തിയ ശേഷം അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. യൂണിയൻ പ്രസിഡന്റ് അഡ്വ. റ്റി. ശരത് ചന്ദ്രപ്രസാദിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ കെ. മുരളീധരൻ, എൻ ശക്തൻ, പാലോട് രവി, വി.എസ് ശിവകുമാർ,കെ മോഹൻ കുമാർ ചാല സുധാകരൻ, ഇബ്രാഹിംകുട്ടി കല്ലാർ സംസാരിച്ചു .

കെ. കരുണാകരൻ അനുസ്മരണ സമ്മേളനം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു

വൈക്കം മുഹമ്മദ് ബഷീറിനെ അനുസ്മരിച്ചു

തിരുവനന്തപുരം:മലയാള ഭാഷക്കും സാഹിത്യത്തിനും കനപ്പെട്ട സംഭാവനകൾ നൽകിയ വൈക്കം മുഹമ്മദ് ബഷീർ വ്യക്തി എന്ന നിലയിൽ നന്മയുടെ വൻമരം ആയിരുന്നുവെന്നു പ്രമുഖ നിരൂപകൻ പ്രൊഫ. അജയപുരം ജ്യോതിഷ്കുമാർ അഭിപ്രായപ്പെട്ടു. തിരുവനന്തപുരം ലിറ്ററി സൊസൈറ്റി വൈ. എം. സി. എ. ഹാളിൽ സംഘടിപ്പിച്ച ബഷീർ അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.: സൊസൈറ്റി പ്രസിഡന്റ് ഡോ. കായംകുളം യൂനുസ്, വള്ളക്കടവ് ഷാഫി, ഡോ. പി. ഉഷാറാണി, സലിം കെ. ഞക്കനാൽ, ബി. മോഹൻകുമാർ, ജസിന്താ മോറിസ്, കൊട്ടിയം നൈസാം എന്നിവരും പ്രസംഗിച്ചു.

വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണ പരിപാടി ഡോ. അജയപുരം ജ്യോതിഷ്കുമാർ ഉദ്ഘാടനം ചെയ്യുന്നു

കോൺഗ്രസ് ആധിപത്യത്തിന്റെ പിതാവ് കെ.കരുണാകരൻ: കെ.സുധാകരൻ

തിരുവനന്തപുരം: കേരളത്തിന്റെ വികസനത്തിനു വേണ്ടി ജീവിതം മാറ്റി വയ്ക്കുകയും ശരിയോടൊപ്പം സഞ്ചരിച്ച് ജനങ്ങളെ ചേർത്തു നിർത്തുകയും, സ്നേഹിക്കുന്നവരെ വിശ്വസിക്കുകയും ചെയ്ത നേതാവായിരുന്നു കെ.കരുണാകരനെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ എം.പി. കെ.കരുണാകരന്റെ 106ാം ജന്മദിനത്തോടനുബന്ധിച്ച് ലീഡർ കെ.കരുണാകരൻ സ്റ്റഡി സെന്റർ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.രാജീവ് ഗാന്ധിയുടെ മരണം സൃഷ്ടിച്ച വിടവ് പരിഹരിച്ച് രാജ്യത്തെ രക്ഷിക്കാൻ കെ.കരുണാകരൻ വഹിച്ച നേതൃത്വപരമായ പങ്ക് അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റി അംഗീകാരം നൽകിയത് വഴിയാണ് ലോക രാജ്യങ്ങളുടെ മുന്നിൽ ഇന്ത്യയുടെ യശസ്സ് വാനോളമുയർത്തിയ നരസിംഹറാവു ഇന്ത്യൻ പ്രധാനമന്ത്രിയായതെന്ന് കെ. സുധാകരൻ അഭിപ്രായപ്പെട്ടു. കേരളത്തിൽ ഇന്നു കാണുന്ന വികസന നഴികക്കല്ലുകളിൽ ഭൂരിപക്ഷവും കെ.കരുണാകരന്റെ കയ്യൊപ്പ് പതിഞ്ഞതാണ്.അദ്ദേഹത്തോളം പകരം വക്കാൻ കേരളത്തിൽ മറ്റൊരു നേതാവില്ലെന്നും കെ.സുധാകരൻ പറഞ്ഞു.സ്

ജനങ്ങളോട് ധാർഷ്ട്യത്തോടെയുള്ള പെരുമാറ്റം മുകൾത്തട്ടു മുതൽ താഴെത്തട്ടു വരെയുള്ള പാർട്ടി പ്രവർത്തകർ തിരുത്തുക തന്നെ വേണം. ദേശീയതലത്തിൽ പാർട്ടിക്കു സീറ്റ് കുറഞ്ഞപ്പോൾ ഏറ്റവും കൂടുതൽ തിരിച്ചടിയുണ്ടായത് കേരളത്തിലാണ്. ബി.ജെ.പിക്ക് ഇവിടെ ചില മണ്ഡലങ്ങളിൽ 20 ശതമാനത്തിലേറെ വോട്ടു കൂടി. അപകടകരമാണ് സ്ഥിതി. ആർ.എസ്.പി, ഫോർവേഡ് ബ്ലോക്ക് ഉൾപ്പെടെയുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങളെ ഒന്നിപ്പിച്ചുനിർത്തുന്നതിൽ കേരളം പരാജയപ്പെട്ടു.

– സീതാറാം യെച്ചൂരി

കേരള വാർത്തകൾ

അങ്ങനെയൊന്നും ബാലൻ പറയില്ല. നിങ്ങൾക്ക് ബാലനെ അറിയില്ല. എനിക്ക് ബാലനെ അറിയാം. ബാലന്റെ ഭാഗത്തുനിന്നും സി.പി.ഐയെക്കുറിച്ചോ എന്നെക്കുറിച്ചോ യാതൊരു പരാമർശവും ഉണ്ടാവില്ല. അതാണ് എ.കെ ബാലൻ-ബിനോയ് ബന്ധം. അതാണ് സി.പി.എം-സി.പി.ഐ ബന്ധം. അതു നിങ്ങൾക്ക് ആർക്കും അറിയില്ല. എസ്.എഫ്.ഐ തിരുത്തണം. അവരുടെ ചോര കുടിക്കാൻ ഞാനും സമ്മതിക്കില്ല.

– ബിനോയ് വിശ്വം

വികസന മലപ്പുറത്തിന്റെ ഉണ്ണി ടച്ച്

മലപ്പുറം: പോരാട്ടമായിരുന്നു എ.പി ഉണ്ണികൃഷ്ണന്റെ ജീവിതം. ദലിത് ജനതയുടെ ഉന്നമനത്തിനും വിദ്യാഭ്യാസ തൊഴിൽ പുരോഗതിക്കും വേണ്ടി അദ്ദേഹം നിരന്തരമായി പോരാട്ടം തുടർന്നു. താൻ ജനപ്രതിനിധിയായ കാലത്തെല്ലാം പൊതു പദ്ധതികൾക്കൊപ്പം ദലിതരുടെ മുന്നേറ്റത്തിന് വേണ്ടി പദ്ധതികൾ ആവിഷ്കരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കുമ്പോൾ അവർക്ക് സ്വയംതൊഴിൽ കണ്ടെത്തി വരുമാനം വർധിപ്പിക്കുന്നതിന് വേണ്ടി പട്ടികജാതി സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ശിങ്കാരിമേളം വാദ്യോപകരണങ്ങൾ വിതരണം ചെയ്തു. ഉദ്ഘാടകനായെത്തിയ അന്നത്തെ കേരള നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ മാതൃകാ പദ്ധതിയെന്നാണ് അതിനെ വിശേഷിപ്പിച്ചത്. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഇത്തരമൊരു പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് അദ്ദേഹം അന്ന് അഭിപ്രായപ്പെടുകയുണ്ടായി.

അതുപോലെ കാഴ്ച പരിമിതി അനുഭവപ്പെടുകയും പരിപൂർണമായും അന്ധരാവുകയും ചെയ്ത അധ്യാപകർക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തു സംസ്ഥാനത്തിന് മാതൃക കാണിച്ചു. കോളജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർഥി വിദ്യാർഥിനികൾക്ക് ലാപ്ടോപ്പുകൾ നൽകി അവരുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടിയുള്ള ഭാവന സമ്പന്നമായ പരിപാടികൾ നടപ്പിലാക്കി. വിദേശത്തേക്ക് തൊഴിൽ തേടി പോകാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതിക്കാരായ തൊഴിൽ അന്വേഷകർക്ക് യാത്ര ചെലവിനുള്ള സാമ്പത്തിക സഹായം നൽകുന്ന പ്രത്യേകമായ പദ്ധതി നടപ്പിലാക്കി. ഓണംകേറാമൂലകളിൽ സ്ഥിതിചെയ്യുന്ന പട്ടികജാതി സങ്കേതങ്ങളിൽ സോളാറിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു. കേരളത്തിലെ സുപ്രസിദ്ധമായ വൈരങ്കോട് ക്ഷേത്രത്തിൽ ഊട്ടുപുരയും വനിതകൾക്കായി പ്രത്യേക വിശ്രമ കേന്ദ്രവും പണിതു നൽകിയത് ഉണ്ണികൃഷ്ണൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കുമ്പോഴാണ്. സർക്കാരിൽ നിന്ന് പ്രത്യേകമായ അനുമതി വാങ്ങിയെടുത്തുകൊണ്ടാണ് അത്യപൂർവമായ ഇത്തരം ഒരു നിർമിതിക്ക് അദ്ദേഹം നേതൃത്വം നൽകിയത്.

ഏ.പി ഉണ്ണികൃഷ്ണന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, അബ്ബാസലി ശിഹാബ് തങ്ങൾ എന്നിവർ അന്തിമോപചാരം അർപ്പിക്കുന്നു

പി.കെ കുഞ്ഞാലിക്കുട്ടി, പി.എം.എ സലാം, യു.സി രാമൻ, അരിമ്പ്ര മുഹമ്മദ് മാസ്റ്റർ തുടങ്ങിയവർ അന്തിമോപചാരമർപ്പിക്കുന്നു.

മമ്പുറം നേർച്ചക്ക് കാത്തു നിൽക്കാതെ യാത്രയായി

തിരൂരങ്ങാടി: 186-ാമത് മമ്പുറം ആണ്ടു നേർച്ചക്ക് നാളെ തുടക്കമാവാനിരിക്കെ നേർച്ചയിലെ നിത്യസാന്നിധ്യമായിരുന്ന എ.പി.ഉണ്ണികൃഷ്ണൻ യാത്രയായി. അന്നദാന വിതരണത്തിലെ ആദ്യ കണ്ണിയായി തങ്ങളിൽ നിന്നും ഭക്ഷണപ്പൊതി സ്വീകരിക്കാൻ ഇത്തവണ ഉണ്ണിയേട്ടൻ എത്തില്ല. അദ്ദേഹത്തിന്റെ പേര് ഇത്തവണത്തെ നേർച്ചയിലും 14-ാം തിയ്യതിയിലെ പരിപാടിയിലും ഉൾപ്പെടുത്തിയിരുന്നു. എല്ലാ നേർച്ചയിലും നിറസാന്നിധ്യമായ ഉണ്ണികൃഷ്ണൻ നേർച്ച ആരംഭിക്കുന്നതിന്റെ തലേദിവസമാണ് യാത്രയായത്. നാളെ മുതൽ ഒരാഴ്ച്ചയാണ് നേർച്ച നടക്കുന്നത്. പതിനെട്ടാം നൂറ്റാണ്ടിലെ അധഃസ്ഥിത വിഭാഗത്തിന്റെ അവകാശ സംരക്ഷകനും മുസ്ലിം സമൂഹത്തിന്റെ ആത്മീയ നേതൃത്വവും നവോത്ഥാന നായകനുമായിരുന്ന ഖുഥ്ബുസ്സമാൻ മമ്പുറം സയ്യിദ് അലവി മൗലദ്വീലത തങ്ങളുടെ ആണ്ടുനേർച്ചയിലെ എന്നും അതിഥിയായിരുന്നു അദ്ദേഹം. ആണ്ടുനേർച്ചയുടെ പ്രധാന ചടങ്ങായ അന്നദാനത്തിന് സ്ഥിരമായി പങ്കെടുക്കുകയും മമ്പുറം ഖതീബിന് ശേഷം പാണക്കാട് തങ്ങളിൽ നിന്ന് നേർച്ചപ്പൊതി സ്വീകരിക്കുകയും ചെയ്ത വ്യക്തിയാണ് അദ്ദേഹം. നേർച്ചയിൽ നിന്ന് ലഭിക്കുന്ന നെയ്ച്ചോർ കൊണ്ടുപോയി ഉണക്കിസൂക്ഷിച്ച് മരുന്നുപോലെ ഉപയോഗിക്കുകയും ചെയ്തിരുന്നു ഉണ്ണികൃഷ്ണൻ. ഹരിജനങ്ങളടങ്ങുന്ന പൊതുസമൂഹത്തോട് ചേർന്ന് നിന്ന് പ്രവർത്തിച്ച മമ്പുറം തങ്ങളുടെ ജീവിതവും സന്ദേശവും പകർത്തുകയും പുതുതലമുറയിലേക്ക് കൈമാറുകയും ചെയ്തിരുന്നു അദ്ദേഹം. കലുഷിതമായ കാലത്ത് ഉണ്ണികൃഷ്ണനെ പോലുള്ളവർ പകർന്നു നൽകിയ ജീവിതരേഖ വലിയ അടയാളങ്ങളാണ്.

മുസ്‌ലിംലീഗിന്റെ ദലിത് മുഖവും പോരാളിയും

പി.കെ കുഞ്ഞാലിക്കുട്ടി

മലപ്പുറം: നിനച്ചിരിക്കാത്ത നേരത്തുള്ള പ്രിയപ്പെട്ട ഉണ്ണികൃഷ്ണന്റെ തിരിച്ചുപോക്ക് ഉണ്ടാക്കുന്ന വേദന ചെറുതല്ലെന്ന് മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി. മുസ്‌ലിംലീഗ് പാർട്ടിയുടെ മതേതര മുഖം തിളക്കമുള്ളതാക്കി നിർത്തുന്നതിൽ ഉണ്ണികൃഷ്ണൻ വഹിച്ച പങ്ക് സമാനതകളില്ലാത്തതാണ്. ആ ഒരു നിയോഗം പ്രസംഗിച്ചും പ്രവർത്തിച്ചും ഇടപെട്ടും വളരെ ഭംഗിയായി അടയാളപ്പെടുത്തിയാണ് ഉണ്ണികൃഷ്ണൻ വിടവാങ്ങുന്നത്. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പ്രതിനിധിയായി മാത്രമല്ല മുസ്‌ലിം ലീഗ് പാർട്ടിയുടെ സമുന്നത നേതാക്കളിൽ ഒരാളായിട്ട് തന്നെയാണ് അദ്ദേഹം പരിഗണിക്കപ്പെട്ടത്. മുഴുവൻ ലീഗ് പ്രവർത്തകർക്കും പേര് പറയാതെ പരിചയപ്പെടുത്തി കൊടുക്കാതെ തിരിച്ചറിയുന്ന നേതാക്കളിൽ ഒരാൾ.

ആ പദവികളിൽ അഭിരമിക്കുന്നതിനേക്കാൾ പാണക്കാട് കുടുബത്തിന്റെ ഇഷ്ടക്കാരനായി അറിയപ്പെടാനാണ് അദ്ദേഹം എപ്പോഴും ആഗ്രഹിച്ചത്. ആ കുറ് മറയേതുമില്ലാതെ പ്രകടിപ്പിക്കാനും ഉണ്ണി മടികാണിച്ചില്ല. സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളും ഹൈദരലി തങ്ങളും ഇപ്പോൾ സാദിഖലി തങ്ങളും ഉണ്ണിയെ സ്നേഹ വാത്സല്യങ്ങളോടെ ചേർത്ത് പിടിച്ചു. പാണക്കാട് കുടുബത്തിലുള്ള എല്ലാവർക്കും ഉണ്ണി പ്രിയങ്കരനായിരുന്നു. ആ സ്നേഹ രസങ്ങൾ മതേതര സമൂഹം നന്നായി ആസ്വദിച്ചു. കേരളീയ പൊതുസമൂഹത്തിന്റെ സാമൂഹിക പരിസരങ്ങളിൽ ആ ഫ്രെയിമുകൾ സൃഷ്ടിച്ച കൺകുളിർമ ചെറിയ കാര്യമല്ല. ആ അർത്ഥത്തിൽ വലിയൊരു സാമൂഹിക ദൗത്യം ഒരു നിയോഗമെന്നോണം നിർവഹിച്ചു കൊണ്ടാണ് ഉണ്ണികൃഷ്ണൻ മടങ്ങുന്നത്.

കുഞ്ഞാപ്പ എന്ന് വിളിച്ച് നിറഞ്ഞ ചിരിയോടെ കാരാത്തോട്ടെ വസതിയിലേക്ക് ഉണ്ണികൃഷ്ണൻ വരാൻ തുടങ്ങിയിട്ട് എത്ര കാലമായി. എപ്പോൾ വരാനും ഇടപെടാനുമുള്ള സ്വാതന്ത്ര്യമുണ്ടായിട്ടും സമയവും സന്ദർഭവും സാഹചര്യങ്ങളും നോക്കി മാത്രം ഇടപെടുകയുള്ളൂ. പ്രതിസന്ധി കാലത്തൊക്കെ കലർപ്പില്ലാത്ത പിന്തുണയുമായി കൂടെയുണ്ടായിരുന്നു. മരണവാർത്ത അറിഞ്ഞതുമുതൽ അങ്ങനെ ഒരുപാട് കാര്യങ്ങൾ മനസ്സിലൂടെ കടന്നുപോയി. വലിയൊരു അസുഖം ശരീരത്തെ പിടികൂടി എന്നറിഞ്ഞപ്പോഴും തിരുവനന്തപുരത്ത് വെച്ച് അവസാനമായി കാണുമ്പോഴും എല്ലാം അതിജീവിച്ച് ഉണ്ണികൃഷ്ണൻ തിരിച്ചുവരുമെന്ന് തന്നെയായിരുന്നു പ്രതീക്ഷ. പക്ഷേ വിധി മറ്റൊന്നായിരിക്കുന്നുവെന്നും ആദരാഞ്ജലികൾ നേരുന്നുവെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

ഇ.ടി മുഹമ്മദ് ബഷീർ

കോഴിക്കോട്: പിന്നാക്ക വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി നിരന്തരം പോരാടുകയും അവർക്കായി മുഖംനോക്കാതെ പ്രതികരിക്കുകയും ചെയ്ത മുസ്‌ലിംലീഗിന്റെ ദലിത് മുഖവും പോരാളിയുമായ നേതാവും ഭരണാധികാരിയുമായിരുന്നു എ.പി ഉണ്ണികൃഷ്ണനെന്ന് മുസ്‌ലിംലീഗ് പാർലമെന്ററി പാർട്ടി ലീഡറും ദേശീയ ഓർഗനൈസിംഗ് സെക്രട്ടറിയുമായ ഇ.ടി മുഹമ്മദ് ബഷീർ എം.പി അഭിപ്രായപ്പെട്ടു. ദലിത് സമൂഹത്തെ പൊതുധാരയിലെത്തിക്കുന്നതിനും അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യമൊരുക്കുന്നതിനും ജീവിതം സമർപ്പിച്ചു.

കെ.പി രാമൻ മാസ്റ്ററുടെ പിൻഗാമിയായി പൊതു രംഗത്ത് സജീവമായ അദ്ദേഹം രാഷ്ട്രീയത്തിൽ നിഷ്കളങ്കതയുടെ പ്രതീകമായിരുന്നു. ലഭിക്കുന്ന സ്ഥാനങ്ങൾ മാതൃകാപരമായി കൈകാര്യം ചെയ്ത ഭരണാധികാരികൂടിയായിരുന്നു. അധികാരം ഉള്ളപ്പോഴും ഇല്ലാത്തപ്പോഴുമെല്ലാം ഒരേ ഭാവത്തോടെയും പെരുമാറ്റത്തോടെയുമാണ് അദ്ദേഹം നിലകൊണ്ടത്. രോഗത്തിന്റെ പിടിയിലേക്ക് വഴുതിയപ്പോഴും മുസ്‌ലിംലീഗ് കർമഭൂമി വിട്ടുപോകാനോ വിശ്രമിക്കാനോ അദ്ദേഹം ഒരുക്കമല്ലായിരുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിലും ജില്ലയിലെ പല ഭാഗത്തും വിശിഷ്യാ വേങ്ങര ഭാഗത്ത് വളരെ ശാന്തനായി അദ്ദേഹം സജീവമായിരുന്നു. നീതിക്കായുള്ള സ്ഫോടനാത്മകമായ പ്രസംഗ ശൈലിയിൽ അൽപം മാർദ്ദവം വന്നു എന്നതൊഴിച്ചാൽ സംസാരത്തിൽ രോഗത്തിന്റെ യാതൊന്നും നിഴലിച്ചിരുന്നില്ല.

ജീവിതാവസാനം വരെ മുസ്‌ലിംലീഗിനെയും നേതാക്കളെയും സ്നേഹിക്കുകയും പാർട്ടി ഏൽപ്പിച്ച ദൗത്യങ്ങളെല്ലാം ഭംഗിയായി നിറവേറ്റുകയും ചെയ്തു. എല്ലാവരെക്കാൾ പാണക്കാട് കുടുംബത്തെ സ്നേഹിക്കുകയും നമ്മെയെല്ലാം സ്നേഹം കൊണ്ട് കീഴ്പെടുത്തുകയും ചെയ്താണ് ഉണ്ണികൃഷ്ണൻ അടയാളം തീർത്തത്. ന്യൂനപക്ഷ ദലിത് രാഷ്ട്രീയത്തിന് വലിയ സംഭാവനകൾ ചെയ്ത ഉണ്ണികൃഷ്ണന്റെ സേവനങ്ങൾ എക്കാലവും ഓർക്കപ്പെടുമെന്നും ഇ.ടി അനുസ്മരിച്ചു.

പ്രിയ ഉണ്ണിയേട്ടന് വിട : മുസ്‌ലിം ലീഗ് നേതാവും മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായ എ പി ഉണ്ണികൃഷ്ണന്റെ ഭൗതിക ശരീരം ജില്ലാ പഞ്ചായത്തിൽ പൊതുദർശനത്തിന് വെച്ചപ്പോൾ പൊട്ടിക്കരയുന്ന ജില്ലാ പഞ്ചായത്ത് അംഗങ്ങൾ സജീദ് അൻവർ

ഡോ. എം.പി അബ്ദുസ്സമദ് സമദാനി

മലപ്പുറം: എല്ലാവർക്കും സ്നേഹവും സന്തോഷവും പകർന്നു നൽകിയ പ്രിയപ്പെട്ട സുഹൃത്ത് ഉണ്ണികൃഷ്ണൻ ദുഃഖസ്മൃതിയായിത്തീർന്നുവെന്ന് മുസ്‌ലിംലീഗ് ദേശീയ വൈസ് പ്രസിഡന്റ് ഡോ. എം.പി അബ്ദുസമദ് സമദാനി എം.പി. അദ്ദേഹത്തിന്റെ വിയോഗം വിശ്വസിക്കാനാകുന്നില്ല. അത്രയേറെ സജീവമായും ഊർജ്ജസ്വലനായും പൊതുരംഗത്ത് കർമ്മനിരതനായിരിക്കുമ്പോഴാണ് ഉണ്ണികൃഷ്ണൻ വിടപറഞ്ഞിട്ടുള്ളത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ദലിത് ലീഗിന്റെ നേതാവ് എന്ന നിലകളിലെല്ലാം മികച്ച പ്രവർത്തനം കാഴ്ചവെച്ച പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. ജില്ലയിലെ വിവിധങ്ങളായ സാമൂഹിക മേഖലകളിൽ അനൽപമായ സേവനമാണ് തന്റെ ഭരണകാലത്ത് അദ്ദേഹം നിർവഹിക്കുകയുണ്ടായത്. കഠിനാധ്വാനവും സൽസ്വഭാവവും കൈമുതലാക്കി എളിയ തുടക്കങ്ങളിൽ നിന്ന് ഉന്നത രംഗങ്ങളിലെത്തിയ ഉണ്ണികൃഷ്ണൻ സാധാരണക്കാർക്കിടയിൽ നിന്ന് ഉയർന്നുവന്ന ജനനേതാവായിരുന്നു.

ഉറ്റ സൗഹൃദമായിരുന്നു ഉണ്ണികൃഷ്ണനോടുണ്ടായിരുന്നത്. എപ്പോൾ എവിടെ വെച്ച് കണ്ടാലും ആ ബന്ധം പെട്ടെന്ന് ഊഷ്മളമായിത്തീരുമായിരുന്നു. 'കണ്ണിലുണ്ണിയായ ഉണ്ണികൃഷ്ണൻ' എന്നൊക്കെ സ്റ്റേജുകളിൽ അദ്ദേഹത്തെ വിശേഷിപ്പിക്കുമായിരുന്നു. അപ്പോഴൊക്കെ നിറഞ്ഞ ചിരിയായിരുന്നു സ്നേഹം നിറഞ്ഞ പ്രതികരണം. സമദാനി അനുശോചനത്തിൽ പറഞ്ഞു.

പി.വി അബ്ദുൽ വഹാബ്

മലപ്പുറം: മുസ്‌ലിംലീഗ് പ്രസ്ഥാനത്തെയും പാണക്കാട് സയ്യിദന്മാരെയും നെഞ്ചേറ്റി ജനപ്രതിനിധിയായി, ദലിത് പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിന് ജീവിതം സമർപ്പിച്ച നേതാവായിരുന്നു എ.പി ഉണ്ണികൃഷ്ൻ. അദ്ദേഹത്തിന്റെ വിയോഗത്തോടെ ഒരു ഉറ്റസുഹൃത്തിനെയാണ് നഷ്ടമായിരിക്കുന്നതെന്നും മുസ്‌ലിംലീഗ് ദേശീയ ട്രഷറർ പി.വി അബ്ദുൽ വഹാബ് എം.പി അനുശോചിച്ചു.

മുസ്‌ലിംലീഗും നേതാക്കളും നൽകിയ പിന്തുണയാണ് തന്റെ നേട്ടങ്ങൾക്കുള്ള വഴികാട്ടിയെന്ന് ഉറക്കെ പറഞ്ഞ എ.പി ഉണ്ണികൃഷ്ണൻ രാഷ്ട്രീയ, സാമൂഹിക പ്രവൃത്തി മണ്ഡലത്തിൽ പുലർത്തിയ ആത്മാർഥതയും സൗമ്യതയും ഓരോ രാഷ്ട്രീയ പ്രവർത്തകർക്കും മാതൃകയാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കെ മലപ്പുറത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾക്ക് ദീർഘവീക്ഷണത്തോടെ പദ്ധതികളാസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നേതൃത്വം നൽകി. ദാറുൽ ഹുദാ വിദ്യാർഥി സംഘടന ഹാദിയ ബിഹാറിലെ കിഷൻഗഞ്ചിൽ നടത്തുന്ന സ്ഥാപനത്തിന്റെ ഉദ്ഘാടനത്തിലും പരിപാടികളിലും സജീവമായി അദ്ദേഹം പങ്കെടുത്തു. അന്നത്തെ ഒന്നിച്ചുള്ള യാത്രകളും അനുഭവങ്ങളും വേദനയോടെ ഓർക്കുന്നുവെന്നും പി.വി അബ്ദുൽ വഹാബ് എം.പി പറഞ്ഞു.

രാഹുൽ ഗാന്ധി

ന്യൂഡൽഹി: മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറിയും മലപ്പുറം ജില്ലാ പഞ്ചായത്ത് മുൻപ്രസിഡന്റുമായ എ.പി ഉണ്ണികൃഷ്ണന്റെ വിയോഗത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അനുശോചിച്ചു. ഉണ്ണികൃഷ്ണന്റെ ഭാര്യ സുഷമക്ക് അയച്ച സന്ദേശത്തിൽ താങ്കൾക്കുണ്ടായ വേദന മനസിലാക്കുന്നുവെന്നും വിഷമത്തിൽ പങ്കുചേരുന്നുവെന്നും രാഹുൽ ഗാന്ധി കുറിച്ചു.

പി.എം.എ സലാം

കോഴിക്കോട്: മുസ്‌ലിംലീഗിനെയും പാണക്കാട് കുടുംബത്തെയും അതിരറ്റ് സ്നേഹിച്ച നേതാവിനെയാണ് എ.പി ഉണ്ണികൃഷ്ണന്റെ വിയോഗത്തോടെ നഷ്ടമായതെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം അനുശോചന സന്ദേശത്തിൽ പറഞ്ഞു. ദീർഘകാലം ദലിത് ലീഗിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി എന്ന നിലയിൽ സംഘടനാ രംഗത്തും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ ജനപ്രതിനിധിയായും അദ്ദേഹം വ്യക്തി മുദ്ര പതിപ്പിച്ചു. ഗ്രാമ ഗ്രാമാന്തരങ്ങളിൽ മുസ്‌ലിം ലീഗിന്റെ പ്രസക്തിയും പ്രാധാന്യവും വിശദീകരിച്ചു അദ്ദേഹം നടത്തിയ പ്രഭാഷണങ്ങൾ ഏവരെയും ആവേശം കൊള്ളിക്കുന്നതായിരുന്നു. എ.പി ഉണ്ണികൃഷ്ണന്റെ വിയോഗം മുസ്‌ലിം ലീഗ് പ്രസ്ഥാനത്തിനും മത നിരപേക്ഷ കേരളത്തിനും തീരാനഷ്ടമാണ്. ദലിത് സമൂഹത്തിന്റെ പുരോഗതിക്ക് ഒട്ടേറെ കർമപദ്ധതികൾ അദ്ദേഹം ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തു- പി.എം.എ സലാം പറഞ്ഞു.

ഡോ. എം.കെ മുനീർ

ഉറ്റ സുഹൃത്തിനെയാണ് തനിക്ക് നഷ്ടമായതെന്ന് മുസ്‌ലിം ലീഗ് നിയമസഭാ പാർട്ടി ഉപ നേതാവ് ഡോ. എം.കെ മുനീർ എം.എൽ.എ പറഞ്ഞു. മുതിർന്ന നേതാവ് പി.കെ.കെ ബാവ, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ എം.സി മായിൻ ഹാജി, ഉമ്മർ പാണ്ടികശാല, സെക്രട്ടറിമാരായ യു.സി രാമൻ, സി.പി ചെറിയ മുഹമ്മദ്, പാറക്കൽ അബ്ദുള്ള, ജില്ലാ പ്രസിഡന്റ് എം.എ റസാഖ് മാസ്റ്റർ, ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ, ദലിത് ലീഗ് സംസ്ഥാന പ്രസിഡന്റ് ഇ.പി ബാബു, പ്രവാസിലീഗ് ദേശീയ പ്രസിഡന്റ് എം.എസ് അലവി, യു.എ.ഇ കെ.എം.സി.സി പ്രസിഡണ്ട് ഡോ.പുത്തൂർ റഹ്മാൻ, ജന. സെക്രട്ടറി പി.കെ അൻവർ നഹ, കുവൈറ്റ് കെ.എം.സി സി നേതാക്കളായ സയ്യിദ് നാസർ അൽ മഷ്ഹൂർ തങ്ങൾ, ഗഫൂർ വയനാട്, ഹാരിസ് വെള്ളിയോത്ത്, ദുബൈ കെ.എം.സി.സി നേതാക്കളായ ഇബ്രാഹിം മുറിച്ചാണ്ടി, ഒ.കെ ഇബ്രാഹിം, മുസ്തഫ തിരൂർ തുടങ്ങിയവർ അനുശോചിച്ചു.

മുസ്‌ലിം യൂത്ത് ലീഗ്

എ.പി ഉണ്ണികൃഷ്ണന്റെ വിയോഗത്തിൽ മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി പി.കെ ഫിറോസും അനുശോചനം രേഖപ്പെടുത്തി. ദലിത്, പിന്നാക്ക വിഭാഗങ്ങളുടെ വിമോചനത്തിനും ഉന്നതിക്കും വേണ്ടി ജീവിതം സമർപ്പിച്ച നേതാവായിരുന്നു അദ്ദേഹം. കേരളീയ ദലിത് സമൂഹത്തെ മുസ്‌ലിംലീഗ് രാഷ്ട്രീയത്തോട് ചേർത്തു നിർത്തുന്നതിനും അതുവഴി അവർക്ക് അന്തസ്സാർന്ന ജീവിതം സാധ്യമാക്കുന്നതിനും അദ്ദേഹം അഹോരാത്രം യത്നിച്ചു. പാണക്കാട് കുടുംബവുമായും മുസ്‌ലിംലീഗ് രാഷ്ട്രീയവുമായും ഉൾച്ചേർന്ന ജീവിതമായിരുന്നു എ.പി ഉണ്ണികൃഷ്ണന്റേത്. മതേതര കേരളത്തിനും മുസ്‌ലിംലീഗ് രാഷ്ട്രീയത്തിനും അദ്ദേഹത്തിന്റെ വിയോഗം തീരാ നഷ്ടമാണ്.

ദലിത് ലീഗ്

മലപ്പുറം: എ.പി ഉണ്ണികൃഷ്ണൻ ന്യൂനപക്ഷ, ദലിത് വിഭാഗങ്ങളെ ചേർത്തുപിടിച്ച നേതാവായിരുന്നുവെന്ന് ദലിത് ലീഗ് സംസ്ഥാന കമ്മിറ്റി അനുശോചിച്ചു. പ്രസിഡന്റ് ഇ.പി ബാബു, ജനറൽ സെക്രട്ടറി ശശിധരൻ മണലായ, വൈസ് പ്രസിഡന്റ് പി ബാലൻ, സെക്രട്ടറി വേലായുധൻ മഞ്ചേരി, ജില്ലാ പ്രസിഡന്റുമാരായ വിജയൻ ഏലംകുളം, കെ.സി ശ്രീധരൻ, എൻ.എം രാജൻ, പി.എം നാരായണൻ, കൃഷ്ണൻ വടക്കയിൽ പങ്കെടുത്തു.

വനിതാ ലീഗ്

കോഴിക്കോട്: നിഷ്കളങ്കമായി ജനസേവനം നടത്തിയ നേതാവായിരുന്നു വിടവാങ്ങിയ എ.പി ഉണ്ണികൃഷ്ണനെന്ന് വനിതാലീഗ് സംസ്ഥാന പ്രസിഡന്റ് സുഹ്റ മമ്പാടും ജനറൽ സെക്രട്ടറി അഡ്വ. പി. കുൽസുവും അനുശോചന സന്ദേശത്തിൽ പറഞ്ഞു. മുസ്‌ലിം ലീഗിനൊപ്പം ചേർന്നുനിന്ന്കൊണ്ട് മാത്രമേ ദലിത് മുന്നേറ്റം സാധ്യമാവുകയുള്ളൂ എന്ന് എ.പി ഉണ്ണികൃഷ്ണൻ പ്രസംഗിക്കുകയും അതനുസരിച്ച് സ്വന്തം ജനതയെ ഈ പ്രസ്ഥാനത്തോടൊപ്പം അണിനിരത്തുകയും ചെയ്തു. ദലിത് വിഭാഗത്തിൽനിന്നുള്ള വനിതക്കളെ വനിതാലീഗിലേക്ക് അടുപ്പിക്കുന്നതിനും അതുവഴി പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും എ.പി ഉണ്ണികൃഷ്ണൻ നിസ്തുലമായ പിന്തുണ നൽകിയിരുന്നതായും വനിതാലീഗ് നേതാക്കൾ പറഞ്ഞു.